

കവർ ചിത്രം : **യൂജീൻ ഡെലക്രോയ് യുടെ വിഖ്യാത ചിത്രം 'ലിബട്ടി ലീഡിങ്ങ് ദ് പീപ്പിൾ'**

# സംഘടിത

**സംഘടിത/ജൂൺ 2021/ വോള്യം 18/ലക്കം 13**

ആണരശുഭാവനയിൽ ഒതുങ്ങാത്ത പെൺനേതൃത്വങ്ങൾ
**ഡോ.അപർണ ഈശ്വരൻ, ഹമീദ സീ. കെ.** 5

കുലസ്ത്രീയല്ലാത്ത ഗൗരിയുടെ കലഹങ്ങൾ :നിയമസഭയിലെ ആണധികാരത്തെ ചെറുത്ത ഒരു കീഴാളസ്ത്രീയുടെ പോരാട്ടം
**ഷിബി കെ.** 12

സംഘടനയെ നയിക്കാനൊരു സ്ത്രീ
**മായാലീല** 17

ദീദി ദീദിയാവുന്നത്....
**ഗാർഗി ഹരിതകം** 21

കെ.കെ.രമയും രാഷ്ട്രീയ മണ്ഡലത്തിലെ സ്ത്രീവിരുദ്ധതയും
**നിഷി ജോർജ്ജ്** 23

രാഷ്ട്രീയപ്രവർത്തനങ്ങൾ-എം.ഹലീമാബീവി 26
**നൂറ, നൂർജഹാൻ**

ചരിത്രം വഴിമാറുമ്പോൾ ...
**തസ്മിൻ** 29

കാലഹപരണപ്പെട്ടതെല്ലാം ധൈര്യത്തോടെ പൊളിച്ചെഴുതുക
**അഭിമുഖം/ലതിക സുഭാഷ് -മേഹന സാജൻ** 32

'പൊണ്ണ് ന്നാ അധികാരം വേണം'
പൊമ്പുളൈ ഒരുമൈ ഗോമതിയക്കയുമായി ഒരു സംഭാഷണം
**അഭിമുഖം/ജി.ഗോമതി -ഗാർഗി ഹരിതകം** 37

അടിത്തട്ടുജീവിതങ്ങളുടെ രാഷ്ട്രീയ അസാന്നിദ്ധ്യങ്ങൾ
**ലിൻസി തങ്കപ്പൻ** 40

രാഷ്ട്രീയത്തിലെ പെൺജീവിതങ്ങൾ:ഭാർഗവി തങ്കപ്പന്റെ രാഷ്ട്രീയ ജീവിതത്തെ മുൻനിർത്തിയുള്ള ആലോചനകൾ
**കെ.എസ്. ഇന്ദുലേഖ** 43

'കേരം തിങ്ങും കേരളനാട്...."
ഇന്നും പൂർത്തീകരിക്കാനാവാത്ത ചില മുദ്രാവാക്യങ്ങൾ
**മരിയ സണ്ണി** 48

കേരള രാഷ്ട്രീയത്തിൽ ഡോ. ആർ. ബിന്ദുവിന്റെ സ്ഥാനം എന്താണ്?
**രേണു രാംനാഥ്** 51

സ്ത്രീകൾ നേതൃപദവിയിലെത്തുമ്പോൾ
**മായ എസ്.പി.** 54

"അതിരിലെ മരങ്ങൾ വളഞ്ഞേ വളരൂ...."
**സ്മിത. നെരവത്ത്** 58

കെ. ശാരദാമണി: കേരളത്തിലെ സ്ത്രീ- കീഴാള പഠനത്തിന്റെ ആദ്യ പഥിക
**അനുസ്മരണം/ഹമീദ സി.കെ.** 60

നിയമസഭാ തെരഞ്ഞെടുപ്പ് ഫലം ഒരു അവലോകനം
**പെൺപക്ഷം /അജിത കെ.** 62

കെ. ശാരദാമണിക്ക് ആദരപൂർവ്വം
**ഉപ്പും മുളകും/ഗീത** 64

അടവുനയങ്ങൾ
**കഥ/ഷീല എൻ.കെ.** 67

അയാൾ
കവിത **/ലിസ പുൽപ്പറമ്പിൽ** 71

സ്മാർട്ട് കിച്ചൺ
**വാസ്തവം/ഡോ. ജാൻസി ജോസ്** 72

ചില ഇലക്ഷൻ ചിന്തകൾ...'നായാട്ടി'നകത്തും പുറത്തും...73
**വഴിത്താരകൾ/ജാനകി**

ചന്ദ പ്രെസ്കോഡ് വെയിൻസ്റ്റീൻ വിവേചനങ്ങളോടു പോരാടുന്ന പ്രപഞ്ച ശാസ്ത്രജ്ഞ
**ശാസ്ത്രം /സീമ ശ്രീലയം** 76

**ഫോട്ടോഫീച്ചർ : അന്താരാഷ്ട്രതലത്തിലെ രാഷ്ട്രീയ നേതൃത്വങ്ങൾ**

**എഡിറ്റർ :** ഡോ.ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ :** കെ.അജിത **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്, ഡോ. അമീറ വി.യു., ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ശ്രീജിത **ഉപദേശകസമിതി** : പ്രൊഫ. എം. ലീലാവതി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** : സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി.

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖവുര



ഷീബ കെ.എം.

വറചട്ടിയിൽ നിന്ന് എരിതീയിലേക്ക് എന്ന മട്ടിൽ ഓരോ ദിവസവും ജനജീവിതം കൂടുതൽ കൂടുതൽ ദുഃസ്സഹവും മനുഷ്യാവകാശനിഷേധപരവും ആയിത്തീരുകയാണ്. കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിലെ കുറ്റകരമായ അനാസ്ഥയെ മറച്ചുവെക്കാൻ പാടുപെടുന്ന കേന്ദ്ര സർക്കാർ ഇപ്പോൾ ലക്ഷദ്വീപ് സ്ഥലസമൂഹത്തെ ലക്ഷ്യമിട്ട് ആക്രമണം തുടങ്ങിയിരിക്കുകയാണ്. തികഞ്ഞ അനീതിയും ഫെഡറൽ തത്വലംഘനവുമാണ് അവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഭൂരിപക്ഷമായി മുസ്ലീങ്ങൾ അധിവസിക്കുന്ന ഈ ദ്വീപിന്റെ ഭരണസംവിധാനത്തെ അക്രമോത്സുകതയോടെ ഉടച്ചുവാർക്കുന്നതിൽ രണ്ടുണ്ട് കാര്യം. മുസ്ലീംവിരുദ്ധതയിലൂന്നി ഹിന്ദുത്വ വോട്ടുബാങ്കുകളെ തൃപ്തിപ്പെടുത്താം. ഒപ്പം മുതലാളിത്ത കടന്നുകയറ്റത്തിന് ആവോളം വഴിയൊരുക്കി അതിൽ നിന്നുമുള്ള കൊള്ളലാഭത്തിന്റെ പങ്കുപറ്റുകയും ചെയ്യാം. അനീതിയുടെയും ധർമ്മച്യുതിയുടേയും ഈ ആസന്നഘട്ടത്തിൽ ചെറുത്തുനിൽപ്പിനു തക്കതായ പ്രതിപക്ഷ സഖ്യങ്ങൾ ഉണ്ടാക്കാൻ പുരോഗമന രാഷ്ട്രീയപാർട്ടികൾ മുൻകൈ എടുക്കണമെന്ന് ശക്തമായി ആവശ്യപ്പെടേണ്ടതുണ്ട്. രാജ്യത്തിന്റെ ഓരോ സ്വസ്ഥജീവിത ഇടവും ഇല്ലാതായി തീരുന്നത് വരെ ഈ കരാള വാഴ്ച ഇനിയും നീട്ടിക്കൊണ്ടുപോയിക്കൂടാ !

ഹിന്ദുത്വശക്തികളെ തോൽപിച്ച് ഇടതുമുന്നണി അധികാരത്തിലേറിയതിൽ സന്തോഷവും അതിലധികം ആശ്വാസവുമുണ്ടെങ്കിലും ശൈലജ ടീച്ചറെ പുറത്തു നിർത്തിയതിൽ ഖേദവും അമർഷവും രേഖപ്പെടുത്തുന്നു. എത്ര തെളിയിച്ചാലും തെളിയിക്കപ്പെടാത്തതാണ് സ്ത്രീകളുടെ നേതൃശേഷികൾ എന്നത് ഒരു തുടർക്കഥയാവുന്നത് അപലപനീയമാണ്. ഈ സർക്കാറിന്റെ രണ്ടാം വരവിന് ഏറെ പിന്തുണച്ച ജനസമ്മതിയും ഏറ്റവും കൂടുതൽ ജനപിന്തുണയുടെ ഭൂരിപക്ഷവും അവർക്കുണ്ടായിട്ടും മന്ത്രിസ്ഥാനത്ത് നിന്ന് അവർ മാറ്റിനിർത്തപ്പെട്ടു. അവർ ഏറ്റവും അർഹിക്കുന്ന മുഖ്യമന്ത്രി പദവി നൽകി ചരിത്രം സൃഷ്ടിക്കാൻ നമ്മളൊക്കെ കാത്തിരിക്കുമ്പോഴാണ് കഴിയും എന്ന് കരുതിയിരിക്കുമ്പോഴാണ് ഇങ്ങനെ തീരുമാനമുണ്ടായത് എന്നത് കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലെ പിന്തിരിപ്പൻ ഏടായി നിലനിൽക്കും. യുവതയ്ക്ക് അവസരം ലഭിക്കും എന്നും ഒരാളെ മാത്രം വീണ്ടും പരിഗണിക്കാൻ കഴിയില്ലെന്നും വ്യക്തികൾ പ്രതീകങ്ങൾ മാത്രമാണെന്നുമൊക്കെയുള്ള വാദങ്ങൾ വെറും ആൺ(പാർട്ടി) യുക്തികൾ മാത്രം !

കേരളരാഷ്ട്രീയത്തിൽ സ്ത്രീശക്തിയുടെ ഉജ്ജ്വലമാതൃക സൃഷ്ടിച്ച സഖാവ് ഗൗരിയമ്മ ഓർമ്മയായി. പൊതുരാഷ്ട്രീയ മേഖലയിൽ സ്ത്രീവാദരാഷ്ട്രീയം അല്പം പോലും വേരോടാത്ത കാലത്ത് ഒറ്റയാളായി പൊരുതി, പ്രതിപക്ഷത്തെ പലപ്പോഴും നിഷ്പ്രഭമാക്കി, സഹസഖാക്കളിൽ നിന്നു പോലും എതിർപ്പുകൾ നേരിടേണ്ടി വന്ന്, ഒരുപാട് പോലീസ് പീഡനങ്ങൾ വരെ ഏറ്റുവാങ്ങിയ സമാനതകളില്ലാത്ത ജീവിതമായിരുന്നു അവരുടേത്. അഭിവാദ്യങ്ങളർപ്പിച്ച് ഏറ്റെടുക്കൽ നടത്തുന്നവർ ചരിത്രത്തിൽ അവർ അടയാളപെടുത്തിയ വീര്യവും രാഷ്ട്രീയ മാതൃകയും കൂടി നെഞ്ചോട് ചേർക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അവരുടെ ഓർമ്മകൾക്ക് മുന്നിൽ ധീരപ്രണാമം!


മികച്ച സാമൂഹ്യശാസ്ത്രജ്ഞയും ചരിത്രപഠനങ്ങളിൽ നൂതനപാതകൾ വെട്ടിത്തുറക്കുകയും ചെയ്ത ഡോ.കെ.ശാരദാമണി നമ്മെ വിട്ടുപിരിഞ്ഞു. സൂക്ഷ്മമായ അക്കാദമിക ഗവേഷണനിരീക്ഷണ പാടവവും കണിശമായ സാമൂഹ്യ നിലപാടുകളും അവരെ വേറിട്ട വ്യക്തിത്വമാക്കി മാറ്റി. സംഘടിത മാസികയുടെ ഉപദേശകസമിതിയംഗം കൂടിയായിരുന്നു അവർ. 2020 ഒക്ടോബർ രണ്ടിന് മാസികയുടെ ഓൺലൈൻ പതിപ്പ് ഉദ്ഘാടനത്തിന് തൊണ്ണൂറ്റിയൊന്ന് വയസ്സിലും പ്രചോദനോർജ്ജത്തോടെ സംസാരിച്ചത് ഈ അവസരത്തിൽ സ്നേഹത്തോടെയും നന്ദിയോടെയും ഓർക്കുന്നു. വഴികാട്ടിയായിരുന്ന അവരുടെ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഗൗരവമായ രാഷ്ട്രീയവിമർശനദൗത്യം ഏറ്റെടുത്തിരുന്ന തെഹൽക്ക പത്രത്തിന്റെ പത്രാധിപനായിരുന്ന തരുൺ തേജ്പാൽ നെ ലൈംഗിക പീഡനകേസിൽ കോടതി വെറുതെ വിട്ടിരിക്കുന്നു. ഇത്തരം നിയമ വ്യവഹാരങ്ങളിൽ ഏറ്റവും ദുർബലമായ ന്യായവാദങ്ങൾ നിരത്തുന്നതിൽ കോടതികൾക്കുള്ള 'മിടുക്ക് ' അപാരം തന്നെ. ബലമായി പിടിച്ചു ഉമ്മ വെച്ചപ്പോൾ ആരോഗ്യവതിയും യോഗ ട്രെയിനറും കൂടിയായ സ്ത്രീ എന്തുകൊണ്ട് തള്ളിമാറ്റിയില്ല എന്നൊക്കെയാണ് ചോദ്യങ്ങൾ ! സ്ത്രീവിരുദ്ധ പരാമർശങ്ങളുടെ കെട്ടഴിഞ്ഞ വ്യവഹാര ഇടമായി നീതിപീഠങ്ങൾ തുടരുന്നത് സ്ത്രീകളുടെ ജനാധിപത്യ അവകാശങ്ങൾക്കു നേരെയുള്ള നിരന്തര വെല്ലുവിളിയാണ്. നിയമ പോരാട്ടത്തിനൊടുവിൽ രേഖീയമായി കൈവരുന്ന നീതിലബ്ധി ഐസ്ക്രീം പാർലർ കേസിൽ എന്ന പോലെ ഇവിടെയും പ്രതീക്ഷിക്കാൻ വയ്യാതായിരിക്കുന്നു. എങ്കിലും പൊതുസമൂഹം കുറ്റവാളിയായിത്തന്നെ അയാളെ കണക്കാക്കുമെന്നുറപ്പ് തോന്നുന്നു. സ്വാതന്ത്ര്യം നേടി ഇത്രയും വർഷങ്ങൾ കഴിഞ്ഞിട്ടും ഭരണഘടന വാഗ്ദാനം ചെയ്യുന്ന പ്രാഥമിക നിയമസുരക്ഷ പോലും സ്ത്രീകൾക്ക് ഉറപ്പാക്കാൻ കഴിയുന്നില്ലെന്നത് ഗൗരവമായി കാണേണ്ട വിഷയമാണ്.

പൊതു /സ്വകാര്യ ഇടങ്ങൾ ആൺ / പെൺ വേർതിരിവിൽ വീതിച്ചു നിർത്തപ്പെട്ട ആധുനിക കാലത്ത് ഈ ദ്വന്ദ്വ സങ്കല്പങ്ങളെ മറികടക്കാൻ സ്ത്രീകൾ പൊരുതാൻ തുടങ്ങിയിട്ട് രണ്ട് നൂറ്റാണ്ടിലധികം കഴിഞ്ഞു. ഒളിമ്പ് ഡി ഗൗജസ് തന്റെ 'ഡിക്ലറേഷൻ ഒഫ് ദ് റൈറ്റ്സ് ഒഫ് വുമൺ എൻട് ഒഫ് ദ് ഫീമെയ്ൽ സിറ്റിസൺ'(1791) ൽ സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചും അവർക്ക് ഭരണത്തിൽ ഉണ്ടാവേണ്ട പങ്കാളിത്തത്തെക്കുറിച്ചും സംസാരിച്ചിരുന്നു. അവിടുന്നിങ്ങോട്ട് നടന്ന നിരന്തര പോരാട്ടങ്ങൾക്കൊടുവിൽ ഇപ്പോഴും ആശാവഹവും തൃപ്തികരവുമായ നേട്ടം കൈവരിച്ചതായി നമുക്ക് അവകാശപ്പെടാനാവില്ല. എന്താണ് രാഷ്ട്രീയ നേതൃത്വം? അതിന്റെ മാനദണ്ഡങ്ങൾ എങ്ങനെയാണ് തീർച്ചയാക്കപ്പെടുന്നത്? ആരൊക്കെ , ഏതൊക്കെ പ്രത്യയശാസ്ത്രങ്ങളാണ് പ്രേരകങ്ങൾ? എന്തൊക്കെയാണ് നിർണ്ണായകമായ അജണ്ടകൾ? രാഷ്ട്രീയ നേതൃത്വം എന്ന വിഷയത്തെ വിമർശനാത്മകമായി വിലയിരുത്തുകയും നിർണ്ണായക പങ്ക് വഹിച്ച വ്യക്തിത്വങ്ങളെ അടയാളപ്പെടുത്തുകയുമാണ് ഈ ലക്കത്തിൽ . ഗൗരവവായനയ്ക്കായി സമർപ്പിക്കുന്നു.




# 'ഉരുക്കു വനിതകൾ' ഉണ്ടായതെങ്ങനെ?: ആണരശുഭാവനയിൽ ഒതുങ്ങാത്ത പെൺനേതൃത്വങ്ങൾ



**ഡോ.അപർണ ഈശ്വരൻ**
ജെ.എൻ.യു.വിൽ
സ്ത്രീപഠനത്തിൽ
ICSSR ഗവേഷക



**ഹമീദ സീ. കെ.**
കോഴിക്കോട്
സർവകലാശാലയിലെ
സ്ത്രീ പഠന
വിഭാഗം അധ്യാപിക

രാഷ്ട്രീയം, നേതാവ്, അധികാരം, ഭരണം തുടങ്ങിയ പദങ്ങൾ കേൾക്കുമ്പോൾത്തന്നെ എല്ലാവരുടെയും മനസ്സുകളിലേക്ക് തെളിഞ്ഞു വരുന്ന രൂപങ്ങൾ ആണുങ്ങളും അവരെ ചുറ്റിപ്പറ്റിയുള്ള കാര്യങ്ങളുമാണ്. അതിനാൽത്തന്നെ ഒട്ടുമിക്ക രാജ്യങ്ങളിലും സമൂഹങ്ങളിലും, രാഷ്ട്രീയവും ഭരണവും അധികാരപദവികളും സ്ത്രീകൾക്ക് അപ്രാപ്യമായതും പുരുഷനു സ്വന്തമായ പൊതുമണ്ഡലവുമായി ബന്ധപ്പെട്ടു കിടക്കുന്നതായതുമായി കണക്കാക്കപ്പെട്ടു. പുരുഷാധിപത്യ സാമൂഹികവ്യവസ്ഥ, സമ്പത്തിന്റെ അഭാവം, ആത്മവിശ്വാസക്കുറവ്, അപഖ്യാതി പ്രചരണം, തുടങ്ങി സാമൂഹികവും, സാമ്പത്തികവും, മതപരവും, രാഷ്ട്രീയവും ആയ കാരണങ്ങൾ സ്ത്രീകളുടെ രാഷ്ട്രീയത്തിലേക്കുള്ള കടന്നുവരവിനു വിഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്.സ്ത്രീകളുടെ ഇടം ഗാർഹികമേഖലയാണെന്നും അതുകൊണ്ടു തന്നെ ഗാർഹിക ഇടത്തിലുള്ള വേലകളും സംരക്ഷണ ചുമതലയും നിർവഹിച്ച് പുരുഷനു

കീഴിൽ ആശ്രിതയായി കഴിഞ്ഞുകൂടണമെന്നും അല്ലെങ്കിലേ ചിന്താശേഷിയും, അറിവും, വിവേകവും ഇല്ലാത്തവളായതിനാൽ പെണ്ണ് പൊതുമണ്ഡലത്തിൽ നിന്നും മാറി നിൽക്കേണ്ടവളാണെന്നുമുള്ള അലിഖിത തീരുമാനങ്ങളാണ് നമുക്ക് ചുറ്റും ഉള്ളത് എന്ന് ഈ സന്ദർഭത്തിൽ ഓർക്കേണ്ടതുണ്ട്. പെണ്ണത്തം/സ്ത്രൈണത എന്നത് പരിചരണം, വൈകാരികത, ആശ്രിതത്വം, പ്രേമം, സ്നേഹം, കുടുംബിനീഗുണങ്ങൾ, ദുർബലാവസ്ഥ എന്നിവയൊക്കെയുമായാണ് ബന്ധപ്പെടുത്തുന്നത്. പുരുഷാധിപത്യ സമൂഹം സ്ത്രീകളിൽ കാണാൻ ആഗ്രഹിക്കുന്ന അത്യുത്തമ ഗുണങ്ങളായാണ് ഇവയെ മനസ്സിലാക്കേണ്ടത്. ഇതിനു നേർ വിപരീതമായാണ് പൗരുഷം/ ആണത്തം എന്ന സങ്കല്പത്തെ നിർമ്മിച്ചിരിക്കുന്നത്. അധികാരശേഷി, ധൈര്യം, ആത്മവിശ്വാസം, യുക്തിചിന്ത, ബൗദ്ധികത, ആക്രമണോത്സു

കത, താൻപോരിമ, സ്വാതന്ത്ര്യബോധം,

തുടങ്ങിയവ ആണത്തത്തിന്റെ ഉത്തമലക്ഷണങ്ങളായി പുരുഷാധിപത്യസമൂഹം വീക്ഷിക്കുന്നു. അധികാരം പുരുഷഗുണമാണെന്നും സ്ത്രീകൾ ഭരണത്തിൽ ഇരിക്കുമ്പോൾ അവർ അവരിലെ ആണത്തസ്വഭാവം പ്രദർശിപ്പിച്ചാൽ മാത്രമേ അധികാരം ശക്തമായ രീതിയിൽ പ്രയോഗിക്കാൻ പറ്റുകയുള്ളു എന്നുമുള്ള മിഥ്യാധാരണ നിലനിൽക്കുന്നുണ്ട്. ഈ ഒരു സാഹചര്യത്തിലാണ് ശക്തരായ സ്ത്രീകൾ ഇന്ത്യ പോലുള്ള രാജ്യത്ത് അവരിലെ സ്ത്രൈണത നിലനിർത്തിക്കൊണ്ട് തന്നെ പ്രധാനമന്ത്രിയും, രാഷ്ട്രപതിയും, മുഖ്യമന്ത്രിയും ഒക്കെയായി തങ്ങളുടെ പ്രാഗൽഭ്യം തെളിയിച്ചത്. സ്വന്തം രാഷ്ട്രീയ താല്പര്യങ്ങൾക്ക് വേണ്ടി സ്ത്രൈണതയെ ഉപയോഗപെടുത്തിയ സ്ത്രീകളും ചരിത്രത്തിന്റെ ഭാഗമാണ്. ഇന്ദിര ഗാന്ധി, ജയലളിത, മായാവതി എന്നീ സ്ത്രീ നേതാക്കൾ ഇന്ത്യൻ രാഷ്ട്രീയചരിത്രത്തിൽ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചവരും സ്വന്തമായ രാഷ്ട്രീയപാത ഉണ്ടാക്കിയെടുത്തവരും ആണെന്ന് എല്ലാവർക്കും അറിയുന്ന കാര്യമാണല്ലോ. എങ്ങിനെയായിരിക്കും അവർ പുരുഷാധിപത്യ സാമൂഹിക രാഷ്ട്രീയ ചട്ടക്കൂടിനെ തകർത്തെറിഞ്ഞുകൊണ്ടു തങ്ങളുടെ രാഷ്ട്രീയ സ്വപ്നങ്ങളെ യാഥാർഥ്യമാക്കിയത്? സ്ത്രൈണതയെ/പെണ്ണത്തത്തെ പൊതുമണ്ഡലത്തിലെ രാഷ്ട്രീയ ജീവിതത്തിൽ എങ്ങിനെയായിരിക്കും അവർ കൈകാര്യം ചെയ്തത്? ഇത്തരം ചോദ്യങ്ങൾ പരിശോധിക്കുകയാണ് ലേഖനത്തിന്റെ ഉദ്ദേശ്യം.

### ഇന്ദിരാഗാന്ധി

താഷ്ക്കണ്ടിൽ വച്ചുണ്ടായ ലാൽ ബഹാദൂർ ശാസ്ത്രിയുടെ മരണത്തിനു ശേഷം കോൺഗ്രസ്സിലെ ഏറ്റവും മുതിർന്ന നേതാവായ മൊറാർജി ദേശായിക്കായിരുന്നു അടുത്ത ഇന്ത്യൻ പ്രധാനമന്ത്രി ആകാനുള്ള സാധ്യത. പ്രധാനമന്ത്രി പദത്തിലേക്ക് സാധ്യത കല്പിക്കപെട്ട മറ്റൊരു വ്യക്തി തെക്കേ ഇന്ത്യയിലെ പ്രബലനായ കോൺഗ്രസ് നേതാവും സ്വാതന്ത്ര്യസമര സേനാനിയുമായ കുമാരസ്വാമി കാമരാജ് ആയിരുന്നു. പൊതുവെ ഇന്ത്യയിൽ , പ്രത്യേകിച്ചും കോൺഗ്രസ്സിൽ , നിലനിന്നിരുന്ന തെക്ക്-വടക്ക് ബലാബലത്തിന്റെ പ്രതിനിധികൾ കൂടിയായിരുന്നു സമുന്നതരായ ഈ രണ്ടു വ്യക്തിത്വങ്ങൾ. ഭാഷാ അടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ രൂപീകരണം വഴി തെക്കേ ഇന്ത്യയിൽ വ്യാപകമായി (ഹിന്ദി വിരുദ്ധമെന്ന് വിളിച്ചിരുന്ന) ശക്തിപ്രാപിച്ച രാഷ്ട്രീയ കേന്ദ്രങ്ങൾ കാമരാജിനെ പിന്തുണച്ചിരുന്നപ്പോൾ വടക്കേ ഇന്ത്യൻ രാഷ്ട്രീയം മൊറാർജി ദേശായിക്കൊപ്പമായിരുന്നു. ഈ ബലാബലത്തിൽ തെക്കേ ഇന്ത്യയിൽ നിന്നുള്ള കാമരാജിന്റെ സാധ്യത പിന്തള്ളപ്പെടുമെന്നത് ഏറെക്കുറെ വ്യക്തമായിരുന്നു. ഈ സാഹചര്യത്തെ മറികടക്കാനാണ് നെഹ്റുവിന്റെ പാരമ്പര്യം ഉയർത്തിപിടിച്ചുകൊണ്ടു കാമരാജ് ഇന്ദിരാഗാന്ധിയുടെ പേര് പ്രധാനമന്ത്രി പദത്തിലേക്കു ഉന്നയിക്കുന്നത്. നെഹ്റുവിയൻ പാരമ്പര്യം കോൺഗ്രസ്സുകാർ അംഗീകരിക്കുമ്പോഴും ഇന്ദിരാഗാന്ധിയെ ഒരു ഭരണാധികാരി എന്ന നിലയിൽ കോൺഗ്രസ്സിലെ അധികാര വൃന്ദങ്ങൾ അംഗീകരിച്ചിരുന്നില്ല. ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് - ഒന്ന് : ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് വകുപ്പ് മന്ത്രിയെന്ന നിലയിൽ ഇന്ദിരാഗാന്ധി മികച്ച പ്രകടനം കാഴ്ചവെയ്ക്കാതിരുന്നു എന്ന വിമർശനമാണ് ; രണ്ട്: ശാസ്ത്രിയുടെ കീഴിൽ മന്ത്രിയായിരുന്ന കാലത്ത്

ഉണ്ടായ ഒരു പ്രകൃതിദുരന്ത സമയത്ത് പ്രധാനമന്ത്രിയുടെ അനുവാദമില്ലാതെ ആ മേഖല


ഇന്ദിരാഗാന്ധി സന്ദർശിച്ചത് ശാസ്ത്രിയേയും, മറ്റ് കോൺഗ്രസ്സ് നേതാക്കളെയും ചൊടിപ്പിച്ചിരുന്നു. ഇതും ഇന്ദിരയെ കോൺഗ്രസ്സ് സിണ്ടിക്കേറ്റിൽ അനഭിമതയാക്കിയിരുന്നു. ഇതിനെയെല്ലാം മറികടന്നുകൊണ്ടാണ് കാമരാജ് ഇന്ദിരാഗാന്ധിയെ പ്രധാനമന്ത്രി പദത്തിലേക്ക് ഉയർത്തിക്കൊണ്ടുവന്നത്. നെഹ്റുവിനോടും




ഇന്ദിരയോടും വൈകാരികമായി ആദരവുള്ള നിരവധി കോൺഗ്രസ്സ്കാരും കാമരാജിന്റെ നേതൃത്വത്തിലുള്ള തെന്നിന്ത്യൻ കോൺഗ്രസ്സും ഇന്ദിരാഗാന്ധിയുടെ പ്രധാനമന്ത്രിപദം ഇതോടെ സുനിശ്ചിതമാക്കി. ഇതിനെ തുടർന്നുള്ള തെരെഞ്ഞെടുപ്പിൽ ഇന്ദിര മൊറാർജിയെ

ബഹുഭൂരിപക്ഷം വോട്ടിന് കോൺഗ്രസ്സിൽ പരാജയപ്പെടുത്തി. ഇതിന്റെ ഫലമായി 1966ൽ ജനുവരി 24 നു ഇന്ത്യയിലെ മൂന്നാമത്തെ പ്രധാനമന്ത്രിയും ആദ്യ വനിതാ പ്രധാനമന്ത്രിയുമായി ഇന്ദിരാഗാന്ധി സത്യപ്രതിജ്ഞ ചെയ്തു. പ്രധാനമന്ത്രിയായി ചുമതലയേറ്റ ഇന്ദിരാഗാന്ധിയോട് കോൺഗ്രസ്സിലെ പുരുഷാധികാര കേന്ദ്രങ്ങൾ ശീതസമരം ആരംഭിച്ചു. തൽഫലമായി ഇന്ദിരാഗാന്ധിക്കെതിരേയും ഭരണത്തിനെതിരേയും ഭരണവിരുദ്ധ വികാരങ്ങൾ ഇളക്കിവിടാൻ മൊറാർജി ദേശായിയും ഉത്തരേന്ത്യൻ വലതുപക്ഷ ചായ്‌വുള്ള ( മുൻ രാജഭരണാധികാരികളുടേയും മറ്റു വരേണ്യതാല്പര്യങ്ങളുടെയും) കോൺഗ്രസ്സുകാരും കച്ചകെട്ടിയിറങ്ങി. 1967 ലെ പൊതുതെരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സിനെതിരെ പടലപ്പിണക്കക്കാർ പ്രചാരണം നടത്തിയതിന്റെ പശ്ചാത്തലത്തിൽ കോൺഗ്രസ്സിന്റെ ഭൂരിപക്ഷം കുറഞ്ഞു. ഈ

സാഹചര്യം നമുക്ക് സുപരിചിതമായ ചരിത്രമാണല്ലോ. ഇന്ദിരാവിരുദ്ധതയുടെ തുടർക്കഥ എന്നവണ്ണം കോൺഗ്രസ്സിലെ ഈ പ്രബലർ പിന്നീട് ഇന്ദിരാഗാന്ധിയെ കോൺഗ്രസ്സിൽ നിന്നു തന്നെ പുറത്താക്കി. ഇത് കോൺഗ്രസ്സിന്റെയും ഇന്ദിരാഗാന്ധിയുടെയും ഒരു പുത്തൻ പ്രസ്ഥാനത്തിന്റെ ഉദയത്തിനു വഴിതെളിച്ചു. സോഷ്യലിസ്റ്റ് ആശയങ്ങളുമായി ഇന്ദിരാഗാന്ധി ഈ കാലഘട്ടത്തിൽ യോജിച്ചു പ്രവർത്തിച്ചതാണ് കോൺഗ്രസ്സിലെ വരേണ്യ വലതുപക്ഷ അനുഭാവികളെ ചൊടിപ്പിച്ചതും ഇന്ദിരാഗാന്ധിയെ പുറത്താക്കാൻ പ്രേരിപ്പിച്ചതും. ഇന്ത്യയിലെ ധനാഢ്യന്മാരുടേയും വർത്തക പ്രമാണിമാരുടേയും നിയന്ത്രണത്തിലുണ്ടായിരുന്ന ബാങ്കുകളെല്ലാം ദേശസാൽക്കരിച്ചതും, അന്താരാഷ്ട്ര പ്രശ്നങ്ങളിൽ, പ്രത്യേകിച്ച്, ശീതയുദ്ധം കൊടുമ്പിരി കൊണ്ടുനിന്ന സമയത്ത് സോവിയറ്റ് യൂണിയനുമായി അന്തർദേശിയ കരാറിൽ ഒപ്പുവെച്ചതും, ഭൂപ്രഭുക്കന്മാരുടെയും മുൻഭരണാധികാരികളുടെയും ഭൂമിയുടെയും അധികാരത്തിന്റെയും പേരിലുള്ള പ്രത്യേക അവകാശങ്ങളെ നിരോധിക്കുന്നതിന് വേണ്ടി പ്രചാരണങ്ങൾ നടത്തിയതും , പട്ടിണിയും ദാരിദ്രവും മാറ്റുന്നതിനുള്ള (ഗരീബി ഹഠാവോ) നയങ്ങൾക്ക് ആഹ്വാനം ചെയ്തതും , ബംഗ്ലാദേശിലെ ജനവികാരങ്ങൾക്കനുകൂലമായി ഉറച്ച തീരുമാനങ്ങൾ എടുക്കുകയും ഇതിന്റെ ഫലമായുണ്ടായ ഇന്ത്യ പാക് യുദ്ധത്തെ സധൈര്യം നേരിടുകയും വിജയിക്കുകയും ചെയ്തതും ദൃഷ്ടാന്തമായെടുക്കുമ്പോൾ ഇന്ദിരാഗാന്ധി എന്ന പുത്തൻ ഭരണാധികാരിയാണ് നമുക്ക് മുന്നിൽ അനാവരണം ചെയ്യപ്പെടുന്നത്. സ്ത്രീയെ കേവലം സൗന്ദര്യവസ്തുവായും പൊട്ടിപ്പെണ്ണായും വികാരവതിയായും മാത്രം ചിത്രീകരിച്ച 'പ്രബുദ്ധനായ' റാം മനോഹർ ലോഹിയയെ പോലുള്ളവർക്കും അധികാരം എന്നത് പുരുഷാധികാരമായി മാത്രം ചുരുക്കി കണ്ടവർക്കുമുള്ള മറുപടികൂടിയായി ഇവരുടെയെല്ലാം കുപ്രചരണങ്ങളെ നിഷ്പ്രഭമാക്കിക്കൊണ്ടുള്ള ഇന്ദിരയുടെ തുടർച്ചയായ വിജയം. സ്ത്രീത്വത്തിനും അധികാരം വഴങ്ങും എന്നതിന് തെളിവായാണ് ലോകശക്തികളായ അമേരിക്കയേയും മറ്റ് പ്രബല രാഷ്ട്രങ്ങളെയും ഒട്ടും കൂസാതെ ആണവമേഖലയിൽ ഇന്ത്യ ചുവടുറപ്പിച്ചത്. ഇതിൽ കുപിതരായ ലോകപോലീസിന്റെ തലവനായ അമേരിക്കൻ പ്രസിഡന്റ് നിക്സൺ ഇന്ദിരയുടെ സ്ത്രീത്വത്തെ അപമാനിച്ചുകൊണ്ട് 'ഓൾഡ് വിച്ച് ' എന്നാണവരെ വിശേഷിപ്പിച്ചത്. ഇങ്ങനെയൊക്കെയാണ് ഇന്ദിരാഗാന്ധി എന്ന വ്യക്തി ഇന്ത്യയുടെ ഉരുക്കുവനിതയായി നമുക്ക് അഭിമാനമാകുന്നത്. എന്നാൽ അധികാരം ലിംഗഭേദമന്യേ ആരേയും വഴി തെറ്റിക്കാം എന്നതിൻെറ തെളിവാണ് നഷ്ടപ്പെടുമെന്ന് തോന്നിയപ്പോൾ പൗരാവകാശങ്ങളെ ധ്വംസിച്ചുകൊണ്ട് ഇന്ത്യയിൽ അവർ അടിയന്തരാവസ്ഥ നടപ്പിലാക്കിയത്. നേരത്തെ ഇന്ദിരാഗാന്ധിയുടെ സ്ത്രീത്വത്തിനും സാമൂഹിക ഉത്തരവാദിത്വത്തിനും നിറഞ്ഞ ഭരണമികവിനും മുന്നിൽ


The inimitable M. F. Husain had annoyed the liberals by painting Indira Gandhi as Durga during the Emergency


എം. എഫ്. ഹുസ്സൈൻ വരച്ച ഇന്ദിര ഗാന്ധിയുടെ 'എ പോട്രൈറ്റ് ഓഫ് എ ഗേൾ' എന്ന ചിത്രം

പരാജയപ്പെട്ടവർ ഇന്ദിരയെ 1977ൽ പരാജയപ്പെടുത്തി അധികാരം കരസ്ഥമാക്കിയതും ഇതേ ചരിത്രത്തിന്റെ മറ്റൊരു മുഖമാണ്. ഇന്ദിര എന്ന ഭരണാധികാരിയുടെ വിവിധകാലങ്ങളിലുള്ള മാറ്റങ്ങളെ ഒരു പക്ഷെ നന്നായി വരച്ചിട്ടത് എം. എഫ്. ഹുസ്സൈന്റെ ചിത്രങ്ങളിലാണ്. സാധാരണയായൊരു പെൺകുട്ടിയിൽ (പോർട്രേറ്റ് ഒഫ് എ ഗേൾ-1959) നിന്നും 1971ൽ ഝാൻസി റാണിയായും ദുർഗ്ഗാദേവിയായും ഇന്ദിര പരിണമിക്കുന്നത് അങ്ങനെയാണ്.1977 -ൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി പോയ ഇന്ദിരയുടെ മുഖത്ത് ടോർച്ചു തെളിയിച്ചുകൊണ്ട് അവരെ കാണാൻ ശ്രമിക്കുന്ന കാണികളെക്കുറിച്ച് ലോകപ്രശസ്ത മാധ്യമപ്രവർത്തകനായ ബ്രൂസ് ചാറ്റ്വിനോട് ഇന്ദിര പറയുന്നത് - 'ഒരു ദേവത ആയിരിക്കുക എത്ര ശ്രമകരമാണെന്നത് നിങ്ങൾ മനസ്സിലാക്കുന്നതിനും അപ്പുറമാണ് .' (യു ഡോണ്ട് ഹാവ് എനി ഐഡിയ എബൗട്ട് ഹൌ ടൈറിങ് ഇറ്റ് ഈസ് ടു ബി എ ഗോഡസ്). ഇത് സൂചിപ്പിക്കുന്നത് വ്യത്യസ്തമായ വിചാരവികാര പ്രകടനങ്ങൾ ഇന്ദിരയിൽ സാധ്യമാക്കിക്കിയത് സ്ത്രീയുടെ വ്യത്യസ്ത ബിംബങ്ങൾ തന്നെയാണ് എന്നുള്ളളതാണ്.അധികാരത്തിൽ വരാനും മികച്ച മാറ്റങ്ങൾക്ക് നേതൃത്വം നൽകാനും വീണ്ടും അവർക്ക് സാധ്യമായതും തളരാത്ത, വികാരവിചാര പ്രകടനങ്ങളുടെ ഉദാത്തതയാണ്. കരുത്തുള്ള സ്ത്രീത്വമാണ് ഇന്ദിര.

**ജയലളിത ജയരാമൻ**

തെന്നിന്ത്യൻ രാഷ്ട്രീയ ചരിത്രത്തിലെ പ്രബലരായ നേതാക്കളിൽ എന്നും മുൻപന്തിയിലായിരുന്നു ജയലളിത എന്ന ''അമ്മ'. അവരുടെ മരണം പോലും തമിഴ് രാഷ്ട്രീയത്തെ പിടിച്ചുകുലുക്കും എന്നതിനാൽ അകഅളങ്ങ തങ്ങളുടെ നേതൃത്വവിഭജനത്തിൽ ഏകദേശ ധാരണകളുണ്ടാക്കിയ ശേഷം മാത്രമാണ് അ



വരുടെ മരണവാർത്ത പോലും സ്ഥിരീകരിച്ച് പുറത്തുവിട്ടത്. ഒരു രാഷ്ട്രീയപാർട്ടിയുടെ നേതാവ് എന്നതിലുപരി രാഷ്ട്രീയത്തിന്റെ തന്നെ പുത്തൻ മൂർത്തരൂപമായി വേണം ജയലളിത എന്ന ഭരണാധികാരിയെ വിലയിരുത്താൻ. നാളിതുവരെയുള്ള തെക്കേ ഇന്ത്യൻ ചരിത്രത്തിൽ ജനജീവിതത്തെയും സംസ്കാരത്തേയും രാഷ്ട്രീയത്തേയും ചലനാത്മകമാക്കിയ മറ്റൊരു പെൺ ജനപ്രതിനിധി ഇല്ല. സ്ത്രീകൾ അധികാരത്തിൽ വരുമ്പോൾ സ്വാഭാവികമായുണ്ടാവും എന്ന് പറയപ്പെടുന്ന പുരുഷാധികാര പ്രകടനത്തിന്റെ എല്ലാ അശ്ലീല പ്രയോഗങ്ങളും നേരിട്ട, അവയെല്ലാം അതിജീവിച്ച സമർത്ഥയായ ഭരണാധികാരികൂടിയായിരുന്നു ജയലളിത. ഇവരെക്കുറിച്ചുള്ള വിശകലനം ഇത് കൂടുതൽ വ്യക്തമാക്കുന്നതാണ്. 1948 ഫെബ്രുവരി 24 ൽ അന്നത്തെ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായ പാണ്ഡവപുരം താലൂക്കിലെ മേല്ക്കോട്ടയിലെ ഒരു തമിഴ് ബ്രാഹ്മണ (അയ്യങ്കാർ) കുടുംബത്തിലാണ് ജയലളിത ജനിച്ചത്. വിദ്യാഭ്യാസത്തിൽ ഉന്നതമായ നിലവാരം കാഴ്ച വയ്ക്കുകയും വ്യത്യസ്തമായ ഭാഷകളിൽ പ്രാവിണ്യം നേടുകയും ചെയ്ത ഇവർ പത്താം ക്ലാസ്സിൽ സ്റ്റേറ്റ് തലത്തിൽ റാങ്ക് ജേതാവായിരുന്നു. എന്നാൽ സാമ്പത്തിക പ്രതിസന്ധികാരണം ഉന്നത വിദ്യാഭ്യാസം ഉപേക്ഷിച്ച് സിനിമ എന്ന വ്യവസായത്തിലേക്ക് കടന്നുവരികയും അവിടെ നന്നായി ശോഭിക്കുകയും ചെയ്തു. അവരുടെ മികച്ച സിനിമകളിൽ ഒന്നായ 'ആയിരത്തിൽ ഒരുവൻ' എന്ന സിനിമയിലെ നായികാകഥാപാത്രത്തിലൂടെയാണ് എം. ജി. രാമചന്ദ്രൻ (എം.ജി. ആർ.) എന്ന ജനപ്രിയ സിനിമാതാരവും ദ്രാവിഡ രാഷ്ട്രീയത്തിന്റെ അഭ്രപാളിയിലെ ആൾരൂപവുമായ വ്യക്തിയുടെ ജീവിതത്തിലേക്ക് അവർ കടന്നു ചെല്ലുന്നത്. സിനിമയെ സാമൂഹികമാറ്റത്തിന്റെ ചാലക ശക്തിയാക്കുന്ന പ്രതീകമായി ഉപയോഗിക്കാവുന്ന ദ്രാവിഡ രാഷ്ട്രീയത്തിന്റെ ബാലപാഠങ്ങൾ ജയലളിത അഭ്യസിച്ചത് എം.ജി. ആറും ഒത്തുള്ള ഇരുപത്തിമൂന്നിൽ പരം ചിത്രങ്ങളിലൂടെയാണ്. തമിഴ്രാഷ്ട്രീയത്തിലെ ഭാഷാ അധിനിവേശത്തിനെതിരെയും (ഹിന്ദിയുടെ അധിനിവേശം), മറ്റു പലകടന്നുകയറ്റങ്ങൾക്കെതിരെയുമുള്ള യുവതയുടെ ചെറുത്തുനിൽപ്പാണ് ആലങ്കാരികമായി 'ആയിരത്തിൽ ഒരുവൻ' പോലുള്ള പല സിനിമകളിലേയും ഇതിവൃത്തം. ഇത്തരം ചെറുത്തുനില്പുകൾക്ക് സ്ത്രീകളെയും അവരുടെ സ്ത്രൈണതയെയും ഉപയോഗപ്പെടുത്താമെന്നുള്ള പുരുഷവായനയുടെ ചിത്രീകരണമാണ് അക്കാലങ്ങളിൽ ജയലളിത ഉൾപ്പെടെയുള്ള നായികമാരിലൂടെ പ്രകടമായത്. സാമൂഹികമാറ്റത്തിനു പുരുഷന്മാരെ പ്രോത്സാഹിപ്പിക്കുന്ന പെണ്ണത്തങ്ങളായിരുന്നു ഇവയിൽ ബഹുഭൂരിപക്ഷവും. രാഷ്ട്രീയത്തിലേക്കുള്ള ജയലളിതയുടെ പിടിമുറുക്കലിന്റെ ആദ്യപാദത്തിൽ ഇതേ ബിംബങ്ങളാണ് ജയലളിതയും ഉപയോഗപ്പെടുത്തിയത്. രാഷ്ട്രീയമായി , സ്വതന്ത്രമായി വളരാനുള്ള സ്ത്രീകളുടെ പ്രയാസങ്ങൾ എത്രവലുതാണ് എന്നതിന് തെളിവാണ് ഇവരെ ഇകഴ്ത്തിക്കാണിക്കുന്നതിൽ ഡി.എം.കെ. , എ. ഐ.എ.ഡി. എം. കെ. ഭരണ/ പ്രതിപക്ഷവ്യത്യാസമില്ലാതെ ആശ്ലീലപ്രയോഗങ്ങൾ ന

ടത്തിയതിന്റെ ചരിത്രം. ഇന്ദിരാഗാന്ധിയുമായി സഖ്യത്തിലായിരുന്ന ഡി.എം.കെ. യെ ഒഴിവാക്കുന്നതിന് വേണ്ടി എം.ജി.ആർ. ഇറക്കിയ തുറുപ്പുചീട്ടായിരുന്നു ജയലളിത. ഇതുതന്നെ തെളിയിക്കുന്നത് അവരുടെ രാഷ്ട്രീയപക്വതയിലുള്ള എം.ജി.ആർ.ന്റെ വിശ്വാസമാണ്. ഇതേത്തുടർന്ന് രാജ്യസഭാംഗമായ അവർ പലപ്പോഴും സ്വതന്ത്രമായ തീരുമാനങ്ങൾ എടുക്കുവാൻ തുടങ്ങി. ഇത് എ.ഐ. എ.ഡി.എം.കെ. ആണധികാര നേതൃത്വത്തിനു രസിച്ചില്ല. 1987 ൽ എം.ജി.രാമചന്ദ്രന്റെ പെട്ടെന്നുണ്ടായ മരണം എ.ഐ.എ.ഡി.എം.കെ രാഷ്ട്രീയത്തിൽ വലിയ ശൂന്യത തന്നെ ഉണ്ടാക്കി. എന്നാൽ രാഷ്ട്രീയവുമായി യാതൊരു മുൻ പരിചയവുമില്ലാത്ത ജാനകിയെ നേതൃത്വത്തിലേക്ക് പരിഗണിച്ചത് ജയലളിതയെ നിസ്സാരമായി ഒഴുവാക്കാൻ കണക്കാക്കി തന്നെയായിരുന്നു. തമിഴ് രാഷ്ട്രീയത്തിലെ സങ്കീർണ്ണതകളെ മനസ്സിലാക്കാൻ കഴിയാഞ്ഞ ജാനകി വളരെ പെട്ടെന്നുതന്നെ നേതൃത്വത്തിൽ നിന്നും ഒഴിഞ്ഞു. അധികാര വടംവലിയുടെ ഈ കാലഘട്ടത്തിൽ ജയലളിതയെ പാർട്ടിയിൽ നിന്നും പുറത്താക്കുകയാണുണ്ടായത്. സ്വന്തമായ ഒരു പാർട്ടി സ്ഥാപിച്ച് പച്ചപിടിക്കാനുള്ള ശ്രമത്തിന്റെ കാലത്ത് 1989 ൽ നിയമസഭയിലെ ഉന്തും തള്ളലിലും താൻ ഉടുത്ത സാരി കീറിപ്പോയ ജയലളിതയെ പുരുഷകേന്ദ്രീകൃത രാഷ്ട്രീയം പിച്ചിച്ചീന്തുന്ന സ്ത്രീ ഭരണാധികാരിയായാണ് ശിവരാമൻ എന്ന പത്രപ്രവർത്തകൻ ചിത്രീകരിച്ചത്. കീറിയ സാരിയിലൂടെ നോക്കുന്ന ജയലളിതയുടെ മുഖം അടിച്ചമർത്തപ്പെടുന്ന സ്ത്രീകളുടെ അഭ്യുദയവാഞ്ഛയുടെ പ്രതീകമായാണ് പിൽക്കാലത്തു ചർച്ച ചെയ്യപ്പെട്ടത്. സ്ത്രൈണത എന്ന ബിംബം പുരുഷനെ പ്രചോദിപ്പിക്കാൻ മാത്രമുള്ളതാണെന്ന സങ്കല്പങ്ങളെ പൊളിക്കുന്ന ഒരു പുതിയ രാഷ്ട്രീയസമീപനമാണ് ഇതിലൂടെ തമിഴ് രാഷ്ട്രീയത്തിൽ കടന്നുവന്നത്. 1989 നു ശേഷമുള്ള ജയലളിതയുടെ രാഷ്ട്രീയ അജണ്ടയും പ്രവർത്തനങ്ങളും സ്ത്രീകൾ അരികുവൽക്കരിക്കപ്പെടുന്നതിനെതിരെയുള്ള സംബോധനകളാണ്. പെൺ ശിശുഹത്യ നിത്യസംഭവമായിരുന്ന തമിഴ്നാട്ടിലെ സാമൂഹിക അന്തരീക്ഷത്തിൽ 'പെൺകുട്ടിക്ക് ഒരു തൊട്ടിൽ' എന്ന നയം തികച്ചും വിപ്ലവാത്മകമായിരുന്നു. സ്ത്രീസൗഹാർദ്ദപരമായുള്ള ഒട്ടനവധി ഇടപെടലുകൾ, ഗാർഹിക പീഡനത്തിനതിരെയുള്ള നിലപാടുകൾ തുടങ്ങിയവയാണ് അവർ തന്റെ ആദ്യകാല പ്രചാരണങ്ങൾക്ക് ഉപയോഗിച്ചത്.ഒരു രാഷ്ട്രീയ സഹചാരി എന്ന നിലയിൽ ഒരു സ്ത്രീയെ എന്നും തന്റെ തോഴിയായി കൊണ്ടുനടന്നതും അതിന്റെ പേരിലും മറ്റുമുണ്ടായ എല്ലാ ആരോപണങ്ങളേയും പരിപൂർണ്ണമായി നേരിടുകയോ തള്ളിക്കളയുകയോ ചെയ്തതും രാഷ്ട്രീയേമേഖലയിൽ അനന്യമായിരുന്നു. അവർ നടത്തിയ അധികാരപ്രയോഗങ്ങളോടും സാമ്പത്തിക അഴിമതിയോടും എല്ലാ വിമർശനങ്ങളും നിലനിൽക്കുമ്പോൾ തന്നെ ജയലളിത എന്ന രാഷ്ട്രീയനേതാവിനെ ഇതെല്ലാം വ്യത്യസ്തയാക്കി. തൊണ്ണൂറുകളുടെ മധ്യത്തിൽ ജയലളിത നേരിട്ട കടുത്ത അഴിമതി ആരോപണങ്ങളും ധൂർത്തും സ്ത്രീസഹജമാണ് എന്നുള്ള ആരോപണങ്ങളും അവർ സമർത്ഥമായി തള്ളിക്കളഞ്ഞത് ആൺകോയ്മാ സങ്കല്പങ്ങളുടെ

മൂർത്തരൂപമായ ''അമ്മ' ആയിക്കൊണ്ടുള്ള തിരിച്ചു വരവിലൂടെയാണ്. മക്കളോട് സഹാനുഭൂതിയോടെ പെരുമാറുന്ന ഉത്തമയാണല്ലോ നിലനിൽക്കുന്ന സ്ത്രീസങ്കല്പങ്ങളിലെ അമ്മ. സ്ത്രൈണതയുടെ അനന്ത സാദ്ധ്യതകളെ വ്യത്യസ്ത തോതിൽ ഉപയോഗിച്ചുകൊണ്ട് ഇന്ത്യൻ രാഷ്ട്രീയത്തിലെ എക്കാലത്തെയും മികച്ച നേതാക്കളിൽ ഒരാളാകാൻ അതിനാൽത്തന്നെ ജയലളിതയ്ക്ക് കഴിഞ്ഞു.

### മായാവതി

വടക്കേ ഇന്ത്യൻ രാഷ്ട്രീയത്തിലെ വരേണ്യജാതീയതയുടെ കുത്തകയായിരുന്ന അധികാര ഇരിപ്പിടങ്ങളെ കീഴടക്കിയ കീഴാളരാഷ്ട്രീയത്തിന്റെ ജ്വലിക്കുന്ന പ്രതീകമാണ് മായാവതി എന്ന 'ബഹൻജി'. സാമൂഹികമായും ജാതീയമായും പിന്നാക്കം നിൽക്കുന്ന ചമാർ ജാതിയിൽ വളരെ സാധാരണമായ കുടുംബത്തിൽ 1956 ജനുവരി 15 നു ആണ് മായാവതി ജനിച്ചത്. ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്നും മീററ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദങ്ങൾ കരസ്ഥമാക്കിയ ഇവർ ഡൽഹി സർവകലാശാലയിലെ പ്രശസ്തമായ ഫാക്കൽറ്റി ഓഫ് ലോ യിൽ നിന്നും നിയമബിരുദം കരസ്ഥമാക്കി. പൊതുവിൽ പഠനപാടവം തെളിയിച്ച ഇവരെ കൻഷി റാം നന്നേ ചെറുപ്പത്തിൽ തന്നെ രാഷ്ട്രീയത്തിലേക്ക് ക്ഷണിക്കുകയുണ്ടായി. 1977 ൽ ഡൽഹിയിൽ നടന്ന ഒരു കോൺഫറൻസിൽ അന്നത്തെ കേന്ദ്ര ആരോഗ്യമന്ത്രിയായിരുന്ന രാജ് നാരായൺ കീഴാളരെയും പിന്നോക്കക്കാരെയും അഭിസംബോ



ധന ചെയ്തത് 'ഹരിജൻ' എന്നായിരുന്നു. ഗാന്ധി പണ്ട് ഹരിജൻ എന്ന് അവർണരെ വിളിച്ചതിനെതിരെ ആഞ്ഞടിച്ച അംബേദ്കറിന്റെ അതെ ശൗര്യത്തോടെയാണ്  യുവതിയായ മായാവതി പ്രതികരിച്ചത്. ചരിത്രത്തിൽ അവർണ്ണരെ ചതച്ചരയ്ക്കുകയും അവസരോചിതമായി 'ഹരിജൻ' എന്ന പേരിൽ വ്യാജമായി ചേർത്തു പിടിക്കുന്നതുമാണ് ഇത്തരം പൊള്ളയായ പരാമർശങ്ങളുടെ പിറകിൽ എന്നതായിരുന്നു മായാവതിയുടെ പ്രതികരണത്തിന്റെ ചുരുക്കം. പരിണിത പ്രജ്ഞനായ വരേണ്യ രാഷ്ട്രീയനേതാവിനെ നിർദാക്ഷിണ്യം വസ്തുനിഷ്ഠമായി ഖണ്ഡിച്ച ചമാർ (അംബേദ്ക്കറിനെ പോലെ) പെണ്ണിനെ ബഹുജൻ രാഷ്ട്രീയത്തിന്റെ ഭാവിയുടെ വാഗ്ദാനമായാണ് അന്നവിടെ ഉണ്ടായിരുന്ന കൻഷിറാമിന്റെ അനുയായികൾ അവരക്കുറിച്ച് അദ്ദേഹത്തോട്  സൂചിപ്പിച്ചത്.മായാവതിയുടെ വീട് സന്ദർശിച്ച കൻഷിറാം സിവിൽ സർവീ



കൻഷിറാം , മായാവതി

സിനു പകരം ഒരായിരം സിവിൽ സെർവന്റുമാരെ നിയന്ത്രിക്കുന്ന രാഷ്ട്രീയക്കാരിയായി മായാവതിയെ വളർത്താമെന്നാണ് അറിയിച്ചത്. മണ്ഡൽ കമ്മീഷൻ ചർച്ചകൾ കൊടുമ്പിരികൊള്ളുന്ന ഈ കാലഘട്ടത്തിൽ പിന്നോക്കക്കാരുടെ ഉന്നമനവുമായി ബന്ധപ്പെട്ട ചർച്ചകൾ ശക്തിപ്പെടുത്തിയാണ് മായാവതിയും കൂട്ടരും 1984 ൽ ബഹുജൻ സമാജ്‌വാദി പാർട്ടിയുടെ രൂപീകരണത്തോടുകൂടി രാഷ്ട്രീയത്തിൽ ചുവടുറപ്പിച്ചത്. തുടർച്ചയായി മൂന്നു തവണ തോറ്റ മായാവതി 1989 ൽ യു. പി. യിലെ ബിജ്നൂറിൽ നിന്ന് ജയിക്കുകയും അത് കഴിഞ്ഞ് ആറുവർഷത്തിനുള്ളിൽ ഉത്തർ പ്രദേശ് മുഖ്യമന്ത്രിയായി സ്ഥാനമേൽക്കുകയും ചെയ്ത ചരിത്രം ഇന്ത്യൻ ജനാധിപത്യവ്യവസ്ഥയുടെ നിർണ്ണായക ചരിത്രസന്ധിയായി എന്നും നിലനിൽക്കും. 'സർവ്വജൻ ഹിതേ സർവൻ സുഖേ' (ഫോർ ദി ഹാപ്പിനെസ്സ് ഒഫ് മെനി ഫോർ ദി വെൽഫെർ ഒഫ് മെനി) എന്ന പ്രശസ്തമായ ബുദ്ധിസ്റ്റ് ആശയമാണ് മായാവതി തന്റെ ഭരണനയങ്ങളിൽ കൈക്കൊണ്ടത്.ഈ ആശയം ബ്രാഹ്മണർ മുതൽ ദളിതർ വരെയുള്ള ഒരു രാഷ്ട്രീയസഖ്യം രൂപീകരിക്കാനുള്ള മായാവതിയുടെ രാഷ്ട്രതന്ത്രത്തിനും നൈപുണ്യത്തിനുമുള്ള വ്യക്തമായ തെളിവാണ്. മായാവതിയുടെ ഭരണ കാലഘട്ടങ്ങളിൽ നടന്ന സാമൂഹിക സാമ്പത്തിക നയങ്ങൾ ഇതിനുത്തമ ഉദാഹരണങ്ങളുമാണ്. ഇവരുടെ കാലഘട്ടത്തിലാണ് വാല്മീകി സമുദായത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനു ധനനസഹായം അനുവദിച്ചതും, മറ്റു പിന്നാക്ക സമുദായക്കാരേയും ഉൾപ്പെടുത്തി അവരുടെ ഉന്നമനത്തിനായി നിരവധി നയങ്ങൾ രൂപീകരിച്ചതും, താഴ്ന്ന ജാതിക്കാരായ മുസ്‌ലിംകൾക്കും

സ്റ്റേറ്റ് ഭരണത്തിൽ സംവരണം നൽകിയതും. മായാവതിയുടെ എടുത്തു പറയേണ്ട നേട്ടങ്ങളിൽ ഒന്നാണ് ഭൂപരിഷ്ക്കരണം. ഭൂപരിഷ്കരണത്തിന്റെ ഭാഗമായി 1,58,000 ദളിത് ബഹുജൻ കുടുംബങ്ങൾക്ക് 1,20,000 ഏക്കർ ഭൂമിയാണ് ഇവർ വീതിച്ചു നൽകിയത്. വരേണ്യ ജാതിവിവേചന രാഷ്ട്രീയത്തെ അടിമുടി വിമർശിച്ച മായാവതി ആരെയും കൂസാതെയാണ് പൊതുമണ്ഡലത്തിൽ തന്റെ രാഷ്ട്രീയജീവിതം സംഭവ ബഹുലവും വർണ്ണാഭവുമാക്കിയത്. ദളിത്, ബഹുജന, പിന്നോക്കകാരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനു മായാവതി നടത്തിയ രാഷ്ട്രീയ ഇടപെടലുകൾ അനവധിയാണ്.

ജാതീയ സാമൂഹിക പിന്നോക്കാവസ്ഥകളെ പരിവർത്തനം ചെയ്യാനുതകുന്ന നയരൂപീകരങ്ങൾക്ക് ചുക്കാൻ പിടിക്കാൻ അവരെ സഹായിച്ചത് അവർ ആർജിച്ചെടുത്ത ഉന്നത വിദ്യാഭ്യാസമാണ്. മികച്ച ജനകീയ പിന്തുണയുണ്ടായിരുന്ന മായാവതി 'ബെഹൻജി' എന്ന പേരിലാണ് അവരുടെ അനുയായികൾക്കിടയിൽ അറിയപ്പെട്ടത്. പുരുഷാധിപത്യ സമൂഹത്തിലെ സംരക്ഷണത്തിന്റെയും ആശ്രിതത്തിന്റെയും പര്യായവും സ്ത്രൈണ സങ്കല്പവുമായ 'ബെഹൻജി' എന്ന അംഗീകാരം മായാവതി അവരുടെ രാഷ്ട്രീയ ഉന്നമനത്തിന് കൃത്യമായും ഉപയോഗിക്കുകയുണ്ടായി. ദളിത്, ബഹുജന, പിന്നോക്ക സമുദായങ്ങൾ മായാവതിയെ തങ്ങളുടെ രക്ഷകയായാണ് കണ്ടിരുന്നത്. ദളിത് സ്വാഭിമാനത്തിന്റെ ഭാഗമായി മായാവതി നടത്തിയ ദളിത് സാംസ്കാരിക നിർമ്മിതികളും സ്മാരകങ്ങളും വ്യാ


മായാവതി ഉത്തർ പ്രദേശ് മുഖ്യമന്ത്രി ആയിരുന്ന സമയത്ത്
സ്ഥാപിക്കപ്പെട്ട കൻഷിറാമിന്റെയും മയാവതിയുടെയും ശില്പങ്ങൾ

പകമായ വിമർശനങ്ങൾക്ക് കാരണമായിട്ടുണ്ട്. രണ്ടായിരം ആണ്ടിലെ സ്റ്റാൻഡ് അപ്പ് കോമേഡിയന്മാരും മറ്റു രാഷ്ട്രീയക്കാരും അവരെ ലിംഗപരമായും ജാതീയമായും അപഹസിച്ചതിന് ഇന്ത്യൻ പൊതുമണ്ഡലം സാക്ഷിയാണ്. 2016-ലാണ് ഒരു ബി.ജെ.പി. നേതാവ് മായാവതിയെ 'വേഷ്യയേക്കാളും അധഃപതിച്ചവൾ' എന്ന് പരസ്യമായി വിളിച്ചാക്ഷേപിക്കുന്നത്. മായാവതിയുടെ തലമുടിയുടെ ശൈലിയും, വർണ്ണാഭമായ വസ്ത്രങ്ങളും, വജ്രാഭരണങ്ങളും, ബാഗുകളും മറ്റും എന്നും സ്റ്റാൻഡ് അപ്പ് കോമേഡിയന്മാരുടെ ഇഷ്ടവിഷയങ്ങളായിരുന്നു. ഇന്ത്യൻ ചരിത്രത്തിൽത്തന്നെ ഏറ്റവും നികൃഷ്ടവും, അശ്ലീലം നിറഞ്ഞതുമായ ജാതീയ -ലൈംഗീക പരാമർശങ്ങൾക്ക് വിധേയമാകേണ്ടി വന്ന രാഷ്ട്രീയ നേതാവാണ് മായാവതി എന്നത് പൊതുമണ്ഡലത്തിൽ അവർ എത്രത്തോളം പുരുഷാധിപത്യ സവർണ്ണ ജാതിക്കാരാൽ വെറുക്കപ്പെട്ടിരുന്നു എന്നതിന് തെളിവാണ്. അഴിമതിയുടേയും കെടുകാര്യസ്ഥതയുടെയും പേരിൽ കുറ്റം ചാർത്തപ്പെട്ട മായാവതിയെ ജയലളിതയെപ്പോലെത്തന്നെ ഒരു സ്ത്രീയുടെ ആർഭാടജീവിതം ചൂണ്ടിക്കാട്ടിയാണ് പുരുഷാധിപത്യ പൊതുമണ്ഡലം വിമർശിച്ചത്. കടുത്ത വിമർശനങ്ങൾക്കിടയിലും സ്ത്രൈണതയാർന്ന വസ്ത്രധാരണത്തിലും മറ്റും ഒരിഞ്ചുപോലും മാറ്റം വരുത്താൻ മായാവതി ശ്രമിച്ചില്ല. പിന്നീട് പല രാഷ്ട്രീയക്കാരും സ്റ്റാൻഡ് അപ്പ് കോമേഡിയന്മാരും തങ്ങളുടെ ലൈംഗീകചുവയുള്ള പരാമർശങ്ങൾക്ക് മായാവതിയോടു ക്ഷമാപണം നടത്തിയിട്ടുണ്ട്. വമ്പിച്ച ജനപിന്തുണയ്ക്കും, ഭരണമികവിനും അവർ നടപ്പാക്കിയ പോളിയോ നിർമ്മാർജ്ജനത്തിനും അന്താരാഷ്ട്ര പ്രശംസ പിടിച്ചുപറ്റിയതും മായാവതിയിലെ മികവുറ്റ ഭരണാധികാരിക്കും രാഷ്ട്രീയനേതാവിനും ഉള്ള അംഗീകാരമാണ്. ഇന്ത്യൻ രാഷ്ട്രീയചരിത്രത്തിലെ എന്നും ഓർക്കപ്പെടുന്ന ശക്തയായ നേതാക്കളിൽ പ്രമുഖയാണ് മായാവതി എന്നത് ചരിത്രത്തിന്റെയും ജനാധിപത്യത്തിന്റെയും തിരഞ്ഞെടുപ്പാണ്.

ഝാൻസി റാണി, ദുർഗ്ഗാദേവി, ഉരുക്ക് വനിത, അമ്മ , ബെഹൻജി എന്നീ സ്ത്രൈണതയാർന്ന പദങ്ങളും പദവികളും ഇന്ദിരാഗാന്ധിയും, ജയലളിതയും, മായാവതിയും തങ്ങളുടെ രാഷ്ട്രീയ ഉന്നമനത്തിനും താല്പര്യങ്ങൾക്കും വേണ്ടി ഉപയോഗിച്ചിരുന്നു എന്നത് പുരുഷാധിപത്യസങ്കൽപ്പങ്ങളെ എങ്ങനെ തങ്ങൾക്കനുകൂലമായി തിരിച്ചുപയോഗിക്കാമെന്നതിൽ അവർ സ്വായത്തമാക്കിയ ശേഷിയെ സൂചിപ്പിക്കുന്നു. ഈ മൂന്ന് സ്ത്രീകളും തങ്ങളുടെ സ്ത്രൈണ രൂപങ്ങളുടെ ഉപയോഗം വ്യത്യസ്തങ്ങളായ രീതിയിലാണ് നടത്തിയത്. എം എഫ് ഹുസൈൻ പിതാവിന്റെ പുത്രിയായി ചിത്രീകരിച്ച വെറുമൊരു പെൺകുട്ടിയിൽ നിന്നും ദേവീ പഥത്തിലേക്ക് ഉയർന്ന അധികാരത്തിന്റെ മൂർത്തീഭാവമായി മാറിയ സ്ത്രൈണതയാണ് ഇന്ദിര. നേരേമറിച്ച് ജയലളിത ഊതികാച്ചുന്ന സ്ത്രൈണത പുരുഷനെ പ്രചോദിപ്പിക്കുന്ന/പ്രീതിപ്പെടുത്താൻ കഴിയുന്ന സ്ത്രീ എന്ന ബിംബത്തിൽ നിന്നും സ്ത്രീകൾക്കും മക്കൾക്കും തുണയാകുന്ന എന്നാൽ അനീതിക്ക് എതിരെ ശബ്ദമുയർത്തുന്ന 'അമ്മ സങ്കൽപ്പത്തിലേക്കും ആ 'അമ്മയുടെ അധികാരം അചഞ്ചലമാകുന്ന തരത്തിലേക്കുമുള്ള ബിംബമായും ആണ് പരിണമിക്കുന്നത്. സ്ത്രീ എന്ന രീതിയിലുള്ള പരിഹാസ്യവും മാറ്റിനിർത്തലുകളും അരികുവത്കരിക്കലുമാണ് ഇന്ദിരയും ജയലളിതയും തങ്ങളുടെ ഭരണാധികാരിയിലെ രൂപപ്പെടലിൽ നേരിട്ടതെങ്കിൽ ഇതേ വിവേചനങ്ങൾക്ക് പുറമെ ജാതീയവും അശ്ലീലവുമായ വരേണ്യതയുടെ അപകീർത്തിപ്പെടുത്തലാണ് മായാവതിയിലെ സ്ത്രീത്വം നേരിട്ടത്. അതിനെ ബൗദ്ധികമായും തന്റേടത്തോടും പ്രതികരിക്കുന്ന സഹോദരിയായാണ് ഇവർ വളർത്തിയെടുത്തത്. ആണധികാരം സഹോദരിയുടെ ഇച്ഛാശക്തിക്കുമുന്നിൽ രാജിയാകുന്നതാണ് ദളിത് പെണ്ണ് ജാതി ഹിന്ദുവിന്റെ സഹോദരിയായി വളരുന്നത്തിന്റെ രാഷ്ട്രീയം.അതിനാൽ തന്നെ സ്ത്രീകളുടെ രാഷ്ട്രീയത്തിലെ മേൽകൈ പുരുഷാധിപത്യവ്യവസ്ഥയോടും ജാതിവ്യവസ്ഥയോടും സന്ധിയില്ലാതെ പോരടിച്ചാണ് ഇവർ തങ്ങളുടെ രാഷ്ട്രീയവ്യക്തിത്വങ്ങളെ വികസിപ്പിച്ചെടുത്തത്. സ്വന്തമായ രാഷ്ട്രീയപാതകൾ വെട്ടിത്തെളിയിച്ച ഈ സ്ത്രീ നേതാക്കൾ തങ്ങളുടെ രാഷ്ട്രീയ ശൈലിയുടെ പിന്തുടർച്ച ഉറപ്പാക്കുന്നതിലും ശക്തരായ രാഷ്ട്രീയപിൻഗാമികളെ സൃഷ്ടിക്കുന്നതിലും പരാജയപ്പെട്ടു എന്നത് അത്യന്തം ഖേദകരമാണ്. ഈ ഖേദം സാന്ദർഭികമായി വിലയിരുത്തിയാൽ ഇവർക്ക് തുല്യർ ഇവർ മാത്രമായതിനാലാകും എന്ന നിഗമനത്തിൽ മാത്രം നമുക്ക് തൃപ്തിപ്പെടേണ്ടിവരും.



ചർച്ചാവിഷയം



**ഷിബി കെ.**
ചരിത്ര ഗവേഷക

# കുലസ്ത്രീയല്ലാത്ത ഗൗരിയുടെ കലഹങ്ങൾ : നിയമസഭയിലെ ആണധികാരത്തെ ചെറുത്ത ഒരു കീഴാളസ്ത്രീയുടെ പോരാട്ടം



മലയാളികളിൽ മലബാറും കൊച്ചിയും തിരുവിതാംകൂറുമെന്നില്ലാതെ കേരളം എന്ന പൊതുദേശീയത ശക്തമായിത്തുടങ്ങുമ്പോൾ തന്നെ ഒരു കീഴാളസ്ത്രീ രാഷ്ട്രീയ പൊതുമണ്ഡലത്തിൽ എത്തിച്ചേരുകയുണ്ടായി. അവരുണ്ടാക്കിയ ചലനങ്ങൾ അതിനുമുമ്പോ പിമ്പോ ഒരു സ്ത്രീക്ക് മലയാളിയുടെ പൊതുജീവിതത്തിൽ സാധ്യമായിട്ടില്ല. ബുദ്ധിയും തന്റേടവുമുള്ള ഒരു സ്ത്രീ പൊതുമണ്ഡലത്തിൽ എങ്ങനെയെല്ലാം വേട്ടയാടപ്പെടുന്നു എന്നതിന്റെ ദൃഷ്ടാന്തമാണ് ഗൗരി. അത്തരം വേട്ടയാടലുകളെ എങ്ങനെ അതിജീവിക്കണം എന്നതിന്റെ ഉദാഹരണവുമാണ് അവർ. ഐക്യകേരളത്തിന്റെ ആധുനികവും പുരോഗമനപരവുമായ സാമൂഹികമുഖം വാർത്തെടുത്തതിൽ രാഷ്ട്രീയ-സാമൂഹിക പരിഷ്കർത്താക്കളുടെ സംഭാവന അനവധിയാണ്. ജനാധിപത്യത്തിലും പുരോഗമനാശയങ്ങളിലും ഊന്നി, ഭൂ-ബന്ധങ്ങളിലും

പൊതുവിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും ഐക്യകേരളത്തിലുടനീളം ആവിഷ്കരിക്കപ്പെട്ട വിപ്ലവാത്മകമായ പരിഷ്കാരങ്ങളാണ് കേരളത്തിന്റെ പിൽക്കാല ചരിത്രത്തെത്തന്നെയും തിരുത്തിയെഴുതാൻപോന്ന പുരോഗമനമുഖത്തെ പാകപ്പെടുത്തിയത്. അങ്ങേ

യറ്റത്തെ ജന്മി-ജാതി-മതാശയങ്ങളാൽ ആവേശിക്കപ്പെട്ട സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയക്രമങ്ങളെ ചെറുത്തുതോൽപിക്കേണ്ട ഭാരിച്ച ഉത്തരവാദിത്വം പേറുന്നതിന്റെ അടയാളങ്ങൾ അക്കാലത്തെ മുന്നേറ്റങ്ങളിലൊക്കെയും കാണാമായിരുന്നു. മറ്റൊരർത്ഥത്തിൽ പറയുകയാണെങ്കിൽ പരമ്പരാഗത നാടുവാഴിത്തത്തോട് നിരന്തരം കലഹിച്ചുകൊണ്ടാണ്, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നത്രയും ഭിന്നമാക്കിയ ഏറ്റവും ആധുനികവും പുരോഗമനപരവുമായ കേരളത്തിന്റെ മുഖം വാർത്തെടുക്കപ്പെട്ടിട്ടുള്ളത്. 1957 മുതൽക്കിങ്ങോട്ട് ഭൂവുടമസമ്പ്രദായത്തിലും ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും പ്രാബല്യത്തിൽ വന്നിട്ടുള്ള ബില്ലുകൾ പരമ്പരാഗത നാടുവാഴിത്തത്തോട്-ജന്മിത്വത്തോട് പോരടിച്ചാണ് കേരളം ആർജ്ജിച്ചെടുത്തത്

ചരിത്രപരമായ ഈ പോരാട്ടങ്ങളിൽ നെടുംതൂണായത് കീഴ്ജാതിയിൽ പെട്ട ഒരാളായിരുന്നുവെന്നതും അവർ ഒരു സ്ത്രീയായിരുന്നുവെന്നതും ഏതൊരു മലയാളിയെയും എക്കാലവും ആവേശം കൊള്ളിക്കേണ്ടതാണ്. കേരളചരിത്രത്തിലെന്നല്ല ഇന്ത്യൻ ചരിത്രത്തിലെ തന്നെ കരുത്തുറ്റ പോരാളികളുടെ കൂട്ടത്തിലാണ് ഗൗരി എന്ന പേര് എഴുതി വെക്കേണ്ടത്. കെ.ആർ ഗൗരിയെക്കുറിച്ച് പറഞ്ഞു തുടങ്ങണമെങ്കിൽ അത് ഐക്യകേരളചരിത്രത്തെക്കുറിച്ച് പറഞ്ഞുതുടങ്ങലാണ്. കേരളത്തിന്റേതെന്ന് പറയപ്പെടുന്ന ഏറ്റവും പുരോഗമപരമായ നിയമങ്ങളൊക്കെയും (കേരള കർഷകബന്ധ ബില്ല്, സർക്കാർ ഭൂമി പതിച്ചുകൊടുക്കൽ നിയമം, അഴിമതി നിരോധനനിയമം, വനിതാ കമ്മീഷൻ ആക്ട്) വാർത്തെടുക്കപ്പെട്ടത് കെ.ആർ ഗൗരിയുടെ കൈകളിലൂടെയായിരുന്നു. കേരളത്തിലെ ജനാധിപത്യത്തിന്റെ ചരിത്രത്തിൽ ഈ സ്ത്രീയുടെ പോരാട്ടം ശരിയായ ഗൗരവത്തോടെ അടയാളപ്പെടുത്തിയിട്ടുണ്ടെന്ന് ക

**മന്ത്രിസഭയിലെ ഏക സ്ത്രീ അംഗം എന്ന നിലയിൽ പലപ്പോഴും ബില്ലവതരണവേളകളിൽ പുരുഷാധികാരത്തിന്റെ ക്രൂരമായ പരിഹാസങ്ങളാൽ കെ.ആർ ഗൗരി വേട്ടയാടപ്പെട്ടിരുന്നു. ആരാലും തോൽപ്പിക്കാനാവാത്ത ധൈര്യശാലിയായ ഏതൊരു പെൺപോരാളിയും ആക്രമിക്കപ്പെടുന്നത് അവളുടെ ലൈംഗികതയെ കേന്ദ്രീകരിച്ചാണല്ലോ. കെആർ ഗൗരിയും ഏറ്റവുമധികം പോരടിച്ചത് സ്ത്രീത്വത്തോടുള്ള പുരുഷന്റെ ലൈംഗികാധിനിവേശ മനോഭാവത്തോടായിരുന്നു.**

രുതുക വയ്യ. അങ്ങേയറ്റം ആണധികാരത്തിലധിഷ്ഠിതമായിരുന്ന കുടുംബത്തിലും രാഷ്ട്രീയത്തിലും കെ.ആർ ഗൗരി നയിച്ച കലഹങ്ങളത്രയും ആധുനിക കേരളചരിത്രത്തിലെ പോരാട്ടത്തിന്റെ ഏടുകളായിരുന്നു

മന്ത്രിസഭയിലെ ഏക സ്ത്രീ അംഗം എന്ന നിലയിൽ പലപ്പോഴും ബില്ലവതരണവേളകളിൽ പുരുഷാധികാരത്തിന്റെ ക്രൂരമായ പരിഹാസങ്ങളാൽ കെ.ആർ ഗൗരി വേട്ടയാടപ്പെട്ടിരുന്നു. ആരാലും തോൽപ്പിക്കാനാവാത്ത ധൈര്യശാലിയായ ഏതൊരു പെൺപോരാളിയും ആക്രമിക്കപ്പെടുന്നത് അവളുടെ ലൈംഗികതയെ കേന്ദ്രീകരിച്ചാണല്ലോ. കെആർ ഗൗരിയും ഏറ്റവുമധികം പോരടിച്ചത് സ്ത്രീത്വത്തോടുള്ള പുരുഷന്റെ ലൈംഗികാധിനിവേശ മനോഭാവത്തോടായിരുന്നു. ആധുനികകേരളം കണ്ടിട്ടുള്ള ഏറ്റവും പ്രൗഢയായ ഭരണാധികാരിയോട് തോറ്റുകൊടുക്കാൻ മനസ്സനുവദിക്കാതെയും, എന്നാൽ ആ ഭരണാധികാരി ഒരു പെണ്ണാണ് എന്നതിനാൽ നാണിച്ചവശരായും, ആ സ്ത്രീയുടെ ലൈംഗികതയെ പ്രതി ആക്ഷേപം നടത്തുന്ന നാണംകെട്ട നിയമസഭാംഗങ്ങളെ നിയസഭാരേഖകൾ പരിശോധിക്കുമ്പോൾ ഉടനീളം നമുക്ക് കാണാം.

ഭൂ-നിയമം പാസ്സാക്കുന്നതിന് മുന്നോടിയായി കുടിയൊഴിക്കൽ നിരോധിച്ചുകൊണ്ട് നിയമം കൊണ്ടുവരുന്ന അവസരത്തിൽ പാവപ്പെട്ട ജന്മിമാരെ മുഴുവൻ നശിപ്പിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് അന്നത്തെ ആലുവയിൽ നിന്നുള്ള കോൺഗ്രസ് എംഎൽഎ ആയിരുന്ന ടിഒ ഭാവ, ഒരു സ്ത്രീയെന്ന നിലയിൽ കെ.ആർ ഗൗരിയെക്കുറിച്ച് പ്രകടിപ്പിക്കുന്ന ആശങ്ക കേരള ചരിത്രത്തിൽ 'സ്വർണ്ണ'ലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ടതാണ്. ജൻമിക്ക് കുടിയാൻമാരെ ഒഴിപ്പിക്കാൻ അനുവാദമില്ല എന്ന് വന്നപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ഇപ്രകാരമാണ്: '...സർ, എന്റെ നാട്ടിൽ ഈയിടെ ഒരു സംഭവമുണ്ടായി. ആണ്ടിൽ 6 മാസം തികച്ച് കഞ്ഞികുടിക്കാൻ വകയില്ലാത്ത ഒരു പാവം നമ്പൂതിരിയുടെ ഇല്ലത്തിനു മുമ്പിൽ രണ്ടുമൂന്ന് കുടിലുകൾ വെച്ച് കെട്ടി തടസ്സപ്പെടുത്തിയപ്പോൾ തുണിയഴിച്ചിട്ട് തുള്ളിയ ഒരു സംഭവമുണ്ടായി...ഈ മാതിരി നീതിയ്ക്കും ന്യായത്തിനും യോജിയ്ക്കാത്ത അനിഷ്ടസംഭവങ്ങളെപ്പറ്റി പരാതിപറയുമ്പോൾ അങ്ങനെയൊന്നും ഇല്ലെന്നും പറഞ്ഞ് ഒന്നും മിണ്ടാതെ മൗനം ദീക്ഷിക്കുന്നത് ഒരു മാതൃത്വം റവന്യൂ മന്ത്രിണിക്ക് ഇല്ലാത്തതുകൊണ്ടല്ലേ എന്നാണ് ഞാൻ വിചാരിക്കുന്നത്.'

സഭയിൽ നടന്ന രാഷ്ട്രീയവും സാമൂഹികവുമായ ചർച്ചയുമായി ഒരു ബന്ധവുമില്ലാത്ത കെആർ ഗൗരിയുടെ മാതൃത്വത്തെ സംബന്ധിച്ചുള്ള ടിഒ ഭാവയുടെ ആശങ്ക, 'പ്രസവിക്കാൻ ശേഷിയില്ലാത്ത' കെആർ ഗൗരിയുടെ സ്ത്രീത്വ

ത്തെ ഉന്നം വെച്ചുകൊണ്ടുള്ളതായിരുന്നു. ഈ അശ്ലീലം ഒരു നിയസഭ മെമ്പറെന്ന നിലയിൽ സഭയിൽ പറയാൻ അനുവദിയ്ക്കത്തക്കതല്ലായെന്ന് അന്നത്തെ വിദ്യാഭ്യാസമന്ത്രി ജോസഫ് മുണ്ടശ്ശേരി മറുപടി പറയുന്നുണ്ട്. എന്നാൽ ആ പറഞ്ഞതിൽ അശ്ലീലമായിട്ടൊന്നുമില്ലായെന്നാണ് നിയമസഭയിലെ പി എസ് പി നേതാവും തിരുവിതാംകൂർ മുൻ പ്രധാനമന്ത്രിയും തിരുകൊച്ചി മുൻ മുഖ്യമന്ത്രിയുമെല്ലാം ആയിരുന്ന പട്ടം താണുപിള്ള വ്യക്തമാക്കിയത്. സ്പീക്കറാകട്ടെ ഒരാളുടെ വ്യക്തിപരമായ സിദ്ധിയെയോ സിദ്ധിയില്ലായ്മയെയോ

ശ്ലീലമാണ് പിൽക്കാലത്ത് ആ ഉരുക്കു വനിതയെക്കൊണ്ട് ലാത്തിക്ക് പ്രജനന ശേഷിയുണ്ടായിരുന്നെങ്കിൽ ഞാൻ ലാത്തി കുഞ്ഞുങ്ങളെ പണ്ടേ പ്രസവിച്ചേനെ എന്ന് പ്രസ്താവനയിലേക്ക് പറയിപ്പിച്ചത്. അങ്ങനെ കെആർ ഗൗരിയുടെ ഈ 'സിദ്ധിയില്ലായ്മ' കേരളരാഷ്ട്രീയത്തിൽ അവരെ ഒതുക്കാനുള്ള ആയുധമായി പുരുഷനേതാക്കൻമാർ എക്കാലവും ഉപയോഗിച്ചുവന്നു. ഭരണത്തിലുള്ള കെആർ ഗൗരിയുടെ മികവും ധൈര്യവും തന്റേടവും എക്കാലവും പുരുഷസഭാംഗങ്ങളെ ചൊടിപ്പിച്ചു. ഈ അമർഷത്താൽ മനോനിയന്ത്രണം നഷ്ട

രം ഒരുദാഹരണമാണ്.

കിട്ടാക്കടം തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട് സ്ത്രീകളെ അറസ്റ്റ് ചെയ്യരുതെന്ന ഒരു വ്യവസ്ഥ നിയമത്തിൽ കെആർ ഗൗരി ഉൾക്കൊള്ളിച്ചിരുന്നു. സ്ത്രീകളെ അറസ്റ്റിൽ നിന്നും മാറ്റി നിർത്തിയാൽ സ്വത്ത് മുഴുവനായും സ്ത്രീകളുടെ പേരിൽ എഴുതിവെക്കുമെന്നതായിരുന്നു ഇതെച്ചൊല്ലിയുള്ള കോൺഗ്രസ്സിന്റെ പ്രധാന ആശങ്ക. പാലായിലെ എംഎൽഎ കെഎം മാണിയും സിപിഎം എംഎൽഎയും ട്രേഡ് യൂണിയൻ രംഗത്തെ പ്രമുഖ നേതാവുമായിരുന്ന സിബി ചന്ദ്രശേഖരവാര്യരും, കോൺഗ്രസ്സ്



സൂചിപ്പിക്കാനുള്ള അവസരം കൊടുക്കാതിരിക്കാനാണ് ശ്രമിക്കേണ്ടതെന്നും ഇക്കാര്യത്തിൽ റൂളിങ്ങിന്റെ ആവശ്യമൊന്നുമില്ലായെന്നും പറഞ്ഞ് തടിതപ്പുകയാണ് ചെയ്തത്.

അപ്രകാരം ഒരു വലിയ 'സിദ്ധിയില്ലായ്മ' കെആർ ഗൗരിയിലാരോപിച്ച്, ആദ്യം കുടിയൊഴിപ്പിക്കൽ നിരോധനനിയമത്തിലൂടെയും പിന്നീട് ജന്മിക്കരം നിരോധനനിയമത്തിലൂടെയും സ്ഥാപിക്കപ്പെട്ട കാർഷികബന്ധനിയമത്താൽ, ജന്മിത്വത്തിന് ഒരു സ്ത്രീയിലൂടെ ഏൽക്കേണ്ടി കടുത്ത പ്രഹരത്തെ തടയാമെന്ന് അവർ കരുതി. ഈ അ

പ്പെട്ട്, പലപ്പോഴും സഭയ്ക്കകത്തു വെച്ച് തന്നെ, സ്ത്രീകൾക്കെതിരായി വലിയ ആക്ഷേപങ്ങളും പരിഹാസങ്ങളും തൊടുത്തുവിടാനും, അതുവഴി കെആർ ഗൗരി എന്ന മികവുറ്റ ഭരണാധികാരിയെ അവഹേളിക്കാനും പ്രതിപക്ഷാംഗങ്ങൾ എപ്പോഴും ശ്രമിക്കുമായിരുന്നു. കെആർ ഗൗരിയുടെ നേതൃത്വത്തിൽ ബില്ലവതരിപ്പിക്കുന്ന ഏതവസരത്തിലും സ്ത്രീത്വത്തെ മുൻ നിർത്തി അവഹേളനം ചെയ്യാനുള്ള ഒരു സന്ദർഭവും പുരുഷ-പ്രതിപക്ഷാംഗങ്ങൾ നഷ്ടപ്പെടുത്തിയിട്ടില്ല. 1967ൽ കേരള റവന്യൂ റിക്കവറി ബിൽ അവതരിപ്പിക്കുന്ന അവസ

എംഎൽഎ കെടി ജോർജും, പ്രജാ സോഷ്യലിസ്റ്റ് പാർട്ടി എംഎൽഎ ആയിരുന്ന ജോസഫ് ചാഴിക്കാടും ചർച്ചാവേളയിൽ നടത്തുന്ന സംഭാഷണങ്ങൾ ഇപ്രകാരമാണ്:

കെഎം മാണി: 'ഇനിമേൽ കള്ളുഷാപ്പുകൾ പിടിക്കുന്നവർ മുഴുവൻ സ്ത്രീകളായിരിക്കും. ഗവൺമെൻറിലേക്ക് ഈടാക്കാനുള്ള വസ്തുക്കൾ മുഴുവൻ സ്ത്രീകളുടെ പേരിലേക്ക് മാറ്റും. അതുകൊണ്ട് എനിയ്ക്ക് പറയുവാനുള്ളത് സ്ത്രീകളെ അറസ്റ്റിൽ നിന്നും യാതൊരു കാരണവശാലും ഒഴിവാക്കാൻ പാടില്ല എന്നാണ്...'

സിബി ചന്ദ്രശേഖരവാര്യർ: 'സ്

ത്രീകളെ ഒഴിവാക്കണമെന്നുള്ള ഈ വകുപ്പിലെ നിർദ്ദേശം എടുത്തുകളയണമെന്നാണ് എന്റെ അഭിപ്രായം.'

ജോസഫ് ചാഴിക്കാടൻ: 'സ്ത്രീകൾക്ക് സമത്വം അനുവദിയ്ക്കണമെന്നാണോ?'

സിബി ചന്ദ്രശേഖരവാര്യർ: 'അതെ.'

കെടി ജോർജ്: 'സ്ത്രീകളെ അറസ്റ്റ് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്താലും പൂർണ്ണഗർഭിണികളായ സ്ത്രീകളെയും ആറ് മാസത്തിൽ കുറഞ്ഞ പ്രായമുള്ള കുട്ടികളുള്ള സ്ത്രീകളെയും ഒഴിവാക്കണമെന്നു കൂടി വ്യവസ്ഥ ചെയ്യണമെന്നാണ് എന്റെ നിർദ്ദേശം.'

സിബി ചന്ദ്രശേഖരവാര്യർ: 'ഒരു ഇറ്റാലിയൻ കഥ ഇതു സംബന്ധിച്ച് പറയാനുണ്ട്. ഒരു നിയമത്തിൽ ഗർഭിണികളെ ഒഴിവാക്കുന്ന വ്യവസ്ഥയുള്ളതിന്റെ ആനുകൂല്യം അനുഭവിക്കാൻ ഒരു സ്ത്രീ തുടർച്ചയായി ഗർഭിണിയായിരുന്നുവെന്ന്.'കെടി ജോർജ്: 'ഇങ്ങനെയൊരു ആനുകൂല്യത്തിന് വേണ്ടി ഏതെങ്കിലും സ്ത്രീകൾ തുടർച്ചയായി ആ നില സ്വീകരിച്ചാൽ അതിന്റെ ആനുകൂല്യം അവരനുഭവിച്ചു കൊള്ളട്ടെ എന്ന് കരുതിയാൽ മതി.'

ഇതിൽ അണുവിട കുലുങ്ങാതെ കെ ആർ ഗൗരി കൊടുക്കുന്ന മറുപടി ശ്രദ്ധേയമാണ്: 'സ്ത്രീകളെ അറസ്റ്റ് ചെയ്താലേ നിർബന്ധമായി വസ്തുക്കളും മറ്റും ഈടാക്കാൻ സാധിക്കൂ എന്ന ധാരണ ശരിയല്ല. കാരണം ഈ മാതിരി (സ്ത്രീകൾ പ്രതികളാകുന്ന) കേസ്സുകൾ വളരെ കുറച്ചേയുള്ളൂ. പുരുഷന്മാരുമായി നോക്കുകയാണെങ്കിൽ, സമൂഹത്തിൽ, ഈ അസംബ്ലിയിൽതന്നെ ഞാൻ ഒരൊറ്റ സ്ത്രീയെയുള്ളൂ. സ്ത്രീകൾ വളരെ കുറച്ചേ വ്യവസായരംഗത്തോ-സ്വത്തുടമസ്ഥരായോ-കടക്കാരായോ വരുന്നുള്ളൂ. സ്ത്രീകൾക്കും പുരുഷന്മാർക്കും ഭരണഘടനയിലും തുല്യവകാശമാണ് കൊടുത്തിരിക്കുന്നതെന്ന് പറഞ്ഞാലും പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക് പ്രത്യേകമായ അവകാശവും ഭരണഘടന അനുവദിച്ചിട്ടുണ്ട്. ഇല്ലെങ്കിൽ മെറ്റേർണിറ്റി ലീവ് സ്ത്രീകൾക്ക് അനുവദിക്കുമായിരുന്നില്ല. പിന്നാക്ക വിഭാഗമെന്ന നിലയിൽ സെന്റിമെന്റലായിട്ടുള്ള മറ്റു വികാരങ്ങളും പരിഗണിച്ചുകൊണ്ടാണ് സാധാരണനിലയിൽ സ്ത്രീകളെ അറസ്റ്റ് ചെയ്യേണ്ട എന്ന് വച്ചിരിക്കുന്നത്. രാഷ്ട്രീയത്തിലിറങ്ങാൻ തയ്യാറുള്ള സ്ത്രീകളെ അറസ്റ്റ് ചെയ്യാം. സിവിൽ ലയബിലറ്റി വരുന്നതായ കടമോ, ഗവൺമെന്റിൽ നിന്ന് ഈടാക്കേണ്ടതായ മറ്റു കടമോ വരുന്ന അവസരത്തിൽ സ്ത്രീകളെക്കൂടി അറസ്റ്റ് ചെയ്തെങ്കിലേ, റവന്യൂ റിക്കവറിയായി പിരിഞ്ഞ് കിട്ടാനുള്ള ഏഴുകോടിയും ഈടാക്കാൻ സാധിക്കൂ എന്ന് പറയുന്നത് എന്തോ തെറ്റായ ധാരണയാണ്. അല്ലെങ്കിൽ സ്ത്രീ വിദ്വേഷമാണ്. ഈടാക്കാനുള്ളത് 95 ശതമാനവും പുരുഷൻമാരിൽ നിന്നാണ്.' സഭയിലെ ആരവങ്ങളെ മൊത്തം അവസാനിപ്പിക്കാൻ യുക്തിയും നയവും തന്റേടവും കലർന്ന ഈ വാക്കുകൾക്കായി. 1967ലെ റവന്യൂ റിക്കവറി നിയമവുമായി ബന്ധപ്പെട്ട് കെആർഗൗരി നൽകിയ മറുപടി പ്രസംഗം അന്നത്തെ ഗവൺമെന്റിന്റെ സ്ത്രീകളോടുള്ള നയരൂപീകരണത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്.



മന്ത്രിസഭയിൽ വേറേ സ്ത്രീകളില്ലാ എന്നതുകൊണ്ടാണോ, അതല്ല 'നീയൊരു പെണ്ണാണ്' എന്ന് ഓർമ്മപ്പെടുത്തുന്നതിനായാട്ടാണോ, എങ്ങനെയാണെങ്കിലും ഇടക്കിടെ കെആർ ഗൗരിയെ ബില്ല വതരണവേളയിൽ സഭാംഗങ്ങൾ 'മന്ത്രിണി'യെന്ന് വിളിച്ച് പരിഹസിക്കുന്നതായി കാണാം. ഒരുവേള കെഎം മാണി മന്ത്രിണിയെന്ന് പറഞ്ഞ് ആക്ഷേപിച്ചപ്പോൾ മന്ത്രിയെന്നുള്ള വാക്ക് കോമൺ ജെന്ററാണെന്നും സ്ത്രീകളെ 'മന്ത്രിണി'യെന്ന് പറയേണ്ട ആവശ്യമില്ലയെന്നും സഭയിൽ നിന്നും അഭിപ്രായങ്ങളുണ്ടായി. ഈ അവസരം മുതലെടുത്തുകൊണ്ട് കെ.എം മാണി അടുത്ത നിമിഷംതന്നെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി

'ശ്രീമതി ഗൗരി തോമസ്' എന്നാണ് വിശേഷിപ്പിച്ചത്. മന്ത്രിണിയെന്ന് പരിഹസിച്ചിരുന്ന അംഗം റവന്യൂ വകുപ്പ് മന്ത്രിയെന്നോ കെആർ ഗൗരിയെന്നോ പറയാതെ പെട്ടെന്ന് 'ശ്രീമതി ഗൗരി തോമസ്' എന്ന് വിളിച്ചത് 'നീ ആരായാലും ടി വി തോമസിന്റെ ഭാര്യയാണ്' എന്ന വ്യംഗ്യാർത്ഥത്തോടെയാണ്.

എന്നാൽ കെആർ ഗൗരിയാകട്ടെ ആന പോകുമ്പോൾ പട്ടികുരയ്ക്കുമെന്ന കണക്കിൽ നിശ്ചയദാർഢ്യത്തോടെ തീരുമാനങ്ങളെടുത്തു നിന്നു. ആ നിശ്ചയദാർഢ്യത്തിന്റെ മുമ്പിൽ സഭാംഗങ്ങളുടെ പതറിച്ച കൂടെക്കൂടെ സഭാരേഖകളിൽ പ്രതിഫലിക്കുന്നുണ്ട്.




കെആർ ഗൗരിയുടെ കാർഷികബന്ധ നിയമത്തെ റദ്ദാക്കികൊണ്ട് ഭൂപരിഷ്കരണബില്ല് പി.ടി ചാക്കോ അവതരിപ്പിച്ചപ്പോൾ കർഷകരെ സഹായിക്കുന്ന എല്ലാ വ്യവസ്ഥകളും അട്ടിമറിക്കപ്പെട്ടിരുന്നു. കർഷക വിരുദ്ധമായ ആ വ്യവസ്ഥകളെ കെ.ആർ ഗൗരി ചോദ്യം ചെയ്തപ്പോൾ എം നാരായണക്കുറുപ്പ് 'തിരുവിതാംകൂർ കൊച്ചിയിലെ ജന്മികുടിയാൻ സമ്പ്രദായം ചങ്ങമ്പുഴയുടെ വാഴക്കുലയായിരുന്നാൽ മതിയോ' എന്ന് ചോദിക്കുന്ന ഒരു സന്ദർഭമുണ്ട്. അതിന് കെ.ആർ ഗൗരി നൽകുന്ന മറുപടി രസകരമാണ്. 'ഞാൻ കവിയല്ല. പിന്നെ ശ്രീ കുറുപ്പിന് തിരുവിതാംകൂറിന്റെ ചരിത്രവും അറിഞ്ഞുകൂടാ, ചങ്ങമ്പുഴയുടെ വാഴക്കുലയും അറിഞ്ഞുകൂടാ.' ചരിത്രത്തെക്കുറിച്ച് തർക്കിക്കാൻ പിന്നീട് എം.നാരായണക്കുറുപ്പ് തുനിഞ്ഞില്ല. ഇന്ത്യൻ ചരിത്രം തന്നെ തിരുത്തിയെഴുതിയ ജന്മി-കുടിയാൻ ബന്ധത്തിന്റെ -ഭൂബന്ധങ്ങളുടെ പൊളിച്ചെഴുത്തിന് ചുക്കാൻ പിടിച്ച ഒരു ഭരാണാധികാരിയെ ചരിത്രം പഠിപ്പിക്കാൻ അന്നത്തെ സഭാംഗങ്ങളാരും തുനിഞ്ഞിരുന്നില്ല.

ജാതീയമായ അധിക്ഷേപങ്ങളും റവന്യൂ വകുപ്പ് മന്ത്രിയായ കെആർ ഗൗരിയെന്ന കീഴ്ജാതി സ്ത്രീയുടെ മുകളിൽ നടത്തുണ്ട്. ജന്മിക്കരം നിരോധന ബില്ല് അവതരിപ്പിക്കുമ്പോൾ പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ എംഎൽഎ ആയിരുന്ന ജോസഫ് ചാഴിക്കാടന്റെ പ്രധാന ഭയം അത് ബ്രാഹ്മണശാപം ഉണ്ടാക്കുമെന്നാണ്. 'മുമ്പ് ഒരു ജന്മി പബ്ലിക് റോഡിൽകൂടി ഹൊയി പറഞ്ഞുകൊണ്ട് പോകുമ്പോൾ വളരെ ദൂരം മാറി നിൽക്കേണ്ടി വന്നിരുന്നവരാണ് ഇന്നീ നിയമം പാസ്സാക്കാൻ പോകുന്നത്. അവർ ജന്മിമാരായിരുന്നതുകൊണ്ട് അവർക്ക് വല്ലതും കൊടുക്കണമെന്നുള്ള വിചാരത്തിൽ വേണം നിയമം പാസാക്കാൻ. കുറേ തലമുറ അവർ അന്തസ്സും പ്രഭാവവും അനുഭവിച്ചു. അതിന് പകരം വീട്ടുക എന്നുള്ളത് നമുക്ക് ചേർന്നതല്ല.'കേരളത്തിന്റെ പൊതുജീവിതത്തെയാകെ മാറ്റമറിച്ച ഭൂപരിഷ്കരണം സംബന്ധിച്ച ബില്ലുകളുടെ ചർച്ചാവേളയിലാണ് ഈ പുരുഷലിംഗങ്ങൾ ഉദ്ധരിച്ചാർക്കുന്നത് നമ്മൾ രേഖകളിൽ കാണുക. കേരളത്തിന്റെ ആ പുരുഷാധിപത്യ മുഖത്തിന് എന്തെങ്കിലും പോറലുകൾ ഏറ്റിട്ടുണ്ടെങ്കിൽ അത് കെആർ ഗൗരി എന്ന സ്ത്രീ നടത്തിയ മൂർത്തമായ രാഷ്ട്രീയ ഇടപെടലുകൾ മുഖാന്തിരം സംഭവിച്ചതാണ്. ധൈര്യവും തന്റേടവും യുക്തിബോധവും ബുദ്ധിശക്തിയുമുള്ള ഒരു സ്ത്രീയെ എതിർവശത്തു നിൽക്കുന്ന ഏറ്റവും ബുദ്ധിശൂന്യനായ ഒരു പുരുഷനുപോലും എളുപ്പത്തിൽ ചോദ്യം ചെയ്യാൻ കഴിയുന്നത് നമ്മുടെ സമൂഹത്തിന്റെ ഒരു പ്രത്യേകതയാണ്. നിയമസഭാരേഖകളിൽ ഇത് എത്രയും സുവ്യക്തമാണ്. ഇതിനോടാണ് പതിറ്റാണ്ടുകളോളം ഗൗരി കലഹിച്ചത്; ഇപ്പോഴും കലഹിച്ചു കൊണ്ടിരിക്കുന്നത്.

കെ.ആർ.ഗൗരി എന്ന വ്യക്തി എവിടെയും പരാജയപ്പെട്ടിട്ടില്ല. പക്ഷെ, അവർ ഉന്നയിക്കാൻ ശ്രമിച്ച പലതും പരാജയമടഞ്ഞു. ഇതിന് ദൃഷ്ടാന്തമുണ്ട്. അനുസരണാശീലമില്ലാത്ത, കുലസ്ത്രീയല്ലാത്ത മറ്റൊരു സ്ത്രീ മലയാളിയുടെ പൊതുമണ്ഡലത്തിൽ പിന്നീടുണ്ടായിട്ടില്ല. ഇത് കെ.ആർ ഗൗരിയുടെ പരാജയമല്ല. മലയാളിയുടെ പരാജയമാണ്.

*കടപ്പാട് : 2018 ജൂലായിൽ 'അഴിമുഖ'ത്തിൽ പ്രസിദ്ധീകരിച്ചത്.*

ചർച്ചാവിഷയം



കമില റവേറ

മായാലീല
സ്പീച്ച് ലാംഗ്വേജ് പത്തോളജിസ്റ്റ്

# സംഘടനയെ നയിക്കാനൊരു സ്ത്രീ

ഇനിയൊരു നൂറ്റിമുപ്പത് കൊല്ലം എങ്കിലും കഴിയണം, അധികാര സ്ഥാനങ്ങളുടെ തലപ്പത്ത് ലിംഗസമത്വം കൈവരാൻ എന്നാണ് യു എൻ നടത്തിയ ഒരു പഠനത്തിൽ പറഞ്ഞു വയ്ക്കുന്നത്. ജനാധിപത്യ സർക്കാരുകളുടെ, തിരഞ്ഞെടുക്കപ്പെട്ട അധികാര സ്ഥാനങ്ങളുടെ നേതൃസ്ഥാനത്തേയ്ക്ക് ഒരിക്കൽ പോലും ഒരു സ്ത്രീ എത്തിച്ചേരാത്ത എത്രയോ രാജ്യങ്ങൾ ഇന്നും നമ്മുക്ക് ചുറ്റുമുണ്ട്, നമ്മുടെ സ്വന്തം സംസ്ഥാനം പോലുമുണ്ട്. ലിംഗസമത്വത്തിന് ഇനിയൊരു നൂറ്റാണ്ട് കഴിയണോ വേണ്ടയോ എന്ന് സമൂഹം തീരുമാനിക്കട്ടെ, പക്ഷേ ചരിത്രത്തിൽ ചില സ്ത്രീകൾ സമൂഹം മാറ്റിയെടുക്കാൻ സ്വയം തുനിഞ്ഞിറങ്ങിയിട്ടുണ്ട്. സ്വന്തം കഴിവുകളെ സംശയിക്കുകയോ മറ്റൊരാളുടെ സംശയങ്ങൾക്ക് അടിയറവ് പറയുകയോ ചെയ്യാത്ത ചില സ്ത്രീകൾ ചരിത്രത്തിലുണ്ട്. ഫാഷിസം അധികാരം കൈയ്യേറി തകർത്താടിയ കാലത്തെ ഇറ്റലിയിൽ, അത്തരം ഒരു സ്ത്രീയുണ്ടായിരുന്നു. ഇറ്റലിയുടെ ചരിത്രം സൃഷ്ടിച്ച, കമ്മ്യൂണിസ്റ്റ് പാർട്ടിയെ കൈപിടിച്ച് നയിച്ച കമില റവേറ.

കമില റവേറ, ഒരു രാഷ്ട്രീയ സംഘടനയെ നയിക്കുന്ന ആദ്യത്തെ സ്ത്രീ എന്ന പദവിയിലേക്ക് തൊള്ളായിരത്തി ഇരുപതുകളിൽ നടന്നു കയറിയത് സമൂഹം തീരുമാനിച്ചതുകൊണ്ടായിരുന്നില്ല. 1926 കഴിഞ്ഞുള്ള കാലത്ത് ഗ്രാംഷി അടക്കമുള്ള, കമ്മ്യൂണിസ്റ്റ് സംഘടനയുടെ പ്രമുഖരെ മുഴുവൻ ഫാഷിസ്റ് ഭരണകൂടം തടവിലാക്കിയപ്പോൾ കമില റവേറ പിടികൊടുക്കാതെ ഒളിവിൽ കഴിഞ്ഞുകൊണ്ടു പാർട്ടിയെ നിലനിർത്താൻ സമ്പൂർണ്ണ വിജയം കൈവരിച്ച പ്രയത്നങ്ങളിൽ ഏർപ്പെടുകയായിരുന്നു. നാടുകടത്തപ്പെട്ട, ഒളിവിൽ കഴിയുന്ന പാർട്ടി പ്രവർത്തകരുമായി ആശയവിനിമയം നടത്തി സംഘടനയെ വളർത്താനും പടർത്താനും യോഗങ്ങൾ ഉൾപ്പടെയുള്ള പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുമ്പോൾ കമിലയും ഫാഷിസ്റ്റ് ഭരണകൂടത്തിന്റെ നോട്ടപ്പുള്ളി ആയിരുന്നു.

കമില റവേറ എങ്ങനെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംഘടനാ നേതൃത്വത്തിൽ എത്തിയത്?

സാമ്പത്തികമായും രാഷ്ട്രീയപരമായും അനുകൂല സാഹചര്യങ്ങൾ ലഭിച്ച ഒരു കുടുംബത്തിൽ 1889 ൽ ഇറ്റലിയിൽ ജനിച്ച കമിലയ്ക്ക് യുക്തിവാദിയും സോഷ്യലിസ്റ്റും സർക്കാരുദ്യോഗം വഹിക്കുന്ന അച്ഛനും പുരോഗമനവാദിയും സ്ത്രീവിമോചന വാദിയുമായിരുന്ന അമ്മയും മുന്നോട്ടുള്ള ജീവിതത്തിനുള്ള ആദ്യത്തെ വഴികാട്ടികളായിരുന്നു. പാർട്ടിയിലെ അംഗമായിരുന്ന സഹോദരന്റെ അംഗത്വത്തിനുള്ള വ




CAMILLA RAVERA, deputata comunista, è la donna più magra del parlamento italiano.

രിയടക്കാൻ പാർട്ടി ഓഫീസുകളിൽ പോകുന്നതാണ് സംഘടനയുമായി നേരിട്ട് കമിലയ്ക്ക് ഉണ്ടാകുന്ന കൂടിക്കാഴ്ച. എട്ടു വയസ്സുള്ളപ്പോൾ സ്വർണ്ണം മിനുക്കുന്ന തൊഴിലെടുക്കുന്ന സ്ത്രീകളുടെ ഒരു പ്രതിഷേധ സമരം കാണാനിടയായ കമില മുദ്രാവാക്യം വിളികൾ കേട്ട് ഭയന്ന് നിൽക്കുന്നത് കണ്ടപ്പോൾ അമ്മ അവർ തൊഴിലാളികൾ ആണെന്നും അവകാശങ്ങൾക്ക് വേണ്ടി സമരം ചെയ്യുകയാണെന്നും അത് കേട്ട് ഭയപ്പെടേണ്ടതില്ലെന്നും പറഞ്ഞുകൊടുക്കുകയുണ്ടായി. അതോടൊപ്പം ഇനിയും ജീവിതത്തിൽ പലഘട്ടത്തിലും തൊഴിലാളി സമരങ്ങൾ കാണേണ്ടി വരുമെന്നും കമിലയെ അമ്മ ഓർമ്മപ്പെടുത്തി. "കൈയ്യിൽ ധാരാളം പണമുണ്ടായിട്ടും അത് ഇല്ലാത്തവർക്ക് പങ്കിട്ടു നൽകാത്തത് ആരാണ്" എന്ന ചോദ്യം എട്ടു വയസ്സുള്ള അന്ന് തന്റെ ഉള്ളിൽ കയറിക്കൂടിയതാണെന്നും അത് സ്ഥിരമായി ഉള്ളിൽ മനനം നടത്തപ്പെട്ട ആശയമായിരുന്നു എന്നും കമില പിന്നീട് ഓർമ്മയിൽ കുറിക്കുന്നുണ്ട്. മാർക്സിന്റെ പുസ്തകങ്ങൾ വായിക്കുകയും ആശയങ്ങളും മറ്റും സ്വയം വിശകലനം നടത്തി ബോധ്യപ്പെടുകയും ചെയ്ത കാലഘട്ടത്തിൽ സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേരാനും പ്രവർത്തനങ്ങളുടെ ഭാഗമാകാനും കമില സ്വാഭാവികമായി തീരുമാനിക്കുകയായിരുന്നു. അങ്ങനെ വീണുകിട്ടിയ അവസരങ്ങൾ ഒന്നും പാഴാക്കാതെ അക്ഷീണ്യം ഇച്ഛാശക്തിയോടെ പ്രവർത്തിച്ചുകൊണ്ടാണ് കമില പാർട്ടി കെട്ടിപ്പടുക്കുന്നതിനും അതിനെ നയിക്കുന്നതിനും നിയോഗിക്കപ്പെടുന്നത്. അടിച്ചമർത്തപ്പെട്ടവരുടെ അവകാശങ്ങൾക്കായി ജനാധിപത്യത്തിന്റെ നിലനിൽപ്പിനായി ലിംഗസമത്വത്തിനായി സ്വയം ദൃഢമാർന്ന ആശയങ്ങളും അഭിപ്രായങ്ങളും രൂപീകരിക്കുകയും അതിനു വേണ്ടി പ്രവർത്തിക്കുകയും അതിനായെടുത്ത ഒരു തീരുമാനത്തിൽ നിന്നും പിന്നോട്ട് പോവാതിരിക്കുകയും ചെയ്തുകൊണ്ടാണ് കമില രാഷ്ട്രീയ നേതൃത്വത്തിൽ എത്തുന്നത്.

മുതിർന്നപ്പോൾ ഒരു പ്രാഥമിക വിദ്യാലയ അദ്ധ്യാപികയായി തൊഴിലെടുക്കുകയും സമാന്തരമായി പാർട്ടിയിൽ പ്രവർത്തിക്കുകയും ചെയ്തു. സ്ത്രീകളുടെയും തൊഴിലാളികളുടെയും പ്രശ്നങ്ങളെക്കുറിച്ച് കമില എഴുതിയ ലേഖനങ്ങൾ വായിച്ച ഗ്രാംഷി പിന്നീടുള്ള യോഗങ്ങളിലും സംഘടനാ തലങ്ങളിലും പ്രസംഗിക്കാനും സംസാരിക്കാനും കമിലയെ വളരെയധികം പ്രോത്സാഹിപ്പിക്കുകയുണ്ടായി. പൊതുസ്ഥലങ്ങളിൽ സംസാരിക്കുക എന്നത് കമിലയ്ക്ക് ആത്മവിശ്വാസം ഉണ്ടായിരുന്ന ഒരു കഴിവായിരുന്നില്ല, അവരതിൽ നിന്ന് ഒഴിഞ്ഞു മാറാനാണ് ശ്രമിച്ചത്. ഒരു നേതാവിന്റെ സ്ഥാനത്ത് നിന്ന് ഒരു കൂട്ടം ആളുകളോട് സംവദിക്കാൻ തനിക്കാകുമോ എന്നതായിരുന്നില്ല കമിലയുടെ സങ്കോചം, മറിച്ച് മറ്റനേകം കാര്യങ്ങൾ പാർട്ടിയ്ക്ക് വേണ്ടി ചെയ്യാനുള്ളപ്പോൾ ഇതിനായി ശ്രമിക്കണോ എന്നതായിരുന്നു. നേതാവാകുക എന്നത് തികച്ചും വ്യത്യസ്തമായ പ്രവർത്തനമേഖലയാണ് എന്ന തിരിച്ചറിവിൽ നിന്നപ്പോഴും പക്ഷെ കമില പിൻവാങ്ങിയില്ല, പൊതുവേദികളിൽ പ്രസംഗിച്ചു, സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ചും പുരുഷാധിപത്യത്തിന്റെ അനീതികളെക്കുറിച്ചും എഴുതിയും സംവദിച്ചും തന്നെ മുന്നോട്ടു പോയി. കമിലയുടെ രാഷ്ട്രീയത്തിൽ സ്ത്രീകൾക്കായുള്ള അവകാശസമരങ്ങൾ തീർത്തും സ്വാഭാവികമായ ഒന്നായിരുന്നു. നിസ്സംശയം അതേക്കുറിച്ച് പ്രസംഗിക്കുകയും അതിനായി പ്രവർത്തിക്കുകയും എഴുതുകയും മാത്രമല്ല കമില ചെയ്തത്, പാർലമെൻറിലെയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ലിംഗസമത്വത്തിനായുള്ള നിയമനിർമ്മാണവും കമില ഏറ്റെടുത്തു നടത്തി.

1921ൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപമെടുക്കുമ്പോൾ ഉണ്ടായിരുന്ന സ്ഥാപകനേതാക്കളിൽ ഒന്ന് കമില റവേറയെന്ന സ്ത്രീയായിരുന്നു. രാഷ്ട്രീയ സംഘടനകളുടെ ലോക ചരിത്രത്തിൽ ഒരു സ്ത്രീയെ പാർട്ടിയുടെ സെക്രട്ടറിയായി നാമനിർദ്ദേശം ചെയ്യുന്നത് ആദ്യമായി സംഭവിക്കുന്നത് 1927ൽ ഇറ്റലിയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി കമില റവേറയെ തിരഞ്ഞെടുക്കുന്നതി




ലൂടെയാണ്. 1927 മുതൽ 1930 വരെ ഇറ്റലിയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറി കമില റവേറയായിരുന്നു.

1922 ൽ കമില കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെൻട്രൽ കമ്മിറ്റി അംഗമാണ്, അതേ കൊല്ലം മുസോളിനി കമില റവേറയെ അറസ്റ്റ് ചെയ്യാൻ ഉത്തരവിട്ടു. വീണ്ടും ഏകദേശം എട്ടുവർഷത്തോളം അവർ ഒളിവിൽ കഴിയുകയും പല പേരുകൾ സ്വീകരിച്ച് ഒളിവിൽ പ്രവർത്തിക്കുകയും ചെയ്തു. മിക്കെലി എന്നും സിൽവിയ എന്നുമൊക്കെ പേരുകൾ സ്വീകരിച്ച് ഫാഷിസത്തിന്റെ കൈകളിൽ നിന്ന് വഴുതി നടന്നു, അത്രയും സങ്കീർണ്ണമായ വ്യക്തി ഒരു പുരുഷനാണ് എന്ന് തന്നെ അറസ്റ്റ് ചെയ്യാൻ തപ്പി നടന്ന കങ്കാണിമാർ പോലും കരുതുകയുണ്ടായി. ഇക്കാലത്ത് കമില നടത്തേണ്ടിയിരുന്ന പ്രവർത്തനം അന്നുണ്ടായിരുന്ന പുരുഷന്മാർക്ക് പോലും ഏറ്റവും ദുഷ്കരമായിരുന്നു. മുസോളിനി എന്ന ഫാഷിസ്റ്റ് ഭരണാധികാരിയുടെ കാവൽപ്പടയുടെ കൈയ്യിൽപ്പെടാതെ, മറ്റു നേതാക്കൻമാർ ഏതാണ്ടെല്ലാവരും അറസ്റ്റിലായ, നിരോധിക്കപ്പെട്ട ഒരു രാഷ്ട്രീയപ്പാർട്ടിയെ, നിലനിർത്തുകയും വളർത്തുകയും ചെയ്യുക എന്ന ഉത്തരവാദിത്തമാണ് കമില രണ്ടാമതൊന്നാലോചിക്കാതെ ഏറ്റെടുത്തത്. ഇറ്റലിയ്ക്ക് അകത്തും പുറത്തും അവർ സഞ്ചരിച്ചു, പ്രചാരണ പ്രവർത്തനങ്ങൾ നടത്തി, അന്താരാഷ്ട്ര കമ്മ്യൂണിസ്റ്റ് സംഘടനകളുമായി നിരന്തരം ആശയവിനിമയം തുടർന്നു. മോസ്കോയിൽ അഭയാർത്ഥിസ്ഥാനം നൽകുകയും സ്വതന്ത്രമായി ജീവിക്കാൻ കമിലയെ റഷ്യ ക്ഷണിക്കുകയും ചെയ്തു. പക്ഷേ കമില അത് സ്വീകരിച്ചില്ല ഇറ്റലിയിൽ തുടരുകയും ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്ക് വേണ്ടി പ്രവർത്തിക്കുകയും ചെയ്തു.


1930 ൽ കമില റവേറ അറസ്റ്റ് ചെയ്യപ്പെട്ടു, പിന്നീട് 1935 വരെ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് ഏറ്റവും ഹീനമായ ചുറ്റുപാടുകളുള്ള തടവറകളിലേയ്ക്ക് അവരെ അങ്ങോട്ടും ഇങ്ങോട്ടും കടത്തുകയുണ്ടായി. അതിനു ശേഷം കഠിനാധ്വാന പ്രവർത്തികൾക്കായി അയയ്ച്ചു. ഒരു സ്ത്രീയെന്ന നിലയ്ക്ക് കമിലയുടെ അഭിപ്രായങ്ങളും ആശയങ്ങളും അവഗണിക്കുകയോ കണക്കിലെടുക്കാതിരിക്കുകയോ ചെയ്യാതിരുന്ന പാർട്ടി എന്നാൽ 1939 ൽ കമിലയെ അച്ചടക്ക നടപടിയുടെ ഭാഗമായി പുറത്താക്കി.

The Molotov-Ribbentrop Pact നടപ്പിലായപ്പോൾ ഉംബെർട്ടോ തെറാച്ചിനിയോടൊപ്പം ചേർന്ന് കമില നടത്തിയ വാദം ഇതായിരുന്നു: സോഷ്യലിസം സാർവ്വലൗകികമായി നടപ്പിലാക്കേണ്ട ആശയമല്ലെന്നും ഓരോ രാജ്യത്തിനും അതിന്റേതായ ആവശ്യങ്ങളും വ്യവസ്ഥകളും അനുസരിച്ച് പരിവർത്തനം നടത്തേണ്ട അധികാരം ഉണ്ടാവണമെന്നും, റഷ്യയിൽ ഉണ്ടായ സാമൂഹ്യ മാറ്റത്തിന്റെ പാതയല്ല ഇറ്റലിയിൽ വേണ്ടതെന്നും കമില നിലപാടെടുത്തു. സെക്ടേറിയനായ ഇടുങ്ങിയ സങ്കുചിത ആശയങ്ങളെ കമില എന്നും അടിമുടി എതിർത്തിരുന്നു. ഗ്രാംഷിയുടെ സംഘത്തിൽ വളർന്നതുകൊണ്ട് വിമർശിക്കാനും സംവദിക്കാനും ഉള്ള അവകാശങ്ങളെ കമില കൈവെടിയാൻ തയ്യാറായിരുന്നില്ല. എന്നാൽ പാർട്ടിയിലെ മറ്റു സഖാക്കൾ റഷ്യൻ സോഷ്യലിസ്റ്റ് ആശയം സാർവ്വലൗകികമായി പ്രാവർത്തികമാക്കേണ്ടുന്ന ഒന്നല്ല എന്ന ആശയത്തെ പൂർണ്ണമായും എതിർക്കുകയും അതിന്മേൽ ഉണ്ടായ ആശയവ്യത്യാസങ്ങളിൽ ഉംബെർട്ടോയും കമിലയും പാർട്ടിയിൽ നിന്ന് പുറത്താക്കപ്പെടുകയും ചെയ്തു. വളരെ തിക്തമായ അനുഭവമായിരുന്നു അതെന്നാണ് കമില റവേറ പിന്നീട് കുറിക്കുന്നത്. ഒരു സ്ത്രീയ്ക്ക് അവളുടെ അഭിപ്രായങ്ങളും ആശയങ്ങളും പ്രകടിപ്പിക്കാൻ അതിരുകളില്ല എന്നതാണ് കമിലയുടെ തിക്താനുഭവം തലമുറകൾക്ക് നൽകുന്ന പാഠം. താനും കൂടി



ക്കിയ സംഘടനയിൽ, ആശയങ്ങൾ തുറന്നു പറയുമ്പോൾ ഏത് പരിണതഫലവും നേരിടാനുള്ള ആർജ്ജവവും കൈമുതലായുള്ള യഥാർത്ഥ നേതാവായിരുന്നു കമില.

അതിനപ്പുറവും സാമൂഹ്യപ്രവർത്തനത്തിൽ നിന്ന് വിട്ടു നിൽക്കുന്നതായിരുന്നില്ല കമിലയുടെ ജീവിതം. പക്ഷെ അച്ചടക്കനടപടി പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ഏകാന്തവാസം തീർത്തും പ്രതാപത്തോടെ അദ്ധ്യാപനത്തിൽ മുഴുകി ജീവിക്കുകയായിരുന്നു അവർ. വിദ്യാർത്ഥികളിൽ പലരും പിന്നീട് പാർട്ടി പ്രവർത്തകരാകാം എന്ന ബോധ്യത്തോടെ കർഷകരുടെ കുട്ടികൾക്ക് അധ്യാപികയായി കമില തുടർന്ന് പ്രവർത്തിച്ചു. 1945 ൽ ഫാഷിസവുംആഭ്യന്തര യുദ്ധവും അവസാനിച്ച് ഇറ്റലിയുടെ ലിബറേഷൻ സമയത്ത്, കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറി ആഘോഷങ്ങളുടെ ഇടയിൽ റവേറ എവിടെയെന്ന് ചോദിക്കുകയും, ആരോ അതിന് റവേറ വിട്ടു നിൽക്കുകയാണ് എന്ന് പറയുകയും, അദ്ദേഹം വളരെ നിസ്സാരമായി, കളി പറയാതെ റവേറയെ വിളിച്ചുകൊണ്ടു വരൂ, അതുപോലെ ഈ അസംബന്ധത്തെ കുറിച്ച് ഇനി ഒരു വർത്തമാനവും വേണ്ടായെന്ന് പറയുകയും ചെയ്തു. അതോടെ 1945 ൽ റവേറ വീണ്ടും പാർട്ടിയിൽ എത്തി, അച്ചടക്കനടപടിയെ പാർട്ടി അസംബന്ധമായി എഴുതിത്തള്ളി. 1948ൽ കമില തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും വീണ്ടും പല തവണ പാർലമെന്റിൽ എത്തുകയും ചെയ്യുകയുണ്ടായി. പത്തു വർഷത്തിന് ശേഷം ഇനി തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നില്ലെന്നും പാർട്ടി പ്രവർത്തനങ്ങൾക്ക് മാത്രമായി സമയം ചിലവഴിക്കണമെന്നും കമില തീരുമാനിച്ചു. നയിക്കാനുള്ള പദവികൾ കമിലയെ മോഹിപ്പിച്ചിരുന്നില്ല എന്നത് വാസ്തവമാണ്, അതിനുപരി അത്തരം സാഹചര്യങ്ങളെ ഒഴിവാക്കി നിന്നുകൊണ്ട് പ്രവർത്തിക്കണമെന്നും അവർ കരുതിയിരുന്നില്ല. തനിക്ക് ശരിയെന്നു ബോധ്യമുള്ള ആശയത്തിനും സംഘടനയ്ക്കും വേണ്ടി മുന്നിലേയ്ക്ക് വന്ന ഏത് ഉത്തരവാദിത്തവും ഏറ്റെടുത്ത് അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുകയാണ് കമില ചെയ്തത്. പുരുഷാധിപത്യമോ സമൂഹമോ സഹപ്രവർത്തകരെന്ന കുതികാൽ വെട്ടുകാരോ മാത്രം ആയിരുന്നില്ല കമില റവേറയെന്ന പെൺ നേതാവ് മറികടന്ന കടമ്പകൾ, സാക്ഷാൽ മുസോളിനിയുടെ ഫാഷിസ്റ്റ് പടയേയും അതിക്രമങ്ങളെയുമാണ് യാതൊരു അനുകൂല സാഹചര്യവും ഇല്ലാത്ത കാലത്ത് കമില സധൈര്യം എതിർത്തുനിന്ന് സംഘടനയെ ജീവനോടെ നിലനിർത്തിയത്. ഒരു തീരുമാനം എടുക്കുന്നതും അത് ഇച്ഛാശക്തിയോടെ നടപ്പിലാക്കുന്നതും വിമർശനങ്ങൾ ഉൾക്കൊണ്ടു മുന്നോട്ടു പോവുകയും ചെയ്യുന്നതാണ് ഒരു നേതാവിന് വേണ്ടതെന്ന് കമിലയെന്ന പെണ്ണ് ലോകത്തിനു ജീവിച്ചുകാണിച്ചു കൊടുത്തു.



ആജീവനാന്ത സെനറ്റർ പദവി എന്ന ബഹുമതി ലഭിച്ച ആദ്യ വനിത റവേറയാണ്. ഇറ്റലിയിൽ ഈ ബഹുമതി സമ്മാനിക്കുമ്പോൾ നടത്തിയ പ്രസംഗത്തിൽ ചേമ്പറിലെ സ്പീക്കർ നിൽദെ ലോത്തി ഇങ്ങനെ എഴുതി ചേർത്തിരുന്നു, "പ്രിയപ്പെട്ട കമിലാ, ഇറ്റലിയുടെ ചരിത്രത്തിലെ ഏറ്റവും ഇരുണ്ട നാളുകളിൽ സ്വാതന്ത്ര്യം എന്ന ആശയത്തെ ഓജസ്സോടെ നിലനിർത്തിയതിന് നിങ്ങൾക്ക് നന്ദി, ജനാധിപത്യത്തെ നിരവധി നൂതനാശയങ്ങൾ കൊണ്ട് സമ്പുഷ്ടമാക്കിയതിന് നന്ദി, സ്ത്രീ വിമോചന സമരങ്ങൾക്ക് ആക്കംകൂട്ടുകയും വിജയങ്ങളുടെ നിരതന്നെ സമ്മാനിക്കുകയും ചെയ്തതിനും കൂടി കമിലാ നിങ്ങൾക്ക് നന്ദി". അദ്ധ്യാപികയായിരുന്നത് കൊണ്ട് ടീച്ചർ എന്ന ഓമനപ്പേരിൽ ആണ് കമില അറിയപ്പെട്ടിരുന്നത്.

1988 ൽ കമില റവേറയുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് മിറിയം മഫായി എന്ന പ്രശസ്ത ജേർണലിസ്റ്റ് ഇങ്ങനെ എഴുതുകയുണ്ടായി: തലമുടി വൃത്തിയായി ചീകിയൊതുക്കി കഴുത്തിന് പിന്നിൽ കെട്ടിവെച്ച്, ഒരൽപം വളഞ്ഞ നിൽപ്പോട് കൂടിയ മെല്ലിച്ച രൂപമായാണ് കമിലയെ ഓർക്കുന്നത്...നമ്മുടെ രാജ്യത്തിന്റെ ചരിത്രം സൃഷ്ടിച്ച അസാധാരണയായ സ്ത്രീ, ഭക്ത്യാദരവുകളോട് കൂടി ആ ചെറിയ (രൂപത്തിൽ മാത്രം) വലിയ സ്ത്രീയെ ഓർക്കുന്നു, വളരെ വളരെ വലിയ സ്ത്രീയെ."

സംഘടനകളെ നയിക്കാനുള്ള കമിലമാർ ഇനിയും ഉണ്ടാവട്ടെ എന്നൊരു വാചകം എഴുതാൻ കമിലയുടെ തന്നെ രാഷ്ട്രീയവാദം സമ്മതിക്കുകയില്ല, സാർവ്വലൗകിക ആശയങ്ങളുടെ ആലഭാരമില്ലാതെ, പ്രാദേശികതകളെ ഉൾക്കൊണ്ടുകൊണ്ട് അവകാശങ്ങൾക്കും ജനാധിപത്യത്തിനും നീതിയ്ക്കും കാവലാളായി നമ്മുക്കും പെൺ നേതാക്കൾ ഉണ്ടാവട്ടെ. അതിനൊരു പ്രചോദനമായി കമില റവേറയെന്ന നേതാവിന്റെ അനുഭവം കുറിയ്ക്കപ്പെടട്ടെ.



**ഗാർഗി ഹരിതകം**
പൊളിറ്റിക്കൽ ആക്ടിവിസ്റ്റ്,
എഴുത്തുകാരി

# ദീദി ദീദിയാവുന്നത്....

**'ഞാനിന്നു വരെ സർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ചിട്ടില്ല. ഔദ്യോഗിക വസതിയിൽ താമസിക്കാറില്ല, ഔദ്യോഗിക വാഹനത്തിൽ സഞ്ചരിക്കാറുമില്ല... എനിക്ക് എന്റെ പുസ്തകങ്ങളുടെ റോയൽറ്റിയും ചിത്രങ്ങൾ വിറ്റതിന്റെ പ്രതിഫലവുമൊക്കെയുണ്ട് ജീവിക്കാൻ. ഒരു ചായ പോലും കാശു കൊടുക്കാതെ വാങ്ങിക്കുടിക്കാറില്ല. ഞാൻ ഈ പദവി വച്ച് സമ്പാദിക്കാനല്ല തിരഞ്ഞെടുക്കപ്പെട്ടത്...'**

**2021**ലെ തിരഞ്ഞെടുപ്പുകൾ കഴിഞ്ഞ് മന്ത്രിസഭാ രൂപീകരണത്തിന്റെ കാലമായപ്പോൾ സോഷ്യൽ മീഡിയ നിറഞ്ഞുനിന്നത് മമതാ ബാനർജിയുടെ പുതിയ മന്ത്രിസഭയിലെ പുത്തൻ മുഖങ്ങളും അവരുടെ വിശേഷങ്ങളുമാണ്. 43 പേരുള്ള മന്ത്രിസഭയിൽ ദളിതർ, ആദിവാസികൾ, സ്ത്രീകൾ, മുസ്ളീങ്ങൾ അങ്ങിനെ ന്യൂനപക്ഷ പ്രാതിനിധ്യം കൊണ്ട് സമ്പന്നമായ, പുതുമുഖങ്ങൾ നിറഞ്ഞ, എന്തുകൊണ്ടും മാതൃകയാക്കാവുന്ന ഒരു മന്ത്രിസഭ. പുരോഗമനം ഉദ്ഘോഷിക്കുന്നവർക്കുപോലും അവകാശപ്പെടാൻ കഴിയാത്ത ചരിത്രനേട്ടം.

ഇത്തരത്തിൽ വിപ്ലവകരമായ ഒരു കാഴ്ചപ്പാട് മുന്നോട്ടുവച്ച നേതാവ്, ഒരു സ്ത്രീ എന്ന നിലയിൽ കടന്നുവന്നത് അസാമാന്യമായ വഴികളിലൂടെയാണ്. പതിനഞ്ചാം വയസിലാണ് വെസ്റ്റ് ബംഗാൾ കോൺഗ്രസിന്റെ ഭാഗമായി അവർ പ്രവർത്തിച്ചുതുടങ്ങുന്നത്. ആദ്യമായി മമത ബാനർജി ശ്രദ്ധയിൽപ്പെടുന്നത് 1975 ൽ, പ്രശസ്തനായ നേതാവ് ജയപ്രകാശ് നാരായണന്റെ കാറിന്റെ മുകളിൽ കയറി നൃത്തം ചെയ്തപ്പോഴാണ് - അതൊരു പ്രതിഷേധമായിരുന്നു. പിന്നീട് കോൺഗ്രസ് പാർട്ടിയുടെ പ്രധാനപ്പെട്ട ചുമതലകളിലേക്ക് കടന്നുവരികയും പല സ്ഥാനങ്ങൾ കൈയ്യാളുകയും ചെയ്തു. കോൺഗ്രസിലായിരിക്കുമ്പോൾത്തന്നെ, തല





ജയപ്രകാശ് നാരായണന്റെ കാറിന് മുകളിൽ കയറി നൃത്തം ചെയ്യുന്നു

തൊട്ടപ്പൻമാരായ കമ്മ്യൂണിസ്റ്റ് നേതാക്കളെ തോൽപ്പിച്ച ചരിത്രം ഉള്ളവരാണ്. നരസിംഹറാവുവിന്റെ മന്ത്രിസഭയിലാണ് ഇവരാദ്യം കേന്ദ്രമന്ത്രിയാകുന്നത്, 1984 ൽ. കാലാകാലങ്ങളായി ബംഗാളിൽ വേരുപിടിച്ചിരുന്ന കമ്മ്യൂണിസ്റ്റ് സർവാധിപത്യത്തെ തോൽപ്പിക്കാൻ കോൺഗ്രസ് സഹായിക്കില്ല എന്ന തിരിച്ചറിവിൽ നിന്നാണ് അവർ തൃണമൂൽ കോൺഗ്രസ് (അടിസ്ഥാന വർഗത്തിന്റെ കോൺഗ്രസ് എന്ന് മലയാളത്തിൽ) അഥവാ ടി.എം.സി രൂപീകരിക്കാൻ നേതൃത്വം നൽകുന്നത്. പെട്ടെന്നുതന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രധാന പ്രതിപക്ഷമായി മാറാനും ഇവർക്ക് കഴിഞ്ഞു.

പിന്നീട് കുറച്ചുകാലം എൻ.ഡി.എയുടെ ഭാഗമായി പ്രവർത്തിച്ചു. വീണ്ടും കേന്ദ്രമന്ത്രിയായി. ഈ കാലഘട്ടത്തിലെ തിരഞ്ഞെടുപ്പ് തോൽവികൾ അവരെ സ്വന്തം രാഷ്ട്രീയത്തെയും പ്രസ്ഥാനത്തെയും നവീകരിക്കാൻ സഹായിച്ചു. 2006 ലെ സിംഗൂരിൽ സർക്കാർ കർഷക ഭൂമി ഏറ്റെടുത്ത പ്രശ്നവും 2007ൽ നന്ദീഗ്രാമിൽ നടന്ന വെടിവെപ്പുമെല്ലാം കമ്മ്യൂണിസ്റ്റ് സർവാധിപത്യത്തിനെതിരെയുള്ള ഇവരുടെ കാഴ്ചപ്പാടിനെ ദൃഢപ്പെടുത്തി. കർഷകരുടെ ഭൂമി ബലമായി പിടിച്ചെടുത്ത് കോർപ്പറേറ്റുകൾക്ക് നൽകുന്ന ജനദ്രോഹ നടപടികൾക്കെതിരായി അവർ ശക്തമായി പ്രതികരിച്ചു, പ്രതിഷേധങ്ങൾ സംഘടിപ്പിച്ചു. പല തവണ അതിക്രമങ്ങൾക്കും ബലപ്രയോഗങ്ങൾക്കുമിരയായി.

വീണ്ടും കോൺഗ്രസുമായി രമ്യതയിലായ ഇവർ 2009 ൽ യു.പി.എ മന്ത്രിസഭയിൽ കേന്ദ്രമന്ത്രിയായി. ഇക്കാലഘട്ടത്തിലാണ് ടി.എം.സി എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് സ്വതന്ത്രമായ ഒരു സ്വത്വം കൈവരുന്നത് എന്ന് പറയാം. 2009 ലെ ലോക്സഭാ തിരഞ്ഞെടുപ്പു കാലത്താണ് കവിയും ചിത്രകാരിയുമായ മമത 'മാ, മാട്ടി, മാനുഷ്' (അമ്മ, മാതൃഭൂമി, മനുഷ്യർ) എന്ന മുദ്രാവാക്യം മുന്നോട്ടുവയ്ക്കുന്നത്. ബംഗാളിലെ സ്ഥിരമായ കടുകട്ടി മുദ്രാവാക്യങ്ങൾക്കു പകരം എല്ലാ സാധാരണക്കാർക്കും എളുപ്പം കൈയ്യെത്തിപ്പിടിക്കാവുന്ന ഒരു മുദ്രാവാക്യമായിരുന്നു അത്. പല കലാസംഘങ്ങളും അതേറ്റു പിടിച്ചു. അതേ പേരിൽ നാടകങ്ങളും കവിതകളുമുണ്ടായി. നാൽക്കവലകളിൽ വലിയ ചർച്ചയായി. 2011 ലെ നിയമസഭാ തിരഞ്ഞെടുപ്പിലും ടി.എം.സി ഇതേ മുദ്രാവാക്യമുപയോഗിച്ചു. 2011 ൽ ആദ്യമായി ബംഗാളിൽ ലോകത്തിലെ തന്നെ ഏറ്റവുമധികം തവണ തിരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിസ്റ്റ് ഭരണം അവസാനിച്ചു. തിരഞ്ഞെടുക്കപ്പെട്ട മുഖ്യമന്ത്രിയുടെ ആദ്യത്തെ തീരുമാനം സിംഗൂരിലെ കർഷകർക്ക് പിടിച്ചെടുത്ത ഭൂമിയുടെ ഒരു ഭാഗം തിരിച്ചുകൊടുക്കുക എന്നതായിരുന്നു.

പ്രധാനമായി ദീദി വിമർശിക്കപ്പെടുന്നത് അവരുടെ ഏകാധിപത്യ സ്വഭാവമുള്ള തീരുമാനങ്ങളെയും മര്യാദയില്ലെന്ന് പറയപ്പെടുന്ന പ്രാദേശികമായ ഭാഷയെയും ചൊല്ലിയാണ്. 'നരേന്ദ്ര മോദിയെ ഒരു കയറിൽക്കെട്ടി ഈ തെരിവിലൂടെ നടത്തും' എന്നവർ 2009 ൽ പറഞ്ഞത് ഇന്നും ഓർമ്മിക്കപ്പെടുന്നു. എന്നാൽ പുരുഷകേന്ദ്രീകൃതമായ രാഷ്ട്രീയ മേഖലയിൽ സ്വന്തം ശബ്ദത്തെ മുഖരിതമാക്കാനാണ് ഇവർ ഈ ഭാഷ ഉപയോഗിക്കുന്നതെന്ന് പറയുന്നവരുണ്ട്. നിരന്തരം രാഷ്ട്രീയ രംഗത്തെ പുരുഷാധിപത്യത്തോട് പൊരുതുന്നവൾക്ക് ഒരു വായാടിയുടെ ചിത്രം നൽകാൻ എളുപ്പമാണ്.

2009 ലും 2011 ലും ബംഗാൾ മുഖ്യമന്ത്രിയായ ദീദി സ്ത്രീകളെയും കുട്ടികളെയും മുന്നിൽക്കണ്ട് ഉണ്ടാക്കിയ വികസന പ്രവർത്തനങ്ങൾ തന്നെയാണ് സ്ത്രീകളെ കൂട്ടം കൂട്ടമായി 2021 ൽ ബൂത്തുകളിലേക്ക് നയിച്ചത്. ഈ പൊരുതിനേടിയ വിജയമാണ് മമതയെ ഇന്ത്യയിലെ തന്നെ പ്രധാനപ്പെട്ട നേതാവാക്കി മാറ്റുന്നത്. രാഷ്ട്രീയത്തിലെ ന്യൂനപക്ഷ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ പുത്തൻ തീരുമാനങ്ങളെടുക്കാൻ ഇവരെ പ്രേരിപ്പിക്കുന്നതും ഈ കടന്നുവന്ന വഴികൾ തന്നെയാവണം... ഒരു അഭിമുഖത്തിൽ ദീദി പറയുന്നു 'ഞാനിന്നു വരെ സർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ചിട്ടില്ല. ഔദ്യോഗിക വസതിയിൽ താമസിക്കാറില്ല, ഔദ്യോഗിക വാഹനത്തിൽ സഞ്ചരിക്കാറുമില്ല... എനിക്ക് എന്റെ പുസ്തകങ്ങളുടെ റോയൽറ്റിയും ചിത്രങ്ങൾ വിറ്റതിന്റെ പ്രതിഫലവുമൊക്കെയുണ്ട് ജീവിക്കാൻ. ഒരു ചായ പോലും കാശു കൊടുക്കാതെ വാങ്ങിക്കുടിക്കാറില്ല. ഞാൻ ഈ പദവി വച്ച് സമ്പാദിക്കാനല്ല തിരഞ്ഞെടുക്കപ്പെട്ടത്...'





**നിഷി ജോർജ്ജ്**
കരിന്തളം ഗവൺമെന്റ് കോളേജിൽ ഗസ്റ്റ് അധ്യാപിക

# കെ.കെ.രമയും രാഷ്ട്രീയ മണ്ഡലത്തിലെ സ്ത്രീവിരുദ്ധതയും



സാക്ഷര കേരളത്തിലെ രാഷ്ട്രീയ മണ്ഡലം ഇപ്പോഴും സ്ത്രീകൾക്ക് സജീവമായി ഇടപെടാനോ നേതൃത്വഗുണങ്ങൾ പ്രകടിപ്പിക്കാനോ സാധിക്കുന്ന ഒരു ഇടമല്ല. ആളുകൾക്കിടയിലുള്ള പ്രവർത്തനങ്ങളിലൂടെ സ്വീകാര്യത നേടിയെടുക്കുന്നതിനും , സൈദ്ധാന്തിക തെളിച്ചങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിനും ചർച്ചകളിലൂടെ അത് വികസിപ്പിക്കുന്നതിനും തുടർച്ചയായ ഒഴിവു സമയങ്ങൾ ആവശ്യമാണ്. രാഷ്ട്രീയ മേഖല ആവശ്യപ്പെടുന്ന ഈ തുടർച്ചയായ സമയം പലപ്പോഴും സ്ത്രീയ്ക്ക് അപ്രാപ്യമായ ഒന്നാണ്. അതു കൊണ്ട് കുടുംബത്തിന്റെ അധികാരഘടനയെ അതേ മട്ടിൽ നിലനിർത്തിക്കൊണ്ട് രാഷ്ട്രീയ മേഖലയിൽ പ്രവർത്തിക്കുക എന്നത് സ്ത്രീക്ക് പലപ്പോഴും സാധ്യമാകുന്നില്ല.

സമ്മേളനങ്ങളിലും സമരങ്ങളിലും കൂടുതൽ ജനപിന്തുണ പ്രകടമാക്കുന്നതിനുള്ള ഉപാധികളാണ് പല രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും സ്ത്രീകൾ .ആണുങ്ങൾ തീരുമാനിക്കുന്ന ,സജ്ജീകരിക്കുന്ന, നടത്തുന്ന പരിപാടികളിൽ അവരുടെ നിർദ്ദേശാനുസരണം പങ്കെടുക്കുക എന്ന വളരെ ലളിതമായ ജോലിയേ സ്ത്രീകൾ ചെയ്യേണ്ടതുള്ളു. അതിനു മുമ്പും അതിനു ശേഷവും അവരുടെ ജീവിതത്തിന് യാതൊരു മാറ്റവുമില്ല .ഗൃഹ ജോലികളെല്ലാം ചെയ്തുവെച്ച് വന്ന് സമരത്തിൽ പങ്കെടുത്ത് തിരിച്ചുപോയി ഗൃഹ ജോലികൾ ചെയ്യുക എന്നത് രാഷ്ട്രീയ പ്രസ്ഥാനത്തിലെ സാധാരണ അംഗങ്ങളായ സ്ത്രീകളുടെ മാത്രം പതിവല്ല . നേതൃസ്ഥാനത്തേക്കും ഭരണരംഗത്തേക്കും വരുന്ന സ്ത്രീകൾ പോലും തങ്ങളുടെ സ്ഥാനാരോഹണത്തിന് മുമ്പും ശേഷവും മാറാത്ത കുടുംബഘടനയുടെ ഭാഗമായിരിക്കുന്നവരാണ്.

ഭാവിയിൽ വനിതാ സംവരണ ബിൽ പാസ്സാവുകയും രാഷ്ട്രീയ മേഖലയിലേക്ക് കൂടുതൽ സ്ത്രീകൾ കടന്നു വരികയും ചെയ്തതു കൊണ്ടു മാത്രം സ്ത്രീ പ്രാ



തിനിധ്യത്തിന്റെ പ്രശ്നം അവസാനിക്കുകയില്ല .ഇങ്ങനെ കടന്നു വരുന്ന സ്ത്രീകൾക്ക് സ്വന്തമായി തീരുമാനങ്ങളെടുക്കാനും പ്രവർത്തിക്കാനും സാധിക്കണം. രാഷ്ട്രീയം തങ്ങളുടെ കൂടി ഇടമാണെന്ന് തിരിച്ചറിയുകയും നേതൃശേഷിയും സംഘടനാപാടവവും രാഷ്ട്രീയ പരിജ്ഞാനവും നേടിയെടുത്ത് മുന്നോട്ട് പോകുകയും ചെയ്യണം. ഇതൊന്നും ഒരു സ്ത്രീക്ക് എളുപ്പമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. നല്ല രാഷ്ട്രീയ പ്രവർത്തകരാകുക എന്നതു പോലും സാധ്യമാകുന്നില്ല. രാഷ്ട്രീയ പാർട്ടികളുടെ വനിതാ സംഘടനകൾ നടത്തുന്ന പരിപാടികളിൽ പോലും പ്രചാരണവും സജ്ജീകരണങ്ങളും ആണുങ്ങൾ തന്നെ ഏറ്റെടുത്തു നടത്തുന്നതാണ് പലപ്പോഴും കാണുന്നത്. സ്ഥിരം ചെയ്യുന്നതുകൊണ്ടും ആണിന്റെ പ്രവൃത്തികളായി ഇവ അംഗീകരിക്കപ്പെടുന്നതുകൊണ്ടും ആണുങ്ങൾക്കിത് എളുപ്പമായിരിക്കുകയും അന്വേഷിക്കാനും കണ്ടെത്താനും ഇടപെടാനുമുള്ള സാഹചര്യങ്ങളും സമയവും ഇല്ലാത്തത് സ്ത്രീകളെ പിന്നോട്ട് വലിക്കുകയും ചെയ്യുന്നു. സ്ത്രീകളുടെ മാത്രമായ കൂട്ടങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സ്ത്രീകൾ തന്നെ പൊതുവായ കൂട്ടങ്ങളിൽ നിശബ്ദരാവുകയും ആണുങ്ങൾ എല്ലാം ഏറ്റെടുത്തു നടത്തുകയും ചെയ്യുന്നത് കാണാം.

രാഷ്ട്രീയ മണ്ഡലം ജനാധിപത്യത്തിന്റെയും സാമൂഹ്യനീതിയുടെയും തുല്യതയുടെയും ആശയങ്ങളാലും സംവാദങ്ങളാലും പ്രവർത്തനങ്ങളാലും നിർമ്മിതമാകുകയും നിലനിൽക്കുകയും ചെയ്യുന്ന ഇടമായി സങ്കൽപ്പിക്കപ്പെടുമ്പോഴും പ്രായോഗിക രാഷ്ട്രീയവും തെരഞ്ഞെടുപ്പു രാഷ്ട്രീയവും രാഷ്ട്രീയ നിരക്ഷരതയും വ്യക്തിതാല്പര്യങ്ങളും ജനാധിപത്യരഹിത ഹിംസകളും കൊണ്ട് നിരന്തരമായി അട്ടിമറിക്കപ്പെടുന്ന ഇടം കൂടിയാണത്. ജനാധിപത്യപരമെന്ന് സങ്കല്പിക്കപ്പെടുന്ന രാഷ്ട്രീയ മണ്ഡലത്തിന്റെ സ്ത്രീ സൗഹൃദപരമല്ലാത്ത അന്തരീക്ഷത്തിൽ തങ്ങളുടെ കഴിവ് കൊണ്ട് ഉയർന്നു വരുന്ന സ്ത്രീകൾ എങ്ങനെ പരിഗണിക്കപ്പെടുന്നുവെന്നതും നിരീക്ഷിക്കേണ്ടതാണ്. അർഹമായ പരിഗണന കിട്ടുന്നില്ലെന്ന് സ്ത്രീകൾ പറഞ്ഞാൽ അത് സ്ഥാനമോഹമായി തെറ്റിദ്ധരിക്കപ്പെടാം. അതിനാൽ മറ്റ് പലയിടങ്ങളിലുമെന്നപോലെ രാഷ്ട്രീയ മണ്ഡലത്തിലും അർഹമായ പ്രാതിനിധ്യത്തെ ചൊല്ലി നിശബ്ദരായിരിക്കാൻ സ്ത്രീകൾ ശീലിക്കുന്നു.

സ്വന്തം പാർട്ടിയിലെ സ്ത്രീകളോട് സൗഹാർദ്ദപൂർവ്വം ഇടപെടുന്ന അണികളും നേതാക്കന്മാരും എതിർ പാർട്ടിയിൽ പെട്ട സ്ത്രീകളോട് ജനാധിപത്യ മര്യാദകളില്ലാതെ പെരുമാറുന്നതും രാഷ്ട്രീയത്തിൽ നാം കാണുന്നു. അടുത്തിടെ ഇത്തരം ആക്രമങ്ങൾക്ക് ഏറെ ഇരയാകേണ്ടി വന്ന ഒരു സ്ത്രീയാണ് കെ.കെ.രമ . അവരുടെ രാഷ്ട്രീയത്തെക്കുറിച്ച് ആരോഗ്യകരമായ സംവാദങ്ങളിൽ ഏർപ്പെടുന്നതിന് പകരം മുൻവിധിയോടെയുള്ള പരിഹാസം , വ്യക്തിഹത്യ നടത്താനുള്ള ശ്രമങ്ങൾ ,അവരുടെ സ്വകാര്യ ഇഷ്ടങ്ങളുടെ മേലെയുള്ള കടന്നുകയറ്റങ്ങൾ ഇവയുണ്ടാവുന്നത് ഒട്ടും ആശാസ്യമല്ല.

ഭർത്താവിന്റെ മരണത്തെത്തുടർന്ന് പെട്ടെന്നൊരു ദിവസം രാഷ്ട്രീയത്തിലേക്ക് വന്ന വ്യക്തിയല്ല കെ.കെ.രമ . 1988 മുതൽ 94 വരെ അവർ എസ്.എഫ്.ഐയിൽ പ്രവർത്തിച്ചിരുന്നു. 93ൽ ടഎക യുടെ സംസ്ഥാന വൈസ് പ്രസിഡണ്ടായിരുന്നു. വിവാഹ ശേഷമുള്ള കാലത്ത് ഒഞ്ചിയത്ത് മഹിളാ അസോസിയേഷൻ ഏരിയാക്കമ്മറ്റി മെമ്പറായിരുന്നു. 2012 മെയ് 4ന് ശേഷം അവർ RMP ( I) ൽ പ്രവർത്തിക്കുന്നു. ഇങ്ങനെയുള്ളൊരു സ്ത്രീ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ തീരുമാനിച്ച ശേഷവും മ

ത്സരിച്ച് വിജയിച്ച ശേഷവും അവരുടെ അർഹതയേക്കുറിച്ചു മാത്രമല്ല അവരുടെ വ്യക്തി ശുദ്ധി യേക്കുറിച്ചും , മനസ്സിൽ അടങ്ങാത്ത പക വെച്ചു കൊണ്ടും അവരെ തളർത്താൻ ഉദ്ദേശിച്ചുകൊണ്ടും നടത്തുന്ന പ്രചാരണങ്ങളും ആരോപണങ്ങളും രാഷ്ട്രീയ മണ്ഡലത്തിന്റെ സ്ത്രീവിരുദ്ധതയെയും മനുഷ്യത്വമില്ലായ്മയെയും വെളിപ്പെടുത്തുന്നതാണ്. ആസ്ഥാന വിധവ എന്നും ഭർത്താവിനെ വിറ്റു തിന്നുന്ന ജീവി എന്നും അവർ പരിഹസിക്കപ്പെട്ടു. അവരുടെ കോലം കെട്ടി എതിരാളികൾ തെരുവുകളിൽ ആഭാസ നൃത്തം നടത്തി. ജനപ്രതിനിധി എന്ന നിലയിൽ ഒരാളുടെ കഴിവ് വിലയിരുത്തേണ്ടത് അവരുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കിയ ശേഷമാണ്. എന്നാൽ നിയമസഭയിലേക്ക് ജയിച്ചു വന്ന സമയത്ത് 'നിയമസഭയിൽ തൂത്തുവാരാനും ചായകൊടുക്കാനും പറ്റിയവൾ' എന്നാണ് അവർ വിലയിരുത്തപ്പെട്ടത്. എന്നിട്ടും ആ സ്ത്രീ തളരാതെ മുന്നോട്ട് തന്നെ പോകുന്നു എന്നത് കാണാതിരിക്കാൻ കഴിയില്ല.

പൊതുവിൽ സ്ത്രീകളുടെ വസ്ത്രധാരണത്തെയും ശരീര ഭാഷയേയും സംബന്ധിച്ച് ധാരാളം മുൻവിധികൾ നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ഭർത്താവ് മരിച്ച ഒരു സ്ത്രീയെ സംബന്ധിച്ച് ഇത്തരം മുൻവിധികളും നിയന്ത്രിക്കാനുള്ള ശ്രമങ്ങളും അധികവുമാണ്. കെ.കെ.രമ സാരിയുടുക്കാത്തതിനെ ചൊല്ലിയാണ് ആദ്യം ചർച്ച നടന്നതെങ്കിൽ പിന്നീടത് സാരി ഉടുത്തതിനെപ്പറ്റിയായി. തന്റെ ശരീരത്തിന്റെയും വസ്ത്രധാരണത്തിന്റെയും മേൽപോലും ഒരു സ്ത്രീക്ക് സ്വാതന്ത്ര്യം അനുവദിക്കാത്ത ഒരു അടഞ്ഞ ഇടമായി രാഷ്ട്രീയ മണ്ഡലം നിൽക്കുന്നത് എത്ര ലജ്ജാകരമാണ് . ഇത്തരം യാഥാസ്ഥിതിക ധാരണകളെ നിലനിർത്തേണ്ട ഇടമാണോ രാഷ്ട്രീയ മണ്ഡലം ? രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ തന്നെ തങ്ങളുടെ ശരീര ഭാഷയിലൂടെയും വസ്ത്രധാരണത്തിലൂടെയും ഇത്തരം യാഥാസ്ഥിതികമായ ധാരണകൾക്കും ഒതുക്കലുകൾക്കുമെതിരായ നിലപാടു സ്വീകരിക്കാൻ ബോധപൂർവ്വമായി ശ്രമിക്കേണ്ടതാണ്. അത്തരം സംവാദങ്ങളൊന്നും രൂപപ്പെടാതിരിക്കുന്ന രാഷ്ട്രീയ മേഖലയിലാണ് കെ.കെ.രമയെന്ന സ്ത്രീയുടെ വസ്ത്രധാരണത്തെച്ചൊല്ലിയുള്ള നിലവാരം കുറഞ്ഞ ചർച്ചകൾ നടക്കുന്നത്. ഭർത്താവ് മരിച്ച സ്ത്രീ എന്തുടുക്കണം എങ്ങനെ നടക്കണമെന്ന് അനുശാസിക്കുന്ന യാഥാസ്ഥിതിക സമൂഹത്തിന്റെ അതേ രീതി തന്നെ പുരോഗമനപ്പാർട്ടികളുടെ അണികൾ പിന്തുടരുന്നു എന്നത് ആത്മ പരിശോധന നടത്തേണ്ട വിഷയമാണ്.

തെരഞ്ഞെടുപ്പിൽ കെ.കെ.രമ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിക്കുകയും വലതുപക്ഷം അവരെ പിന്തുണയ്ക്കുകയുമാണ് ചെയ്തത്. തെരഞ്ഞെടുപ്പു വിജയങ്ങൾക്കും സ്ഥാനങ്ങൾ ഉറപ്പിക്കുന്നതിനും വേണ്ടി സഖ്യങ്ങളും ധാരണകളുമുണ്ടാക്കുമ്പോൾ പല വിട്ടുവീഴ്ച്ചകളും ഇടതുപക്ഷവും വലതുപക്ഷവും ചെയ്യുന്നുണ്ട്. കേരളത്തിലും പുറത്തും ഇത്തരം വിട്ടുവീഴ്ച്ചകൾ ചെയ്യാൻ മടിക്കാത്ത പ്രസ്ഥാനങ്ങളും അവരെ പിന്തുണയ്ക്കുന്നവരുമാണ് കെ.കെ.രമയുടെ രാഷ്ട്രീയ നിലപാടുകളെ വിമർശിക്കുന്നത് എന്നും ഓർമ്മിക്കേണ്ടതുണ്ട്. എങ്കിൽ പോലും കെ.കെ. രമയുടെ രാഷ്ട്രീയത്തെക്കുറിച്ചുള്ള ആരോഗ്യകരമായ സംവാദങ്ങൾ ആവാം എന്നു കരുതുന്നു. എന്നാൽ രാഷ്ട്രീയ മണ്ഡലം രാഷ്ട്രീയ ആശയങ്ങളുടെ സംവാദസ്ഥലവും പ്രയോഗസ്ഥലവുമായിരിക്കുന്നതിന് പകരം വ്യക്തിഹത്യയുടെയും പകയുടെയും ഇടമായി നിൽക്കുന്നു എന്നത് ഖേദകരമാണ്. ഭർത്താവിന്റെ സാന്നിധ്യമാണ് തന്നിലൂടെ ഉറപ്പിക്കപ്പെടുന്നത് എന്ന നിലപാടെടുക്കുന്ന ഒരു സ്ത്രീയെക്കുറിച്ച് അധികം പുകഴ്ത്തി പറയാനൊന്നുമില്ലെന്ന് രമയുടെ എതിരാളികൾക്ക് വിമർശിക്കാം. എന്നാൽ എന്തുകൊണ്ട് അവർ ഇത്രയേറെ വിമർശിക്കപ്പെടുന്നു എന്ന് ആലോചിക്കുമ്പോഴാണ് അവരെ പിന്തുണയ്ക്കേണ്ടതുണ്ട് എന്ന് നമുക്ക് ബോധ്യപ്പെടുക. കെ.കെ.രമയെ എതിർക്കുന്നത് അവരെ ഭയപ്പെടുന്നവരാണ്. ടി.പി.ചന്ദ്രശേഖരന്റെ കൊലപാതകികളാണ്. കെ.കെ.രമയുടെ സാന്നിധ്യം ടി.പി യുടെ മരണമോർപ്പിക്കുന്നു എന്നതാണ് പ്രശ്നം. അതു കൊണ്ടു തന്നെ അവരുടെ സാന്നിധ്യം കൊലപാതക രാഷ്ട്രീയത്തിനെതിരായ ഒരു വിധിയായി നിൽക്കുന്നു. ഇടതുപക്ഷത്തിന്റെ പുരോഗമന നിലപാടുകളോടൊപ്പമുള്ള എല്ലാ സങ്കുചിതത്വങ്ങളെയും ദൗർബ്ബല്യങ്ങളെയും പ്രതിനിധാനം ചെയ്യുന്നുണ്ട് കെ.കെ.രമ എന്ന സ്ത്രീ . അവരെ നിരന്തരമായി അഭിമുഖീകരിച്ച് തങ്ങളെ തന്നെ തിരുത്തിക്കൊണ്ട് ഇടതുപക്ഷം മുന്നോട്ട് പോകേണ്ടതുണ്ട്.






# രാഷ്ട്രീയപ്രവർത്തനങ്ങൾ എം. ഹലീമാബീവി

**നൂറ, നൂർജഹാൻ എന്നിവർ ചേർന്നു രചിച്ച എം.ഹലീമാബീവിയുടെ ജീവിതം – 'പത്രാധിപ' എന്ന പുസ്തകത്തിൽ നിന്ന്**

സ്ത്രീ സമുദ്ധാരണ പ്രവർത്തനങ്ങളോടൊപ്പം തന്നെ രാഷ്ട്രീയ പ്രവർത്തനത്തിലും അവർ ഏർപ്പെട്ടു. ഭരണകൂടത്തിന്റെ ജനവിരുദ്ധ വ്യവസ്ഥകൾക്കെതിരെ അവർ സന്ധിയില്ലാസമരം നടത്തി. സർ സി.പി.രാമസ്വാമി അയ്യർ തിരുവിതാം കൂർ തന്റെ കൈപ്പിടിയിലൊതുക്കിയിരുന്ന കാലം. അധികാരപ്രമത്തത മൂലം തനിക്കെതിരെ പൊന്തിവരുന്ന ശബ്ദങ്ങളെ അടിച്ചമർത്തി അദ്ദേഹം. ഭയപ്പാടോടെ സർ സി. പി.ക്ക് കീഴടങ്ങുകയായിരുന്നു ഭൂരിഭാഗം പേരും . എന്നാൽ ഹലീമാബീവി അത്ഭുതകരമായ ധൈര്യത്തോടെ തലയുയർത്തി നിന്നു . ദിവാനെതിരെ പ്രക്ഷോഭം നയിച്ചിരുന്നവർക്ക് ലഘുലേഖകളും നോട്ടീസുകളും അച്ചടിച്ചുനൽകിയിരുന്നു അവർ . സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ലേഖനങ്ങളും മറ്റും ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചതുകൊണ്ട് സർ സി പിയുടെ നോട്ടപ്പുള്ളിയായി അവർ മാറി. സർ സി പി (നേരിട്ട് തന്നെ അവരെ വിളിച്ചുവരുത്തി. അതിനെക്കുറിച്ച് ഹലീമാബീവി പറയുന്നുണ്ട്. 'രാഷ്ട്രീയപ്രവർത്തനം നിർത്തിയാൽ ജോലി നൽകാമെന്ന് സർ സി പി വാഗ്ദാനം ചെയ്തിരുന്നു . പക്ഷെ ഞാൻ സ്വീകരിച്ചില്ല. കാരണം അത് നമ്മുടെ സ്വാതന്ത്ര്യം ബലികൊടുക്കലാണെന്ന് തോന്നി ' ( ചന്ദ്രിക ആഴ്ചപ്പതിപ്പ് , 1995 ജൂലൈ) . മരണഭയം നിറഞ്ഞ അവസ്ഥയിലും തലകുനിക്കാൻ ആ ധീരവനിതക്ക് സാധിക്കുമായിരുന്നില്ല . അക്കാലത്ത് വൈക്കം മുഹമ്മദ് ബഷീർ തി

രുവല്ലയിൽ ഹലീമാബീവിയുടെ കുടുംബത്തിന്റെ കൂടെയായിരുന്നു താമസം. അദ്ദേഹത്തിന്റെ രചനകൾ അന്നേ പ്രസിദ്ധങ്ങളായിരുന്നു. തിരുവല്ലക്കടുത്തുള്ള വലിയ പാറപ്പുറത്ത് മാനം നോക്കി മലർന്നുകിടക്കുന്ന ബഷീർ നാട്ടുകാരുടെ നിത്യകാഴ്ചകളിൽ ഒന്നായിരുന്നു . അങ്ങനെയിരിക്കെ ബഷീറിന്റെ സ്വാതന്ത്ര്യസമരപ്രവർത്തനങ്ങളിൽ അതൃപ്തനായ ദിവാൻ അദ്ദേഹത്തെ അറസ്റ്റുചെയ്യാനുള്ള ഉത്തരവിട്ടു . ആ വിവരമറിഞ്ഞ ഹലീമാബീവിയുടെ ഭർത്താവ് മുഹമ്മദ് മൗലവി പ്രസ്സിൽ നിന്ന് വീട്ടിലെത്തി ബഷീറിനെ അവിടെനിന്നു മാറിനിൽക്കാൻ നിർബന്ധിച്ചു . അങ്ങനെ അദ്ദേഹം എറണാകുളത്തേക്ക് രായ്ക്കുരാമാനം രക്ഷപ്പെടുകയാണുണ്ടായത്. സർ സി പി തനിക്ക് വഴങ്ങാതിരുന്ന മലയാളമനോരമ പ്രസ് അടച്ചുപൂട്ടിയിരുന്നു അന്ന്. ഹലീമാബീവിയുടെ ധീരതയും സ്വാതന്ത്രാഭിവാഞ്ചയും കണ്ട് കെ. എം. മാത്യു തങ്ങൾക്കാവിശ്യമുള്ള ലഘുലേഖകളും മറ്റും അച്ചടിക്കാൻ ഭാരത ചന്ദ്രിക പ്രസ്സിലെത്തും. വളരെ രഹസ്യമായി രാത്രിയിലായിരുന്നു അച്ച ടിച്ചിരുന്നത്. തെളിവുകളൊന്നും ബാക്കിയാകാതിരിക്കാൻ മഷിപുരണ്ടു പാഴായിപ്പോയ കടലാസുകൾ വരെ അവർ നശിപ്പിക്കും. സംശയം തോന്നി പലതവണ പ്രസ്സ് പരിശോധിക്കുന്ന പോലീസിൽ നിന്ന് രക്ഷപ്പെടാൻ ഈ സൂക്ഷ്മതകൊണ്ട് സാധിച്ചു. സർ സി പിയുടെ ഏകാധിപത്യ ഭരണവുമായി അധികകാലം പിടിച്ചു നിൽക്കാൻ ഹലീമാബീവിക്ക് സാധിച്ചില്ല. എന്നാൽ തന്റെ ആത്മാഭിമാനം ബലികഴിച്ച് ദിവാന് വഴങ്ങാനും അവർ തയ്യാറായില്ല. നിരന്തരമായ പോലീസ് റെയ്ഡുകളും ഭീഷണികളും അവരെ തേടിയെത്തി. മുഹമ്മദ് മൗലവിയുടെ ടീച്ചിങ്ങ് ലൈസൻസ് സർക്കാർ റദ്ദാക്കി. കടുത്ത ദാരിദ്ര്യമായിരുന്നു ഫലം . പ്രസിദ്ധീകരണങ്ങൾ നഷ്ടത്തിലാവുകകൂടി ചെയ്ത് ഇരട്ടി ആഘാതമേറ്റപ്പോൾ അവരും കുടുംബവും പെരുമ്പാവൂരിലേക്ക് പ്രവർത്തന മണ്ഡലം മാറ്റി. 1946 – ൽ തിരുവിതാംകൂറിൽ പ്രാബല്യത്തിലിരുന്ന സ്റ്റേറ്റ് മുസ്ലിം ലീഗിന്റെ തിരുവല്ലാ താലൂക്ക് കമ്മറ്റി സെക്രട്ടറിയായും ഹലീമാബീവി സേവനമനുഷ്ഠിച്ചു. അന്ന് താലൂക്കിലെ ലീഗ് അംഗങ്ങളിൽ കൂടുതൽ സ്ത്രീകൾ ആയതുകൊണ്ട് താലൂക്ക് കമ്മറ്റി സെക്രട്ടറി സ്ഥാനത്തേക്ക് സ്ത്രീയെ തെരഞ്ഞെടുക്കണമെന്ന് സ്ത്രീകൾ വാദിക്കുകയും ഭൂരിപക്ഷത്തോടെ ഹലീമാബീവി തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുകയാണുണ്ടായത് . ലീഗിനുവേണ്ടി പൊതുയോഗങ്ങളിൽ ആവേശപൂർവം അവർ പ്രഭാഷണങ്ങളിൽ ഏർപ്പെട്ടു . അത് സമുദായോദ്ധാരണത്തിനും മുസ്ലിം സ്ത്രീമുന്നേറ്റത്തിനും വഴിയൊരുക്കി . പുന്നവേലി വെച്ചു കൂടിയ ഒരു ലീഗ് സമ്മേളനത്തിൽ സ്ഥലത്തെ മദ്രസ




എം.ഹലീമാബീവി

പുതുക്കിപ്പണിയുന്നതിന് സംഭാവന ചെയ്യണമെന്നാവശ്യപ്പെട്ട് ഹലീമാബീവി പ്രസംഗിക്കുകയും മദ്രസ്സയുടെ പുനർനിർമാണത്തിനാവശ്യമായ ധനം മുഴുവൻ സമാഹരിക്കുകയും ചെയ്ത സംഭവം ശ്രദ്ധേയമാണ് . ആദ്യത്തെ വനിതാ പ്രസാധകയെന്നപോലെത്തന്നെ തിരുവിതാംകൂറിലെ ആദ്യത്തെ വനിതാ മുനിസിപ്പൽ കൗൺസിലർ കൂടിയാണ് ഹലീമബീവി. തിരുവല്ല മുൻസിപ്പാലിറ്റിയിൽ അഞ്ചു വർഷം അവർ കൗൺസിലർ ആയി സേവനമനുഷ്ഠി ച്ചു . മുസ്ലിം റിസർവേഷൻ ഉണ്ടായിരുന്ന സീറ്റിൽ സാധാരണ പുരുഷന്മാരാണ് മത്സരിക്കാറുണ്ടായിരുന്നത് .

എന്നാൽ ആ പ്രാവശ്യം ഹലീമബീവി നോമിനേഷൻ കൊടുത്തു. അതുകണ്ട് മറ്റൊരു സ്ത്രീയും നൽകി. അത് തള്ളുകയും ഹലീമാബീവി കൗൺസിലർ ആവുകയും ചെയ്തു. തിരുവിതാംകൂർ മു

സ്ലിം മജ്‌ലിസിന്റെ ആദ്യകാല പ്രവർത്തകയായും അവർ സേവനമനുഷ്ഠിച്ചു. തിരുവിതാംകൂറിലെ ഉത്തരവാദപ്രക്ഷോഭത്തിൽ പങ്കെടുത്തു അറസ്റ്റു വരിക്കുന്ന ആദ്യ മുസ്ലിം വനിതയും അവരായിരുന്നു . എക്കാലത്തും കോൺഗ്രസ്സുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന ഹലീമാബീവി വിമോചനസമരത്തിൽ സജീവമായി പങ്കെടുത്തു കമ്യൂണിസ്റ്റ് ഭരണകാലത്ത് അങ്കമാലിയിൽ നടന്ന വെടിവെപ്പിൽ ഒരു ഗർഭിണിയും രണ്ടു കുട്ടികളും മരിച്ച സംഭവത്തിൽ പ്രതിഷേധിച്ച് നാടാകെ സമരം പടർന്ന കാലം പലസ്ഥലത്തും സമരം നടന്ന കൂട്ടത്തിൽ പെരു മ്പാവൂരും അതിന്റെ അലകളുയർന്നു. താലൂക്ക് കച്ചേരിയും പോലീസ് സ്റ്റേഷനും പിക്കറ്റ് ചെയ്തു . ആശ്രമം ഹൈസ്കൂളിൽ നിന്ന് തുടങ്ങിയ പ്രകടനം സുഭാഷ് മൈതാനത്താണ് അവസാനിച്ചത് . പിക്കറ്റ് ചെയ്തവരെയെല്ലാം പിറ്റേന്ന് അറസ്റ്റ് ചെയ്തു കോടതിയിൽ ഹാജരാക്കി . അന്നൊരു ശനിയാഴ്ചയായിരുന്നു . പോലീസുകാർ ചായയൊക്കെ വാങ്ങിച്ചുതന്നു. ഒരു ഗർഭിണിയെയും രണ്ടുകുട്ടികളെയുമടക്കം ക്രൂരമായി വെടിവെച്ചു കൊന്നതിനെ പ്രതിഷേധിച്ചത് തെറ്റാണോ എന്നു ഞങ്ങൾ കോടതിയിൽ ചോദിച്ചു. എന്തായാലും കോടതി ഞങ്ങളെ ശിക്ഷിച്ചില്ല. അവർ വിമോചനസമര കാലത്തെക്കുറിച്ച് ചന്ദ്രിക ആഴ്ചപ്പതിപ്പിനു നൽകിയ അഭിമുഖത്തിൽ പറഞ്ഞു . തുടർന്ന് ധാരാളം ഭീഷണികൾ അവരെ തേടിയെത്തി . മുസ്ലിം കമ്യൂണിസ്റ്റുകൾക്കായിരുന്നു തന്നോട് അരിശം കൂടുതൽ എന്ന് അവർ പിന്നീട് പറഞ്ഞിട്ടുണ്ട്. ഹലീമാബീവിയെ ആക്രമിക്കാനുള്ള ശ്രമങ്ങളും അന്നുണ്ടായി . ഒരിക്കൽ വടക്കൻ പറവൂരിൽ ഒരു തെരഞ്ഞെടുപ്പ് പ്രചാരണ യോഗത്തിൽ പ്രസംഗിക്കാൻ പോകുന്ന വഴിയിൽ ചിലർ ആക്രമിക്കാൻ കാത്ത് നിന്നു . എന്നാൽ രഹസ്യവിവരം ലഭിച്ച ഹലീമാബീവിയും കൂട്ടരും വഴിമാറി സഞ്ചരിച്ച് രക്ഷപ്പെടുകയാണുണ്ടായത് . ഒന്നിലും കുലുങ്ങാത്ത പ്രകൃതക്കാരിയായ അവർ കോൺഗ്ര സ്സിൽ സജീവമായി . എറണാകുളത്ത് ഇന്ദിരാഗാന്ധിയുടെ കൂടെ ഒരു പൊതു യോഗത്തിൽ പങ്കെടുക്കുകയും പ്രഭാഷണം നടത്തുകയും ചെയ്തു. എറണാകുളം ഡി സി സി അംഗം , സേവാദൾ എക്സിക്യൂട്ടീവ് മെമ്പർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു . പെരുമ്പാവൂരിലെ മഹിളാസമാജം അവരുടെ നേതൃത്വത്തിൽ നിരവധി സാമൂഹ്യരാഷ്ട്രീയ പ്രവർത്തനങ്ങളിലർപ്പെട്ടു. അനിഷേധ്യമായ നേതൃപാടവവും വാഗ്ചാതുരിയും വ്യക്തിത്വവും കൊണ്ട് അത്ഭുതകരമായ ഊർജ്ജം പ്രസരിപ്പിക്കുന്ന സ്ത്രീയായിരുന്നു അവരെന്ന് പെരുമ്പാവൂരിലെ സാമൂഹിക പ്രവർത്തക നളിനി അവരെ ഓർമ്മിക്കുന്നുണ്ട്. മൂത്തമകന്റെ കൂടെ തിരുവനന്തപുരത്തേക്ക് താമസം മാറുന്നതുവരെ അവർ പ്രവർത്തനങ്ങൾ തുടർന്നു. തിരുവനന്തപുരത്ത് കോൺഗ്രസ് അവരെ ഇരുകൈയും നീട്ടി സ്വാഗതം ചെയ്തെങ്കിലും ശാരീരിക ബുദ്ധിമുട്ടുകളും കുടുംബത്തിന്റെ താല്പര്യവും മാനിച്ച് അവർ പൊതുപ്രവർത്തനം അവസാനിപ്പിക്കുകയായിരുന്നു. രാഷ്ട്രീയപാർട്ടികൾ ജനങ്ങളുടെ ഇടയിൽ വർഗീയതയുടെയും വിഭാഗീയതയുടെയും വിഷവിത്ത് പാകുന്നു എന്ന് അവസാനകാലത്ത് ആ രാഷ്ട്രസേവിക പരിതപിച്ചിരുന്നു. പൊതുപ്രവർത്തനത്തിലേർപ്പെട്ടില്ലെങ്കിലും മരണം വരെ അവർ പുരോഗമനാശയങ്ങളിൽ അടിയുറച്ചുനിന്നു .



ഭർത്താവ് കെ.എം.മുഹമ്മദ് മൗലവിയോടൊപ്പം ഹലീമ



കെ.കെ.ശൈലജ

# ചരിത്രം വഴിമാറുമ്പോൾ ....

തസ്മിൻ
എഴുത്തുകാരി,
പ്രഭാഷക

ഓരോ കാലവും ഓരോ ചരിത്രം രചിച്ചിട്ടുണ്ട്. സ്വയം അടയാളപ്പെടുത്തിയവരെ പലപ്പോഴും ചരിത്രത്തിൽ നിന്ന് മായ്ച്ച് കളഞ്ഞിട്ടുമുണ്ട്. പെൺകരുത്താൽ പടുത്തുയർത്തിയ ലോക സാധ്യതകളെല്ലാം ആണിന്റെ കണ്ണിലൂടെ നോക്കുമ്പോൾ മാറ്റി നിർത്തേണ്ടതെന്ന് വായിക്കപ്പെടുന്നു. എന്തുകൊണ്ടിങ്ങനെ എന്ന ചോദ്യത്തിന് പ്രസക്തിയില്ല. കാരണം, ആണധികാരം കാലാകാലങ്ങളിൽ നിലയുറപ്പിച്ചതിങ്ങനെയാണ്. വരച്ചിട്ട കളത്തിനപ്പുറത്തേയ്ക്ക് കടക്കുന്നതെല്ലാം പുറത്ത്. ഇത്തരം ചിന്തകളാണ് കെ.കെ.ശൈലജ ടീച്ചറെ കുറിച്ചെഴുതുമ്പോൾ മനസിലുള്ളതെങ്കിൽ ടീച്ചറത് ഖണ്ഡിക്കും. കാരണം, മര്യാദയുടെ മാന്യതയുടെ കരുത്തിന്റെ സ്ത്രീരൂപമാണല്ലോ കെ.കെ.ശൈലജ ടീച്ചർ.

പാർട്ടിയുടെ മാനുഷിക മുഖമായിരുന്ന ആ പെൺകുതിപ്പിനെ 'ടീച്ചറമ്മ ' എന്ന ചെല്ലപ്പേര് വിളിച്ച് സർവ്വം സഹയായ അമ്മവേഷം നിരൂപിച്ച കേരള സമൂഹത്തിന് മുമ്പിൽ സ്നേഹത്തിനും വാത്സല്യത്തിനും അപ്പുറം അമ്മയിൽ കുടികൊള്ളുന്ന ശക്തിയെ സ്ഫുരിപ്പിച്ച ധീരവനിതയാണവർ. . നിപ വൈറസും ഓഖിയും കൊറോണ വൈറസും താണ്ഡവമാടിയപ്പോൾ പതറാതെ തോൽക്കാതെ സ്ഥൈര്യത്തോടെ മുന്നേറാൻ കഴിഞ്ഞ ഈ വനിതാനേതാവിൽ നിന്ന് നാം ഒരുപാട് പഠിക്കേണ്ടതുണ്ട്. സ്വന്തം ഇച്ഛാശക്തി കൊണ്ടും കഠിനാദ്ധ്വാനം കൊണ്ടും ജീവിതത്തിലും രാഷ്ട്രീയ രംഗത്തും തന്റേതായ ഇടം രേഖപ്പെടുത്തിയ കെ.കെ.ശൈലജ ടീച്ചർ രണ്ടു തവണ നിയമസഭാ സാമാജികയായിരുന്നു. പഴയ കൂത്തുപറമ്പ് മണ്ഡലത്തിൽ നിന്നും 1996 ലും പേരാവൂർ മണ്ഡലത്തിൽ നിന്ന് 2006ലും വിജയിച്ചു.2016 മുതൽ 2021 വരെ പതിനാലാം നിയമസഭയിലെ കേരളത്തിന്റെ ആരോഗ്യ വകുപ്പും സാമൂഹികക്ഷേമ വകുപ്പും കൈകാര്യം ചെയ്ത വനിതാ മന്ത്രിയായി.

വെറുമൊരു സയൻസ് ടീച്ചറായിരുന്ന അവർക്ക് ഇതൊക്കെ എങ്ങനെ സാധിച്ചു എന്ന് എതിർപക്ഷത്തിരിക്കുന്നവർക്കടക്കം പലർക്കും തോന്നാം. ഇത്രത്തോളം വേരൂന്നി നിൽക്കുന്നതിനു പിന്നിൽ വലിയൊരു കാലത്തിന്റെ പിൻബലമുണ്ടെന്നത് ടീച്ചറുടെ പ്രവർത്തന വഴികളിലൂടെ കടന്നുപോകുമ്പോൾ നമുക്ക് ബോധ്യപ്പെടും. മട്ടന്നൂർ പഴശ്ശിരാജ കോളേജിൽ വിദ്യാർത്ഥിയായിരിക്കെ എസ്.എഫ്.ഐ യിലൂടെ രാഷ്ട്രീയത്തിലെത്തി. പിന്നീട് സി.പി.ഐ (എം) കേന്ദ്ര കമ്മിറ്റി അംഗവും ഓൾ ഇന്ത്യ ഡെമോക്രാറ്റിക് വുമൺസ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറിയും മഹിളാ അസോസിയേഷൻ ജില്ലാ സെക്രട്ടറിയുമായിരുന്നു. ഡി.വൈ.എഫ്.ഐ സംസ്ഥാന കമ്മറ്റിയംഗം, സ്ത്രീ ശബ്ദം മാസികയുടെ ചീഫ് എഡിറ്റർ എന്നീ മേഖലകളിലും പ്രവർത്തിച്ചു. എന്നാൽ കെ.കെ.ശൈലജ ടീച്ചറുടെ അർപ്പണ മനോഭാവവും ആത്മാർത്ഥതയും ധൈര്യവും കരുത്തും കേരളം അറിഞ്ഞത് നിപ വൈറസ് വ്യാപനത്തെ തുടർന്നാണ്. അന്ന് മെഡിക്കൽ കോളേജുകളിലും ഹെൽത്ത് സെന്ററുകളിലും

സർക്കാർ ആശുപത്രികളിലും നേരിട്ടെത്തി ആരോഗ്യ പ്രവർത്തകർക്കൊപ്പം ഊണും ഉറക്കവുമില്ലാതെ ചിലവഴിച്ച സമയങ്ങൾ അവർക്ക് പകർന്നു നൽകിയത് അതിജീവിക്കാനുള്ള ആത്മധൈര്യമായിരുന്നു എന്ന് കൂടെ പ്രവർത്തിച്ച ഓരോ ആരോഗ്യ പ്രവർത്തകരും സാക്ഷ്യപ്പെടുത്തുന്നു. 'പേടിക്കേണ്ട. ഞാനുണ്ട് കൂടെ ' എന്ന് ഒരു ഫോൺ കോളിനപ്പുറം കൂട്ടിരിക്കുന്ന കേരളത്തിന്റെ ശക്തി. നിപ പഠിപ്പിച്ച പാഠമുൾക്കൊണ്ട ആരോഗ്യ മന്ത്രി പിന്നെ എങ്ങനെ ജാഗരൂകയാവാതിരിക്കും. ആ കരുതിയിരുപ്പാണല്ലോ കേരളത്തിലേക്കെത്തിയ കൊറോണാ വൈറസിനെ ഏറ്റവുമാദ്യം തിരിച്ചറിയാൻ ടീച്ചറെ സഹായിച്ചതും,കോവിഡ്– 19 മഹാമാരിയിൽ നിന്ന് കേരളത്തെ രക്ഷിക്കാൻ സകല സജ്ജീകരണങ്ങളുമൊരുക്കി കർമ്മരംഗത്ത് സജീവമായി നിലകൊള്ളാൻ ടീച്ചറെ പ്രാപ്തയാക്കിയതും .

ശക്തമായ സർക്കാരിന്റെ ഭാഗമായി നിന്ന് പ്രവർത്തിക്കാൻ കഴിഞ്ഞതാണ് തന്റെ ഭാഗ്യമെന്ന് ശൈലജ ടീച്ചർ പറയുന്നു. കെ.കെ.ശൈലജ ടീച്ചർ ആരോഗ്യ–സാമൂഹികക്ഷേമ വകുപ്പ് മന്ത്രിയായിരുന്നപ്പോഴാണ് 108 സർക്കാർ ആശുപത്രികൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചത്. ആരോഗ്യ മേഖലയിലെ വൻ കുതിപ്പാണ് നമ്മൾ കണ്ടത്.കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടുതൽ മികവിലേക്ക് എത്തി. മെഡിക്കൽ കോളേജുകളിലും ഇരുന്നൂറ്റി അമ്പതോളം ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി യാഥാർത്ഥ്യമാക്കി. ആരോഗ്യ വിവരങ്ങൾ കമ്പ്യൂട്ടർവത്ക്കരിച്ച് പേപ്പർ രഹിത ആശുപത്രികളാക്കി.കോവിഡിനിടയിലും സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ രാജ്യത്ത് തന്നെ മികച്ചതായി മാറിയിരിക്കുകയാണ്. സംസ്ഥാനത്തെ 101 ആരോഗ്യ സ്ഥാപനങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകരം ലഭിച്ചു. രാജ്യത്തെ മികച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആദ്യത്തെ 12 സ്ഥാനങ്ങളും കേരളത്തിനാണ്. തിരുവനന്തപുരം ഒറ്റശേഖരമംഗലം പൂഴനാട് കുടുംബാരോഗ്യ കേന്ദ്രവും കാസർഗോഡ് കയ്യൂർ രക്തസാക്ഷി സ്മാരക കുടുംബാരോഗ്യ കേന്ദ്രവും 99 ശതമാനം സ്കോർ കരസ്ഥമാക്കി ഇന്ത്യയിൽ തന്നെ ഒന്നാം സ്ഥാനത്താണവ. അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വിഭാഗത്തിലും കേരളം ഒന്നാമതാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ച സംസ്ഥാനമാണ് (18 കേന്ദ്രങ്ങൾ) കേരളം. ഇപ്പറഞ്ഞതിനപ്പുറത്തേക്കും വിപുലമായ പ്രവർത്തനങ്ങൾ ടീച്ചർ കേരളത്തിന്റെ ആരോഗ്യ മേഖലയിൽ സർക്കാരിന്റെ ഭാഗമായി നിന്ന് പൂർത്തിയാക്കി. നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

കേരള നിയമസഭാ തെരഞ്ഞെടുപ്പിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ഭൂരിപക്ഷത്തിൽ ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മട്ടന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും വിജയിച്ച കെ.കെ.ശൈലജ ടീച്ചർ സത്യപ്രതിജ്ഞയ്ക്ക് ശേഷം തന്റെ എഫ് ബി പേജിൽ കുറിച്ചിട്ടതിങ്ങനെയാണ്:

'.കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാൻ കഴിഞ്ഞതും വെള്ളിയാംപറമ്പിൽ വ്യവസായ പാർക്കിന് തുടക്കം കുറിക്കാൻ കഴിഞ്ഞതും ശ്രദ്ധേയമാണ്. നിർമാണം ആരംഭിച്ച സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, മിനിസിവിൽ സ്റ്റേഷൻ, അഡീഷണൽ ജില്ലാ ട്രഷറി തുടങ്ങിയവ നിർമാണം പൂർത്തിയാക്കേണ്ടതുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, വ്യവസായം, ടൂറിസം, അടിസ്ഥാന സൗകര്യ വികസനം എന്നിങ്ങനെ മേഖലകൾ വേർതിരിച്ച് ഓരോ മേഖലയിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കും. സാമൂഹ്യക്ഷേമ മേഖലയിലും പ്രത്യേകം ഇടപെടൽ നടത്താൻ പദ്ധതി ഉണ്ടാക്കും. എല്ലാവർക്കും വീട്, ശുദ്ധജലം, ആരോഗ്യ സേവനം എന്നിവ ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചർച്ചചെയ്ത് കൂട്ടായ പരിശ്രമം നടത്തും.



പടിയൂർ– കല്യാട്, കൂടാളി, കീഴല്ലൂർ, തില്ലങ്കേരി, മാലൂർ, കോളയാട്, ചിറ്റാരിപ്പറമ്പ്, മാങ്ങാട്ടിടം എന്നീ പഞ്ചായത്തുകളും മട്ടന്നൂർ നഗരസഭയും അടങ്ങുന്ന വിസ്തൃതമായ മണ്ഡലമാണ് മട്ടന്നൂർ. തദ്ദേശഭരണ സ്ഥാപനങ്ങളുമായി കക്ഷി രാഷ്ട്രീയഭേദമന്യേ എല്ലാവരുടെയും അഭിപ്രായങ്ങൾക്ക് പരിഗണന നൽകിക്കൊണ്ടാവും വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുക '

മന്ത്രി സ്ഥാനം ഒഴിഞ്ഞ് മട്ടന്നൂരിന്റെ എം.എൽ.എ ആയിരിക്കുമ്പോഴും നാടിന്റെ അതിജീവന പോരാട്ടത്തിൽ ടീച്ചർ ഇന്നും സജീവ സാന്നിധ്യമാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലെ ടീച്ചറുടെ നേതൃത്വ മികവ് ലോക ശ്രദ്ധ പിടിച്ചുപറ്റി.2020 ജൂൺ 23 ന് ഐക്യരാഷ്ട്രസഭ കേരളത്തിന്റെ ആരോഗ്യ മന്ത്രിയായിരുന്ന കെ.കെ.ശൈലജ ടീച്ചറെ ആദരിച്ചു .യു.എൻ പൊതു സേവന ദിനത്തിൽ വൈറസിനെതിരെയുള്ള കേരളത്തിന്റെ

പോരാട്ടത്തെക്കുറിച്ച് സംസാരിക്കാൻ ടീച്ചറെ ക്ഷണിച്ചു. 'കൊറോണ വൈറസ് കൊലയാളി, റോക്ക് സ്റ്റാർ ആരോഗ്യ മന്ത്രി ' എന്നാണ് ഗാർഡിയൻ കെ.കെ.ശൈലജ ടീച്ചറെ വിശേഷിപ്പിച്ചത്.ഏഷ്യൻ വനിതാ കൊറോണാ പോരാളിയായി ബി.ബി.സി. ന്യൂസിൽ ടീച്ചർ ഇടം പിടിച്ചു. ഇങ്ങനെ എത്രയെത്ര ബഹുമതികളാണ് ആരോഗ്യ മന്ത്രിയായിരുന്ന ശൈലജ ടീച്ചറെ തേടിയെത്തിയത്.

രാജ്യവ്യാപകമായി ലോക്ക്ഡൗണിൽ കുടുങ്ങിപ്പോയവർക്ക് പാർപ്പിടം, ഭക്ഷണം നൽകുക തുടങ്ങിയ കേരളത്തിന്റെ ശ്രമങ്ങളെ നയിക്കുന്നതിൽ ശൈലജ ടീച്ചറുടെ സാമർഥ്യവും, ശ്രദ്ധയും അതീവ ജാഗ്രതയുള്ളതായിരുന്നു.രോഗം പൊട്ടിപ്പുറപ്പെട്ടപ്പോൾ, ഓരോ ജില്ലയിലും 2 ആശുപത്രികൾ വീതം കോവിഡിന് വേണ്ടി മാറ്റിവെക്കൻ ആവശ്യപ്പെട്ടു. ഓരോ മെഡിക്കൽ കോളേജും 500 കിടക്കകൾ നീക്കിവച്ചു. ആശുപത്രികൾക്ക് പ്രത്യേക പ്രവേശന കവാടങ്ങളും എക്സിറ്റുകളും നിർബന്ധമാക്കി. രോഗനിർണയ പരിശോധനാ കിറ്റുകൾ കുറവായിരുന്നതിനാൽ, പ്രത്യേകിച്ചും ഈ രോഗം വരാൻ സാധ്യതയുള്ള ആരോഗ്യ പ്രവർത്തകർ, പൊലീസ് സന്നദ്ധപ്രവർത്തകർ എന്നിവർക്കായി നീക്കി കരുതിവച്ചു.

മേയ് അവസാന ആഴ്ചയോടെ, ശൈലജ ടീച്ചറും സംഘവും 4.3 ദശലക്ഷം ആളുകളുമായി ബന്ധപ്പെടുകയും ഒരു 'കൺട്രോൾ റൂം' സ്ഥാപിച്ച് അവരുടെ അവസ്ഥ നിരീക്ഷിക്കുകയും ചെയ്തു. ഇന്ത്യയിലുടനീളം അണുബാധ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സമയത്തുപോലും കേരളത്തിലെ രോഗവളർച്ചാസൂചിക താഴ്ന്നുതന്നെയാണ് നിന്നിരുന്നത്.കെ.കെ.ശൈലജ ടീച്ചറുടെ വാക്കുകൾ ഇതാണ്: 'നൂറുകണക്കിനു സാമൂഹ്യ പ്രവർത്തകർ, വൊളന്റിയർമാർ, ഡോക്ടർമാർ, നഴ്സുകാർ,ക്ലീനർമാർ, ഐസുലേഷൻ വാർഡുകളിൽ പ്രവർത്തിക്കുന്നവരൊന്നും ഉറങ്ങാറില്ല. അവരുടെ ജോലിസമയവും കഴിഞ്ഞ്, 14 ദിവസത്തെ കോറന്റൈനും കഴിഞ്ഞു മാത്രമെ അവരുടെ കുടുംബത്തെകാണാനും ,വീട്ടിൽ പോകാനും സാധിക്കാറുള്ളൂ. ഇവർ മാത്രമല്ല, പോലീസുകാർ, എമർജെൻസി പ്രവർത്തകർ എന്നിങ്ങനെ പലരുടെയും ഊർജ്ജസ്വലമായ പ്രവർത്തനങ്ങളുടെ ഫലമാണ് നമ്മൾ ഇന്നീ അനുഭവിക്കുന്ന സുരക്ഷിതാവസ്ഥ.' ഈ അശ്രാന്ത പരിശ്രമത്തിൽ താനൊരു മെഴുകുതിരി വെട്ടം മാത്രമാണെന്ന് അവർ വിനയാന്വിതയാകുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ പകരം വയ്ക്കാനില്ലാത്ത പേരായി ടീച്ചർ മാറിയപ്പോൾ എതിർ കക്ഷികൾക്കും മാധ്യമങ്ങൾക്കും കല്ലുകടി തുടങ്ങി.ഒരു പെണ്ണ് തല ഉയർത്തി നിൽക്കുമ്പോൾ, അവൾ വളർന്ന് പന്തലിക്കുന്നത് കാണുമ്പോൾ എങ്ങനെ സഹിക്കും! വാർത്താ സമ്മേളനത്തിൽ മാഹിയ്ക്ക് പകരം ഗോവ എന്ന് അബദ്ധത്തിൽ പറഞ്ഞു പോയതിന്റെ പേരിൽ ടീച്ചറെ താറടിച്ചു കാണിക്കാൻ, അവഹേളിക്കാൻ ചിലർക്കെന്ത് തിരക്കായിരുന്നു.' തുന്നൽ ടീച്ചർ ' എന്ന് ബി.ജെ.പി .നേതാവ് ബി.ഗോപാലകൃഷ്ണൻ കളിയാക്കി വിളിച്ചതിൽ ടീച്ചർക്കെന്ത് ആക്ഷേപം? മീഡിയ വൺ നടത്തിയ ചർച്ചയിൽ ബി.ഗോപാലകൃഷ്ണനൊപ്പം പങ്കെടുത്ത കെ.കെ.ശൈലജ ടീച്ചർ ' തുന്നൽ ടീച്ചറെന്താ ടീച്ചല്ലേ ഗോപാലകൃഷ്ണാ ' എന്ന് അധ്യാപനത്തിന്റെ മഹത്വം നെഞ്ചേറ്റി കൊണ്ട് ചോദിച്ച ആ ചോദ്യം കേരളമാണ് ഏറ്റെടുത്തത്. ഞാൻ തയ്യൽ ടീച്ചറല്ല ഫിസിക്സ് ടീച്ചറാണ് എന്ന് വേണമെങ്കിൽ കെ.കെ.ശൈലജ ടീച്ചർക്ക് പറയാമായിരുന്നു. എന്നാൽ തിരിച്ചറിവും ഉറച്ച നിലപാടും അവരെ ഉയർത്തിയത് ലോക ജനശ്രദ്ധയിലേയ്ക്കാണ്.അതാണ് കേരളത്തിന്റെ ധീരവനിത കെ.കെ.ശൈലജ ടീച്ചർ.


എന്നിട്ടും എന്തുകൊണ്ട് ടീച്ചർ തുടർ ഭരണത്തിൽ മന്ത്രിയായില്ല എന്ന ചോദ്യം ജനമനസുകളിൽ വീർപ്പുമുട്ടുന്നുണ്ട്. ഒറ്റയും തെറ്റയുമായി ചില പ്രതികരണങ്ങൾ സോഷ്യൽ മീഡിയയിലും കണ്ടു. എന്നാൽ കെ.കെ.ശൈലജ എന്ന കേരളത്തിന്റെ മുൻ ആരോഗ്യ മന്ത്രിയെ നെഞ്ചോട് ചേർത്ത് ' ടീച്ചറമ്മ " എന്ന് ഉരുവിട്ടവരുടെയൊന്നും ഒച്ചയും അനക്കവും അധികം എവിടെയും കണ്ടില്ല. പറയാൻ മടിച്ചിട്ടോ, സങ്കടം കൊണ്ടോ അതോ പേടിച്ചിട്ടോ?

പക്ഷേ, കെ.കെ.ശൈലജ ടീച്ചർ പറയുന്നു എന്റെ പാർട്ടി ചെയ്തതാണ് ശരിയെന്ന് . പുതിയ ആളുകൾ അവരുടെ കഴിവുകൾ സാധ്യതയ്ക്കനുസരിച്ച് പ്രയോജനപ്പെടുത്തട്ടെ. ഞങ്ങൾ കൂടെയുണ്ട് എന്നു പറയാൻ കെ.കെ.ശൈലജ ടീച്ചറെ കൊണ്ട് കഴിയും. കാരണം അവർ ആത്മാർത്ഥതയും നിലപാടുകളും വീര്യവുമുള്ള ഒരു പെണ്ണാണ്. യഥാർത്ഥത്തിൽ ടീച്ചറാണ്.ഏതൊരു അരാചകത്വത്തിനും ആധിപത്യത്തിനും നേരെ ആഞ്ഞടിക്കാൻ ടീച്ചറുടെ ചിരിച്ച മുഖത്തു നിന്നും വീഴുന്ന വാക്കുകൾ തന്നെ ധാരാളം.

രാഷ്ട്രീയവും അധ്യാപനവും പോലെ തന്നെ പുസ്തകമെഴുത്തും കെ.കെ.ശൈലജ ടീച്ചർക്ക് വഴങ്ങും.' ഇന്ത്യൻ വർത്തമാനവും സ്ത്രീ സ്വാതന്ത്ര്യവും' 'ചൈന രാഷ്ട്രം, രാഷ്ട്രീയം, കാഴ്ചകൾ ' എന്നിങ്ങനെ രണ്ട് പുസ്തകങ്ങൾ മലയാളികൾക്കുള്ള ടീച്ചറുടെ സമ്മാനമാണ്.

ഇത്തരത്തിൽ എന്തുകൊണ്ടും കഴിവുറ്റ ഒരു പെൺ ശബ്ദം നിയമസഭയിൽ തുടരേണ്ടതായിരുന്നു.പുതിയവർക്കൊപ്പം ,കേരളത്തിൽ സാധാരണക്കാരായ വോട്ടർമാർ ഒരു പക്ഷേ പാർട്ടി ഭേദമെന്യേ ടീച്ചറെ ആഗ്രഹിച്ചിരുന്നു. ഇനിയും പ്രതീക്ഷ അസ്തമിച്ചിട്ടില്ല. കാരണം, ടീച്ചർ കേരളത്തിന്റെ വികാരമാണ്.

വരും കാലത്ത് ഒരു വനിതാ മുഖ്യമന്ത്രിയെ കേരളം കാത്തിരിക്കുന്നു. അത് കെ.കെ.ശൈലജ ടീച്ചറായെങ്കിൽ...



ലതിക സുഭാഷ്

# കാലഹപരണപ്പെട്ടതെല്ലാം ധൈര്യത്തോടെ പൊളിച്ചെഴുതുക



**മേഹന സാജൻ**
മദ്രാസ് സർവകലാശാല രണ്ടാം വർഷം മലയാള ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി

*തുടർഭരണമെന്നത് ഭരണപക്ഷത്തിന്റെ സമ്പൂർണവിജയം മാത്രമല്ല, പ്രതിപക്ഷത്തിന്റെ കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തനങ്ങളുടെ പോരായ്മയും കൂടിയാണ്. കേരളത്തിലെ കോൺഗ്രസിന്റെ ഈ പോരായ്മയുടെ കാരണം മികച്ച നേതൃത്വമില്ലായ്മയായിരുന്നോ?*

നേതൃത്വമില്ലായ്മയല്ല, മറിച്ചു കോൺഗ്രസിലെ അപകടകരമായ ഗ്രൂപ്പിസമാണ്. അതിൻറെ ഫലമായി പൊതുജനങ്ങളിലേക്ക് കാര്യങ്ങൾ എത്തപ്പെടുന്നതിൽ പോരായ്മയുണ്ടായി. നേതൃത്വം പറയുന്ന കാര്യം താഴേ തട്ടിൽ എത്തിയാൽ മാത്രമേ വിജയിക്കാനാകൂ. കോൺഗ്രസിലെ നേതൃത്വത്തിന് എല്ലാ തലത്തിലും അത്തരം ഇടപെടലുകൾ നടത്താൻ കഴിഞ്ഞില്ല. ഒരു പാട് വിഷയങ്ങൾ കൊണ്ടുവന്നെങ്കിലും വേണ്ടവിധത്തിൽ പ്രതിരോധിക്കാനോ പ്രചരണം നൽകാനോ സാധ്യമായില്ല.

*രാഷ്ട്രീയത്തിലെ ഗ്രൂപ്പിസം ആണധികാരത്തിന്റെ പൊതുബോധങ്ങളിൽ ഊന്നിയാണ് ഉടലെടുക്കുന്നതെന്ന് തോന്നിയിട്ടുണ്ടോ?*

തീർച്ചയായും. ഗ്രൂപ്പിസത്തിൽ മാത്രമല്ല. അല്ലാതെതന്നെ ആണധികാരത്തിന്റെ മേൽക്കോയ്മ രാഷ്ട്രീയത്തിൽ ഉണ്ടല്ലോ. അത് മാറി വരാൻ സമയം എടുക്കും.

*കഴിഞ്ഞ കേരളരാഷ്ട്രീയ സാഹചര്യങ്ങളിൽ ഏറ്റവുമധികം ഉയർന്നു കേട്ട സ്ത്രീശബ്ദങ്ങളിൽ ഒന്ന് താങ്കളുടേത് കൂടിയായിരുന്നു. പൊതുവെ തിരഞ്ഞെടുപ്പ് പ്രചരണംവരെ സ്ത്രീശബ്ദങ്ങൾ ഉയർത്തിപ്പിടിക്കുകയും ഭരണം കിട്ടിക്കഴിയുമ്പോൾ പുരുഷാധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നതായി കാണാം. കെ.കെ.ശൈലജയെ ഈ മന്ത്രിസഭയിൽ ഉൾപ്പെടുത്താത്തതിനെ കുറിച്ച് നിരവധി വിമർശനങ്ങൾ കടന്നുവന്ന സാഹചര്യത്തിൽ എന്താണ് താങ്കളുടെ അഭിപ്രായം?*

മന്ത്രിമാരെ തിരഞ്ഞെടുക്കാനുള്ള അധികാരം പാർട്ടിയ്ക്കും വ്യവസ്ഥയ്ക്കുമാണെങ്കിലും ഞാനെന്റെ അഭിപ്രായം ഫേസ്ബുക്കിൽ പങ്കു വെച്ചിരുന്നു. മികച്ച ഒരു ആ

രോഗ്യമന്ത്രിയെന്ന നിലയിൽ അവർ അവരുടെ പ്രവർത്തനങ്ങൾ സമൂഹത്തിനു നൽകി. നല്ല ഭൂരിപക്ഷത്തോടുകൂടി തിരഞ്ഞെടുപ്പിൽ വിജയിച്ചു. പിന്നെ ഞാനുൾപ്പെടെയുള്ളവർ ഉന്നയിച്ച വിമർശനത്തിനു പാർട്ടി വളരെ വ്യക്തമായി മറുപടി നൽകി. പാർട്ടിയുടെ പൊതുവായുള്ള തീരുമാനമായിരുന്നു കഴിഞ്ഞ മന്ത്രിസഭയിൽ ഉണ്ടായിരുന്നവർ ഇത്തവണ വേണ്ടാ എന്നത്. എനിക്ക് ഈ പാർട്ടിതീരുമാനത്തോടുള്ള മതിപ്പ് എന്താണെന്ന് വച്ചാൽ പത്തു വനിതകൾ മത്സരിച്ചു വിജയിച്ചു. കഴിഞ്ഞ കാലങ്ങളിൽനിന്നും ഏറെ വ്യത്യസ്തമായി ഇടതുപക്ഷ മന്ത്രി സഭയിൽ മൂന്നു വനിതാമന്ത്രിമാർ ഇടം പിടിച്ചു. യു.ഡി.എഫിന്റെ പിന്തുണയുള്ള വനിതാ സ്ഥാനാർഥിയായ കെ. കെ. രമ വിജയിച്ചു. പക്ഷെ കോൺഗ്രസിൽ ഒൻപതു വനിതകൾ മത്സരിച്ചിട്ടും ഒരു വനിതയ്ക്ക് പോലും വിജയിക്കാനായില്ല. തിരഞ്ഞെടുപ്പ് വരുമ്പോൾ കോൺഗ്രസ് ആദ്യം തീരുമാനിക്കുന്നത് ആരാണ് മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നും മറ്റുമാണ്. തിരഞ്ഞെടുപ്പ് അടുത്ത സമയം സ്ഥാനാർഥികളെ നിശ്ചയിക്കുമ്പോൾ പുതുമുഖങ്ങൾ, വനിതകൾ എന്നൊക്കെ പറഞ്ഞിരുന്നു. പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പലരുടെയും മുഖം അവർ മറന്നുപോയി. അനഭിമതരെന്നു തോന്നുന്നവരെ അവർ എങ്ങനെയും ഉപേക്ഷിക്കും. പുതുമുഖങ്ങളെയും വനിതകളേയും കൊണ്ടുവന്നിട്ട് അവർക്ക് നൽകിയത് വിജയസാധ്യതയുള്ള സീറ്റ് ആണോ എന്നൊന്നും ചിന്തിച്ചില്ല. സിറ്റിംഗ് എം.എൽ.എ.മാരെല്ലാം മത്സരിക്കാനായിരുന്നു ആദ്യതീരുമാനം.

ഇരിക്കൂറിലെ നാല് പതിറ്റാണ്ടോളം എം.എൽ.എ. ആയിരുന്ന ശ്രീ കെ.സി.ജോസഫ് മാത്രമായിരുന്നു മാറി നിന്നത്. അപ്പോൾ പുതിയൊരു വനിതക്കോ യുവാക്കൾക്കോ സാഹചര്യം കൊടുത്താൽ അവർ ഫൈറ്റ് ചെയ്തു ജയിക്കണം. അതിനുള്ള വഴി പോലും ഒരുക്കികൊടുക്കാതെ സ്ത്രീമുന്നേറ്റം, യുവത്വം, പുതുമുഖം എന്നൊക്കെ പറയുന്നതിൽ അതിശയോക്തി ഇല്ലേ? ഇതെല്ലാം ഞാൻ പുറത്തിറങ്ങി പറയുന്നതല്ല. അകത്തിരുന്നപ്പോഴും ഇതെല്ലാം നോക്കിക്കണ്ടു ശബ്ദിച്ചതിന്റെ പേരിൽ പലരുടെയും കണ്ണിലെ കരടായി മാറി. എല്ലാപ്രാവശ്യവും യൂത്ത് കോൺഗ്രസ്സിനും കെ.എസ്.യു.വിനും മഹിളാ കോൺഗ്രസിനും തലപ്പത്തിരിക്കുന്നവർക്ക് നിയമസഭയിൽ സീറ്റ് നൽകുന്നതാണ്. ഇത്തവണ കോൺഗ്രസ് യൂത്ത് കോൺഗ്രസ്സിനും കെ.എസ്.യു.വിനും സീറ്റ് നൽകുകയും മഹിളാ കോൺഗ്രസിന്റെ അധ്യക്ഷയ്ക്ക് നൽകിയുമില്ല. നിലപാട് എടുത്താണ് ഞാൻ അതിനോട് പ്രതിഷേധിച്ചത്. അല്ലാതെ ലതികാ സുഭാഷ് എന്ന വ്യക്തിയോ, വ്യക്തിയ്ക്ക് സീറ്റ് കിട്ടാത്തതിന്റെ പേരിലോ അല്ല പ്രതിഷേധിച്ചത്.

കഴിഞ്ഞ ഇരുപത് വർഷമായി മാറിമാറി വരുന്ന തിരഞ്ഞെടുപ്പുകളിൽ നിയമസഭയിലും പാർലമെൻറിലും എന്റെ പേര് സ്ഥാനാർഥി പട്ടികയിൽ പലപ്പോഴും വന്നിരുന്നു. സമയമാകുമ്പോൾ മറ്റേതെങ്കിലും സ്ഥാനാർഥിയെത്തും. അവർക്കു വേണ്ടി സന്തോഷത്തോടുകൂടിപ്രവർത്തിക്കുന്ന ആളായിരുന്നു ഞാൻ. 2011ൽ എന്നോട് പറഞ്ഞു അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്യുതാനന്ദനെതിരായി പാലക്കാട്പോയി മത്സരിക്കണമെന്ന്. അത് കേൾക്കുമ്പോൾ തന്നെ അറിയാം. ജയിക്കാനല്ല മുഖ്യമന്ത്രിക്കെതിരായി മത്സരിക്കണമെന്ന് പറയുന്നത്. നേർച്ചക്കോഴിയെന്നും ബലിയാടെന്നും പറഞ്ഞു പലരും കളിയാക്കിയിട്ടുണ്ട്. അന്ന് ഞാൻ പരാജയപ്പെട്ടു. പ്രസ്ഥാനം ഏൽപ്പിച്ച കാര്യങ്ങൾ ഏതായാലും സസന്തോഷം ചെയ്തിട്ടുണ്ട്. സാധ്യത



യുള്ള മണ്ഡലങ്ങളിൽ നിൽക്കുന്ന സ്ഥാനാർഥി എന്നതിൽനിന്നും ജനം ഒന്നും പ്രതീക്ഷിക്കത്തില്ല. സാധ്യതയില്ലാത്ത ഇടങ്ങളിലേക്ക് കഴിവുള്ള സ്ഥാനാർഥികളെ അയച്ചാൽ അവിടെ സംഘടനാമികവു കണ്ടെന്നിരിക്കില്ല. അത്തരം പ്രശ്നങ്ങളാണ് അവിടെ നടക്കുന്നത്. 57 മുതലുള്ള നിയമസഭയിൽ നോക്കിയാൽ കാണാം. യു.ഡി.എഫിൽ ആയവർ വീണ്ടും വീണ്ടും വരുന്നു. അവർ മുപ്പതും അമ്പതും വർഷം തികയ്ക്കുന്നതിലാണ് താല്പര്യം കാട്ടുന്നത്. എന്നാൽ ഇടതുപക്ഷ പ്രസ്ഥാനത്തിൽ താഴെതട്ടിലുള്ള നേതാക്കൾക്ക് വരെ അവസരം നൽകും. ഒരു തവണയെങ്കിലും അസ്സംബ്ലിയിൽ ഒരംഗമാകാനൊക്കെ അവസരം കൊടുക്കുന്നുണ്ട്. ഒരുപാട് ആളുകളെ കൊണ്ടുവരാനും എണ്ണം വർദ്ധിപ്പിക്കുവാനും അർഹതപ്പെട്ടവർക്ക് അവസരം നൽകുവാനും അവർക്ക് സാധിക്കുന്നുണ്ട്. ഒരാൾ തന്നെ തന്റെ കഴിവും മികവും മെച്ചപ്പെടുത്തി ആ മണ്ഡലത്തെ സേവിച്ച് ആളുകൾക്ക് മടുക്കുന്നവരെ അവിടെ പ്രവർത്തിക്കുന്ന കീഴ് വഴക്കമാണ് കോൺഗ്രസിൽ ഉള്ളത്. കഴിഞ്ഞതിൻറെ മുമ്പിലത്തെതവണ പാർലമെൻറിലേക്ക് രണ്ട് വനിതാ എം.പി.മാരുണ്ടായിരുന്നു. സി.എസ്.സുജാതയും പി.സതീദേവിയും .ഒരു വനിതയെ രാജ്യസഭയിലേയ്ക്ക് അയക്കാനായി. ഡോ.ടി.എൻ.സീമയെ. ഏറിയും കുറഞ്ഞും ഇരിക്കുന്നെങ്കിൽ പോലും താരതമ്യേന ഇടതുപക്ഷപ്രസ്ഥാനങ്ങളിൽ വനിതകൾക്കുള്ള പ്രാതിനിധ്യം കുറച്ചെങ്കിലും മെച്ചപ്പെട്ട് ചെയ്യുന്നു എന്നത് അഭിനന്ദനാർഹമാണ്.

*വിദ്യാർഥി യുവജനസംഘടനയിലൂടെ കാലം പരുവപ്പെടുത്തിയ രാഷ്ട്രീയപ്രവർത്തക കൂടിയാണ് താങ്കൾ. ക്യാമ്പസ് രാഷ്ട്രീയത്തിലൂടെ തന്നെ രാഷ്ട്രീയബോധം ഉറപ്പിക്കുന്ന തലമുറയാണ് ഇന്നത്തേത്. ഇന്ത്യയിലെ പല വിഷയങ്ങളിലും ഇവിടുത്തെ ക്യാമ്പസുകളിൽ ഉയർന്ന പ്രതിഷേധങ്ങളും സമരങ്ങളും യുവത്വത്തിന്റെ രാഷ്ട്രീയം കൃത്യമായി ഉപറയുന്നുമുണ്ട്. എങ്ങനെയാണ് ഇതിനെ നോക്കിക്കാണുന്നത്?*

ഇപ്പോഴത്തെ കുട്ടികളെല്ലാം രാഷ്ട്രീയബോധമുള്ളവരാണ്. പക്ഷെ എല്ലാ രാഷ്ട്രീയകക്ഷികളും അവരെ അവരുദ്ദേശിക്കുന്ന ഒരു മേഖലയിലേയ്ക്ക് എത്തിക്കുവാൻ ശ്രമിക്കുന്നതിൽപൂർണമായും വിജയിക്കുന്നില്ല. വായനയും പ്രവർത്തനവും ഹാർഡ് വർക്കും മാത്രമല്ല പുതിയ തലമുറ. അവർ സ്മാർട്ട് വർക്കിലൂടെയും സമൂഹ മാധ്യമങ്ങളിലൂടെയും ഒക്കെയാണ് ഇതിൽ സജീവമാകുന്നത്. രാഷ്ട്രീയ പ്രവർത്തനം എപ്പോഴും സാമൂഹികപ്രവർത്തനവുമായി ഇടകലർന്നു കിടക്കണം എന്ന ചിന്താഗതിക്കാരിയാണ് ഞാൻ. ഞാനൊക്കെ മാന്നാനം കെ.ഇ.കോളേജിൽ പഠിക്കുമ്പോൾ ഒന്നാം വർഷം പ്രീഡിഗ്രിക്ക് തന്നെ എൻ.എസ്.എസ്.വോളണ്ടിയർ ആയിരിക്കുകയും ദശദിനക്യാമ്പുകളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് വന്നപ്പോൾ ലേഡി റെപ്രസെൻറ് ആയി മത്സരിപ്പിക്കുകയും ചെയ്തു. വിദ്യാർഥിനി എന്ന നിലയിൽ ആദ്യമായി യൂണിയന്റെ ഭാഗമാകാൻ കഴിഞ്ഞു. പിന്നീട് യു.യു.സി ആയി. ഇന്ന് എൻ.എസ്.എസ്. അന്വേഷണത്തിൽ അറിയുന്നത് വളരെ കുറച്ചു ആളുകൾ മാത്രമേ അതിൽ പങ്കെടുക്കുന്നുള്ളൂ എന്നതാണ്. അതിൽ കുട്ടികളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. എന്റെ കൂടെ കോൺഗ്രസിൽ പ്രവർത്തിച്ച പല നേതാക്കളുടെയും മക്കൾ ഇടതുപക്ഷയുവജനപ്രസ്ഥാനങ്ങളിൽ ചിലതിൽ പ്രവർത്തിക്കുന്നുണ്ട്. അവരെ ആകർഷിക്കുന്ന എന്തെങ്കിലും അവിടെയുള്ളതുകൊണ്ടാണത്. അത് തെറ്റല്ല. ഓരോ കുട്ടികൾക്കും അവരവരുടേതായ സ്വാതന്ത്ര്യം ഉണ്ട്. ഒരുകാലത്ത് കെ.എസ്.യു.വിനെ പാവാട കെ.എസ്.യു. എന്ന് കളിയാക്കിയ കാലമുണ്ടായിരുന്നു. ഒരുപാട് പെൺകുട്ടികൾ കെ.എസ്.യു.വിലേയ്ക്ക് ആകർഷിക്കപ്പെട്ടിരുന്നു. ഇപ്പോൾ ഒരു വിദ്യാർഥി പ്രസ്ഥാനത്തിൽ എനിക്ക് പ്രവർത്തിക്കണമെങ്കിൽ എനിക്ക് ആകർഷകമായ എന്തതിലുണ്ട് എന്ന് ചോദിക്കേണ്ട അവസ്ഥയാണ്. പ്രസ്ഥാനം അതിന്റെ ഐഡിയോളജി എന്നതിലുപരിയായി നേതാവ്, ആജ്ഞ, അനുസരിക്കൽ എന്നിങ്ങനെയുള്ള പ്രക്രിയയായി യുവജന സംഘടന മുതൽ മുതിർന്നപാർട്ടി വരെ ഇന്ന് മാറുന്നുണ്ട്. അത് ഒരു രാഷ്ട്രീയകക്ഷികൾക്കും ചേർന്നതല്ല. യു.ഡി.എഫ്.പോലുള്ള പ്രസ്ഥാനങ്ങളിൽ അത് ഏറിയിരിക്കുന്നു. അതിന്റെ അപചയം സ്വാഭാവികമായും കോൺഗ്രസിൽ വന്നിട്ടുണ്ട്.

*സിനിമയിലൊക്കെ നോർമലൈസ് ചെയ്തുകാണിക്കുന്ന ക്ലീഷേ രംഗങ്ങളാണ് അച്ഛനും മകനും തമ്മിലുള്ള രാഷ്ട്രീയവൈരുധ്യങ്ങൾ. മകന്റെ രാഷ്ട്രീയത്തെ അച്ഛനും അച്ഛന്റെ രാഷ്ട്രീയത്തെ മകനും അവരെപ്പോലെതന്നെ സമൂഹവും അംഗീകരിക്കുന്നുണ്ട്. പെൺകുട്ടികളിൽ ഇത്തരം ആശയവ്യത്യാസങ്ങൾ കുടുംബങ്ങളിൽ കാണുകയോ അത്തരത്തിലൊരു നോർമലൈസേഷൻ സിനിമകളിൽ പ്രോജക്റ്റ് ചെയ്യുകയോ ചെയ്തു കാണാറില്ല. അമ്മയും മകളും രാഷ്ട്രീയം സംസാരിക്കുന്ന രംഗങ്ങൾ അംഗീകരിക്കുവാൻ പൊതുബോധം തയ്യാറല്ല. പെണ്ണുങ്ങളുടെ രാഷ്ട്രീയത്തെ 'കെട്ടുന്നത് വരെ അച്ഛന്റെ പാർട്ടി, കെട്ടിക്കഴിഞ്ഞാൽ കെട്ട്യോന്റെ പാർട്ടി' എന്ന് പറഞ്ഞു കളിയാക്കാറുണ്ട്. സ്ത്രീകളുടെ രാഷ്ട്രീയബോധത്തെകുറിച്ചുള്ള സമൂഹത്തിന്റെ ഈ കാഴ്ച്ചപ്പാടിനോട് സ്ത്രീ എന്ന നിലയിൽ എങ്ങനെ പ്രതികരിക്കുന്നു?*

സാക്ഷരസുന്ദരകേരളം അത്തരമൊരു അവസ്ഥയിലേയ്ക്ക് സ്ത്രീകളെ ഇന്നും എത്തിച്ചിട്ടില്ല എന്നത് ഒരു യാഥാർഥ്യമാണ്. വളരെ അപൂർവ്വം ചില പെൺകുട്ടികൾ മാത്രമേ അത്തരമൊരു നിലപാട് സ്വീകരിച്ചിട്ടുള്ളൂ. അത്തരം പെൺകുട്ടികളെ എനിക്കറിയാം. അച്ഛൻ കോൺഗ്രസിലും മകൾ സി.പി.എമ്മിലും പ്രവർത്തിക്കുന്ന പല കു

ടുംബങ്ങളും ഉണ്ട്. എതിർക്കുന്നവരോട് ചെറുത്തു നിൽക്കാൻ കെൽപ്പുള്ള പെൺകുട്ടികളുണ്ട്. ഏതു പ്രസ്ഥാനത്തിലായാലും നിലപാടെടുത്തു നിൽക്കുന്ന അവരെയെല്ലാം മനസ്സുകൊണ്ട് ഞാൻ അഭിനന്ദിക്കാറുണ്ട്. പക്ഷെ അത്തരമൊരു കാഴ്ച സർവസാധാരണമായി കേരളത്തിൽ ഇന്നും വന്നിട്ടില്ല എന്നുള്ളത് വലിയ ഒരു സത്യം തന്നെയാണ്. യു.ഡി.എഫിൽ ഇരുന്ന കാലത്തും ഞാൻ വനിതകൾക്ക് വേണ്ടി ശബ്ദിക്കാറുണ്ടായിരുന്നു. പക്ഷെ അന്നെല്ലാം അത് ഭാരവാഹികളിൽ ഒരാളുടെ ശബ്ദം മാത്രമായിരുന്നു. മൂന്നു വർഷമായി മഹിളാ കോൺഗ്രസ് അധ്യക്ഷസ്ഥാനത്തിരുന്നു ഞാൻ സ്ത്രീകൾക്ക് വേണ്ടി ശബ്ദമുയർത്തിയപ്പോൾ പാർട്ടിക്കകത്തിരുന്ന പലർക്കും ഇഷ്ടമായില്ല. യു.ഡി.എഫിൽ ഗൗരിയമ്മ പോയതിൽ പിന്നെ വനിതാ സാന്നിധ്യം ഇല്ല. ഒരു വനിത വേണ്ടേ എന്ന് ചോദിക്കുമ്പോൾ പണ്ട് മുതൽക്കേ ആണുങ്ങളാണ് എന്ന് പറയും. പാർട്ടിയുടെ മേൽതലങ്ങളിലേയ്ക്ക് വനിതകളെ കൊണ്ടുവരുന്നതിൽ അവർ വിജയിക്കാറില്ല. പുനസംഘടന വന്നപ്പോൾ കെ.പി.സി.സി.യുടെ ഭാരവാഹികളിൽ ധാരാളം പുരുഷന്മാർക്കൊപ്പം ഒരേയൊരു വനിതമാത്രമാണുണ്ടായിരുന്നത്. കെ.പി.സി.സി. സെക്രട്ടറിമാർ 15 പേരുണ്ടായിരുന്നു. ഓൾ ഇന്ത്യ കമ്മിറ്റിയിൽ ഞാൻ വിയോജിപ്പും പ്രതിഷേധവും അറിയിച്ചു. പത്രസമ്മേളനം നടത്തി. അന്ന് ശ്രീ മുല്ലപ്പള്ളി രാമചന്ദ്രൻ എനിക്ക് താക്കീത് നൽകി. പരസ്യപ്രസ്താവന പാടില്ല എന്ന് പറഞ്ഞു. പിന്നീട് ഷാനിമോൾ ഉസ്മാൻ പാർലമെന്റിൽ പരാജയപ്പെട്ടപ്പോൾ ഉടൻതന്നെ മഹിളാ കോൺഗ്രസിൽ ഒരു പ്രമേയം അവതരിപ്പിച്ചു. അരൂർ എം.എൽ.എ എം.പി. ആയതിനെതുടർന്ന് മഹിളാകോൺഗ്രസ് ബൈഇലക്ഷനിൽ ഷാനിമോൾ ഉസ്മാനെ സ്ഥാനാർഥിയാക്കണം. അല്ലാതെയും സാഹചര്യങ്ങളുണ്ടായിരുന്നു. അവർക്ക് അരൂർ നിയമസഭാ മണ്ഡലത്തിൽ പാർലമെൻറ് ഇലക്ഷന് ഭൂരിപക്ഷവും ഉണ്ടായിരുന്നു.

ഈ തിരഞ്ഞെടുപ്പ് വന്നപ്പോൾ 20ശതമാനം സീറ്റ് വനിതകൾക്ക് വേണം എന്ന് ഞാൻ പറഞ്ഞു. സ്ത്രീകൾക്ക് വേണ്ടി വാദിക്കുമ്പോൾ ഓരോരുത്തർക്കും അസ്വസ്ഥത കൂടി വരുന്നുണ്ടായിരുന്നു. കഴിഞ്ഞ തവണ ഷാനിമോളെ മാത്രമേ ജയിപ്പിക്കാനായുള്ളൂ. അതുകൊണ്ട് തന്നെ ഞാൻ വനിതകളുടെ ഒരു ലിസ്റ്റ് കൊടുത്തു. പഞ്ചായത്ത് തിരഞ്ഞെടുപ്പിനുശേഷം കേരളം മുഴുവൻ സന്ദർശിച്ചപ്പോൾ സ്ത്രീകൾ വളരെ സങ്കടത്തോടുകൂടിയാണ് എന്നോട് സംസാരിച്ചത്. അവരുടെ സ്വന്തം വാർഡിൽ വനിതാ സീറ്റ് വരുമ്പോൾ പതിനഞ്ചു വർഷമായി പ്രവർത്തിക്കുന്ന അവരെ മത്സരിപ്പിക്കാതെ പ്രാദേശിക നേതാക്കൾ അവർക്ക് താൽപ്പര്യമുള്ള ആളുകളെ അവിടെ മത്സരിപ്പിക്കുകയും വിജയിപ്പിക്കുകയും ചെയ്യുന്നു. പലപ്പോഴും നല്ല പ്രവർത്തനം കാഴ്ച വെച്ചവരെയും അർഹിക്കുന്നവരെയും മാറ്റി നിർത്തുകയാണ് അവിടെ ചെയ്യുന്നത്. ഇത്രയും കാലം പ്രവർത്തിച്ച സ്ത്രീകളെ ഒരു സാഹചര്യം കിട്ടുമ്പോൾ ഒന്ന് പിന്തുണയ്ക്കുക പോലും ചെയ്യാൻ കഴിയാത്ത പുരുഷ നേതൃത്വമാണ് അവിടെയുള്ളത്. സീറ്റ് കൊടുത്തെന്നു വരുത്തിതീർക്കാൻ എട്ടാം വാർഡിൽ പ്രവർത്തിക്കുന്ന സ്ത്രീക്ക് പതിനൊന്നാം വാർഡിൽ സീറ്റ് നൽകും. ഒന്നെങ്കിൽ തോൽപ്പിക്കുകയോ അല്ലെങ്കിൽ തോൽക്കുന്ന സാഹചര്യത്തിലേക്ക് കൊണ്ടെത്തിക്കുകയോ ചെയ്യും. ഇവരുടെ റബ്ബർ സ്റ്റാമ്പാകാൻ അവർക്ക് കഴിയില്ലല്ലോ. അതാണ് കാരണം. ഇത്തരത്തിൽ ജയിച്ചവരേയും തോറ്റവരെയും സീറ്റ് കിട്ടിയവരെയും കിട്ടാത്തവരേയും ഭാരവാഹികളേയും വിളിച്ചുകൂട്ടി പതിന്നാലു ജില്ലകളിലും ഏഴുദിവസംകൊണ്ട് കടന്നു ചെന്ന് സങ്കടം പറഞ്ഞവരോട് നിങ്ങളെ കേൾക്കാൻ ഞാൻ 8 മണിക്ക് ശേഷം എന്താണെങ്കിലും തയ്യാറാണെന്ന് പറഞ്ഞു. എത്രപേരാണ് സങ്കടം പറഞ്ഞതെന്ന് അറിയാമോ? ഇങ്ങനെയൊക്കെയുള്ള പല കാരണങ്ങളാണ് എന്റെ ഈ നിലപാടിന് കാരണമായത്. ഒരു പെൺകുട്ടിക്ക് നിലപാട് പറയാൻ സിനിമയുടെ പ്രമേയം പോലും അനുവദിക്കാത്ത സാഹചര്യമാണ് ഉള്ളത്. ഒരുപാട് പേര് സ്ത്രീകൾക്കനുകൂലമായി രംഗത്ത് വരുന്നുണ്ട്. നിരവധി പ്രസ്ഥാനങ്ങളും ഇന്ന് സമൂഹത്തിലുണ്ട്. എന്റെ തിരഞ്ഞെടുപ്പിന്റെ സമയത്ത് എനിക്ക് പ്രത്യക്ഷമായും പരോക്ഷമായും പിന്തുണ നൽകിയവരുണ്ട്. അതിൽ പ്രധാനമാണ് (women for political justice )എന്ന സംഘടന.

*തലമൊട്ടയടിച്ചത് വൈകാരികമായ തീരുമാനമായിരുന്നോ?*

പെട്ടെന്നുള്ള ഒരു വൈകാരികത ആയിരുന്നില്ല അത്. മാർച്ച് 8ാം തിയതി മുതിർന്ന കോൺഗ്രസ് നേതാവ് ശ്രീ എ.കെ. ആൻറണിയെ വിളിച്ചു. കേരളാ കോൺഗ്രസ് (എം) പോയി എന്നും. കോൺഗ്രസ് അത് പിടിക്കുമെന്നും പറയുന്നുണ്ടായിരുന്നു. പലരും ആഗ്രഹിക്കുകയും ചെയ്തിരുന്നു. ഞാനുണ്ടെങ്കിൽ അത് തടസ്സമാകുമെന്നവർ ചിന്തിച്ചു. ഞാൻ പ്രസ്ഥാനത്തിന് വേണ്ടി പ്രവർത്തിച്ച ആളാണ്. പ്രസ്ഥാനത്തിനായി ഓടിപ്പോയി നിൽക്കുകയും തോൽക്കുകയും ചെയ്തിട്ടുണ്ട്. പ്രാദേശികമായി നിൽക്കുക എന്നാൽ സ്വന്തം നാടിനെ സ്നേഹിക്കുവാനും പ്രവർത്തിക്കുവാനുമുള്ള ആഗ്രഹം കൂടിയാണ്. നമ്മൾ അറിയുന്ന നമ്മളെ അറിയുന്ന ഒരു മണ്ണിൽ നമുക്ക് ഔദ്യോഗികമായിട്ടുള്ള ഒരു സ്ഥാനാർഥിത്വം കിട്ടിയാൽ തീർച്ചയായും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ നമുക്ക് സാധിക്കും. അതുകൊണ്ടാണ് ഞാൻ ഏറ്റുമാനൂർ ആവശ്യപ്പെട്ടത്. തിരഞ്ഞെടുപ്പ് വരുമ്പോൾ തന്നെ അവർ ആലോചിക്കുന്നത് ആരൊക്കെ മന്ത്രിമാരാകണം ആര് മുഖ്യമന്ത്രിയാകണം അതിനാരൊക്കെയാണ് തടസ്സം നിൽക്കുന്നത് അവരുടെ പേര് വെട്ടാം എന്നൊക്കെയാണ്. അത്തരം ചതുരംഗ കളികൾ

ചെയ്യാത്ത ആളാണ് ഞാൻ. നമ്മൾ ജനങ്ങൾക്കിടയിൽ പൊതുജനസേവനം നടത്തുന്നു. അതിന്നിടയിൽ പ്രസ്ഥാനം നൽകുന്ന ഭാരവാഹിത്വങ്ങൾ ഭംഗിയായിട്ട് നടത്തണം എന്നതിനപ്പുറം മറ്റൊന്നും ചിന്തിക്കുന്നില്ല. ഈ തിരഞ്ഞെടുപ്പ് വന്നപ്പോൾ ഞാൻ എ.കെ.ആന്റണി സാറിനോട് പറഞ്ഞു. എല്ലാ തവണയും യൂത്ത് കോൺഗ്രസിനും കെ.എസ്.യു.വിനും മഹിളാ കോൺഗ്രസിനും സീറ്റ് നൽകുന്നതാണ്. ഇത്തവണയും അതുണ്ടാകുമെന്നു വിചാരിക്കുന്നു. എന്നെ സംബന്ധിച്ച് എന്റെ നാട് എനിക്ക് തരണമെന്നു പറഞ്ഞു. എന്നിട്ടും മഹിളാകോൺഗ്രസ് അധ്യക്ഷക്ക് സീറ്റ് കിട്ടിയില്ലെങ്കിൽ എന്റെ സഹപ്രവർത്തകരോട് നാളെ ഞാൻ എന്ത് പറയും? ഇതിന്നകത്തു ഇത്രയും നാൾ പ്രവർത്തിച്ച ഒരാളെ പോലും പരിഗണിച്ചില്ല എങ്കിൽ ആ അവഗണനക്കെതിരേ തീർച്ചയായും ഞാൻ കടുത്ത നിലപാട് എടുക്കും. കെ.പി.സി.സി ഓഫീസിന്റെ പുറത്തിറങ്ങി ഞാൻ തല മുണ്ഡനം ചെയ്തു ഉത്തരവാദിത്വങ്ങൾ രാജി വയ്ക്കുകയാണെന്നു ഞാൻ അദ്ദേഹത്തോട് പറഞ്ഞിരുന്നു. അതുപോലെ തന്നെ ശ്രീ മുല്ലപ്പള്ളി രാമചന്ദ്രനെ പതിനൊന്നാം തിയതി വിളിച്ചു ഇതുപോലെ തന്നെ പറഞ്ഞു. അദ്ദേഹം ' ഞാൻ വിളിച്ചോളാം' എന്ന് പറഞ്ഞു. പിന്നീട് അദ്ദേഹവും എന്നെ വിളിച്ചിട്ടില്ല. 'മഹിളാ കോൺഗ്രസ് അധ്യക്ഷയെന്ന നിലയിൽ നിങ്ങളുടെ പേര് എവിടെയും ഉൾക്കൊള്ളിക്കുവാൻ സാധിക്കയില്ല. അതുകൊണ്ട് ഇത്തരമൊരു നടപടി സ്വീകരിക്കരുത്. നമുക്ക് വനിതകളെ അംഗീകരിക്കുവാനായുള്ള നടപടി കൈക്കൊള്ളണം.' ഇങ്ങനെയുള്ള ഏതെങ്കിലും ഒരു വാക്ക് എന്നോട് പറയാമായിരുന്നു. അദ്ദേഹം സ്ഥാനാർത്ഥിപട്ടിക വായിച്ചപ്പോൾ മാത്രമാണ് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഇന്നയിന്ന സ്ഥാനാർഥികളാണെന്നു എനിക്കറിയാൻ സാധിച്ചത്. അപ്പോൾ ഈ രണ്ട് നേതാക്കളും എന്റെ വാക്കുകൾ പരിഗണിച്ചില്ല എന്ന് മാത്രമല്ല അതിശക്തമായി അവഗണിക്കുകയും ചെയ്തു. അതുകൊണ്ടാണ് തല മുണ്ഡനം ചെയ്തത്. അല്ലാതെ ഒരാവേശത്തിന്റെ പേരിലായിരുന്നില്ല.

കെ.ആർ.ഗൗരിയമ്മ പോയതിനു ശേഷം യു.ഡി.എഫിൽ ഒരു വനിതാ നേതാവ് അംഗമായില്ല. പകരം ഒരു വനിതയെ വെയ്ക്കാൻ ഞാനഭിപ്രായപ്പെട്ടു.. പ്രകടനപത്രിക തയ്യാറാക്കുന്ന കമ്മിറ്റിയിൽ പോലും വനിതാ അംഗങ്ങൾ ആരും ഉണ്ടായിരുന്നില്ല. പഴയ വിഷ്വൽസ് നോക്കൂ. ഒരു വനിത പോലും അതിൽ ഇല്ല. തയ്യാറാക്കുന്ന കമ്മിറ്റിയിൽ പോലും ഇല്ല. മഹിളാകോൺഗ്രസ് അധ്യക്ഷയെന്ന നിലയിൽ യു.ഡി.എഫ്. വനിതകളുടെ ചെയർപേഴ്സൺ ആയിരുന്നു ഞാൻ. യു.ഡി.എഫിലെ മെയിൻ കമ്മിറ്റിയിൽ ഒരു വനിതയുമില്ല. ഷാനിമോളുണ്ട്, വൈസ് പ്രസിഡൻറുമാരുണ്ട്. ഇവരിൽ ആരെയെങ്കിലുമൊക്കെ ആ കമ്മിറ്റിയിൽ വെയ്ക്കണ്ടേ? ഈ തീരുമാനങ്ങളെല്ലാം ഞങ്ങളുൾപ്പെടെ ബാക്കിയുള്ളവർ പത്രത്തിൽ നിന്നുമാണ് അറിയുന്നത്. പകുതിയിലധികം വരുന്ന ഒരു വിഭാഗത്തിന്റെ കാര്യം ഐക്യജനാധിപത്യ മുന്നണി എന്ത് ചർച്ചചെയ്തുവെന്ന് അറിയാൻ ഇതിന്നകത്തു പ്രവർത്തിക്കുന്നവർക്ക് പോലും മാധ്യമങ്ങളാണ് ആശ്രയം. പ്രകടനപത്രിക പ്രകാശനം ചെയ്ത ചടങ്ങിനു പോലും കെ. പി.സി.സിയുടെ ഓഫീസിലെ രണ്ട് വനിതാ ജീവനക്കാരെയെങ്കിലും ആ ഫോട്ടോ എടുത്ത സമയത്ത് ഉൾപ്പെടുത്താൻ അവർക്ക് തോന്നിയില്ല. ഞാനിത് പലരോടും ചോദിച്ചു. നമ്മൾ പലർക്കും അനഭിമതയാകുന്നത് ഇതുകൊണ്ട് കൂടിയാണ്. പ്രസ്ഥാനത്തിന് അപമാനകരമാകണ്ടല്ലോ എന്നോർത്ത് പലരും ഇതൊന്നും തുറന്നു പറയുന്നില്ല. ചിലപ്പോൾ ഇത് കടുത്ത നിലപാടായിരിക്കാം. പ്രസ്ഥാനത്തിനകത്തോ പുറത്തോ അനഭിമതമായ ഒരു കാര്യവും ഞാൻ ചെയ്തിട്ടില്ല. എന്റെ പ്രതിഷേധത്തിനായി സ്വീകരിച്ച സമയം, സ്ഥലം, സാഹചര്യം എന്നിവ അതിന്നകത്തു നിൽക്കുന്നവർക്ക് ബുദ്ധിമുട്ടായിരിക്കാം. പക്ഷെ നമ്മുടെ കാലിലുണ്ടാകുന്ന വ്രണം പൊട്ടിച്ചു വിടേണ്ടുന്ന സമയത്ത് അത് പൊട്ടിക്കുക തന്നെ ചെയ്യണം. ഇങ്ങനൊക്കെ ചെയ്തു കഴിഞ്ഞാലുള്ള അവസ്ഥയറിയാമല്ലോ. മൂന്ന് മാസമായി ശോഭാ സുരേന്ദ്രൻ പാർട്ടിക്കകത്ത് ഒറ്റപ്പെട്ടു നിൽക്കുകയായിരുന്നു. എന്റെ ഈ നിലപാടിന് ശേഷം ശോഭാ സുരേന്ദ്രന് വളരെപെട്ടെന്ന് കഴക്കൂട്ടത്ത് സീറ്റ് കിട്ടി. കെ.കെ.രമക്കും വളരെപെട്ടെന്ന് തന്നെ സീറ്റ് കിട്ടുന്നു. ആറു സീറ്റുകൾ ഒഴിച്ചിട്ടിട്ടാണ് കോൺഗ്രസ് അവസാനം പ്രഖ്യാപനം നടത്തുന്നത്. ആ ആറു സീറ്റിൽ ഒരെണ്ണം വനിതയ്ക്ക് കിട്ടി. വട്ടിയൂർക്കാവിൽ വീണ എസ്.നായർക്ക്. ഇവിടെയെല്ലാം ആണുങ്ങൾ ക്യൂ നിൽക്കുകയല്ലേ? എന്റെ സംഭവം ഉണ്ടായിരുന്നില്ലാ എങ്കിൽ സ്വാഭാവികമായും അവിടെയും ഏതെങ്കിലും ഒരു പുരുഷൻ മത്സരിച്ചേനേ.

*സ്ത്രീകൾ തങ്ങളുടെ പങ്കാളിത്തം പൊതുഇടങ്ങളിലും ഭരണനിർവഹണത്തിലും സാമ്പത്തികമേഖലയിലും നിയമനിർമാണത്തിലും തുടങ്ങി വിവിധ മേഖലകൾ ആവശ്യപ്പെടുന്ന കാലം കൂടിയാണ്. ഇതെല്ലം ഉൾക്കൊള്ളാൻ പ്രാപ്തമായ ഒരു രാഷ്ട്രീയപ്രത്യയശാസ്ത്രം ഇന്നില്ല. ഒരു കാലഘട്ടത്തിൽ, അന്നത്തെ സാമൂഹികസാഹചര്യങ്ങളിൽ രൂപീകൃതമായ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രത്യയശാസ്ത്രത്തിന്റെ പൊളിച്ചെഴുത്ത് ഇന്നിന്റെ രാഷ്ട്രീയത്തിൽ അത്യധികം ആവശ്യമായി തോന്നുന്നില്ലേ?*

കാലാകാലങ്ങളിൽ ആചാരാനുഷ്ഠാനങ്ങളിൽ പോലും അവധാനതയോടെ മാറ്റം വരുത്തുന്നില്ലേ? അത്തരത്തിൽ കാലഹരണപ്പെട്ടു എന്ന് തോന്നുന്നത് ധൈര്യത്തോടെ പൊളിച്ചെഴുതുക തന്നെ ചെയ്യണം.



ജി.ഗോമതി



ഗാർഗി ഹരിതകം
പൊളിറ്റിക്കൽ ആക്ടിവിസ്റ്റ്, എഴുത്തുകാരി

# 'പൊണ്ണ് ന്നാ അധികാരം വേണം'

## പൊമ്പുളൈ ഒരുമൈ ഗോമതിയക്കയുമായി ഒരു സംഭാഷണം

ഗോമതി അക്കയുടെ കൂടെ മൂന്നാർ ടൗണിൽ ഒരിത്തിരി ദൂരം നടന്നാൽ, സ്വതവേ കാഴ്ചകളിലേക്ക് കടന്നുവരാത്ത നിരവധി ആളുകൾ മുന്നിൽ പ്രത്യക്ഷപ്പെടുന്നതു കാണാം... തെരുവുകച്ചവടക്കാർ, തൂപ്പുകാർ, തോട്ടം തൊഴിലാളികൾ... 'നിങ്ങളുടെ വീട്ടിലെ കിണറിന്റെ കാര്യം എന്തായി?' 'നിങ്ങളുടെ നാട്ടിലേക്കുള്ള റോഡിന്റെ കാര്യം ഞാൻ പറഞ്ഞിട്ടുണ്ട്...' 'കുഞ്ഞിന്റെ പഠനകാര്യങ്ങളൊക്കെ ശരിയായോ?' അങ്ങനെ ഓരോരുത്തരുടെയും വിഷയങ്ങൾ അക്കയ്ക്ക് അറിയാം. കാലങ്ങളായി ഗോമതിയക്കയുടെ രാഷ്ട്രീയ ഇടപെലുകളെ ആകാംഷയോടെ കാണുന്നവർക്ക് ഒരു കാര്യം ഉറച്ചു പറയാനാകും – പുതു രാഷ്ട്രീയ സത്യസന്ധതയുടെ കേരള രാഷ്ട്രീയത്തിലെ അപൂർവമായ/ അസാദ്ധ്യമായൊരു മുഖമാണിവർ. സ്വാർഥമായ ഒന്നെന്ന് ഇവിടെ രാഷ്ട്രീയപ്രവർത്തനത്തെ മനസിലാക്കാൻ കാരണക്കാരായ, ഇന്നും അധികാരം കൈവശപ്പെടുത്തിവച്ചിരിക്കുന്ന പൊതു/ ആൺ രാഷ്ട്രീയ മണ്ഡലത്തിന്റെ നേരെതിര് നിന്നാണ് ഇവർ രാഷ്ട്രീയക്കാരിയാകുന്നത്. സ്ത്രീ രാഷ്ട്രീയ പ്രവർത്തനം എന്നത് ലോകത്തിന് കണ്ടുപരിചയമില്ലാത്ത മറ്റൊരു തലമാണെന്ന് ഇവർ ബോദ്ധ്യപ്പെടുത്തുന്നു.

ജീവിക്കുന്ന, അടിമത്തമനുഭവിക്കുന്ന മൂന്നാറിലെ തോട്ടംതൊഴിലാളികളെക്കുറിച്ച് ലോകമറിഞ്ഞത് 2015 ൽ നടന്ന 'പൊമ്പിളൈ ഒരുമൈ' സമരത്തിൽ കൂടിയാണ്. അന്നു തന്നെയാണ് നമ്മൾ ജി ഗോമതിയെ അറിയുന്നത്. അന്ന് ഇത്രയും കാൽപനികമാനങ്ങൾ കൽപ്പിക്കപ്പെട്ട ഒരു സമരമുണ്ടായിരുന്നില്ല. കേരളത്തിലെ ഒട്ടുമിക്ക ആക്റ്റിവിസ്റ്റുകളും അവിടെച്ചെല്ലുകയോ അതിനെക്കുറിച്ച് പറയുകയോ ചെയ്തു. പൊമ്പിളൈ ഒരുമൈ സമരം ഏറ്റെടുക്കാൻ വന്ന കുടിയേറ്റക്കാരായ മലയാളി സ്ത്രീകളും തമിഴ് സ്ത്രീകളും തമ്മിൽ തർക്കമുണ്ടായി. പൊതുലോകത്തിനു മുന്നിൽ സംഭവം പതിവുപോലെ തകർന്നു എന്ന ചിത്രമുണ്ടാക്കാൻ അതു സഹായിച്ചു. മണിയുടെ സമരവും ഇതുപോലെ പ്രശ്നമായി. എന്നാൽ ഗോമതിയക്ക ഇതിനിടയിൽ ദേവികുളം ഗ്രാമ പഞ്ചായത്ത് മെമ്പറായിക്കഴിഞ്ഞിരുന്നു. അഞ്ചുവർഷം പദവിയിലിരുന്നപ്പോൾ മുഖ്യധാരാ പാർട്ടി അംഗമല്ലാത്ത ഒരു ബ്ലോക്ക്

**ഒരു പൊണ്ണ് അരസിയല്ക്ക് (രാഷ്ട്രീയത്തിലേക്ക്) വന്താ അത് മാന പ്രച്നം മാതിരി. ആനാ എവ്വ്ളവ് പൊണ്ണുങ്കൾ വെളിയിൽ പോയിട്ടിര്ക്കാങ്കെ... പൊണ്ണ് രാഷ്ട്രീയത്ത്ക്ക് വന്താ അവളെ വളർത്തി കൊണ്ടുവര മാതിരി ഇതുവരെയ്ക്കും യാരും ഇല്ലൈ. ആനാ പെൺ പാത്കാപ്പ് (സുരക്ഷ),**

മെമ്പറിന് ചെയ്യുന്നതിന് പരിമിതികൾ ഉണ്ട് എന്ന് മനസ്സിലാക്കി, അടുത്ത പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ അവർ മത്സരിച്ചില്ല. കൂടുതൽ കാര്യങ്ങൾ ചെയ്യാൻ എന്ത് ചെയ്യണം എന്ന ആലോചനകളിലാണിപ്പോൾ.

കേരളത്തിലെ അത്തരം ഒരുപാടു വേദികളിൽ അക്ക സംസാരിച്ചു. എന്നാൽ ശക്തമായ അഭിപ്രായങ്ങളുള്ളതിനാൽ ഇവരെ കേരളത്തിലെ പൊതുസമൂഹം കണ്ടില്ലെന്നു നടിക്കാൻ തുടങ്ങി. അക്ക പറഞ്ഞു - 'ഒരു സ്ത്രീ എന്നു പരിഗണിക്കാതെ എന്നെ ഒരുപാട് അപമാനിച്ചു... നിങ്ങളുടെ വീട്ടിലെ സ്ത്രീകൾ ഇറങ്ങിവരുന്നുണ്ടോ? ജനങ്ങൾക്കു വേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടോ? ഈ നാട്ടിലെ എത്ര രാഷ്ട്രീയക്കാരുടെ ഭാര്യമാർ വനിതാമതിലിലുണ്ടായിരുന്നു? കൊടിയേരീടെ? പിണറായി വിജയന്റെ? ആനത്തലവട്ടം ആനന്ദന്റെ? ലോക്കൽ കമ്മിറ്റി നേതാക്കളുടെ? അവിടെ വന്നവർ തോട്ടംതൊഴിലാളികളും ആദിവാസികളും... പാവപ്പെട്ടവർ മാത്രം!'

ദളിത് ക്രിസ്ത്യൻ സ്ത്രീ എന്ന നിലയിൽ ഒരു ജയം ഒരു തോൽവി എന്നൊക്കെയുള്ള അളവുകോലുകൾ ഈ അരികുവൽക്കരിക്കപ്പെട്ടവരുടെ നേതാവിന് ബാധകമേയല്ല. ഓരോ ദിവസവും ഇവർക്ക്, ഇവരുടെ ബന്ധുക്കൾക്ക്, ഇവരെ സ്നേഹിക്കുന്നവർക്ക് സമരമാണ്. ഇത്രയും അനീതി ഒരു സ്ത്രീയോട് സംഘടിത രാഷ്ട്രീയ പാർട്ടികൾക്ക് ചെയ്യാൻ കഴിയുമ്പോൾ എങ്ങിനെയും അവരുടെ കൂടെ നിൽക്കണമെന്ന സാമാന്യ ബോധമില്ലാത്ത ഈ നാട്ടിലെ രാഷ്ട്രീയ 'ബദൽ' ബോധം ലജ്ജാവഹമാണ്.

സംഘടിതയുടെ ഈ ലക്കത്തിനു വേണ്ടി സംസാരിച്ചപ്പോൾ പ്രധാനമായി മൂന്നു ചോദ്യങ്ങളാണ് അവരോട് ചോദിച്ചത്.



*രാഷ്ട്രീയത്തിൽ ഇടപെടുന്ന സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പറയാമോ.*

ഒരു പൊണ്ണ് അരസിയല്ക്ക് (രാഷ്ട്രീയത്തിലേക്ക്) വന്താ അത് മാന പ്രച്നം മാതിരി. ആനാ എവ്വ്ളവ് പൊണ്ണുങ്കൾ വെളിയിൽ പോയിട്ടിര്ക്കാങ്കെ... പൊണ്ണ് രാഷ്ട്രീയത്ത്ക്ക് വന്താ അവളെ വളർത്തി കൊണ്ടുവര മാതിരി ഇതുവരെയ്ക്കും യാരും ഇല്ലൈ. ആനാ പെൺ പാത്കാപ്പ് (സുരക്ഷ), പെൺ മലർന്ത നാട് അപ്പടിയെല്ലാം പേസുവാങ്കെ. അതെല്ലാം കിടയാത്, അതെല്ലാം വായ് വാർത്ത മട്ടും താൻ.. ഒരു പൊണ്ണ് രാഷ്ട്രീയത്തിലെ ഇർക്കണം നാ ആണാധിക്യത്തെ ഏത്ത്ക്കണം. എല്ലാ അധികാരത്തിലെയും ഇർക്ക വേണ്ടിയത് ആൺകൾ... ആൺകൾ പിന്നിലെ താൻ പെൺകൾ... ആൺകൾക്ക് മേലെ പൊണ്ണുങ്കൾ വരക്കൂടാത് അപ്പടീന്റ്റ ഒരു ഈഗോ താൻ എല്ലാ ആൺകളുടെ മനസിലെയും... നാൻ രാഷ്ട്രീയത്ത്ക്ക് വരുമ്പോത് എനക്ക് ഒന്നുമേ തെരിയാത്, ആനാ രാഷ്ട്രീയത്ത് വന്ത പിറക് എന്നപ്പറ്റി സൊല്ലാത വാർത്തയേ കിടയാത്. അതൈ താണ്ടി പുടിച്ച് നിക്കിറേൻ. ഏന്നാ മക്കള്ക്ക് ഒരു മുന്നേറ്റം വരണം, എങ്കളാലെ ഒരു മാറ്റം കൊണ്ടുവര മുടിയും, അപ്പ്ടി... നെറയെ വിഷയത്തിലെ തനി ആളാ പോരാടി നിന്റ് സ്ഥാപിച്ച് കാട്ടിയിര്ക്കേൻ.. പെട്ടിമുടി വിഷയമാഇര്ക്കട്ടും,... മറ്റ് രാഷ്ട്രീയ പാർട്ടികൾ വിമർശനം പണ്ണുമ്പോത് അത്ക്ക് ബദിൽ നാൻ കുടുക്കമാട്ടേൻ... അവരുടെ അരസിയൽ വേറെ. നമ്മക്ക് കാരണം മക്കൾക്ക് വേല വയ്ക്കറത് താൻ നല്ല അരസിയൽ വാദി. ഇപ്പൊ ഉള്ള അരസിയൽ അവങ്കെ, അവങ്കെ കുടുംബം, അവങ്കെ വാരിസ്... അപ്പടിതാൻ പോയ്ക്കിട്ടിര്ക്കാങ്കെ. ആനാ അ

തിൽ ഒര് മാറ്റം കൊണ്ടു വന്ത് അരസിയൽവാദി ന്നാ ഇപ്പടി താൻ ഇരിക്കണം, നമക്ക് ഇര്ക്കൊ ഇല്ലയോ മക്കളുടെ മക്കളാ ഇര്ക്കണം... അത് താൻ അരസിയൽ വാദി...

ഇവർ പദവിക്ക് വേണ്ടി താൻ ആസപ്പട്റാ എന്റ്റ് സൊല്ലുവാങ്കെ... ആനാ അധികാരം ഇര്ന്താ താൻ കാര്യങ്കൾ പണ്ണ മുടിയും. പൊണ്ണ്ങ്കൾക്ക് നെറയെ പഠിപ്പിര്ക്ക് പെരിയ പദവികളിൽ ഇര്ക്ക്, ആനാ ആൺകള്ക്ക് കീഴിലെ താൻ ഇര്ക്കാങ്കെ...

*2. അക്കയ്ക്ക് രാഷ്ട്രീയമാണ് ചെയ്യേണ്ടത് എന്ന് ബോധ്യം ഉണ്ടായതിനെ പറ്റി...*

മുതലിലേ എനക്ക് ഇതെല്ലാം തെരിയലെ. നെറയെ വാഗ്ദാനങ്കൾ കൊടുത്ത് എന്നെ വെലയ്ക്കെടുക്ക പാത്താങ്കെ. ആനാ അധികാരം ഇര്ന്താ താൻ മക്കളുടെ പ്രച്നത്തെ എന്ത ഇടത്തില് പേസണം, അങ്കെ പേസ മുടിയും. മടിയിലെ കനം ഇര്ന്താ താൻ വഴിയിലെ ഭയപ്പെടണം... അത്നാലെ എനക്ക് ഭയം എതുവുമേ ഇല്ലൈ. എനക്ക് ഇതെല്ലാം യാരും ചൊല്ലിക്കൊടുക്കലെ. താനാ പഠിച്ച് വന്തത്, അധികാരം പെണ്ണ്ങ്കള്ക്ക് കണ്ടിപ്പാ വേണം... ഇപ്പൊ ഷൈലജ ടീച്ചറാ ഇര്ക്കട്ടും, അവർ അഞ്ച് വർഷത്തിലെ പിണറായിക്ക് മേലെ പേരെടുത്തവര്... അവര്ക്കും ഒര് മുഖ്യത്തം കൊടുക്കലെ അന്ത പാർട്ടിയിലെ. അന്ത അമ്മാവെ അടിച്ചമർത്തറാങ്കെ. അവങ്കള്ക്ക് ഉള്ളെ പ്രച്ചനയെ അവങ്ക ഉള്ളെതാൻ വച്ച്ക്കാങ്കെ. അധികാരം ഇര്ന്തും ഷൈലജ ടീച്ചറ്ക്ക് ആൺകളെ കടന്ത് ഒന്നുമെ സെയ്യമുടിയലെ. കേരള മുഖ്യമന്ത്രി ഷൈലജ ടീച്ചറാ വര കൂട വായ്പ്പ് ഇര്ന്ത്ച്ച്...



പെൺകള്ക്ക് അധികാരം വേണം... യാരെയും ഭയപ്പെടാമ ഇര്ക്കണം. ഇപ്പൊ രമച്ചേച്ചി ഇര്ക്ക്ത്നാലെ ഒര് എതിർവാർപ്പ് ഇര്ക്ക്. ധൈര്യമാ പേസ്റ ഒരു പൊണ്ണ് ഉള്ള പോയിറ്ക്കാങ്ക. അത് നടക്കുമാ നടക്കാതാ, തെരിയലെ... അവങ്കള്ക്ക് മേല അധികാരത്തിൽ ഇര്ക്ക്റത് ആൺകൾ താൻ... ഒര് പൊണ്ണ് വഴി നടത്തി അവര്ക്ക് വഴി വിട്ട്ക്കൊടുക്ക ഒര് ആൺ സമൂഹം ഇതുവരെയ്ക്കും ഇന്ത്യയിലെ വരലെ. പൊണ്ണ്, നീ മുന്നാടി വാ, ഉനക്ക് എന്ന് പ്രച്ചനം സൊല്ല്, ന്ന് ഇന്ന് വരെയ്ക്കും യാരും കേക്കലെ. അധികാരം ഇല്ലനാ അടിമയാ താൻ ഇര്ക്കണം. അടിച്ചമർത്തി താൻ വച്ച്റ്ക്കാ. കക്ഷി രാഷ്ട്രീയം പാക്കാമ മക്കള്ക്ക് കൂടെ നാൻ നിക്കും എന്റ്റ് വായ്പ്പിരുന്ത ഒരു പൊണ്ണും ഇപ്പൊ പാർട്ടിയിലെ വച്ചിര്ക്കാത്.

*3. നിലവിലെ കേരളത്തിലെ രാഷ്ട്രീയ സാഹചര്യം ഒന്ന് വിശദീകരിക്കുമോ?*

ഷൈലജ ടീച്ചറാ ഇര്ക്കട്ടും ലതികാ സുഭാഷ് ആ ഇര്ക്കട്ടും, ഇനിയും നെറയെ പേർ ഇര്ക്കാങ്ക... ഇവരുടെ വാഴ്കൈയെ പഠിച്ചാ ഇപ്പൊ ഉള്ള രാഷ്ട്രീയം തെരിയും. സുരേന്ദ്രൻ നല്ല ഓഫർ കൊടുത്താര്, എനക്ക്. കോടി രൂപാ, നല്ല പോസ്റ്റിംഗ് എല്ലാം കൊടുക്കും ന്ന്.. മറ്റവരായിര്ന്താ കാസ് പണത്ത്ക്ക് ആസപ്പട്ട് പോയിടുവാങ്ക.. എന്നൊട രാഷ്ട്രീയം വേറ. അരസിയൽ വാദി ന്നാ ഇദ്താൻ, അപ്പടി കാട്ടി കൊട്ക്ക്റത്ത്ക്ക് താൻ നാൻ ഇന്നും പിടിച്ച് നിക്കിറേൻ.

ഗോമതിയക്കയെപ്പോലെ, പുതിയ രാഷ്ട്രീയത്തിനായി പോരാടുന്ന ഒരു കൂട്ടം സ്ത്രീകൾ/ അരികുവൽക്കരിക്കപ്പെട്ടവർ ഇക്കാലഘട്ടത്തിന്റെ ശബ്ദമായിരിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ഇവരെ മുന്നോട്ടുകൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിൽ, ഇവരുടെ കൂടെ നിൽക്കാനായില്ലെങ്കിൽ യാതൊരു തരത്തിലുള്ള മേൽക്കൈയും കേരള സമൂഹത്തിന് അവകാശപ്പെടാനില്ല.

ചർച്ചാവിഷയം



**ലിൻസി തങ്കപ്പൻ**
മഹാത്മാഗാന്ധി സർവകലാശാലയിലെ
സ്കൂൾ ഓഫ് ലെറ്റേസിൽ ഗവേഷക

# അടിത്തട്ടുജീവിതങ്ങളുടെ രാഷ്ട്രീയ അസാന്നിദ്ധ്യങ്ങൾ

എല്ലാ ജാതി മത വിഭാഗങ്ങളും പ്രതിനിനിധീകരിക്കപ്പെടുന്ന ശബ്ദങ്ങൾ ഭരണകൂടത്തിൽ സാന്നിധ്യമാകുക എന്നതാണ് മേധാവിത്തവാഴ്ചകളെയും ആധിപത്യബോധങ്ങളെയും നിവാരകമാക്കുന്നത്. ജനാധിപത്യം എന്നത് ഒരു ജീവിതക്രമമായി ഏറ്റെടുക്കപ്പെട്ടതും, അത് സുവിശേഷീകരിക്കുന്ന പ്രാതിനിധ്യ ഉൾച്ചേർക്കൽ തത്വത്തിലാണ്. ഒരു രാഷ്ട്രീയ സംവിധാനത്താൽ ഒരു രാജ്യം അല്ലെങ്കിൽ സമൂഹം നിയന്ത്രിക്കപ്പെടുകയോ ഭരിക്കപ്പെടുകയോ ചെയ്യുന്നതിനെയാണ് ഗവണ്മെന്റ് എന്നതുകൊണ്ട് അർത്ഥപ്പെടുത്തുന്നത്.അത്തരത്തിൽ, ഒരു ഗവണ്മെന്റ്, രാഷ്ട്രീയ ശരികളുടെ തുടർച്ചയായി നിലനിൽക്കണമെന്ന ലക്ഷ്യത്തിൽ കേരളം ഒരിക്കൽ കൂടി ഇടതുതുടർച്ചക്ക് അവസരം നൽകിയിരിക്കുകയാണ് . പ്രാതിനിധ്യം എന്നത് അതുകൊണ്ടു തന്നെ ഈ രാഷ്ട്രീയ ശരി തുടർച്ചയിൽ ഒരു സുപ്രധാനചർച്ചാ വിഷയമായി ഉയർന്നു വരികയും ചെയ്യുന്നുണ്ട് . പുരോഗമന വിപ്ലവ ആശയ അഹ്വാനങ്ങൾക്കപ്പുറത്ത് അടിത്തറ എന്നത് ജാതി മേധാവിത്വവും ആണാധികാരവും ഉൾച്ചേർന്ന ഒന്നായി നിലനിർത്തുന്നു എന്നതിലാണ് രണ്ടാം പിണറായി സർക്കാറും വിവാദചർച്ചകളുടെ ഭാഗമാകുന്നത്. ജാതി ,ഭാഷ ,മത ,ലൈംഗിക ,ന്യൂനപക്ഷപ്രാതിനിധ്യ ശബ്ദങ്ങൾ പ്രതിജ്ഞാത്മകവും പക്ഷാന്തരവുമായി കേൾക്കപ്പെടുന്ന ഇടങ്ങളാണ് ജനാധിപത്യത്തെ അർത്ഥപൂർണമാക്കുന്നത് എന്നതുകൊണ്ട് തന്നെ , അതിന്റെ ലംഘനങ്ങൾ ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട് .ഈ തെരെഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അമ്പതു ശതമാനം മന്ത്രിമാർ നായർ വിഭാഗത്തിൽ നിന്ന് മാത്രം ഉണ്ടാകുന്നതും അതെ സമയം ദളിത് വിഭാഗത്തിൽ നിന്നും ഒരാൾ മാത്രം പ്രതിനിധിയാക്കപ്പെടുന്നതും ആശങ്ക ഉളവാക്കുന്നതിന്റെ സുപ്രധാന കാര്യം പ്രാതിനിധ്യ പ്രശ്നങ്ങളെ മുൻനിർത്തിയാണ് .



എം.എൽ.എ ആയി തെരഞ്ഞെടുക്കപ്പെട്ട സി.കെ.ആശ തെരഞ്ഞെടുപ്പിൽ വോട്ടു ചോദിക്കുന്നു

1957- 59 ലെ ഒന്നാം അസംബ്ളിയിൽ ആറ് ,1960 -1964 ലെ രണ്ടാം അസംബ്ലിയിൽ ഏഴ് ,1967 -70 ലെ മൂന്നാം അസംബ്ലിയിൽ ഒന്ന് ,1970-71 ലെ നാലാം അസംബ്ലിയിൽ രണ്ട് ,1977 -79 ലെ അഞ്ചാം അസംബ്ലിയിൽ മൂന്ന് ,1980

–82 ലെ ആറാം അസംബ്ലിയിൽ അഞ്ച് ,1982 –87ലെ ഏഴാം അസംബ്ലിയിൽ അഞ്ച് ,1987 –91 ലെ എട്ടാം അസംബ്ലിയിൽ എട്ട് ,1991 –96 ഒൻപതാം അസംബ്ലിയിൽ എട്ട് ,1996 –2001 ലെ പത്താം അസംബ്ലിയിൽ പതിമ്മൂന്ന് ,2001 –2006 ലെ പതിനൊന്നാം അസംബ്ലിയിൽ ഒൻപത് ,2006 –2011 ലെ പന്ത്രണ്ടാം അസംബ്ലിയിൽ ഏഴ് 2011 –16 ലെ പതിമൂന്നാം അസംബ്ലിയിൽ ഏഴ് 2016 –21 ലെ പതിനാലാമത് അസംബ്ലിയിൽ ഒൻപത് ,2021 – 26 ലെ പതിനഞ്ചാം അസംബ്ലിയിൽ പതിനൊന്ന് എന്ന നിലയിലാണ് കേരള നിയമസഭയിലെ ഓരോ അസംബ്ലിയിലേയും വനിതാ പ്രതിനിധാനങ്ങൾ . ഇവരിൽ ഡെപ്യൂട്ടി സ്പീക്കർ ആയിരുന്ന ഭാർഗവി തങ്കപ്പൻ പട്ടികജാതി വിഭാഗത്തെ പ്രതിനിധീകരിച്ചു അഞ്ച്, ആറ്, ഏഴ്, എട്ട്, പത്ത് അസംബ്ലിയിലും ,പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയായി പി.കെ ജയലക്ഷ്മി പതിമൂന്നാം മന്ത്രിസഭയിലും ,സി.കെ ആശ വൈക്കം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു തുടർച്ചയായി രണ്ടു നിയമസഭയിലും അംഗമായിട്ടുണ്ട് . എങ്കിലും മൊത്തം ജനസംഖ്യയിൽ ഇരുപത് ലക്ഷത്തിൽ അധികം വരുന്ന ദളിത് ക്രിസ്ത്യൻ വിഭാഗങ്ങളുടെ പ്രതിനിധാനം 1957 മുതൽ ഇക്കാലം വരെ സാധ്യമായിട്ടില്ല എന്നതാണ് ചരിത്രപരമായ സത്യം. അതുകൊണ്ടുതന്നെ ദളിത് ക്രിസ്ത്യൻ സ്ത്രീ പ്രതിനിധാനം എന്നതുതന്നെ ഒരു വിഷയമായി ഉന്നയിക്കപ്പെടുന്നില്ല .1931 ലെ സെൻസസ് പ്രകാരം പിന്നാക്ക ക്രിസ്ത്യൻ വിഭാഗങ്ങളിലെ ജാതി ഗോത്ര വിഭാഗങ്ങളിലെ ജനസംഖ്യ നാടാർ 168573 ,ചേരമർ 157813 ,സാംബവർ 71680 ,മുക്കുവൻ 30539 ,കത്തോലിക്ക അരസർ 22560 ,ഭരതർ 8669 കുറവർ 8158 അയ്യനാർ 6414 ,അരയൻ 3620 ,വണ്ണാൻ 2589 ,ഇളവൻ 2311 ,പല്ലൻ 2225 ,ചക്കരവർ 2108 വേടൻ 2000 കരാളമുതലി 1582 ,കാവതി 1403 ,മരക്കാൻ 1301 വെള്ളാളൻ 1078 ,മറ്റുള്ളവ 8764 അകെ മൊത്തം 503387 (കടപ്പാട് വിനിൽ പോൾ). ഇതിൽ ഏതാനും വിഭാഗങ്ങൾ കേരളത്തിൽ നിലവിൽ ഇല്ല എങ്കിൽ കൂടിയും ,ഒരു വലിയ ജനസംഖ്യ ദളിത് ക്രിസ്ത്യൻവിഭാഗത്തിന്റേതായി ഉണ്ട് എന്നത് തിരസ്കരിക്കാൻ കഴിയില്ല .

ഇത്ര വലിയ സമുദായ സംഖ്യയെ പ്രതിനിധീകരിക്കുന്ന ഒരു രാഷ്ട്രീയ പ്രതിനിധിപോലും കേരള നിയമസഭയിൽ ഇല്ല എന്നതിന്റെ അർഥം ജനാധിപത്യ സംവിധാനത്തിൽ അവരുടെ പ്രശ്നങ്ങൾ ഉന്നയിക്കപ്പെടുന്നില്ല പരിഹരിക്കപ്പെടുന്നില്ല എന്നത് തന്നെയാണ്. മറ്റൊരർത്ഥത്തിൽ ഇന്ത്യൻ ജനാധിപത്യത്തിലെ അദൃശ്യമാക്കപ്പെടുന്ന വിഭാഗങ്ങൾ തന്നെയാണ് ദളിത് ക്രിസ്ത്യൻ വിഭാഗങ്ങൾ .ദളിത് ക്രിസ്ത്യൻ വിഭാഗത്തിന്റെ പ്രശ്നങ്ങളെ പ്രതിനിധീകരിക്കുവാൻ പട്ടികജാതി വർഗ വിഭാഗത്തിലെ പ്രതിനിധികൾക്ക് കഴിയില്ല എന്നതും ഒരു സാമൂഹിക യാഥാർഥ്യമാണ്. അങ്ങനെ എങ്കിൽ ദളിത് ക്രിസ്ത്യൻ ,ദളിത് സ്ത്രീ പ്രതിനിധികൾ ഇല്ലാതെ പോകുന്നത് ഗുരുതരമായ പ്രശ്നങ്ങളെയാണ് സൂചിപ്പിക്കുന്നത് . ക്രിസ്ത്യൻ ന്യൂനപക്ഷ പ്രതിനിധികളോ പട്ടിക ജാതി വർഗ വിഭാഗ പ്രതിനിധികളോ ഗൗരവമായി ഈ പ്രശ്നത്തെ കൈകാര്യം ചെയ്തിട്ടുമില്ല .

പട്ടികജാതി വർഗ വിഭാഗങ്ങളെ പ്രതിനിധീകരിച്ച പലരും ഏതെങ്കിലും ക്ഷേമ പദ്ധതികളെ രൂപപ്പെടുത്തുക എന്നതിനപ്പുറത്ത്, ജാതി ഒരു സുപ്രധാന സാമൂഹിക വിഷയമായി ഉന്നയിച്ചവരായിരുന്നില്ല . ജാതിയെ അഭിസംബോധന ചെയ്യാത്ത ഇടതുപക്ഷവും വലതു പക്ഷവും നേതൃത്വം കൊടുത്ത മുന്നണികളുടെ ഭാഗമായിരുന്നു അവർ. പൊതുവായ ദളിത് പ്രാതിനിധ്യം എന്നത് ഇത്ര പ്രശ്നവൽകൃതമാകുമ്പോൾ ദളിത് സ്ത്രീ പ്രാതിനിധ്യം എന്നത് എത്ര ഗൗരവമായി കാണേണ്ട ഒന്നാണ് എന്ന് ആലോചിക്കേണ്ടതാണ്. പിണറായി വിജയൻ നേതൃത്വം നൽകുന്ന പതിനഞ്ചാം നിയമസഭയിൽ ദളിത് വിഭാഗത്തിന് മൊത്തം പ്രതിനിധിയായുള്ളവരിൽ ഒരാൾ ദേവസ്വം മന്ത്രിയായി ചുമതലയുള്ള കെ.രാധാകൃഷ്ണനാണ്. എന്നാൽ അദ്ദേഹം കൈകാര്യം ചെയ്യുന്ന വകുപ്പിന്-ദളിതരുമായുള്ള ബന്ധം ചരിത്രപരമായി തന്നെ പ്രശ്നഭരിതമാണ് എന്നതാണ് യാഥാർഥ്യം. വീണ ജോർജിനൊപ്പം രണ്ടാം തവണയും തുടർച്ചയായി തെരെഞ്ഞെടുക്കപ്പെട്ട സി. കെ ആശയെ ഒരു മന്ത്രിയായി പരിഗണിച്ചില്ല എന്നതും ജാതി അവഗണന തന്നെയാണ്. ജാതിയെ അഭിസംബോധന ചെയ്യാത്ത ഇടതുപക്ഷത്ത് ഈ പ്രതിനിധികൾക്ക് ദളിത് പ്രശ്നങ്ങളെ എങ്ങനെ അഭിസംബോധന ചെയ്യാൻ കഴിയും എന്നതും ഒരു സുപ്രധാന ചോദ്യമാണ്. ദളിത് വിഭാഗത്തിൽ നിന്നും ഒരു മന്ത്രിയില്ലേ എന്നതും ദളിത് സ്ത്രീ വിഷയങ്ങളെ കൈകാര്യം ചെയ്യുവാൻ പ്രതിനിധീകരിക്കുവാൻ ദളിത് വിഭാഗത്തിൽ നിന്നുള്ള പുരുഷന് കഴിയില്ലേ എന്നതും ഒരു സ്വാഭാവിക ചോദ്യമായി ഉയർന്നു വന്നേക്കാം . പൂർണമായും കഴിയില്ല എന്നത് തന്നെയാണ് അതിനുള്ള ഉത്തരവും .ജാതി ,സാമൂഹിക നില ,സാമ്പത്തിക ചുറ്റുപാടുകൾ ,സാമൂഹിക അനുഭവങ്ങൾ എന്നിവ പൊതുവായിരിക്കെ ദളിത് സ്ത്രീ പ്രതിനിധാനം എന്നത് ഒരു അമിത ആശങ്കയാണ് എന്ന പൊതുധാരണയിലാണ് സമൂഹം നിലനിൽക്കുന്നത്. സ്ത്രീകൾ പൊതുവായി അസമത്വങ്ങൾ ,അതിക്രമങ്ങൾ എന്നിവ നേരിടുന്ന വിഭാഗങ്ങൾ ആയിരിക്കെ, ഭൂരാഹിത്യം, ജാതീയമായ പിന്നാക്കാവസ്ഥ , വിദ്യാഭ്യാസ അസമത്വം ,പുരുഷമേധാവിത്തം എന്നിവ ദളിത് സ്ത്രീകളുടെ ജീവിതാവസ്ഥകളെ സവർണ്ണ സ്ത്രീയുടേതിൽ നിന്നും, സവർണ്ണ പുരുഷന്റേതിൽ നിന്നും ദളിത് പുരുഷനിൽ നിന്നും കൂടുതൽ സങ്കീർണമാക്കി മാറ്റുന്നു.ഭൂരഹിത തൊഴിലാളി എന്ന നിലയിൽ തൊഴിലു

ടമകളിൽ നിന്നുള്ള അദ്ധ്വാനപരവും, ലൈംഗികപരവുമായ ചൂഷണങ്ങൾ, കുറഞ്ഞ വേതന നിരക്ക് എന്നിവ ദളിത് സ്ത്രീ അവസ്ഥകളെ ദുർഘടമാക്കുന്നു. ജാതി നിലയിലെ പിന്നാക്കാവസ്ഥ ദളിത് പുരുഷനൊപ്പം ദളിത് സ്ത്രീയും അഭിമുഖീകരിക്കുന്ന പ്രശ്നമാണെങ്കിലും ,പുരുഷ മേധാവിത്തപരമായ സാമൂഹിക ക്രമത്തിൽ അതിന്റെ കൈമാറ്റമൂല്യം സ്ത്രീക്കും പുരുഷനും തുല്യമല്ല എന്നതാണ് വാസ്തവം . വിവേചനത്തിന്റെ ഇടങ്ങളെ മനസിലാക്കുകയും അതിനെ പൊതു സമൂഹത്തിൽ പ്രതിഫലിപ്പിക്കുവാനും ശേഷിയുള്ള ദളിത് സ്ത്രീ സാന്നിധ്യങ്ങൾ പ്രതിനിധികൾ ആകുന്നതാണ് പ്രശ്നപരിഹാരങ്ങൾക്ക് കൂടുതൽ അഭികാമ്യമായ മാർഗം .സലീന പ്രക്കാനം ,സി.കെ ജാനു ,ജി ഗോമതി തുടങ്ങിയവർ ഇത്തരം പ്രശ്നങ്ങളെ ആന്തരികവൽക്കരിച്ചവരും പ്രതിഷേധാത്മകമായി ശബ്ദം ഉയർത്തിയവരുമാണ്. എങ്കിലും കേരളത്തിലെ പൊതുസമൂഹം അവരെ അർഹിക്കുന്ന നിലയിൽ പിന്തുണച്ചില്ല എന്നതാണ് വാസ്തവം .ഭൂരാഹിത്യത്തിന്റെ, ജാതി , ലിംഗ വർണ്ണ വിവേചനത്തിന്റെ അനുഭവങ്ങളെ , പ്രവർത്തനങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും നേരിട്ടറിഞ്ഞവർക്കേ അതിനെ സംബന്ധിച്ച പരിഹാര പദ്ധതികളെ രൂപപ്പെടുത്തുവാൻ കഴിയുകയുള്ളൂ എന്നത് പരിഗണിക്കപ്പെടേണ്ട വസ്തുതയാണ്.

സ്ത്രീ പുരുഷ പ്രതിനിധ്യത്തിനൊപ്പം ഉന്നയിക്കപ്പെടേണ്ട പ്രശ്നങ്ങളിൽ ഒന്നാണ് ട്രാൻസ് ജെൻഡർ ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവരുടെ പ്രശ്നങ്ങൾ. സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും മറ്റു വിഭാഗങ്ങളെക്കാൾ ഏറ്റവും താഴെ തട്ടിൽ നിൽക്കുന്നവരാണ് ഈ വിഭാഗങ്ങൾ. 2015 ലാണ് കേരളത്തിൽ ട്രാൻസ് ജെൻഡർ പോളിസി നടപ്പിലാക്കുന്നത് .എങ്കിലും കേരളത്തിൽ അടുത്ത കാലത്തുമാത്രമായി ട്രാൻസ്ജെൻഡർ ലൈംഗിക ന്യൂനപക്ഷ വിഭാഗങ്ങളിൽ പെട്ടവരുടെ മരണങ്ങൾ കൊലപാതകങ്ങൾ എന്നിവ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്.കേരളത്തിൽ 25000 ൽ അധികം ആളുകളാണ് ട്രാൻസ്ജെൻഡർ വിഭാഗങ്ങളിൽ പെടുന്നവരായി ഉള്ളത് . ഈ വിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവയുടെ പരിഹാരങ്ങൾ തുടങ്ങിയ കാര്യങ്ങൾ കൃത്യമായി



നിർണയിക്കുവാൻ കഴിയുന്നത് അവരുടെ സാമൂഹിക സാഹചര്യങ്ങളെ മനസിലാക്കുവാൻ കഴിയുന്ന ഇതേ വിഭാഗത്തിലുള്ളവർക്ക് തന്നെയാണ്. അതെ സമയം വിദ്യാഭ്യാസപരവും ജാതീയപരവും വർണ്ണപരവുമായി പിന്നാക്കം നിൽക്കുന്ന ദളിത് ട്രാൻസ്ജെൻഡർ വിഭാഗങ്ങളെ സവിശേഷമായി കൂടി പരിഗണിക്കേണ്ടതുണ്ട് .

പ്രതിനിധാനം ആവശ്യമായി വരുന്ന ജാതി ലിംഗ വിഭാഗങ്ങളെ സാമൂഹിക സാഹചര്യങ്ങളുടെയും ജീവിത സൂചികകളുടെയും അടിസ്ഥാനത്തിൽ മനസിലാക്കുമ്പോൾ മാത്രമാണ് പ്രതിനിധാനം എന്നത് ഏറെ ഗൗരവമുള്ള വിഷയമാണെന്ന് മനസിലാക്കുവാൻ കഴിയുകയുള്ളൂ. ഭൂവുടമസ്ഥതയുടെ, വിദ്യാഭ്യാസത്തിന്റെ, വിദ്യാഭ്യാസസ്ഥാപന ഉടമസ്ഥതയുടെ, രാഷ്ട്രീയ പങ്കാളിത്തത്തിന്റെ ആകെ കണക്കിൽ ഭൂരിപക്ഷ പങ്കാളിത്തമുള്ള ,കേരളത്തിലെ നായർ വിഭാഗത്തിന് ഇടതുഭരണ തുടർച്ചയിലും അമ്പത് ശതമാനം ഓഹരി നൽകി ,വനിതാ മന്ത്രിമാരിൽ സവർണ്ണ പങ്കാളിത്തം പൂർണമായി നടപ്പിലാക്കിയ ഇടതുപക്ഷത്തോട് പ്രതിനിധാനം ഒരു പ്രശ്നമാണ് എന്ന് പറയുന്നത്, ജനാധിപത്യം എന്നത് എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ഘടന ആയതുകൊണ്ടും, ആ ഘടനയിൽ എല്ലാവിഭാഗത്തിലുള്ള മനുഷ്യരും നിലനിൽക്കുന്നു എന്നത് കൊണ്ടുമാണ്. പ്രതിനിധാനം എന്നതിന്റെ അർഥം ഏതെങ്കിലും സമുദായത്തിന്റെ പ്രബലതയുടെ പ്രതിനിധാനം എന്നാണെങ്കിൽ അതിനെ ഉൾക്കൊള്ളേണ്ട ഇടം ജനാധിപത്യമല്ല എന്ന് നമ്മുടെ രാഷ്ട്രീയ ധാരണകളെ തിരുത്തേണ്ടതുണ്ട്. ജനാധിപത്യം ശോഭിക്കേണ്ടത് ഉൾച്ചേർക്കലുകളുടെ തിളക്കം കൊണ്ടാവണം. ജനാധിപത്യത്തിന് ഇടർച്ചയുള്ളത് ഏകമാന സ്വഭാവങ്ങളോടും പ്രതിനിധാനങ്ങളോടും ആണ് .അപരത്വത്തോടുള്ള കരുതൽ കൂടിയാണത്. അതുകൊണ്ടു തന്നെ ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ പ്രതിനിധാനങ്ങളോടുള്ള വിയോജിപ്പുകൾ പ്രകടിപ്പിക്കേണ്ടതുണ്ട്. എണ്ണപ്പെടുന്നവരുടെ പട്ടികയിൽ പാർശ്വവൽക്കരിക്കപ്പെട്ടവരും ലൈംഗിക ന്യൂനപക്ഷങ്ങളും ഉണ്ടാകണം.

അതുകൊണ്ട് തന്നെ സാമൂഹിക അടിത്തട്ട് ജീവിതങ്ങൾ കണക്കിലാക്കപ്പെടേണ്ടവരല്ല എന്ന സവർണ ചിന്തയുടെ രാഷ്ട്രീയ പ്രതിഫലനം കൂടിയാണ് കേരളത്തിന്റെ പതിനഞ്ചാം നിയമസഭ എന്നതിൽ വസ്തുതാപരമായി തർക്കമുണ്ടാവില്ല.

ചർച്ചാവിഷയം



ഭാർഗവി തങ്കപ്പൻ

# രാഷ്ട്രീയത്തിലെ പെൺജീവിതങ്ങൾ:
# ഭാർഗവി തങ്കപ്പന്റെ രാഷ്ട്രീയ ജീവിതത്തെ മുൻനിർത്തിയുള്ള ആലോചനകൾ



**കെ.എസ്. ഇന്ദുലേഖ**
ഗവേഷക, മലയാളവിഭാഗം
ശ്രീശങ്കരാചാര്യ സംസ്കൃത
സർവകലാശാല, കാലടി

മറ്റെല്ലാ രംഗത്തുമെന്ന പോലെ പൊതുപ്രവർത്തനവും പുരുഷാധികാരത്തിന്റെ ഇച്ഛകൾക്കനുസരിച്ചാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. അതിനോടെതിരിട്ട് രാഷ്ട്രീയരംഗത്ത് തുടരുക സ്ത്രീകളെ സംബന്ധിച്ച് അത്രയൊന്നും എളുപ്പമല്ല. രാഷ്ട്രീയത്തിൽ തുടരുന്ന ഓരോ ഘട്ടത്തിലും പുരുഷാധിപത്യ താത്പര്യങ്ങളോടും അതുണ്ടാക്കുന്ന മൂല്യവ്യവസ്ഥയോടും നിരന്തരമായി പോരാടേണ്ടി വരുന്ന സാഹചര്യം സ്ത്രീകൾക്കുണ്ട്. കേരള രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ, അധികാരവ്യവസ്ഥയോട് കലഹിച്ച് വിജയിച്ചവരും പരാജയപ്പെട്ടു പിൻമാറിയവരുമായ നിരവധി സ്ത്രീകളെ കണ്ടെത്താനാവും.

രാഷ്ട്രീയത്തിൽ സജീവമായി നിൽക്കുന്ന സ്ത്രീകളെ വിവാദങ്ങൾ സൃഷ്ടിച്ച് ഇല്ലാതാക്കുന്ന തന്ത്രം എല്ലാക്കാലത്തും ആൺകൂട്ടം പയറ്റിയിട്ടുണ്ട്. അത്തരമൊരു വിവാദത്തിന്റെ ഫലമായി രാഷ്ട്രീയ ജീവിതം അവസാനിപ്പിക്കേണ്ടി വന്ന നേതാവായിരുന്നു ഭാർഗവി തങ്കപ്പൻ. മുപ്പതു വർഷത്തെ സജീവ രാഷ്ട്രീയ പ്രവർത്തനങ്ങളും പോരാട്ടങ്ങളും അവസാനിപ്പിച്ച് പിൻനിരയിലേക്കു മാറുമ്പോൾ ഭാർഗവിയ്ക്ക് വെറും അൻപത്തൊമ്പതു വയസ്സായിരുന്നു പ്രായം. പിന്നെയും എത്രയോ വർഷത്തെ രാഷ്ട്രീയജീവിതം അവർക്കു ബാക്കിയുണ്ടായിരുന്നു എന്നോർക്കണം.

കേരള രാഷ്ട്രീയത്തിൽ ഭാർഗവി തങ്കപ്പന്റെ സ്ഥാനമെന്തായിരുന്നു? ഏതു നിലയിലാണ് അവരുടെ ജീവിതം കേരള രാഷ്ട്രീയത്തിലിടപ്പെട്ടത്? എങ്ങനെയാണവർ രാഷ്ട്രീയ ജീവിതത്തിൽ നിന്നും നിഷ്കാസ



നം ചെയ്യപ്പെട്ടത് തുടങ്ങിയ വിഷയങ്ങളാണ് ഈ ലേഖനത്തിൽ ചർച്ച ചെയ്യുന്നത്.

**സ്ത്രീ നേതൃത്വത്തിന്റ അനിവാര്യത:**

ഐക്യകേരളത്തിലെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ കെ ആർ ഗൗരി അംഗമായിരുന്നു. അവരാണ് അക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വനിതാ മുഖമായി തീർന്നത്. എന്നാൽ ആയിരത്തി തൊള്ളായിരത്തി അറുപത്തിനാലിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പിളർപ്പു സംഭവിക്കുന്നതോടെ ഗൗരിയമ്മ സി.പി.ഐ വിട്ട് സി.പി.ഐ.(എം) നോടൊപ്പം ചേർന്നു. ഇതേ വർഷം തന്നെയാണ് കോൺഗ്രസ് പിളർന്ന് കേരളാ കോൺഗ്രസ് രൂപീകരിക്കപ്പെട്ടത്.

അറുപത്തിനാലു മുതൽ എഴുപതുവരെയുള്ള കാലം ഇരു കമ്മ്യൂണിസ്റ്റു പാർട്ടികൾക്കും കോൺഗ്രസിനും ഏറെ നിർണ്ണായകമാണ്. പിളർപ്പിനുശേഷം 1965 ൽ നടന്ന തെരെഞ്ഞെടുപ്പിൽ ഒരു കക്ഷിക്കും ഭൂരിപക്ഷം ലഭിക്കാത്തതിനെ തുടർന്ന് നിയുക്ത ജനപ്രതിനിധികൾ സത്യപ്രതിജ്ഞ ചെയ്യും മുൻപേ സഭ പിരിച്ചുവിട്ടു. അറുപത്തി നാലിലെ ആർ.ശങ്കർ മന്ത്രിസഭയുടെ പതനത്തെ തുടർന്ന് രാഷ്ട്രപതി ഭരണത്തിൻ കീഴിലായിരുന്ന കേരളം അറുപത്തിയഞ്ചിലെ തെരെഞ്ഞെടുപ്പിനു ശേഷവും രാഷ്ട്രപതി ഭരണത്തിൽ തുടരേണ്ട സാഹചര്യമുണ്ടായി.

കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പിളർപ്പിനു ശേഷം നടന്ന ആദ്യ തെരെഞ്ഞെടുപ്പിൽ സി.പി.ഐക്ക് വലിയ തിരിച്ചടി നേരിട്ടിരുന്നു. ഔപചാരികമായല്ലെങ്കിലും ചില കക്ഷികളുമായി പ്രാദേശിക നീക്കുപോക്കുകളിൽ ഏർപ്പെട്ട സി.പി.ഐ (എം) തെരെഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കിയെങ്കിലും മുന്നണി രാഷ്ട്രീയത്തിലേക്ക് പ്രവേശിക്കാൻ കക്ഷികൾ തയ്യാറായിരുന്നില്ല. 1965 ലെ തെരെഞ്ഞെടുപ്പിൽ നിന്നും പാഠമുൾക്കൊണ്ട് ഭിന്നതകൾക്ക് താൽക്കാലിക അവധി നൽകിയാണ് സി.പി.ഐ -സി.പി.ഐ.(എം) കക്ഷികൾ 1967 ലെ തെരഞ്ഞെടുപ്പിനെ നേരിട്ടത്. മുസ്ലീം ലീഗ് അടക്കമുള്ള കക്ഷികളെ ഉൾപ്പെടുത്തി സപ്തകക്ഷി മുന്നണിയായി മത്സരിച്ച അവർ മൃഗീയ ഭൂരിപക്ഷം നേടുകയും സർക്കാരുണ്ടാക്കുകയും ചെയ്തു. എന്നാൽ ഒട്ടുമേ പരിചിതമല്ലാത്ത മുന്നണി സംവിധാനത്തിനകത്ത് കക്ഷികൾ തമ്മിൽ രൂക്ഷമായ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായി വന്നതോടെ ഇ.എം.എസ്.നേതൃത്വം നൽകിയിരുന്ന മന്ത്രിസഭ താഴെ വീണു. തുടർന്ന് അതേ നിയമസഭ






യിൽ സി.അച്ച്യുതമേനോൻ മുഖ്യമന്ത്രിയായി സി.പി.ഐ നേതൃത്വത്തിലുള്ള മന്ത്രിസഭ കോൺഗ്രസുമായുള്ള സഖ്യത്തിൽ ഭരണത്തിലെത്തി.

ഇതിനു സമാന്തരമായി തന്നെയാണ് കോൺഗ്രസ് - കേരളകോൺഗ്രസ് പാർട്ടികൾ തമ്മിലുള്ള സംഘർഷങ്ങൾ കേരള രാഷ്ട്രീയത്തിൽ സജീവമായത്. ദേശീയതലത്തിലാകട്ടെ ഇന്ദിര കോൺഗ്രസ് - കോൺഗ്രസ് സിന്റിക്കേറ്റ് എന്നിങ്ങനെ കോൺഗ്രസ് രണ്ടുപക്ഷമായി മാറുകയും ചെയ്തു. ഇതിന്റെ പ്രതിഫലനങ്ങൾ ഭരണരംഗത്തും പ്രത്യക്ഷപ്പെട്ടു. ഇ.എം.എസ്സിന്റെ സപ്തകക്ഷി ഭരണകാലത്ത് കേവലം ഒമ്പത് അംഗങ്ങൾ മാത്രമുള്ള കോൺഗ്രസിനെ സഭക്കകത്ത് നയിച്ചിരുന്ന കെ.കരുണാകരൻ കോൺഗ്രസിലെ കരുത്തനായ നേതാവായി മാറി. അദ്ദേഹ

ത്തിന്റെ നേതൃത്വത്തിലാണ് എ കെ ആന്റണിയും വയലാർ രവിയുമുൾപ്പെട്ട ഒരു യുവനിര കോൺഗ്രസിൽ രൂപംകൊള്ളുന്നത്.

സി.പി.ഐ.(എം) നേക്കാൾ നിയമസഭയിലും സംഘടനാശേഷിയിലും പിന്നിലായ സി.പി.ഐയിലും പുതിയൊരു നേതൃനിരയുടെ ആവശ്യമാണ്ടായി. കെ.ആർ.ഗൗരിയെ പോലെ ഒരു പ്രമുഖ വനിതാ നേതാവ് സി.പി.ഐ.(എം) പക്ഷത്തായ സാഹചര്യത്തിൽ സി.പി.ഐക്ക് പുതിയൊരു സ്ത്രീ നേതൃത്വം അനിവാര്യമായി വന്നു. വിദ്യാസമ്പന്നയായ ഒരു ദളിത് വനിതയെ പാർലമെന്ററി രാഷ്ട്രീയത്തിലേക്ക് കൊണ്ടുവരാൻ സി.പി.ഐ.തീരുമാനിക്കുന്ന സന്ദർഭം ഇതാണ്. ഈയൊരു ഇടത്തിലേക്കാണ് ഭാർഗവി തങ്കപ്പൻ എന്ന സ്ത്രീയെ സി പി ഐ അവതരിപ്പിക്കുന്നത്. 'നമ്മുടെ പാർട്ടിയിലെ ഗൗരിയമ്മ ' എന്ന വിശേഷണത്തിന് പിൽകാലത്ത് അവർ അർഹയാകുന്നുമുണ്ട്.

### ഭാർഗവി തങ്കപ്പൻ: കുടുംബം, ജീവിതം

ആയിരത്തി തൊള്ളായിരത്തി നാല്പത്തി രണ്ടിൽ കെ ഈശ്വരന്റെയും കെ കുട്ടിയുടെയും മകളായി കൊല്ലം ജില്ലയിലെ അണ്ടൂരിലാണ് ഭാർഗവിയുടെ ജനനം. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം കൊല്ലം എസ് എൻ കോളേജിൽ നിന്ന് പൊളിറ്റിക്കൽ സയൻസിൽ ബിരുദാനന്തര ബിരുദപഠനം പൂർത്തിയാക്കി. ഉയർന്ന വിദ്യാഭ്യാസത്തിലൂടെ സർക്കാർ ജോലി നേടി കുടുംബത്തെ സംരക്ഷിക്കണമെന്നായിരുന്നു തന്റെ ജീവിതലക്ഷ്യമെന്ന് ഭാർഗവി പറയുന്നുണ്ട്.

'സ്കൂളിൽ പോകുന്ന വഴിയിൽ എന്നും ഒരു ടീച്ചറെ കാണും. കളർ കുട ചൂടി വീടിനു മുന്നിലൂടെ പോകുന്ന ടീച്ചറെ ഞാനെന്നും മനസ്സിൽ സൂക്ഷിച്ചിട്ടുണ്ട്. വളരുമ്പോൾ അവരെപ്പോലെ ഒരു ടീച്ചറാകണമെന്നായിരുന്നു എന്റെ ആഗ്രഹം. അവർ ഒരു സർക്കാർ സ്കൂളിലെ ടീച്ചറാണെന്ന് അച്ഛൻ പറഞ്ഞ് കേട്ടിട്ടുണ്ട്. '

പി ജി വിദ്യാഭ്യാസം പൂർത്തീകരിച്ച 1967 ൽ തന്നെ എ കെ തങ്കപ്പനുമായുള്ള വിവാഹം നടന്നു. പിന്നീട് കോട്ടയത്ത് താമസമാക്കിയ ഭാർഗവി, ചെറിയൊരു കാലം റബർ ബോഡിലും പിന്നീട് ഇലക്ട്രിസിറ്റിബോർഡിലും ജോലി ചെയ്തു. ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാരിയായി പ്രവർത്തിക്കുന്ന സമയത്താണ് സി പി ഐ സ്ഥാനാർത്ഥിയായി ലോക്സഭയിലേക്കു മത്സരിക്കാനുള്ള ക്ഷണം വരുന്നത്. സ്ഥിരവരുമാനമുള്ള ജോലിയുപേക്ഷിച്ച് പൊതുപ്രവർത്തന രംഗത്തേക്ക് ഇറങ്ങുവാൻ അവർക്കു താത്പര്യമുണ്ടായിരുന്നില്. തനിക്കു പകരം ഭർത്താവിനെ പരിഗണിക്കണമെന്ന് ഒരുവേള നേതൃത്വത്തോട് അവർ ആവശ്യപ്പെടുക കൂടി ചെയ്യുന്നുണ്ട്. എന്നാൽ സ്ത്രീ നേതൃത്വം എന്ന ആവശ്യത്തിൽ സി പി ഐ ഉറച്ചു നിന്നതോടെ ഭാർഗവിയും തീരുമാനമംഗീകരിക്കുകയായിരുന്നു. രാഷ്ട്രീയത്തെ സംബന്ധിച്ച് ബിരുദ - ബിരുദാന്തര തലത്തിൽ നേടിയ അറിവുകൾ ആദ്യഘട്ടത്തിലെ ആശങ്കകളെയെല്ലാം ധൈര്യപൂർവ്വം മറികടക്കാൻ അവർക്ക് ആത്മവിശ്വാസം നൽകിയ ഘടകമായിരുന്നു.

### രാഷ്ട്രീയ ജീവിതം, നേതൃത്വം:

ശ്രീമൂലം പ്രജാസഭയിൽ നിന്നാരംഭിച്ച് പതിനഞ്ചാം കേരള നിയമസഭയിൽ എത്തി നിൽക്കുന്ന കേരളത്തിന്റെ നിയമനിർമ്മാണ സഭക്ക് ഒരു നൂറ്റാണ്ടുകാലത്തെ ചരിത്രമുണ്ട്. ഐക്യകേരളം രൂപപ്പെട്ടതിനു ശേഷമുള്ള സഭാചരിത്രത്തിൽ നാല്പത്തി ഒമ്പതു സ്ത്രീകളാണ് നിയമസഭയിലേക്ക് തെരെഞ്ഞെടുക്കപ്പെട്ടത്. ആയിരത്തിതൊള്ളായിരത്തി അൻപത്തിയേഴിലെ ആദ്യ നിയമസഭയിൽ ആകെയുണ്ടായിരുന്ന നൂറ്റിയിരുപത്തിയാറ് അംഗങ്ങളിൽ ആറുപേർ സ്ത്രീകളായിരുന്നു. രണ്ടായിരത്തി ഇരുപത്തിയൊന്നിലാകട്ടെ ആകെയുള്ള നൂറ്റിനാല്പത് അംഗങ്ങളിൽ സ്ത്രീ പ്രാതിനിധ്യം പതിനൊന്നാണ്. അതായത്, അറുപത്തിനാലു വർഷത്തെ ചരിത്രത്തിൽ സ്ത്രീ പ്രാതിനിധ്യത്തിലുണ്ടായ വർദ്ധനവ് വെറും 3.09 % മാത്രം. ഇതിൽ തന്നെ ദളിത് സ്ത്രീകളുടെ പ്രാതിനിധ്യം, അഞ്ചിൽ താഴെ മാത്രമേ വരൂ.



ഐക്യകേരളം രൂപപ്പെടുന്നതിനു മുൻപ് 1945

ൽ കൊച്ചിനിയമസഭയിൽ ദാക്ഷായണി വേലായുധൻ അംഗമായിരുന്നു എന്നോർക്കണം. ഇന്ത്യയുടെ ഭരണ ഘടനാ അസംബ്ലിയിൽ അംഗമായ മലയാളിയായ ഏക ദളിത് വനിതയും അവർ തന്നെയാണ്. ദാക്ഷായണി വേലായുധന് ശേഷം കേരള നിയമസഭയിലെത്തുന്ന ആദ്യത്തെ ദളിത് സ്ത്രീയാണ് ഭാർഗവി തങ്കപ്പൻ. കേരളത്തിൽ നിന്നും ആദ്യമായി ലോക്സഭയിലേക്കു തെരെഞ്ഞെടുക്കപ്പെട്ട ദളിത് സ്ത്രീയും ഭാർഗവിയാണ്. 1971 ൽ അടൂരിൽ നിന്ന് ലോക്സഭയിലേക്കു മത്സരിക്കുമ്പോൾ ഭാർഗവിയുടെ എതിർസ്ഥാനാർത്ഥിയായി ദാക്ഷായണി വേലായുധനുമുണ്ടായിരുന്നു എന്നത് കൗതുകകരമാണ്. സി പി ഐ സ്ഥാനാർത്ഥിയായി മത്സരിച്ച ഭാർഗവി തങ്കപ്പന് തൊട്ടടുത്ത സി പി എം സ്ഥാനാർത്ഥി പി കെ കുഞ്ഞച്ചനേക്കാൾ 10,8897 വോട്ടുകൾ ലഭിച്ചു. സ്വതന്ത്രയായി മത്സരിച്ച ദാക്ഷായണി വേലായുധന് ലഭിച്ചത് 3950 വോട്ടുകളാണ്.

കേരളത്തിൽ നിന്നു ലോക്സഭയിലേക്കു തെരെഞ്ഞെടുക്കപ്പെടുന്ന ഏറ്റവും പ്രായം കുറഞ്ഞ സ്ത്രീ ഭാർഗവി തങ്കപ്പനാണ്. ആറ് വർഷത്തെ ലോക്സഭാ ജീവിതത്തിനിടയിൽ ഡൽഹിയിൽ നടന്ന സമരത്തിൽ പങ്കെടുത്ത് തീഹാർ ജയിലിലെത്തുമ്പോൾ ഭാർഗവിക്കു പ്രായം മുപ്പതു വയസ്സാണ്. തന്റെ തീഹാർ ജയിലനുഭവത്തെക്കുറിച്ച് അവർ പറയുന്നത് നോക്കുക:

പാർലമെന്റിൽ എത്തിയ ശേഷം അധികം വൈകാതെയാണ് സമരത്തിൽ പങ്കെടുക്കുന്നത്. സമരത്തിൽ പങ്കെടുത്ത എല്ലാവരെയും അറസ്റ്റു ചെയ്ത് തീഹാർ ജയിലിലേക്കു മാറ്റി. ദുരിതപൂർണ്ണമായിരുന്നു അവിടുത്തെ ജീവിതം. ഭക്ഷണമൊക്കെ അഴുക്കു തുണിയിലാണ് കൊണ്ടുവരിക. വെള്ളം കൊണ്ടുവരുന്ന ബക്കറ്റും പാത്രങ്ങളുമൊക്കെ വൃത്തിയില്ലാത്തതാണ്. ബാത്ത് റൂമിൽ വയ്ക്കുന്ന തൊട്ടിയിലാണ് പരിപ്പുകറിയൊക്കെ കൊണ്ടുവരിക. അതു കഴിക്കുക എന്നല്ലാതെ ഒന്നും ചെയ്യാൻ പറ്റില്ല.

ലോക്സഭയിൽ നിന്നു തിരിച്ചെത്തിയ ശേഷവും സജീവമായ രാഷ്ട്രീയജീവിതം ഭാർഗവി തുടരുന്നുണ്ട്. പിന്നീടുള്ള നിയമാസഭാ തെരെഞ്ഞെടുപ്പുകളിലും സമരപരിപാടികളിലും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖമായി അവർ മാറിയിരുന്നു. 1977 ൽ നടന്ന നിയമസഭാ സഭാ തെരെഞ്ഞെടുപ്പിൽ നെടുവത്തൂരിൽ നിന്നാണ് ആദ്യമായി കേരള നിയമസഭയിലേക്കു തെരെഞ്ഞെടുക്കപ്പെടുന്നത്. അഞ്ചാം കേരള നിയമസഭയിലെ ഏക സ്ത്രീ അംഗമായിരുന്നു ഭാർഗവി. ശേഷം 1980 ൽ കിളിമാനൂരിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ടു. 1982 ലെ ഏഴാം നിയമസഭയിലും 1987 ലെ എട്ടാം നിയമസഭയിലും 1996 ലെ പത്താം മന്ത്രിസഭയിലും കിളിമാനൂരിനെ പ്രതിനിധീകരിച്ചത് ഭാർഗവിയാണ്. രാജീവ് ഗാന്ധി വധത്തിനു ശേഷം 1991 ൽ നടന്ന തെരെഞ്ഞെടുപ്പിൽ ഇടതുപക്ഷ വിരുദ്ധ തരംഗമുണ്ടായപ്പോൾ മാത്രമാണ് അവർ പരാജയപ്പെട്ടത്. ഇതിനിടയിൽ എട്ടാം കേരള നിയമസഭയിലെ ഡെപ്യൂട്ടി സ്പീക്കറായും ഭാർഗവി തങ്കപ്പൻ പ്രവർത്തിച്ചു. സഭയുടെ ഉപാധ്യക്ഷ സ്ഥാനത്തു വരുന്ന മൂന്നാമത്തെയും അവസാനത്തേയും വനിത ഡെപ്യൂട്ടി സ്പീക്കറാണ് ഭാർഗവി. കെ. ഒ അയിഷ ബായിക്കും എ നഫീസത്ത് ബീവിയുമാണ് ഭാർഗവിയ്ക്കു മുമ്പ് ഡെപ്യൂട്ടി സ്പീക്കർമാർ ആയിരുന്നിട്ടുള്ളത്.



തെരെഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ മാത്രമല്ല, തൊഴിലാളികളുടെയും സ്ത്രീകളുടെയും പുരോഗതിക്കായി നിരന്തരം പ്രവർത്തിച്ച ഒരാൾ കൂടിയായിരുന്നു ഭാർഗവി തങ്കപ്പൻ. എൺപതുകളുടെ തുടക്കത്തിൽ തിരുവനന്തപുരത്ത് നടന്ന നഴ്സിങ്ങ് വിദ്യാർത്ഥികളുടെ സമരത്തിനിടയിൽ പോലീസ് സമരപ്പന്തൽ പൊളിച്ചു നീക്കിയപ്പോൾ അതിലിടപെടാനായി കമ്മ്യൂണിസ്റ്റ് പാർട്ടി ചുമതലപ്പെടുത്തിയത് ഭാർഗവിയെയാണ്. സമരക്കാരുടെ അടുക്കൽ പാഞ്ഞെത്തിയ ഭാർഗവി , സ്ഥലത്ത് നിലയുറപ്പിച്ച് പന്തൽ വീണ്ടും കെട്ടാനുള്ള ഏർപ്പാടു ചെയ്തു. വീണ്ടും പോലീസ് അക്രമമുണ്ടായേക്കുമെന്ന ഭയംകൊണ്ട് രാത്രി മുഴുവനും സമരപ്പന്തലിനു കാവലിരിക്കുക കൂടി ചെയ്യുന്നുണ്ട് അവർ. ഈ വിധം ജനങ്ങളിലേക്കിറങ്ങി ചെന്ന മറ്റൊരു സ്ത്രീ നേതാവ് അക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഉണ്ടാ



യിട്ടുണ്ടോ എന്നു സംശയിച്ചാൽ അത്ഭുതപ്പെടേണ്ട തില്ല.

**രാഷ്ട്രീയ വിവാദങ്ങളും സ്ത്രീ ജീവിതവും:**

ജനാധിപത്യമെന്നത് പുരുഷാധിപത്യമാണെന്നു വിശ്വസിക്കുകയും അതിനെ തകർക്കാനായി നിരന്തരം ശ്രമിക്കുകയും ചെയ്ത സ്ത്രീയായിരുന്നു ഭാർഗവി തങ്കപ്പൻ. സ്ത്രീകളും ദളിതരുമുൾപ്പെടുന്ന പാർശ്വവത്കൃത ജനതകൾ സമൂഹത്തിന്റെ മുൻനിരയിലേക്കെത്തുന്നതിനായി പോരാടിയ അവർക്ക് പക്ഷേ, രാഷ്ട്രീയ ജീവിതം ഏറെക്കാലം തുടരാനായില്ല. കല്ലുവാതിക്കൽ വിഷമദ്യ ദുരന്തത്തിലെ പ്രതിയായ മണിച്ചനിൽ നിന്നും മാസപ്പടി കൈപ്പറ്റിയെന്ന ആരോപണമാണ് ഭാർഗവി തങ്കപ്പന്റെ രാഷ്ട്രീയജീവിതം അവസാനിപ്പിക്കുന്നതിലേക്കു നയിച്ചത്. മണിച്ചന്റെ ഡയറിയിൽ പല പ്രമുഖ രാഷ്ട്രീയ നേതാക്കൾക്കുമൊപ്പം ഭാർഗവിയുടെ പേരും കണ്ടതാണ് ആരോപണത്തിന്റെ അടിസ്ഥാനമായത്. ഭാർഗവിക്കെതിരെ പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്ന വിപി മോഹൻകുമാർ കമ്മീഷന്റെ കണ്ടെത്തലിനെ തുടർന്ന് 2002 ൽ സി പി ഐ അവരെ പാർട്ടിയിൽ നിന്നും പുറത്താക്കുകയായിരുന്നു. എന്നാൽ മൂന്നു വർഷം നീണ്ടു നിന്ന നിയമയുദ്ധത്തിനൊടുവിൽ തന്റെ നിരപരാധിത്വം തെളിയിക്കാൻ ഭാർഗവിയ്ക്കു സാധിച്ചതിനെ തുടർന്ന് പാർട്ടിയിലേക്കു തിരിച്ചെത്തിയെങ്കിലും സജീവരാഷ്ട്രീയം തുടരാൻ അവർക്കു സാധിച്ചില്ല. മണിച്ചന്റെ ഡയറിയിൽ പേരുണ്ടായിരുന്ന കടകംപള്ളി സുരേന്ദ്രനടക്കമുള്ള നേതാക്കൾ രാഷ്ട്രീയത്തിൽ സജീവമാകുകയും പാർട്ടിയുടെ ഉന്നതസ്ഥാനങ്ങളിൽ എത്തുകയും ചെയ്തിട്ടും ഭാർഗവിയ്ക്ക് അതു സാധിക്കാതെ പോയത് അവരുടെ ദളിത്- സ്ത്രീ സ്വത്വങ്ങൾകൊണ്ടു മാത്രമാണ്.

പുരുഷൻ എന്നതു തന്നെ ഒരു പ്രിവിലേജാണ്. ഏതു വിവാദങ്ങളെയും നേരിടാനും അതിൽ നിന്നു പുറത്തു കടക്കാനും ഇതവരെ സഹായിക്കുന്നുണ്ട്. വിവാദങ്ങളിൽ പ്രതിയായി ആരോപിക്കപ്പെടുന്ന സ്ത്രീയ്ക്കും പുരുഷനും ഒരേ പ്രതികരണമല്ല സമൂഹത്തിൽ നിന്നും ലഭിക്കുന്നത്. അവകാശപ്പെട്ടാലുമില്ലെങ്കിലും ലഭിക്കുന്ന ഈയൊരു പ്രിവിലേജിനു പുറത്താണ് പുരുഷൻമാർ തങ്ങളുടെ ജീവിതം കെട്ടിയുണ്ടാക്കുന്നത്. സാമൂഹികവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങൾ തുടരുന്നതിൽ നിന്ന് ഒരു വിവാദങ്ങളും പുരുഷനെ തടയുന്നില്ലെന്നു സാരം.

എന്നാൽ സ്ത്രീയവസ്ഥ മറ്റൊന്നാണ്. വിവാദങ്ങളിൽ സ്ത്രീകൾ പ്രതിസ്ഥാനത്തായാലും ഇരയുടെ സ്ഥാനത്തായാലും സമൂഹം പ്രതികരിക്കുന്നത് സ്ത്രീവിരുദ്ധമായിട്ടായിരിക്കും എന്നാണ് പൊതുവായ അനുഭവം. അതുകൊണ്ടാണ് സമൂഹവും സാമൂഹിക സ്ഥാപനങ്ങളും പുരുഷാധിപത്യപരമായിട്ടാണ് നിലനിൽക്കുന്നതെന്നു പറയേണ്ടി വരുന്നത്. ഈയൊരു വൈരുദ്ധ്യം ഭാർഗവി തങ്കപ്പന്റെ ജീവിതത്തിലും കാണാം. നിരപരാധിത്വം തെളിയിക്കപ്പെട്ട ശേഷ



വും ഭാർഗവി തങ്കപ്പൻ എന്ന പേരിനൊപ്പം അവരുടെ മുഴുവൻ രാഷ്ട്രീയ ഇടപെടലുകളെയും റദ്ദാക്കികൊണ്ട് പഴയ വിവാദകഥയാണ് ഉയർന്നു വരുന്നത്. സ്ത്രീയ്ക്കു മാത്രം സംഭവിക്കുന്ന ദുരവസ്ഥയാണത്. ഗൗരിയമ്മയ്ക്കു ശേഷം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നു മന്ത്രിസഭയിലെത്താൻ സാധ്യതയും അർഹതയുമുണ്ടായ സ്ത്രീയെ വ്യക്തിഹത്യയും വിവാദങ്ങളും മറയാക്കി രാഷ്ട്രീയത്തിൽ നിന്നും നിഷ്കാസനം ചെയ്തത് സമൂഹത്തിലെ പുരുഷാധിപത്യപരവും സ്ത്രീവിരുദ്ധവുമായ താത്പര്യങ്ങളുമാണെന്ന് പറയേണ്ടി വരുന്നത് അതുകൊണ്ടാണ്.

ചർച്ചാവിഷയം



**മരിയ സണ്ണി**
രണ്ടാം വർഷ എം.എ. മലയാളം
ശ്രീ ശങ്കരാചാര്യ സംസ്കൃത
സർവകലാശാല കാലടി

# "കേരം തിങ്ങും കേരളനാട്....." –

## ഇന്നും പൂർത്തീകരിക്കാനാവാത്ത ചില മുദ്രാവാക്യങ്ങൾ





കേരള സംസ്ഥാന രൂപീകരണത്തിന്റെ അറുപത്തഞ്ച് ആണ്ടു പിന്നിടുമ്പോഴും ഒരു വനിതാ മുഖ്യമന്ത്രി പോലും നമുക്ക് ഇല്ലാതെ പോയതെന്തുകൊണ്ടാണ്? മികച്ച സ്ത്രീകൾ ഇല്ലാതിരുന്നിട്ടോ അതോ ആരെങ്കിലും ഈ ലക്ഷ്യത്തിനു അതിരുകൾ നിശ്ചയിച്ചതുകൊണ്ടോ?മികച്ച സ്ത്രീകൾ ഇല്ലാതിരുന്നതല്ല എന്ന് അടിസ്ഥാനപൊതുബോധമുള്ള ആരും ഇന്ന് സമ്മതിക്കും.സമാനതകൾ ഇല്ലാത്ത വിധം കേരളചരിത്രത്തിൽ ഉയർന്നുനിൽക്കുന്ന സ്ത്രീസാന്നിധ്യമാണ് കളത്തിൽ പറമ്പിൽ രാമൻ ഗൗരിയമ്മ എന്ന കെ.ആർ.ഗൗരിയമ്മ. ആധുനിക കേരളസൃഷ്ടിയിൽ മുഖ്യ പങ്ക് വഹിച്ച ഗൗരിയമ്മ ആദ്യകേരളനിയമാസഭയിലെ ഏക വനിതാ മന്ത്രി, ആദ്യ വനിതാമന്ത്രി എന്നീ വിശേഷണങ്ങൾക്കപ്പുറം കേരളത്തിന്റെ പുരോഗമനയാത്രയിലെ ഒരു നിർണായക സ്ഥാനമായി അടയാളപ്പെടുത്തപ്പെട്ടോ എന്നത് സംശയമാണ്. എന്തുകൊണ്ടാവാം ഇത്രയേറെ ഒരു ജനതയുടെ ഉയർച്ചക്കായി നിയമനിർമ്മാണങ്ങളിലൂടെയും ശക്തമായ രാഷ്ട്രീയ ഇടപെടലുകളിലൂടെയും ഉറച്ച നിലപാടുകളിലൂടെയും കേരളചത്രത്തിന്റെ സവിശേഷ ഗതികളെ നിർണയിക്കുകയും നിയന്ത്രിക്കുകയും ചെയ്ത സ്ത്രീകൾ ചില വനിതാ വിശേഷണങ്ങളിൽ മാത്രം ഒതുങ്ങിപോവുന്നത്..

1919 ജൂലൈ 14 നു ആലപ്പുഴ ജില്ലയിലെ ചാത്തനാട് ജനിച്ച ഗൗരിയമ്മയുടെ ജീവിതം അക്ഷരാർഥത്തിൽ ഐതിഹാസികമെന്നുതന്നെ വിശേഷിപ്പിക്കാവുന്ന ഒന്നാണ്. നൂറ്റിരണ്ടാം വയസ്സിൽ മരണത്തിനു കീഴ്പ്പെടുംവരെ അവർ രാഷ്ട്രീയത്തിനായി നിലകൊ

**അരികുവത്കരിക്കപ്പെട്ടവർക്ക് നിയമസഭയിൽ ദൃശ്യത നൽകുന്നതിന് ഒരു സ്ത്രീ സാമാജികയേക്കാൾ മറ്റാർക്കാണ് സാധിക്കുക. ഇതു അതിവൈകരികതയിൽ പിറന്ന ഒരു അലങ്കരവാക്യമല്ല. പിൽക്കാല ചരിത്രം പരിശോധിക്കുമ്പോൾ ഇതിനുള്ള സാധുത കണ്ടെത്താനാവും.1996 ലെ കുടിയേറ്റക്കാർക്കും ആദിവാസികൾക്കും ഒരേ അവകാശങ്ങൾ നൽകുന്ന നിയമത്തെ പ്രതിപക്ഷവും ഭരണപക്ഷവും ഒരുപോലെ അംഗീകരിച്ചപ്പോൾ ഒറ്റക്ക് നിന്ന് എതിർക്കുന്നുണ്ട് ഗൗരിയമ്മ.**



കേരള സംസ്ഥാനത്തിന്റെ ആദ്യ മന്ത്രിസഭ

ണ്ടു. അവരുടെ ജീവിതം കേരളത്തിന്റെ ചരിത്രമാണ്. അവർണ്ണ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രാഥമികവിദ്യാഭ്യാസം പോലും ദുസ്സഹമായിരുന്ന കാലത്ത് ഈഴവ സമുദായത്തിലെ ഒരു പെൺകുട്ടി ബി.എ.ബി.എൽ.ബിരുദധാരിയായത് തെല്ലത്ഭുതത്തോടും അതിലേറെ ആദരവോടും മാത്രമേ കാണാനാവുന്നൊള്ളു. താൻ ആർജിച്ച ഉന്നത വിദ്യാഭ്യാസം കൊണ്ട് ലഭിക്കുമായിരുന്ന ഔദ്യോഗിക പദവികളും സുരക്ഷിതജീവിതവും അപ്പാടെ തിരസ്കരിച്ചുകൊണ്ടാണ് അവരുടെ രാഷ്ട്രീയ പ്രവേശം. മുന്നിൽ വച്ചുനീട്ടിയ മജിസ്ട്രേറ്റ് പദവി പോലും വേണ്ടന്ന് വച്ചുകൊണ്ടാണ് രാഷ്ട്രീയമായ അധികാരപദവികളിൽ എത്തുമെന്ന പ്രതീക്ഷപോലുമില്ലാതിരുന്ന കാലത്ത് നിസ്വാർത്ഥ രാഷ്ട്രീയ പ്രവർത്തനം അവർ തിരഞ്ഞെടുത്തത്. പരമ്പരാഗതമായ സ്ത്രൈണാനുഭവ ലോകങ്ങളെ പൂർണമായും നിരാകരിച്ചുകൊണ്ട് രാഷ്ട്രീയമായി സ്വയം നിർണയ ശേഷിയുള്ള വ്യക്തിത്വത്തിലേക്കുള്ള ഒരു സ്ത്രീയുടെ തിരഞ്ഞെടുപ്പ് കേരളചരിത്രത്തെ തന്നെ മാറ്റിനിർമ്മിക്കുന്ന കാഴ്ച്ചയാണ് പിന്നീട് കാണുന്നത്.1952 മുതൽ തിരു-കൊച്ചി നിയമാസഭാഗം ആയി ആരംഭിച്ച രാഷ്ട്രീയ ജീവിതത്തിൽ അവർ വഹിച്ച ചുമതലകളും പദവികളും ഏറെയാണ്. അധികാരകേന്ദ്രങ്ങളിൽ നിന്നും അകലങ്ങളിലേക്ക് മാറ്റിനിർത്തപ്പെട്ട ഒരു സമൂഹത്തിന്റെ പ്രതിനിധിയായി നിയമനിർമ്മാണ സഭയിലെത്തുന്ന സ്ത്രീക്ക് ഏതുവിധത്തിൽ ആ വിഭാഗത്തിന്റെയും ഒപ്പം മുഴുവൻ അടിസ്ഥാന ജനവിഭാഗങ്ങളുടെയും ജീവിതങ്ങളിൽ മാറ്റം വരുത്താനാകും എന്നത് ശ്രദ്ധേയമാണ്.


തിരു-കൊച്ചി നിയമാസഭാംഗം ആയിരിക്കെ പ്രസവമെടുക്കുന്ന വയറ്റാട്ടികൾക്കു വേണ്ടി നിയമസഭയിൽ സംസാരിച്ച വ്യക്തിയാണ് ഗൗരിയമ്മ. അതിനു മുമ്പ് അത്തരം ഒരു വിഭാഗത്തെയോ അവരുടെ അവകാശങ്ങളെയോ പറ്റി അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവർ ചിന്തിച്ചിരുന്നൊ എന്നുപോലും സംശയമാണ്. അരികുവത്കരിക്കപ്പെട്ടവർക്ക് നിയമസഭയിൽ ദൃശ്യത നൽകുന്നതിന് ഒരു സ്ത്രീ സാമാജികയേക്കാൾ മറ്റാർക്കാണ് സാധിക്കുക. ഇതു അതിവൈകരികതയിൽ പിറന്ന ഒരു അലങ്കരവാക്യമല്ല. പിൽക്കാല ചരിത്രം പരിശോധിക്കുമ്പോൾ ഇതിനുള്ള സാധുത കണ്ടെത്താനാവും.1996 ഇലെ കുടിയേറ്റക്കാർക്കും ആദിവാസികൾക്കും ഒരേ അവകാശങ്ങൾ നൽകുന്ന നിയമത്തെ പ്രതിപക്ഷവും ഭരണപക്ഷവും ഒരുപോലെ അംഗീകരിച്ചപ്പോൾ ഒറ്റക്ക് നിന്ന് എതിർക്കുന്നു

ണ്ട് ഗൗരിയമ്മ. നിങ്ങൾക്ക് വോട്ടാണ് പ്രശ്നം, നീതിയല്ല എന്ന് ഇരുപക്ഷത്തെയും ചൂണ്ടി പറയാൻ പോന്ന നൈതികത ആ സ്ത്രീക്കുണ്ടായിരുന്നു. കൃത്യമായി ദളിത് പക്ഷത്ത് നിലയുറപ്പിക്കുന്ന കക്ഷിരാഷ്ട്രീയത്തിന് അധീതമായ രാഷ്ട്രീയബോധമാണ് അവരിൽ കാണാനാകുക.

ആധുനിക കേരളത്തെ രൂപപ്പെടുത്തിയ സുപ്രധാന നിയമനിർമ്മാണങ്ങളെല്ലാം ഗൗരിയമ്മയുടെ കൈകളിലൂടെ കടന്നുവന്നിട്ടുള്ളവയാണ്. ജന്മിത്തത്തിൽ നിന്നുള്ള മോചനം ആധികാരികമായി പ്രാവർത്തികമാകുന്നത് ഭൂപരിഷ്കരണ നിയമത്തിലൂടെയാണ്.ആധുനിക സാമൂഹിക രൂപീകരണത്തിന്റെ അടിസ്ഥാനമായി മാറിയ ഭൂപരിഷ്കരണ ബില്ല് കേരള നിയമസഭയിൽ പാസാക്കിയത് കെ.ആർ.ഗൗരിയമ്മയാണ്. സ്ത്രീകളുടെ അവകാശസംരക്ഷണത്തിനായി വനിതാ കമ്മീഷൻ ആക്റ്റ് നടപ്പിലാക്കിയതും തികഞ്ഞ ജനാധിപത്യ ബോധമുള്ള ഒരു രാഷ്ട്രീയപ്രവർത്തകയിലൂടെയായിരുന്നു എന്നത് ശ്രദ്ധേയമാണ്. ഭരണ നിർവഹണത്തിലും നിയമനിർമ്മാണങ്ങളിലും ഒരു സ്ത്രീ എന്ന നിലയിലുള്ളസംവരണങ്ങൾക്കുമപ്പുറമായിരുന്നു അ വരുടെ കർമ്മശേഷി. തിരു-കൊച്ചി നിയമസഭയിൽ പ്രതിപക്ഷ അംഗമായിരിക്കുമ്പോൾ അടിയന്തര ഘട്ടങ്ങളിൽ അവർ നടത്തിയ ഇടപെടലുകൾ ഏറെ പ്രധാന്യമർഹിക്കുന്നവയാണ്. സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്ന യാതൊരു മുന്നനുഭവങ്ങളുമില്ലാത്ത ഒരു ഘട്ടത്തെ എത്ര ക്രിയാത്മകമായാണ് ഗൗരിയമ്മ നേരിടുന്നത് എന്നത് ഈ സമകാല സന്ദർഭത്തിൽ ഓർമിക്കപ്പെടേണ്ടത് തന്നെയാണ്. വസൂരിരോഗമുള്ള വീടുകളിലുള്ളവർ പുറത്തിറങ്ങരുതെന്നും ആളുകൾ പൊതുസ്ഥലങ്ങളിൽ കൂട്ടം കൂടരുതെന്നും വാഹനത്തിൽ അനൗൺസെമെന്റ് നടത്തണമെന്നും ഇവ പരിശോധിക്കാൻ പോലീസുകാരെ നിയോഗിക്കണമെന്നും പട്ടിണി കിടക്കുന്നവരിലേക്ക് അരിയെത്തിക്കണമെന്നും നിയമസഭയിൽ ആദ്യമായി ഒരു നിർദ്ദേശം മുന്നോട്ടു വെക്കുന്നു. ഭരണ നിർവഹണത്തിൽ ഒരു സ്ത്രീ പുലർത്തുന്ന ജാഗ്രത അടിസ്ഥാന ജനവിഭാഗത്തിന്റെ ജീവിതദുരിതങ്ങളെക്കൂടി സ്പർശിക്കുന്ന വിധത്തിൽ മാറുന്നുന്നുണ്ട്.

ഭരണത്തിന്റെ കേന്ദ്രസ്ഥാനത്തേക്ക് എത്താൻ ഇത്രയേറെ വൈദഗ്ധ്യം തെളിച്ച ഒരു വനിതക്ക് പോലും സാധിക്കാതെ പോയതിനു പിന്നിലെ കാരണങ്ങൾ എന്താവാം.. വ്യവസ്ഥാപിത ജാതിശ്രേണിയിലെ പിന്നോക്കാവസ്ഥയാണോ ഇന്നും നിലനിൽക്കുന്ന പുരുഷമേധാവിത്വമാണോ അതിന് തടസം നിന്നത് എന്ന സങ്കീർണമായ ഒരു ചോദ്യം നിലനിലക്കുന്നുണ്ട്. ദലിത് സ്ത്രീകൾ നേരിടുന്ന മൂന്ന് തരം കീഴാളതകളെ കുറിച്ച് ദളിത് ഫെമിനിസം ചൂണ്ടിക്കാണിക്കുന്നുണ്ട്. ഒരു ദലിതായതിന്റെ കീഴാളത, ഒരു സ്ത്രീ എന്ന നിലയിലുള്ള കീഴാളത, ഒരു ദളിത് സ്ത്രീ എന്ന നിലയിലുള്ള ഇരട്ട കീഴാളത എന്നിവയാണ് അവ.ഈ മൂന്ന് തരത്തിലുള്ള അടിച്ചമർത്തലുകൾക്കും തന്റെ ഔദ്യോഗിക രാഷ്ട്രീയ ജീവിതത്തിൽ ഗൗരിയമ്മ വിധേയയാകുന്നുണ്ട്. ദളിത് എന്ന് പൊതുവിൽ വ്യവഹരിക്കപ്പെടുന്ന ജാതികോളങ്ങളിൽ ഉൾപ്പെടുന്നില്ലെങ്കിലും സവർണ്ണ ജാതികളിൽ ഉൾപ്പെടാത്ത ഈഴവ സമുദായാംഗം എന്ന നിലയിലുള്ള കീഴാളത അവർക്ക് കല്പിച്ചുനല്കിയിരുന്നു എന്നത് യാഥാർഥ്യമാണ്. ജാതിമത സമവാക്യങ്ങളെ മറികടന്ന് നേതൃസ്ഥാനത്തെത്തണമെങ്കിൽ തീർച്ചയായും ലിംഗപദവിയുടെ ആനുകൂല്യമെങ്കിലും ചുരുങ്ങിയത് അനിവാര്യമാണല്ലോ.. കേരളനിയമാസഭയിൽ ഇതുവരെ ആകെ എട്ട് വനിതാ മന്ത്രിമാരാണ് ഉണ്ടായിട്ടുള്ളത്. കെ.ആർ. ഗൗരിയമ്മ, എം.കമലം, എം.ടി.പദ്മ, സുശീല ഗോപാലൻ, പി.കെ.ശ്രീമതി, പി.കെ.ജയലക്ഷ്മി, കെ.കെ.ഷൈലജ, ജെ.മേഴ്സിക്കുട്ടിയമ്മ എന്നിവരാണ് അവർ. കേരളരാഷ്ട്രീയ ചരിത്രത്തിൽ അത്രയൊന്നും പരമാർശിച്ചു കണ്ടിട്ടില്ലാത്ത ഈ വനിതാമന്ത്രിമാരെ പേരെടുത്ത് അടയാളപ്പെടുത്തുക എന്നത് തന്നെ വലിയൊരു ചരിത്ര പ്രക്രിയയായും ദൗത്യമായും കാണുന്നു. പുരുഷവോട്ടർമാരെക്കാൾ സ്ത്രീവോട്ടർമാരുള്ള കേരളത്തിൽ ജനപ്രതിനിധികളുടെ ആനുപാത കണക്ക് നോക്കിയാൽ അത് തീരെ പ്രകടമാകുന്നില്ല. സമത്വം സാക്ഷാത്കരിക്കപ്പെടുന്നത് പ്രധിനിത്യം ഉറപ്പുവരുത്തുമ്പോൾ തന്നെയാണ്. അത് പേരിനുള്ള ചില ദൗത്യങ്ങൾ ഏല്പിക്കുന്നതിൽ മാത്രമായി ഒതുങ്ങുന്നതിനു പകരം താക്കോൽ സ്ഥാനങ്ങളിൽ പ്രധിനിത്യം നല്കുന്നതിലേക്ക് ഉയരേണ്ടതുണ്ട്. സമീപഭാവിയിൽ ഒരു വനിതാ മുഖ്യമന്ത്രി കേരളത്തിനുണ്ടാവേണ്ടത് ജനാധിപത്യത്തിന്റെ മൗലീകതയാണ്, നീതിയാണ്. ഗൗരിയമ്മയിലൂടെ അത് സാധിക്കപ്പെടാതെ പോയത് സവർണ്ണ മേൽക്കോയ്മയെയും ലിംഗവിവേചനത്തെയും മറികടക്കാൻ സംഘടനാ വ്യവസ്ഥക്ക് കഴിയാതിരുന്നതിനാലാണ്. സംവരണത്തിന്റെ ആനുകൂല്യത്തിലല്ല മറിച്ച് കഴിവിന്റെയും നേതൃപാടവത്തിന്റെയും പിൻബലത്തിലാണ് ഗൗരിയമ്മ അംഗീകരിക്കപ്പെടുന്നത്. ഇതേ അളവുകോലിൽ ഇന്നും ആ സ്ഥാനത്തേക്ക് എത്താനാവുന്ന വനിതകൾ നിയമസഭയിലും പൊതുപ്രവർത്തന രംഗത്തുമുണ്ട്. ചില വിശേഷണങ്ങളിൽ മാത്രം ചുരുക്കിക്കളയാവുന്ന നാമരൂപങ്ങളായി ചരിത്രത്തിലും വർത്തമാനത്തിലും ഇനിയും ഈ സ്ത്രീകൾ അവശേഷിച്ചുകൂടാ.ക്രിയാത്മകമായ രാഷ്ട്രീയ ഇടപെടലുകളാൽ അവർ അടയാളപ്പെടുത്തപ്പെടണം. കേരം തിങ്ങും കേരളനാട് ഭരിക്കാൻ ഗൗരിയമ്മയുടെ പിന്മുറക്കാർക്കെങ്കിലും സാധിക്കട്ടെ..





**രേണു രാംനാഥ്**
പത്രപ്രവർത്തക, നാടക കലാപ്രവർത്തക

# കേരള രാഷ്ട്രീയത്തിൽ ഡോ. ആർ. ബിന്ദുവിന്റെ സ്ഥാനം എന്താണ്?

രാഷ്ട്രീയത്തിലെ സ്ത്രീയുടെ ഇടമെന്നത് തെരഞ്ഞെടുപ്പിൽ ലഭിക്കുന്ന സീറ്റിന്റെയും, വിജയത്തിന്റെയും, കിട്ടാവുന്ന പദവികളുടെയും മാദ്ധ്യമശ്രദ്ധയുടെയും സാമൂഹ്യമാധ്യമങ്ങളിലെ ഫോളോവേഴ്സിന്റെയും അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യുന്ന വർത്തമാന കാലത്ത്, ഡോ. ആർ. ബിന്ദുവിനു ഉന്നതവിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പുകളുടെ ചുമതലയുള്ള മന്ത്രിയെന്ന നിലയിൽ തന്റെ സ്ഥാനം അടയാളപ്പെടുത്താൻ മാസങ്ങളോ, വർഷങ്ങൾ തന്നെയോ എടുക്കും.

പക്ഷെ, ഡോ. ആർ. ബിന്ദുവെന്ന രാഷ്ട്രീയപ്രവർത്തകയെ സംബന്ധിച്ച് ഈ പദവികളും അതിനെത്തുടർന്നു വരാവുന്ന മാധ്യമശ്രദ്ധയുമെല്ലാം, പതിറ്റാണ്ടുകളായി തുടർന്നു പോരുന്ന നിരന്തരമായ പൊതുപ്രവർത്തനജീവിതത്തിന്റെ തുടർച്ച മാത്രമാണു. ഡോ. ബിന്ദുവിനെ സംബന്ധിച്ചു മാത്രമല്ല, രാഷ്ട്രീയരംഗത്തുള്ള ഒട്ടുമിക്ക സ്ത്രീകളെ സംബന്ധിച്ചും ഇതാണു യാഥാർത്ഥ്യം. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു മാത്രം പൊതുരംഗപ്രവേശനം നടത്തുന്നവർ ഇല്ലെന്നില്ല. പക്ഷെ, രാഷ്ട്രീയം ജീവിതവഴിയായി തെരഞ്ഞെടുത്ത സ്ത്രീകളുടെ കാര്യമാണു.

ഡോ. ബിന്ദുവിനെ സംബന്ധിച്ച് രാഷ്ട്രീയജീവിതമെന്നത് വീട്ടിൽ നിന്നു തന്നെ ആരംഭിച്ച ഒന്നായിരുന്നു. 1950-കളിൽ അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെ നാളുകൾ മുതൽ സജീവ പ്രവർത്തകനായിരുന്ന ഇരിങ്ങാലക്കുട സ്വദേശി എൻ. രാധാകൃഷ്ണനെന്ന അദ്ധ്യാപകനെ സംബന്ധിച്ച്, മകൾക്ക് രാഷ്ട്രീയപാഠങ്ങൾ ചൊല്ലിക്കൊടുക്കലും പൊതുപ്രവർത്തനത്തിന്റെ ഭാഗമായിരുന്നു. കമ്യൂണിസ്റ്റ് പാർട്ടീയിലെ പിളർപ്പിനു ശേഷം സിപി എമ്മിൽ നിലയുറപ്പിച്ച രാധാകൃഷ്ണൻ മാഷ് ലോക്കൽ കമ്മറ്റി സെക്രട്ടറിയും, ഇരിങ്ങാലക്കുട മുനിസിപ്പൽ കൗൺസിലറുമൊക്കെയായി. രാധാകൃഷ്ണൻ മാഷുടെ രാഷ്ട്രീയപ്രവർത്തനം പക്ഷെ, പ്രാദേശീകതലത്തിൽ ഒതുങ്ങി നിന്നു.

ഡോ. ആർ. ബിന്ദുവിനെക്കുറിച്ചുള്ള എന്തു കുറിപ്പും എന്നെ സംബന്ധിച്ച് വ്യക്തിപരമാവാതെ തരമില്ല. ഒരുമിച്ചു പഠിച്ച്, ഒരുമിച്ചു വളർന്ന സുഹൃത്തുക്കളും സഖാക്കളുമായിരുന്നു എന്റെ അച്ഛൻ കെ. വി. രാമനാഥനും, രാധാകൃഷ്ണൻ മാഷും. ഒരേ സ്കൂളിൽ അദ്ധ്യാപകരും പ്രധാനാദ്ധ്യാപകരും ആയിരുന്ന അവർ പാർട്ടി പിളർപ്പിനു ശേഷം പക്ഷെ, രണ്ടു ചേരികളിലായെന്നു മാത്രം. അത് സൗഹൃദത്തിനെയൊട്ട് ബാധിച്ചുമില്ല.

സ്കൂൾ കാലഘട്ടത്തിൽ എന്റെ മാത്രമല്ല, ഇരിങ്ങാലക്കുടയിലെ ഞങ്ങളുടെ തലമുറയിലെ സകല പെൺകുട്ടികളുടെയും ആരാധനാപാത്രമായിരുന്നു ബിന്ദു. മൂന്ന് ക്ലാസ് താഴെയായിരുന്ന എന്നെ സംബന്ധിച്ച് പെർഫെക്റ്റ് റോൾ മോഡൽ. അമ്മ ശാന്ത ടീച്ചറുടെ നാടായ കൊടുങ്ങല്ലൂരിൽ നിന്ന് ഇരിങ്ങാലക്കുട ഗവ. ഗേൾസ് സ്കൂളിൽ ബിന്ദുവെത്തുന്നത് ഒമ്പതാം

ക്ലാസിൽ പഠിക്കുമ്പോഴായിരുന്നു. ആ വർഷവും, അതിനടുത്ത വർഷവും സ്കൂൾ ലീഡർ. ഇരിങ്ങാലക്കുടയിൽ മുന്തിയവരുടെ പെൺമക്കളൊക്കെ അന്ന് പഠിച്ചിരുന്നത് ലിറ്റിൽ ഫ്ലവർ കോൺവെന്റിലായിരുന്നു. പച്ചപ്പാവാടയും വെള്ള ബ്ലൗസുമിട്ട്, പച്ച റിബ്ബൺ കൊണ്ട് മുട മെടഞ്ഞിട്ട് കെട്ടിപ്പോയിരുന്ന കോൺവെന്റ് വിദ്യാർത്ഥിനികൾക്ക് കടും നീലപ്പാവാടയിട്ട് മുടി തോന്നിയപോലെ കെട്ടി നടന്നിരുന്ന ഞങ്ങൾ 'ഗേൾസ്കൂളുകാരെ' അത്യാവശ്യം പുച്ഛമായിരുന്നു. ഗവ. ഗേൾസ് സ്കൂൾ നിൽക്കുന്ന പ്രദേശമായ 'ചെട്ടിപ്പറമ്പ്' എന്ന സ്ഥലപ്പേരു ചേർത്താണു ഞങ്ങളുടെ സ്കൂളിനെ പരിഷ്കാരികൾ പുച്ഛിച്ചിരുന്നത്. 'ചെട്ടിപ്പറമ്പുകാർ' എല്ലായ്പോഴും പഠനത്തിലും എസ് എസ് എൽ സി റിസൾട്ടിലും, യുവജനോത്സവസ്കോറിലുമെല്ലാം രണ്ടടി പുറകിൽ നിന്നു. മക്കളെ സർക്കാർ സ്കൂളിൽ, മലയാളം മീഡിയത്തിൽ തന്നെ പഠിപ്പിക്കുമെന്ന് വാശി പിടിച്ചിരുന്ന എന്റെ അച്ഛനെയും രാധാകൃഷ്ണൻ മാഷെയും പോലുള്ള അദ്ധ്യാപകർ മാത്രമേ തങ്ങളുടെ മക്കളെ അന്ന് സർക്കാർ സ്കൂളിലേക്ക് വിടാറുള്ളൂ. പൊതുവെ, പഠനത്തിൽ വളരെ പിന്നോക്കമായ, ഏറ്റവും ദരിദ്രമായ വീടുകളിൽ നിന്നു വരുന്നവരായിരുന്നു ഞങ്ങളുടെ സഹപാഠികളധികവും. പരുക്കൻ നീലക്കോട്ടൺ പാവാടയും വെള്ള ബ്ലൗസും എല്ലാ സാമ്പത്തികാവസ്ഥകളെയും ഒന്നാക്കി. വഴിയിലൂടെ പോകുമ്പോൾ, 'ദേ ചെട്ടിപ്പറമ്പുകാർ..' എന്ന പുച്ഛവാക്കുകൾ ഞങ്ങളൊക്കെ കേൾക്കുന്നുണ്ടായിരുന്നു. എന്റെ അമ്മയും 'ചെട്ടിപ്പറമ്പിലെ' ഫിസിക്സ് ടീച്ചറായിരുന്നു. ബിന്ദുവിന്റെ അമ്മ ശാന്ത ടീച്ചർ നടവരമ്പ് സ്കൂളിലെ കെമിസ്ട്രി ടീച്ചറും. സർക്കാർ സ്കൂളിലെ വിദ്യാർത്ഥിനികളാണെന്നതിൽ ഞങ്ങൾ അഭിമാനിക്കുകയാണു വേണ്ടതെന്ന പാഠവും അച്ഛനമ്മമാർ ചെറുപ്പത്തിലേ പഠിപ്പിച്ചിരുന്നതു കൊണ്ട് പരിഹാസങ്ങൾ ഞങ്ങളെയൊന്നും ബാധിച്ചതുമില്ല.

രാധാകൃഷ്ണൻ മാഷുടെ മകൾ ആർ. ബിന്ദുവെന്ന ബിന്ദേച്ചി സ്കൂൾ ലീഡറായതോടെ 'ചെട്ടിപ്പറമ്പുകാരായ' ഞങ്ങൾക്ക് ശരിക്കും അഭിമാനിക്കാനുള്ള എന്തൊക്കെയോ കൈവന്നുവെന്ന് കുട്ടികൾക്കൊക്കെ തോന്നാൻ തുടങ്ങി.




അത്രക്കും താരമായിരുന്നു ബിന്ദു വന്ന്. പ്രസംഗം, കഥാരചന, കവിതാരചന, ഉപന്യാസം, കഥകളി എല്ലാറ്റിനും ഒന്നാം സമ്മാനം. ആ വർഷം, ചരിത്രത്തിലാദ്യമായി ഞങ്ങളുടെ സ്കൂൾ ഉപജില്ലാ കലോത്സവത്തിനു ഓവറോൾ ട്രോഫി നേടി. അന്നത്തെ എന്റെയൊപ്പം ഉയരമുള്ള ആ കൂറ്റൻ ട്രോഫി രാത്രി വൈകിയ വേളയിൽ കലോത്സവവേദിയായിരുന്ന ഗവ. ബോയ്സ് ഹൈസ്കൂളിൽ നിന്ന് ഏറ്റുവാങ്ങി കൊണ്ടു വന്നത് എന്റെ വീട്ടിലേക്കായിരുന്നു. പിറ്റേന്ന് ബിന്ദുവിന്റെ നേതൃത്വത്തിൽ ചെട്ടിപ്പറമ്പുകാർ ആഹ്ലാദപ്രകടനം നടത്തി. ഗേൾസിനു പിന്നെയും കിട്ടി ട്രോഫികൾ. അത്‌ലറ്റിക്സ് മത്സരത്തിൽ ഓവറോൾ ട്രോഫിയും ഞങ്ങളുടെ സ്കൂളിലെത്തി.

ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ, 'ചെട്ടിപ്പറമ്പുകാർ' എന്ന് കളിയാക്കപ്പെട്ടിരുന്ന ആ സർക്കാർ സ്കൂളിലെ കുട്ടികൾക്ക് ആ ട്രോഫികൾ നൽകിയ അഭിമാനം ചില്ലറയായിരുന്നില്ല എന്ന് മനസ്സിലാവുന്നു. അതിലേക്ക് ഞങ്ങളെ നയിച്ചത് എന്നും തലയുയർത്തിപ്പിടിച്ച്, രണ്ടു കൈയും വീശി ഇരിങ്ങാലക്കുട നടയിലൂടെ ഒരു പറ്റം പെൺകുട്ടികളെ നയിച്ചു കൊണ്ട് സ്കൂളിലേക്ക് പോകാറുള്ള ബിന്ദുവെന്ന കുട്ടീയും.

അന്നേ തുടങ്ങിയതാണു ആർ. ബിന്ദുവിന്റെ രാഷ്ട്രീയപ്രവർത്തനം. സെന്റ്. ജോസഫ്സ് കോളേജിൽ പ്രീഡിഗ്രിക്കു ചേർന്നപ്പോഴും അത് തുടർന്നു. ആദ്യം ഫൈനാർട്സ് സെക്രട്ടറിയും, പിന്നെ യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറും, പുറകെ സെനറ്റ് അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. രണ്ടാം വർഷ ഡിഗ്രിക്ക് പഠിക്കുമ്പോൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സിണ്ടിക്കേറ്റിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധിയായി ബിന്ദു തെരഞ്ഞെടുക്കപ്പെടുന്നത് തികച്ചും പ്രതികൂലമായ രാഷ്ട്രീയാന്തരീക്ഷത്തിലാണു. കേരളത്തിലെ കരുണാകര ഭരണകാലത്താണു സർക്കാർ പ്രതിനിധികളുടെ വോട്ടുകൾ പോലും നേടി മോശമല്ലാത്ത ഭൂരിപക്ഷത്തിൽ ബിന്ദു ജയിക്കുന്നത്. ടി. എൻ. ജയചന്ദ്രനായിരുന്നു അന്ന് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ.

സിണ്ടിക്കേറ്റ് അംഗമായിരുന്നതു കൊണ്ട് യൂണിവേഴ്സിറ്റി ക്യാമ്പസിൽ തന്നെ എം. എം ഇംഗ്ലീഷിനു ചേർന്ന ബിന്ദു, അവിടന്നു പോയത് ന്യൂഡൽഹിയിൽ ജെ. എൻ. യുവിലേക്കാണു. എം. ഫിൽ ചെ




യ്യാൻ. ജെ. എൻ. യു എന്നൊക്കെ കേരളത്തിലെ വിദ്യാർത്ഥികൾ കേട്ടു തുടങ്ങുക മാത്രം ചെയ്തിരുന്ന കാലത്തായിരുന്നു ബിന്ദു അവിടന്ന് എം. ഫിൽ ചെയ്തത്.

എം. ഫിൽ കഴിഞ്ഞ സമയത്താണു എ വിജയരാഘവനുമായുള്ള വിവാഹം. സംഘടനാപ്രവർത്തനത്തിനിടയിൽ പാർട്ടിയിലെ സഖാക്കളെ വിവാഹം കഴിച്ച്, അരങ്ങത്തു നിന്നും അടുക്കളയിലേക്ക് പരിപൂർണ്ണമായി പിൻവാങ്ങൽ കമ്യൂണിസ്റ്റു പാർട്ടികളിലെ വനിതാ പ്രവർത്തകരെ സംബന്ധിച്ച് ഏറെ സാധാരണമാണല്ലോ. ഉദാഹരണങ്ങൾ ഏറെയാണു. ഭർത്താവിന്റെ രാഷ്ട്രീയജീവിതത്തിനു കഞ്ഞിയും കറിയും വെച്ചു കൊടുക്കുന്നതും ഒരു രാഷ്ട്രീയപ്രവർത്തനമാണല്ലോ എന്ന് ആശ്വസിക്കുന്നവർ കുറച്ചൊന്നുമല്ല. ബിന്ദുവിന്റെ രാഷ്ട്രീയജീവിതം പക്ഷെ, വിവാഹത്തോടെ അസ്തമിച്ചില്ല. കേരളവർമ്മ കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപികയായി ജോലിയിൽ പ്രവേശിച്ച ശേഷം, അദ്ധ്യാപകസംഘടനയിൽ മാത്രമല്ല, ജനാധിപത്യ മഹിളാ അസോസിയേഷന്റെയും, സി പി എമ്മിന്റെയും സജീവപ്രവർത്തകയായി ബിന്ദു രാഷ്ട്രീയജീവിതം തുടർന്നു. തൃശൂരിന്റെ ആദ്യത്തെ വനിതാ മേയറായി. തൃശൂരിൽ നടന്ന ഒരുപാട് സമരങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും ഭാഗമായിരുന്നു ബിന്ദു അതിനു മുമ്പേ തന്നെ. പലപ്പോഴും ചെറിയ മകനെയും കൊണ്ടാണു ബിന്ദു സമരവേദികളിലും സമ്മേളനവേദികളിലുമൊക്കെ എത്താറുള്ളത്. മകൻ ഇന്ന് അഭിഭാഷകനാണു. കഴിഞ്ഞ വർഷം, ലോക്ക്ഡൗൺ തുടങ്ങിയ സമയത്ത് ബിന്ദു മകന്റെ ഫോട്ടോയുടെ കൂടെ ഇങ്ങനെ ഫേസ് ബുക്കിൽ കുറിച്ചു: “കൊറോണ ലോക്ക് ഔട്ട് ദിനങ്ങളിൽ സാമൂഹ്യമായ ഉത്കണ്ഠകൾക്കപ്പുറം വ്യക്തിപരമായി സന്തോഷിക്കുന്ന ഒരാൾ - ഒരു മാസമായി അച്ഛനെയും അമ്മയെയും ഒരുമിച്ച് വീട്ടിൽ കാണാൻ കഴിയുന്നതിലുള്ള ആഹ്ലാദമാണു അവനു.... കുറെ കാലമായി അവനു പരാതികളാണു.... അവന്റെയുള്ളിലെ അഭാവങ്ങളുടെ നീറ്റലുകൾ ചില നേരങ്ങളിൽ തിരതള്ളി പുറത്ത് വരാറുണ്ട്.....അന്തഃസംഘർഷങ്ങളുടെ കാർമേഘങ്ങൾ കോരിക്കെട്ടി പെയ്യുന്ന പെരുമഴക്കാലങ്ങൾ...... ഇപ്പോൾ, നാളെ ലോകത്തിന്റെ തന്നെ ജീവിതം എന്തായി തീരും എന്ന സമസ്യ അമ്പരിപ്പിക്കുമ്പോഴും, കൊച്ചു കൊച്ചു സന്തോഷങ്ങളുടെ ഉടയോനായി ക്ഷുബ്ധയൗവ്വനം....... ഉല്ലാസവാനായ ഒരു കുട്ടിയിൽ നിന്ന് കൗമാരക്കാരന്റെ സ്വത്വപ്രതിസന്ധികളിലൂടെ യുവാവിന്റെ താന്പോരിമയിലേക്കുള്ള അശ്വവേഗങ്ങൾ കൗതുകത്തോടെ, അവിശ്വസനീയതയോടെ ഞാൻ നോക്കി നിൽക്കുന്നു...

മകനു കൂട്ടിരിക്കാൻ വേണ്ടി സ്വജീവിതം ഹോമിക്കാൻ തയ്യാറാവാതിരുന്ന ഒരമ്മയുടെ വാക്കുകൾ..... ആ തെരഞ്ഞെടുപ്പിൽ ഒട്ടും പശ്ചാത്താപമില്ലാത്ത അമ്മയും, പരാതിയുണ്ടെങ്കിലും പരിഭവമില്ലാത്ത മകനും.

ജെ. എൻ. യുവിൽ നിന്ന് തുടങ്ങി വച്ച് മുടങ്ങിപ്പോയ പി. എച്ച്. ഡി ബിന്ദു മുഴുവനാക്കുന്നത് കഴിഞ്ഞ വർഷമാണു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് വിഖ്യാത ഇംഗ്ലീഷ് നോവലിസ്റ്റും കവിയും പത്രപ്രവർത്തകയുമായ ആൻജെലാ കാർട്ടറിന്റെ കൃതികളെ മുൻ നിർത്തി, സാഹിത്യത്തിലെ ലിംഗപദവി ബന്ധങ്ങളെക്കുറിച്ചായിരുന്നു ബിന്ദുവിന്റെ ഗവേഷണപ്രബന്ധം. തിയേറ്റർ പഠനങ്ങളും സാഹിത്യ സിദ്ധാന്തങ്ങളുമാണു ഇഷ്ട വിഷയങ്ങൾ.

ഈ യാത്രയിലൂടെയാണു ബിന്ദു അസംബ്ലി തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി വീണ്ടും ഇരിങ്ങാലക്കുടയിലെത്തുന്നത്. ഇരിങ്ങാലക്കുടക്കാരെ സംബന്ധിച്ചിടത്തോളം അത് പഴയ് ബിന്ദുവിന്റെ തിരിച്ചു വരവായിരുന്നു. ആദ്യമായിട്ടെന്നു തന്നെ പറയാം, ഇരിങ്ങാലക്കുടക്കാരിയായ ഒരു ജനപ്രതിനിധിയെ ഇരിങ്ങാലക്കുടക്കു കിട്ടി. നാട്ടിലെ ആദ്യത്തെ വനിതാ എം. എൽ. എയും

ഏറെ പരിചിതമായ മേഖല തന്നെയാണു ബിന്ദുവിനു കിട്ടിയിരിക്കുന്ന പോർട് ഫോളിയോ. വിദ്യാർത്ഥിനിയായിരിക്കുമ്പോൾ മുതൽ സർവ്വകലാശാലയുടെ ഭരണ നിർവ്വഹണവുമായി അടുത്തിടപഴകിയ പരിചയം, ഉന്നതവിദ്യാഭ്യാസ മന്ത്രിയുടെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കാൻ ബിന്ദുവിനെ സഹായിക്കുമെന്നുറപ്പാണു. കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖല നേരിടുന്ന വെല്ലുവിളികൾ ചെറുതൊന്നുമല്ല. കാതലായ അഴിച്ചുപണികളും ഉടച്ചുവാർക്കലുകളും വേണ്ടി വന്നേക്കും. ആ വെല്ലുവിളികൾ ഏറ്റെടുത്ത് മുന്നോട്ടു കൊണ്ടു പോകാൻ കഴിയുന്നതിലാണു ഡോ. ആർ. ബിന്ദുവെന്ന ഭരണാധിപയുടെ കാര്യക്ഷമതയെ ലോകം വിലയിരുത്താൻ പോകുന്നത്.

ചർച്ചാവിഷയം



**മായ.എസ്.പി**
തൃശൂർ സ്വദേശിനിയാണ്. സോഷ്യൽവർക്കിൽ ബിരുദാനന്തര ബിരുദം കഴിഞ്ഞു. കുട്ടികൾക്ക് വേണ്ടിയുള്ള CHILD എന്ന സംഘടനയുടെ മാനേജിംഗ് ട്രസ്റ്റി ആണ്.

# സ്ത്രീകൾ നേതൃപദവിയിലെത്തുമ്പോൾ



ജെൻഡർ മാറുമ്പോൾ അധികാരത്തിനും നേതൃത്വപദവിക്കും എന്ത് മാറ്റമാണ് സംഭവിക്കുക എന്ന ചോദ്യമായിരിക്കും സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തത്തെക്കുറിച്ച് സംസാരിക്കുന്നവർക്ക് ഒരുപക്ഷേ കൂടുതലും കേൾക്കേണ്ടിവന്നിരിക്കുക. സ്ത്രീകൾ രാഷ്ട്രീയ-സാമൂഹ്യ നയരൂപീകരണങ്ങളുടെ നേതൃത്വത്തിലെത്തുമ്പോൾ സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ച് കഴിഞ്ഞ ദശകങ്ങളിൽ ഒട്ടേറെ പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. പല പഠനങ്ങളും എടുത്ത് പറയുന്ന പ്രധാന കാര്യം സ്ത്രൈണരാഷ്ട്രീയം എങ്ങനെ പരമ്പരാഗതമായ രാഷ്ട്രീയമുൻഗണകളെ മാറ്റിമറിക്കുന്നു എന്ന കാര്യമാണ്. രാഷ്ട്രീയം എങ്ങനെ കൂടുതൽ സഹകരണത്തിന്റെ, ഉൾക്കൊള്ളലിന്റെ, ജനാധിപത്യവൽക്കരണത്തിന്റെ വേദിയാകുന്നു എന്നതിനെക്കുറിച്ചാണ്. പ്രത്യുൽപാദനം, ജൻഡർ അസമത്വങ്ങൾ, ആരോഗ്യപരിപാലനം എന്നിവയെല്ലാം രാഷ്ട്രീയവിഷയങ്ങളായി മാറുന്ന രാഷ്ട്രീയത്തിന്റെ തന്നെ രൂപാന്തരപ്രാപ്തിയെക്കുറിച്ചാണ് അത്തരം പഠനങ്ങൾ സംസാരിക്കുന്നത്. യുദ്ധ, സൈനിക വിജയങ്ങളെ കേന്ദ്രീകരിച്ച ആൺ രാഷ്ട്രീയത്തിൽ നിന്നുള്ള സൂക്ഷ്മരാഷ്ട്രീയത്തിന്റെ വിച്ഛേദനത്തിന്റെ ചരിത്രം കൂടിയാണത്. ജൻഡർ വി

വേചനത്തിലധിഷ്ഠിതമായ അധികാരശ്രേണിയുടെ ഉയർന്ന സ്ഥാനങ്ങളിലേക്കുള്ള സ്ത്രൈണരാഷ്ട്രീയത്തിന്റെ കടന്നുവരവ്, ആണധികാരത്തിന്റെ അധീനതയിൽ നിന്നുള്ള സ്ത്രീകളുടെ മോചനത്തിന് കാരണമായേക്കാവുന്ന രാഷ്ട്രീയ ഇടപെടലുകളായി കണക്കാക്കുന്നതും അതിനാലാണ്. പൊതു-സ്വകാര്യ ഇടങ്ങളിലെ ജൻഡർ തുല്യത എത്രമാത്രം പ്രധാനമാണോ അത്രയും തന്നെ പ്രധാനമാണ് രാഷ്ട്രീയത്തിലെ ജൻഡർ തുല്യതയും.

"Her wings are clipped" എന്നെഴുതിയത് സ്ത്രീവാദിയും സൈദ്ധാന്തികയും 'ദ സെക്കൻഡ് സെക്സ് ' എന്ന കൃതിയുടെ രചയിതാവുമായ സിമോൺ ദി ബുവ്വയാണ്. സ്ത്രീകളുടെ രാഷ്ട്രീയചിറകുകളെ നൂറ്റാണ്ടുകളോളും കെട്ടിയിടുകയാണ് ആണധികാരം ചെയ്തത്. അപൂർവ്വമായി മാത്രം ചില സ്ത്രീ പോരാളികൾ ഉയർന്നുവരും പക്ഷേ, അവർ അപൂർവ്വങ്ങൾ മാത്രമാണ്. ഭരണം ആണുങ്ങളുടെ കാര്യമാണെന്ന പൊതുബോധം തന്നെയാണ് ഇപ്പോഴും നമ്മുടേതു പോലുള്ള സമൂഹങ്ങളെ ഭരിച്ചുകൊണ്ടിരിക്കുന്നത്.

ഇരുപതാം നൂറ്റാണ്ടിലാണ് വികസിത രാജ്യങ്ങളിലും അവികസിത രാജ്യങ്ങളിലുമായി പരമ്പരാഗതമായ ആൺ രാഷ്ട്രീയധാരണകൾ പതുക്കെയെങ്കിലും മാറാൻ ആരംഭിച്ചത്. ഗ്രോ ഹാർലം ബ്രൻഡ് ലാന്റ് മുതൽ ബേനസീർ ബുട്ടോ വരെ, ഗോൾഡാ മെയർ മുതൽ ആംഗല മെർക്കറും ജസിന്ത ആർഡേണും വരെ സ്ത്രീ രാഷ്ട്രതലവൻമാരുടെ ആ നിര നീണ്ടുകിടക്കുന്നു. അതിൽ ചുരുക്കം ചിലരെക്കുറിച്ചുള്ള വിവരങ്ങൾ താഴെ പങ്കുവെയ്ക്കുന്നു.

### സിരിമാവോ ബണ്ഡാരനായകെ

ശ്രീലങ്കയുടെ മുൻ പ്രധാനമന്ത്രിയായിരുന്നു സിരിമാവോ ബണ്ഡാരനായകെ. പ്രധാനമന്ത്രി സ്ഥാനത്തെത്തുന്ന ലോകത്തിലെ ആദ്യ വനിതയാണ് സിരിമാവോ. മൂന്നു പ്രാവശ്യം അവർ ശ്രീലങ്കൻ പ്രധാനമന്ത്രിയായി. ശ്രീലങ്കൻ പാർട്ടി നേതാവായിരുന്ന മുൻ പ്രധാനമന്ത്രി എസ്.ഡബ്ല്യൂ.ആർ.ഡി. ബണ്ഡാരനായകെയുടെ പത്നി ആ



സിരിമാവോ ബണ്ഡാരനായകെ

യിരുന്നു സിരിമാവോ. യുണൈറ്റഡ് നാഷണൽ പാർട്ടിയിൽ നിന്നും പിരിഞ്ഞ് ശ്രീലങ്ക ഫ്രീഡം പാർട്ടി രൂപീകരിച്ച സോളമൻ ബണ്ഡാരനായകെ 1956ലെ തിരഞ്ഞെടുപ്പിൽ വിജയിച്ച് പ്രധാനമന്ത്രിയായി. ഇടതുപക്ഷ നയങ്ങൾ സ്വീകരിച്ച അദ്ദേഹത്തെ 1959ൽ ഒരു ബുദ്ധഭിക്ഷു കൊലപ്പെടുത്തി. തുടർന്നുണ്ടായ തിരഞ്ഞെടുപ്പിൽ ഫ്രീഡം പാർട്ടി പരാജയപ്പെട്ടു. തുടർന്ന് സിരിമാവോയുടെ നേതൃത്വത്തിൽ ജൂലൈയിൽ പാർട്ടി വിജയിച്ചു.

ആദ്യ സിരിമാവോ സർക്കാർ ബാങ്കുകൾ, ഇൻഷൂറൻസ് കമ്പനികൾ, പള്ളിയുടെ നിയന്ത്രണത്തിലുള്ള വിദ്യാലയങ്ങൾ എന്നിവ ദേശസാൽക്കരിച്ചു. ഇംഗ്ലീഷിനു പകരം സിംഹളയെ ഭരണഭാഷയാക്കി. പക്ഷേ, ഇത് തമിഴരുമായുള്ള ബന്ധം മോശമാക്കി. രണ്ടാം തവണ പുതിയ ഭരണഘടന നിലവിൽ കൊണ്ടുവരികയും രാജ്യത്തെ ഏറ്റവും വലിയ പത്രമായ 'ലേക്ക് ഹൗസ് ' ദേശസാത്കരിക്കുകയും ചെയ്തു. 1971-ൽ തീവ്ര ഇടതുപക്ഷ സംഘടനയായ ജനതവിമുക്തി പെരമുണയുമായുണ്ടായ ആഭ്യന്തരകലഹത്തിൽ ആയിരത്തിലേറെ പേർ കൊല്ലപ്പെട്ടു. 1994 ൽ സിരിമാവോയുടെ മകൾ ചന്ദ്രിക കുമാരതുംഗെയാണ് പ്രധാനമന്ത്രിയായത്. അതേ വർഷം ചന്ദ്രിക രാഷ്ട്രപതിയായപ്പോൾ സിരിമാവോ അവസാനമായി (19942000) പ്രധാനമന്ത്രിയുമായി. 2000-ലെ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്ത അതേ ദിവസം ലോകത്തിലെ ആദ്യ വനിതാ പ്രധാനമന്ത്രി അന്തരിച്ചു.

### ഗോൾഡാ മെയർ

1898 ലെ ജനനം മുതൽ 1978 ഡിസംബറിൽ ജറുസലേമിൽ വെച്ചുള്ള മരണം വരെ, പൊതുരാഷ്ട്രീയ ജീവിതത്തോടുള്ള പ്രതിബദ്ധത, ലിംഗസമത്വം, ജൂതസ്വത്വം തുടങ്ങിയ മൂന്നു ചിന്താധാരകളാണ് പ്രധാനമായും ഗോൾഡാ മെയറുടെ ജീവിതത്തിലുണ്ടായിരുന്നത്.

ഒരു ഇസ്രായേലി അദ്ധ്യാപികയും രാഷ്ട്രീയ പ്രവർത്തകയുമായി

ഗോൾഡാ മെയർ



രുന്നു ഗോൾഡാ മെയർ. ഇസ്രയേലിന്റെ തൊഴിൽ മന്ത്രി, വിദേശകാര്യ മന്ത്രി എന്നീ പദവികൾക്കു ശേഷം 1969 മാർച്ച് 17 ന് ഇസ്രായേലിന്റെ ആദ്യ പ്രധാനമന്ത്രിയായി അധികാരമേറ്റു. രണ്ടാം ലോകമഹായുദ്ധകാലത്ത് ഗോൾഡ മെയർ സയണിസ്റ്റ് ലക്ഷ്യത്തിന്റെ പൂർണ്ണ വക്താവായിരുന്നു. 1948-ൽ അവർ ഇസ്രയേലിന്റെ സ്വാതന്ത്ര്യപ്രഖ്യാപനത്തിൽ ഒപ്പുവെക്കുകയും മോസ്കോയിൽ

നയതന്ത്രപ്രതിനിധിയായി നിയ

മിക്കപ്പെടുകയും ചെയ്തു. മികച്ച നയതന്ത്രജ്ഞയായ അവർ മിഡിൽ ഈസ്റ്റിൽ ഒരു സമാധാന ഒത്തുതീർപ്പിനായി ശ്രമം നടത്തി. പക്ഷേ, 1973 ഒക്ടോബറിൽ യോം കിപ്പർ യുദ്ധം പൊട്ടിപ്പുറപ്പെട്ടതിനാൽ അറബ് രാജ്യങ്ങളുമായി സമാധാനം സ്ഥാപിക്കാനുള്ള ശ്രമം വിജയിച്ചില്ല.

### ബേനസീർ ഭൂട്ടോ

1988 ഡിസംബറിൽ ബേനസീർ ഭൂട്ടോ ആദ്യമായി പാക്കിസ്ഥാൻ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഒരു ആധുനിക മുസ്ലീം രാഷ്ട്രത്തിന്റെ ആദ്യത്തെ വനിതാ നേതാവ് കൂടിയാവുകയായിരുന്നു അവർ. സൈന്യത്തിന്റെയും യാഥാസ്ഥിതിക മുസ്ലീംകളുടെയും ആധിപത്യമുള്ള പാക്കിസ്ഥാന്റെ ചരിത്രത്തിൽ ബേനസീറിന്റെ അധികാരത്തിലേക്കുള്ള ഉയർച്ച ശ്രദ്ധേ


ബേനസീർ ഭുട്ടോ

യമാണ്. സർക്കാരിനെതിരായി പരസ്യവിമർശനങ്ങൾ ശീലിച്ചിട്ടില്ലായിരുന്ന മാധ്യമങ്ങൾക്കും ജനങ്ങൾക്കും ബേനസീർ കൂടുതൽ അഭിപ്രായസ്വാതന്ത്ര്യം നൽകി. പക്ഷേ, ഇത്തരത്തിൽ രൂപപ്പെട്ട പുതിയ ആശയ അന്തരീക്ഷം, ഭരണപക്ഷത്തെ നിയന്ത്രണങ്ങളില്ലാതെ വിമർശിക്കാൻ പ്രതിപക്ഷം ഉപയോഗിച്ചു. അവരുടേതെന്ന് ചൂണ്ടിക്കാണിക്കാവുന്ന പ്രധാന നേട്ടങ്ങൾ ഇവയായിരുന്നു - വധശിക്ഷക്ക് വിധിക്കപ്പെട്ട എല്ലാ വനിതാ തടവുകാരുടെയും ശിക്ഷ ഇളവു ചെയ്തു ജീവപര്യന്തമാക്കി ചുരുക്കി , വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെയും ട്രേഡ് യൂണിയനുകളുടെയും വിലക്ക് നീക്കി, പാക്കിസ്ഥാനെ കോമൺവെൽത്ത് സഖ്യത്തിലേക്ക് തിരിച്ചു കൊണ്ടുവന്നു. എന്നാൽ സോഷ്യലിസ്റ്റുകാരനായ പിതാവ് ദേശസാൽക്കരിച്ച ബാങ്കുകളും വ്യവസായ സ്ഥാപനങ്ങളും സ്വകാര്യവൽക്കരിക്കാനുള്ള പ്രക്രിയയും അവർ ആരംഭിച്ചു. സ്ത്രീകൾക്കു വേണ്ടി ബാങ്കുകളും പോലീസ് സ്റ്റേഷനുകളും സ്ഥാപിക്കുകയും വനിതാ ജഡ്ജിമാരെ നിയമിക്കുകയും ചെയ്തു. പക്ഷേ, സ്വന്തം നേതൃത്വശൈലിയിലെ അപാകതയും ഭരണകാലത്തെ അഴിമതിയും ഉൾപ്പെടെ അവർ തന്നെ നിർമ്മിച്ചെടുത്ത തടസ്സങ്ങൾ നിരവധിയായിരുന്നു. എങ്കിലും സൈന്യത്തിന്റെ അടിച്ചമർത്തലിനെതിരെ പോരാടുന്നതിന് പ്രതിജ്ഞാബദ്ധമായ ഒരു ലിബറൽ ഡെമോക്രാറ്റ് എന്ന നിലയിൽ അവർക്ക് പാശ്ചാത്യ രാജ്യങ്ങളുടെ ഇടയിൽ വലിയ പ്രശസ്തിയുണ്ടായിരുന്നു. ഒരു രാഷ്ട്രീയ നേതാവെന്ന നിലയിലുള്ള മുന്നേറ്റത്തിന് പാക്കിസ്ഥാൻ സൈന്യം എപ്പോഴും ശക്തമായ തടസ്സമായിരുന്നു. ബേനസീറിന്റെ ദേശീയതയിലൂന്നിയ വൈകാരികപ്രസംഗങ്ങളോ പ്രവർത്തനങ്ങളോ സൈന്യത്തിന്റെ വിശ്വാസം പിടിച്ചുപറ്റാൻ ഉതകുന്നതായിരുന്നില്ല. ഇന്റർ സർവ്വീസ് ഇന്റലിജൻസിനെ ഉപയോഗിച്ചുകൊണ്ട് ബൂട്ടോയുടെ തിരഞ്ഞെടുപ്പിനെ തടയാനും സർക്കാരിനെ അട്ടിമറിക്കാനും സൈന്യം ശ്രമിച്ചിരുന്നു.

2007-ലെ ഇലക്ഷൻ പ്രചാരണത്തിനിടെ രാജ്യത്തെ പിന്തിരിപ്പൻ ശക്തികൾക്കു ഭീഷണിയായിരുന്ന ബേനസീർ ഭൂട്ടോ കൊല്ലപ്പെട്ടു.

### ഓങ് സാൻ സൂ ചി

1945 ജൂണിൽ ബർമയിലെ സ്വാതന്ത്ര്യസമരപോരാളിയും ആധുനിക ബർമയുടെ പിതാവുമായ ജനറൽ ഓങ് സാന്റെയും മാ കിൻ ചിയുടെയും മകളായി ജനിച്ചു. 1947-ൽ സൂ ചിക്ക് രണ്ടു വയസ്സുള്ളപ്പോൾ ജനറൽ ഓങ് സാൻ കൊല്ലപ്പെട്ടു. 1948 ജനുവരി 4 ന് ബർമ സ്വതന്ത്രയായി. 1960-ൽ മാതാവ് ഇന്ത്യയിൽ അംബാസിഡറായി നിയമിതയായതിനെ തുടർന്ന് അമ്മക്കൊപ്പം ദില്ലിയിൽ താമസമാക്കി. ഓക്സ്ഫഡിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിലും രാജ്യതന്ത്രത്തിലും തത്വശാസ്ത്രത്തിലും ബിരുദം നേടി. 1972 ൽ വിവാ


ഓങ് സാൻ സൂ ചി

ഹത്തിനു ശേഷം സൂ ചി ഭൂട്ടാനിൽ താമസമാക്കി.

1962 മുതൽ മ്യാൻമാർ പട്ടാളഭരണത്തിൻ കീഴിലാണ്. രോഗബാധിതയായി കഴിയുന്ന അമ്മയെ പരിചരിക്കാൻ സൂ ചി ബർമ്മിൽ തിരിച്ചെത്തി. അന്നു ഭരിച്ചിരുന്ന സോഷ്യലിസ്റ്റ് മുന്നണി നേതാവ് രാജിവെച്ചതിനെ തുടർന്നു രാജ്യമെമ്പാടും സമരം പൊട്ടിപ്പുറപ്പെടുകയും സൈനിക ഭരണകൂടം "ജുൻറ' നിലവിൽ വരുകയും ചെയ്തു. സൂ ചി ഗാന്ധിയുടെ അഹിംസാതത്ത്വത്തിൽ പ്രചോദിതയായി സമരത്തിൽ പ്രവർത്തിച്ചു. 1988-ൽ നാഷണൽ ലീഗ് ഫോർ ഡെമോക്രസി എന്ന മുന്നണി സ്ഥാപിച്ചു. 1989-ൽ സേനാ മുന്നണിയാൽ വീട്ടുതടങ്കലിൽ അടയ്ക്കപ്പെട്ടു. 1989 മുതൽ വിവിധ കാലയളവുകളിലായി ഓങ് സാൻ സൂചി 15 വർഷം വീട്ടുതടങ്കലിൽ കഴിഞ്ഞിട്ടുണ്ട്. 1990-ലെ തിരഞ്ഞെടുപ്പിൽ നാഷ

ണൽ ലീഗ് ഫോർ ഡെമോക്രസി വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിച്ചു എങ്കിലും 'ജുന്റ' ഭരണം വിട്ടുകൊടുത്തില്ല. ഇത് അന്താരാഷ്ട്രശ്രദ്ധ പിടിച്ചുപറ്റുകയും അതിന്റെ പേരിൽ സൂ ചിക്ക് 1991–ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിക്കുകയും ചെയ്തു. പിന്നീട് മ്യാൻമർ ഭരണാധികാരി ആയി മാറിയ ഓങ് സാൻ സൂ ചിക്കെതിരെ, സൈന്യം റോഹിംഗ്യർക്കെതിരെ അക്രമം നടത്തിയപ്പോൾ മൗനം പാലിച്ചു എന്നതിൽ കടുത്ത വിമർശനം നടക്കുന്നതും ലോകം കണ്ടു. സൂ ചി യുടെ നേതൃത്വത്തിലുള്ള സർക്കാർ വിദ്വേഷം വളരാൻ അവസരമൊരുക്കിയും രേഖകൾ നശിപ്പിച്ചും സൈനിക അതിക്രമങ്ങളിൽ നിന്ന് ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാതെയും വംശഹത്യക്ക് കൂട്ടുനിൽക്കുകയായിരുന്നുവെന്നും നമ്മൾ കേട്ടു . 2021 –ൽ മ്യാൻമറിൽ സൈനിക അട്ടിമറി നടന്നതായും ഓങ് സാൻ സൂ ചിയെ വീണ്ടും തടങ്കലിലാക്കിയതായുമുള്ള വർ ത്തകൾ ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്.

വ്യത്യസ്തമെന്ന് തോന്നുന്ന ഈ ജീവിതാഖ്യാനങ്ങളെ ഒരുമിച്ച് കൊണ്ടുവന്ന് പാറ്റേണുകൾ രൂപീകരിക്കാനും രാഷ്ട്രീയ നേതാക്കളെന്ന നിലയിൽ സ്ത്രീകളെ പൊതുവൽക്കരിക്കാനും കഴിയുമോ?സ്ത്രീകൾ ദേശീയനേതാക്കളായി ഉയർന്നുവന്ന സന്ദർഭങ്ങൾ പരിശോധിക്കുമ്പോൾ നിരവധി

രൂപമാതൃകകൾ വേറിട്ടുനിൽക്കുന്നുണ്ട്.വികസിത രാജ്യങ്ങളിൽ പല സന്ദർഭങ്ങളിലായി പല വനിതാ നേതാക്കളും അധികാരമേറ്റിട്ടുണ്ട്.

ഏതെങ്കിലും തരത്തിലുള്ള ജനാധിപത്യം നിലനിർത്തുന്ന രാജ്യങ്ങളിൽ നിന്നുള്ള ഭൂരിഭാഗം പേരും 'സുസ്ഥിരമായ' കാലഘട്ടത്തിൽ ഉയർന്നു വന്നവരാണ്.മറ്റു ചിലർ സാമൂഹികവും രാഷ്ട്രീയവുമായ സമ്മർദ്ദഘട്ടങ്ങളിൽ അധികാരത്തിൽ വന്നവരും, വേറെ ചിലർ തികച്ചും മതനിരപേക്ഷ രാഷ്ട്രീയ ഭരണകൂടങ്ങളിൽ അധികാരത്തിൽ വന്നവരുമാണ്.

രാഷ്ട്രീയപദവി വഹിക്കുന്നതിലൂടെ സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതൽ ഉദാരതാമനോഭാവ പ്രവണതകൾ വെളിപ്പെടുത്തുന്നതായി കാണാം.ദേശീയ നേതാക്കളായി സേവനമനുഷ്ഠിച്ച സ്ത്രീകളുടെ നയ മുൻഗണനകൾ പരിശോധിക്കുന്നതിൽ വ്യക്തമായ ശൈലിയൊന്നുമില്ല.

ഈ സ്ത്രീകളിൽ ഭൂരിപക്ഷവും വിപ്ലവനേതാവാക്കളായിരുന്നില്ല, എല്ലാറ്റിനുമുപരിയായി അവർ പ്രത്യയശാസ്ത്ര സ്പെക്ട്രത്തിൽ പലതരത്തിൽ വ്യാപരിച്ചു. സ്ത്രീപ്രശ്നങ്ങളോടുള്ള ആശങ്കയും ഓരോരുത്തരിലും വ്യത്യാസപ്പെട്ടിരിന്നു, മാർഗരറ്റ് താച്ചർ സ്ത്രീകളുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമെന്ന് വിശേഷിപ്പിക്കപ്പെട്ട നയങ്ങൾ പ്രോത്സാഹിപ്പിക്കുകയും മറ്റ് സ്ത്രീ നേതാക്കൾ കൂടുതൽ സ്ത്രീപക്ഷ അജണ്ടകൾ പിന്തുടരുകയും ചെയ്തിരുന്നു. എന്നാൽ

നയരൂപീകരണത്തിലും രാഷ്ട്രീയവിജയം കൈവരിക്കുന്നതിലും എല്ലാവരും തന്നെ വളരെയധികം പരിമിതികൾ നേരിട്ടിരുന്നു.

വനിതാനേതാക്കൾ കൂടുതൽ പ്രകടമായി പ്രോ-ഫെമിനിസ്റ്റാകാത്തതിന്റെ ഒരു കാരണം അത്തരം നയ അജണ്ടകളെ സമൂലമായി വ്യവസ്ഥാവിരുദ്ധമായി കണക്കാക്കപപ്പെട്ടതുകൊണ്ടാകാം.തികച്ചും പുരുഷാധിപത്യപരമായ ഭരണവ്യവസ്ഥകളുടെ തലപ്പത്ത് ഇരുന്നിട്ടുള്ള സ്ത്രീകൾ - പ്രത്യേകിച്ചും അന്താരാഷ്ട്രബന്ധങ്ങളിൽ സ്ത്രീപക്ഷ സമീപനങ്ങൾ ഉണ്ടാവണമെന്ന്

വിശ്വസിച്ചിരുന്നവർ, അതുവരെ തുടർന്നു വന്നിരുന്ന ഭരണരീതിയിൽ നിന്നും മാറി ചിന്തിക്കുകയും ജനക്ഷേമത്തിലേക്കായുള്ള സൂക്ഷ്മമായുള്ള നയരൂപീകരണം നടത്തുകയും ചെയ്തുപോന്നിട്ടുണ്ട്.

കോവിഡ് 19 സൃഷ്ടിച്ച പ്രതിസന്ധികൾ സ്ത്രീകൾ നേതൃത്വപദവികളിലുള്ള രാജ്യങ്ങളിലാണ് നല്ല രീതിയിൽ കൈകാര്യം ചെയ്യപ്പെട്ടതെന്ന് പല ഗവേഷണങ്ങളും ചൂണ്ടിക്കാണിക്കുന്നുണ്ട്. കോവിഡിന്റെ കാര്യത്തിൽ സ്ത്രീകൾ നേതൃത്വം നൽകുന്ന രാജ്യങ്ങളിലായിരുന്നു താരതമ്യേന കുറവ് രോഗവ്യാപനവും മരണനിരക്കും സംഭവിച്ചിട്ടുള്ളത്. ലോകവ്യാപകമായി തന്നെ ആരോഗ്യപരിപാലന രംഗത്ത് സ്ത്രീകൾ വഹിക്കുന്ന പങ്ക് താരതമ്യത്തിനുപോലും പ്രസക്തമല്ലാത്ത വിധത്തിൽ വലുതാണ്. പല രാജ്യങ്ങളിലും 80 ശതമാനത്തിലേറെ നഴ്സുമാരും ഡോക്ടർമാരും സ്ത്രീകളാണ്. എന്നിട്ടും ആരോഗ്യമേഖലയിൽ തീരുമാനങ്ങളെടുക്കുന്ന ചട്ടകൂടുകളിൽ സ്ത്രീകളുടെ പങ്കാളിത്തം 20 ശതമാനത്തിലും താഴെയാണെന്നാണ് 'ഗോബ്ബൽ ഹെൽത്ത് ' നടത്തിയ പഠനം വെളിപ്പെടുത്തുന്നത്. ആരോഗ്യവളർച്ചയ്ക്കും മഹാമാരികളെ ഫലപ്രദമായി നേരിടുന്നതിനുമെല്ലാം സ്ത്രീകളുടെ നേതൃത്വത്തിനെ പിന്തുണയ്ക്കുന്ന സംവിധാനങ്ങൾ ഉണ്ടാക്കുകയാണ് വേണ്ടതെന്ന് അവർ അഭിപ്രായപ്പെടുന്നു. കാനഡ, ന്യൂസിലൻറ് തുടങ്ങിയ രാജ്യങ്ങൾ മുതൽ സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ വരെ സ്ത്രീകൾ രാഷ്ട്രീയത്തിലും ഔദ്യോഗിക തലത്തിലും ഉന്നത സ്ഥാനങ്ങൾ കൈയ്യാളിയിരിക്കുന്നത് കാണാം. യു.എൻ. ന്റെ കണക്കുപ്രകാരം, ലോകത്തിലെ ഏറ്റവും സന്തോഷമുള്ള രാജ്യങ്ങളിലെ ആദ്യ പത്തു സ്ഥാനക്കാരായ രാജ്യങ്ങളെ എടുത്താലും അവിടെയെല്ലാം മർമ്മപ്രധാനമായ സ്ഥാനങ്ങളിൽ സ്ത്രീകൾ തന്നെയാണുള്ളത് എന്ന് കാണാം.. ആ രാജ്യങ്ങൾ കൈവരിക്കുന്ന നേട്ടങ്ങളിൽ ആ സ്ത്രീകളുടെ കയ്യൊപ്പ് പ്രകടമായി തന്നെ പതിഞ്ഞിരിക്കുന്നു എന്നതും ശ്രദ്ധേയമാണ്.



ചർച്ചാവിഷയം

സ്മിത. നെരവത്ത്
അസി.പ്രൊഫസർ ഓഫ് ഇംഗ്ലീഷ്
വിദൂര വിദ്യാഭ്യാസ വിഭാഗം
കാലിക്കറ്റ് യൂണിവേഴ്സിറ്റി

# "അതിരിലെ മരങ്ങൾ വളഞ്ഞേ വളരൂ..."

'അതിരിലെ മരങ്ങൾ
വളഞ്ഞേ വളരൂ......
അവയ്ക്ക് അപ്പുറത്തെ
ആകാശം തൊടണം
അപ്പുറത്തേക്ക് ഇലകൾ പൊഴിക്കണം
അവിടുത്തെ ഢവയിൽപ്പെയ്പാൽ കുടിക്കണം
അവിടേക്കു തണലാകണം' (ലോപ)

ഞാൻ അതിരിലെ മരമാണ്. നിഷേധിക്കപ്പെട്ട മണ്ണിൽ വേരുകളാഴ്ത്തി അനന്തമായ ആകാശത്തേക്ക് പടർന്ന് തണലാകുന്ന മരം. കുട്ടിക്കാലം മുതൽ നിങ്ങൾ വരച്ചിട്ട അതിരുകൾക്കുള്ളിൽ നിന്നാണ് വളർന്നത്.

ആരാണ് ഞങ്ങൾക്ക് ,സ്ത്രീകൾക്ക് അതിരുകൾ നിശ്ചയിച്ചത്?

ഞങ്ങളെ മാറ്റിനിർത്തിയ പൊതുവിടങ്ങൾ, നിർബന്ധിച്ചേൽപ്പിച്ച വീട്ടുജോലികൾ, ശരീരത്തെക്കുറിച്ചുള്ള പാപബോധങ്ങൾ, പ്രായപൂർത്തിയായാൽ ആൺകുട്ടികളിൽ നിന്നും, പുരുഷൻമാരിൽ നിന്നും അകന്നു നിൽക്കണമെന്ന ആജ്ഞകൾ, വിവാഹമാണ് പരമപ്രധാനമെന്ന ഉപദേശങ്ങൾ – ഇങ്ങനെ എത്രയെത്ര ആജ്ഞകൾ വിലക്കുകൾ, മർദ്ദനങ്ങൾ, തടവുകൾ. ഈ പരിമിതികൾക്കുള്ളിൽ നിന്നാർജ്ജിക്കുന്ന സാമൂഹിക ബോധത്തിൽ നിന്നാണ് ഒരു രാഷ്ട്രീയ പ്രവർത്തകയാകാൻ എന്നെ പോലെയുള്ള ഒരുവൾ തീരുമാനിച്ചത്.

രാഷ്ട്രീയ സംഘടനകളിൽ പ്രവർത്തിക്കുമ്പോൾ ഞാൻ പ്രതീക്ഷിച്ചത് എന്നെ ഒരു സ്വതന്ത്ര വ്യക്തിയായി കാണുമെന്നായിരുന്നു. പക്ഷേ അവിടെയും എന്റെ സാധ്യതയേക്കാൾ നിങ്ങൾ പ്രാധാന്യം നൽകിയത് എന്റെ പരിമിതികൾക്കാണ്. 'കൊഞ്ചൻ ചാടിയാൽ ചട്ടിയോളം' എന്നാണ് ഓരോ നിമിഷവും എന്നെ ഓർമിപ്പിച്ചു കൊണ്ടിരുന്നത് .ഓർമ്മ വെച്ച നാൾ മുതൽ ഞാൻ കാണുന്നത് വീടിനു മുന്നിൽ സങ്കടം നിറഞ്ഞ മുഖവുമായി നിൽക്കുന്ന മനുഷ്യരും അവർക്കൊപ്പം ഏതു സമയത്തും ഒപ്പം നിൽക്കാൻ നിറഞ്ഞ മനസുള്ള അച്ഛനെയുമാണ്. തൊഴിലാളികൾക്കും, പാവപ്പെട്ട മനുഷ്യർക്കും വേണ്ടി സ്വന്തം കുടുംബത്തെ പോലും മറന്ന് മരിക്കും വരെ അച്ഛൻ പ്രവർത്തിച്ചു. ഒരു രാഷ്ട്രീയ പ്രവർത്തകയാകണമെന്ന മോഹം എന്നിൽ നിറച്ചത് അച്ഛനാണ്. പതിനഞ്ചു വയസ്സു മുതൽ ഇടതുപക്ഷ സംഘടനകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാൻ തുടങ്ങി. പെണ്ണിന് സമൂഹം വരച്ചിട്ട അതിരുകൾ ഭേദിക്കാതെ ഒരു രാഷ്ട്രീയക്കാരിയാകുക അത്ര എളുപ്പമല്ല എന്ന് തിരിച്ചറിഞ്ഞ കാലം. സംഘടനാ പ്രവർത്തനം കഴിഞ്ഞ് വൈകി വീട്ടിലെത്തിയാൽ, ഏതെങ്കിലും ആൺ സുഹൃത്തുക്കളുടെ കൂടെ കണ്ടാൽ വീട്ടിൽ, നാട്ടിൽ സംഘർഷങ്ങളായിരുന്നു. അച്ഛന് അതൊരിക്കലും അംഗീകരിക്കാൻ കഴിഞ്ഞില്ല. ഞാനും അച്ഛനുമായുള്ള സംഘർഷങ്ങൾക്കിടയിൽ അമ്മ പറയും 'രാഷ്ട്രീയക്കാരനായ നിങ്ങളെ കണ്ടാണ് അവളും ആ വഴിക്കിറങ്ങിയത്. ഇനി പറഞ്ഞിട്ടെന്താ കാര്യം?'

'എന്നെപ്പോലെയല്ല അവൾ. പെൺകുട്ടിയാണ്, ശ്രദ്ധിച്ചില്ലെങ്കിൽ നാട്ടുകാർ അതുമിതും പറയും. നാണക്കേടാവും. കുടുംബത്തിന് മാനക്കേടുണ്ടാവാൻ ഞാൻ സമ്മതിക്കില്ല. പകൽ ഉള്ള പ്രവർത്തനം മതി....... പെൺകുട്ടിയാണെന്ന ഓർമ്മ വേണം. '

പ്രീഡിഗ്രിക്ക് പഠിക്കുമ്പോഴാണ് ഞാൻ പ്രവർത്തിക്കുന്ന വിദ്യാർത്ഥി സംഘടനയായ എസ് എഫ് ഐയുടെ നേതാവ് എന്നോട് പറഞ്ഞത് ' സ്മിത ഞങ്ങളുടെ പാനലിൽ കോളേജ് യൂണിയൻ ഇലക്ഷനിൽ മത്സരിക്കണം. അച്ഛനോട് ഞങ്ങൾ സമ്മതം വാങ്ങിയിട്ടുണ്ട് ' . പക്ഷേ എനിക്കത് മനസിലായില്ല. 'ഇലക്ഷന് മത്സരിക്കുന്നത് ഞാനല്ലേ.അത് എന്നോട് സംസാരിക്കുന്നതിനു മുമ്പ് അച്ഛനോട് സംസാരിക്കേണ്ടതിന്റെ കാര്യമെന്താ? നിങ്ങളൊക്കെ വീട്ടിൽ നിന്നനുവാദം വാങ്ങിയോ? ' ഞാൻ ചോദിച്ചു.

'ഞങ്ങൾക്കതിന്റെ ആവശ്യമില്ല. നീയൊരു പെൺകുട്ടിയായതുകൊണ്ടാണ് അച്ഛന്റെഅനുവാദം

വാങ്ങിയത്.' എനിക്കത് കടുത്ത അപമാനമായാണ് തോന്നിയത്.ഞാനാ സീറ്റ് വാഗ്ദാനം നിരസിച്ചു.

ഇടതുപക്ഷ യുവജന സംഘടനയിൽ അംഗമായി

രുന്ന കാലം. വൈകിട്ട് തുടങ്ങിയ മീറ്റിംഗ് രാത്രിയിലേക്ക് നീളുന്നു. അംഗങ്ങളിൽ ഞാനൊരാൾ മാത്രം പെൺകുട്ടി. കൂടെയിരിക്കുന്നവർ കൂടെക്കൂടെ അസ്വസ്ഥരായി എന്നെ നോക്കുന്നു. സ്മിത വേണമെങ്കിൽ ഇരുട്ടു കനക്കും മുമ്പേ പോയ്ക്കോളൂ.' '

'ഇല്ല. എനിക്കു പ്രശ്നമില്ല .എനിക്കും ചർച്ചയിൽ പങ്കെടുക്കണം. തീരുമാനങ്ങളറിയണം'

'അതൊന്നും സാരമില്ലെന്നേ.ഇരുട്ടിയാൽ വീട്ടിൽ പ്രശ്നമാകും. ഞങ്ങൾ ബൈക്കിൽ കൊണ്ടാക്കേണ്ടി വരും. നീയൊരു പെൺകുട്ടിയല്ലേ'. പിന്നീട് ഒട്ടുമിക്ക മീറ്റിംഗുകളിലും, സമരയിടങ്ങളിലും 'നീയൊരു പെൺകുട്ടിയല്ലേ, നീയൊരു വീട്ടമ്മയല്ലേ, അമ്മയല്ലേ വേഗം വീട്ടിലേക്കു പോയ്ക്കോളൂ' എന്ന് നിരന്തരം നിങ്ങളെന്നെ വീട്ടിലേക്ക് എത്തിക്കാൻ തിടുക്കം കൂട്ടികൊണ്ടേയിരുന്നു. എന്റെ വ്യക്തിത്വത്തെ അംഗീകരിക്കുന്ന,രാഷ്ട്രീയവും, ജീവിതവുമെല്ലാം തുറന്നു സംസാരിക്കാൻ പറ്റുന്ന, ജനാധിപത്യബോധത്തോടെ വിമർശിക്കുന്ന, ജൻഡർ ബയസ്സില്ലാതെ പെരുമാറുന്ന നല്ല സുഹൃത്തുക്കളെയായിരുന്നു ഞാൻ നിങ്ങളിൽ നിന്ന് പ്രതീക്ഷിച്ചത് എന്ന് നിങ്ങളെപ്പോഴെങ്കിലും തിരിച്ചറിഞ്ഞിരുന്നുവോ?എനിക്ക് വേണ്ടത് സംരക്ഷണമല്ല അംഗീകാരമാണ്.

ഒരു മുഴുവൻ സമയ രാഷ്ട്രീയക്കാരനെ, കൂടെ പ്രവർത്തിച്ചയാളെ വിവാഹം കഴിച്ചു. രാഷ്ട്രീയ പാർട്ടികളിൽ ഞങ്ങളൊരുമിച്ചു പ്രവർത്തിക്കുമ്പോഴും ,ഭാരവാഹികളായപ്പോഴും എന്റെ കൂടെയുള്ളവർ എന്നെ പരിചയപ്പെടുത്തുന്നത് പലപ്പോഴും 'ഇത് സ്മിത, കെ.പി പ്രകാശന്റെ ഭാര്യ '. എന്നാവും. സംഘടനയിലുള്ള എന്റെ പദവി ആദ്യം പറയാത്തതിന് ഞാനവരോട് കലഹിക്കാറുണ്ട്. ഇതെന്റെ മാത്രം പ്രശ്നമല്ല. പലപ്പോഴും ഭാര്യയും, ഭർത്താവും ഒരുമിച്ച് പൊതുപ്രവർത്തനത്തിനിറങ്ങിയാലും ഭാര്യയുടെ വ്യക്തിത്വത്തെ ഭർത്താവിന്റെ നിഴലിൽ നിർത്തിയേ അംഗീകരിക്കുകയുള്ളൂ.

സംരക്ഷണത്തിനും,സുരക്ഷിതത്വത്തിനും മുൻഗണന നൽകുമ്പോൾ സ്ത്രീയുടെ വ്യക്തിത്വത്തെ അംഗീകരിക്കാൻ അവളെ തുല്യയായി പരിഗണിക്കാൻ അപ്പോഴും സമൂഹം പഠിച്ചിട്ടേയില്ല.

അധികാരസ്ഥാനങ്ങളിലോ, പ്രവർത്തിക്കുന്ന സംഘടനകളുടെ നേതൃത്വനിരയിലെത്താനും അവൾക്ക് ഗോഡ്ഫാദർമാർ വേണം. അല്ലാതെ എത്തുന്ന ഒരുവൾ നിരവധിയായ യുദ്ധങ്ങൾ ,പരീക്ഷണങ്ങൾ നേരിടേണ്ടിവരും. അവളുടെ സൗഹൃദങ്ങൾ സംശയിക്കപ്പെടാം. അവളുടെ ചാരിത്രത്തെ സംശയിക്കപ്പെടാം. സ്വന്തം വ്യക്തിത്വം നില നിർത്തി ഉറക്കെ അഭിപ്രായം പറയുന്നവൾ തന്റേടിയും, അഹങ്കാരിയുമാവും. ഒരിക്കലും അവളുടെ പത്തിയുയരാതിരിക്കാൻ എല്ലാവരും ജാഗരൂഗരായിരിക്കും. ഒരു സ്വതന്ത്ര വ്യക്തിയായി പരിഗണിക്കപ്പെടുക വളരെ ചുരുക്കമായിരിക്കും. പ്രസംഗ വേദികളിൽ ഏറ്റവും അവസാനവും, ബാനർ പിടിക്കാൻ ഏറ്റവും മുന്നിലുമായി സ്ഥാനം നിശ്ചയിക്കപ്പെട്ടിട്ടുണ്ടാവും.

വ്യവസ്ഥാപിത കാഴ്ചപ്പാടുകളോട് കലഹിക്കാതെ ഒരു സ്ത്രീക്ക് വ്യക്തിത്വമുള്ള ഒരു സാമൂഹിക / രാഷ്ട്രീയ പ്രവർത്തകയാകാൻ കഴിയില്ല. സാമൂഹിക പ്രവർത്തനം ഒരു വ്യക്തിയുടെ മുഴുവൻ സമയവും ഊർജ്ജവും, ത്യാഗവും ആവശ്യപ്പെടുന്നുണ്ട്. എന്നാൽ കുട്ടിക്കാലം മുതൽ അരുതുകളും, അതിരുകളും നിറഞ്ഞ ഒരു ലോകത്ത് വളരുന്ന പെണ്ണിന് എങ്ങനെ അത്തരമൊരു വ്യക്തിത്വത്തിലേക്കുയരാൻ കഴിയും? അത്തരം പരിമിതികളെയൊക്കെ ഭേദിച്ച് ഒരു സത്രീ മുന്നോട്ടു വന്നാൽ അവളെ എങ്ങനെയാവും സ്വീകരിക്കുക? നിങ്ങളുടെ മുന്നിൽ മിടുക്കുതെളിയിക്കാൻ അവളെന്തൊക്കെ ത്യാഗങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. നിങ്ങളുടെ സദാചാര കണ്ണുകൾ എന്നും അവൾക്കു പിന്നിൽ ഉണ്ടാവില്ലേ? മാത്രമല്ല രാഷ്ട്രീയത്തിലെ സ്ത്രീ എങ്ങനെ ഏതു കോലത്തിൽ നടക്കണം, സംസാരിക്കണം, ഏതുതരം വസ്ത്രം ധരിക്കണം, എന്നിങ്ങനെ എല്ലാക്കാര്യത്തിലും സ്റ്റീരിയോടൈപ്പ് മാതൃകകൾ സമൂഹം സൃഷ്ടിച്ചിട്ടുണ്ട്. അത് കൃത്യമായും ഒരു സവർണ്ണ മാതൃകയാണ്. തല മൊട്ടയടിച്ച, ചുരിദാറോ, ജീൻസും ടോപ്പുമോ അണിഞ്ഞ ഒരു രാഷ്ട്രീയക്കാരിയായ സ്ത്രീയെ നമുക്കു സങ്കൽപ്പിക്കാൻ കഴിയില്ല. അങ്ങനെ നടന്നതു കൊണ്ട് മാത്രം എന്റെ രാഷ്ട്രീയ ഭാവി ഞാൻ തുലച്ചു കളഞ്ഞതായി ഉപദേശിച്ച ആളുകളുണ്ട്. പാർട്ടി മീറ്റിംഗുകളിൽ നിന്ന് മാറ്റി നിർത്തപ്പെട്ടിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികളിലെ സ്ത്രീ സംഘടനകളാവട്ടെ ഈ പുരുഷാധിപത്യ സമൂഹത്തിൽ ഒരു പോറൽ പോലും ഏൽപ്പിക്കാൻ കഴിയാത്ത വിധം അരികു വൽക്കരിക്കപ്പെട്ടിട്ടുണ്ട്. അവർക്ക് മാതൃപാർട്ടിയിലെ സ്ത്രീവിരുദ്ധതയെ ചോദ്യം ചെയ്യാനോ, അതിൽ നിന്ന് വ്യത്യസ്തമായ ഒരു സംഘടനാ സംവിധാനം രൂപപ്പെടുത്താനോ സാധിക്കില്ല. ഞാനിപ്പോൾ പ്രവർത്തിക്കുന്ന ,താരതമ്യേന പുതിയ പാർട്ടിയായ റെവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടിയിൽ പോലും അത്തരത്തിലുള്ള മാറ്റങ്ങൾക്കു വേണ്ടിയുള്ള ശ്രമങ്ങൾ പല ഘട്ടത്തിലും പരാജയപ്പെട്ടു പോയ അനുഭവങ്ങളുണ്ട്. പഴയ പാർട്ടിയുടെ സ്ത്രീവിരുദ്ധ സംഘടനാ ശീലങ്ങളെ പൊളിച്ചു ഒരു മാറ്റിപ്പണിയൽ അത്ര എളുപ്പമല്ല എന്ന് തിരിച്ചറിഞ്ഞു കൊണ്ടിരിക്കുന്നു.

നിലവിലെ രാഷ്ട്രീയ രംഗം പുരുഷനനുയോജ്യമായി രൂപകൽപന ചെയ്തതാണ്. പുരുഷാധിപത്യ വ്യവസ്ഥയുടെ എല്ലാ പോരായ്മകളെയും ഏറ്റവും നന്നായി പ്രതിഫലിപ്പിക്കുന്ന ഇടം കൂടിയാണത്. അവിടെ തന്റെ വ്യക്തിത്വം തെളിയിക്കാനും, ആ മേഖലയിലെ സ്ത്രീവിരുദ്ധതയെ എതിർക്കാനുമുള്ള ഊർജ്ജവും കൂടി സ്ത്രീ ആർജ്ജിക്കേണ്ടി വരുന്നുണ്ട്. ആൺ, പെൺ, ട്രാൻസ്ജെൻഡർ വ്യത്യാസങ്ങളില്ലാത്ത, എല്ലാത്തരം ജെൻഡർ ,സെക്ഷ്വൽ വ്യക്തിത്വങ്ങളെയും അംഗീകരിക്കുന്ന ഇടമായി പൊതുരംഗം മാറേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. രാഷ്ട്രീയത്തെക്കുറിച്ചുള്ള അത്തരമൊരു സ്വപ്നത്തിലേക്കാണ് ഞാൻ നിങ്ങളെ ക്ഷണിക്കുന്നത്. നിങ്ങളുടെ ആണധികാരത്തിന്റെ മുഷ്കുകളില്ലാത്ത, വിയോജിപ്പുകളെ കൊലക്കത്തിക്കിരയാക്കാത്ത, കാരുണ്യവും സ്നേഹവും, കരുതലും നിറഞ്ഞ നിസ്വാർത്ഥമായ രാഷ്ട്രീയ പ്രവർത്തനമെന്ന സ്വപ്നത്തിലേക്ക്.

**അനുസ്മരണം**



**ഹമീദ സി.കെ.**
അസി.പ്രൊഫസർ, വുമൺസ് സ്റ്റഡീസ്,
കോഴിക്കോട് സർവ്വകലാശാല

# കെ. ശാരദാമണി : കേരളത്തിലെ സ്ത്രീ–കീഴാള പഠനത്തിന്റെ ആദ്യ പഥിക



സ്ത്രീ പഠനം എന്ന ചിന്തയും ആശയവും പ്രാവർത്തികമാക്കുന്നതിലും മറ്റുള്ളവരെ അത്തരത്തിൽ ചിന്തിപ്പിക്കുകയും ചെയ്യിപ്പിക്കുകയും ചെയ്ത മലയാളികളിൽ പ്രഥമ സ്ഥാനം വഹിക്കുകയും ചെയ്തിരുന്ന പ്രിയപ്പെട്ട ശാരദാമണി വിടപറഞ്ഞിരിക്കുകയാണ് (ജനനം: 25 ഏപ്രിൽ 1928 – മരണം: 26 മെയ് 2021).

സ്ത്രീകൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ച് സാമൂഹിക ശാസ്ത്ര മേഖലകളിൽ കടന്നു വരാൻ വിമുഖത കാണിച്ചിരുന്ന കാലത്താണ് ശാരദാമണി സാമൂഹിക ശാസ്ത്രത്തെ തന്റെ പ്രിയപ്പെട്ട വിഷയമായി തെരെഞ്ഞെടുത്തത്. സാമ്പത്തിക ശാസ്ത്രമായിരുന്നു ബി. എ. ഹോണേഴ്സിലെ ഐച്ഛിക വിഷയമെങ്കിലും അതിനെ സാമൂഹിക ശാസ്ത്രമായിട്ടാണ് എക്കാലത്തും അവർ വിശേഷിപ്പിച്ചിരുന്നത്. സാമ്പത്തികശാസ്ത്രം വളരെയധികം സാങ്കേതികമായും ഉപകരണ ഉപാധിയായും വികസിക്കുമ്പോൾ അതിന്റെ സാമൂഹിക ഉൾക്കാഴ്ചയെ ചോർത്തിക്കളയാതെ തന്റെ പഠന ഗവേഷണങ്ങളിലൂടെ ലോകത്തിനു മുൻപിൽ അവതരിപ്പിക്കയായിരുന്നു ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ആയിരിക്കുമ്പോഴും ഇവർ ചെയ്തത്. ജാതീയതയുടേയും കീഴാളതയുടേയും സാമൂഹിക വ്യാകരണത്തിന്റെ അടിസ്ഥാനം സാമ്പത്തികമായ ശ്രേണീബന്ധങ്ങൾ കൂടിയാണ് എന്ന വായന കേരളത്തിന്റെ സാമൂഹിക ചരിത്ര വായനയുടെ എക്കാലത്തേയും പുരോഗമനപരമായ വീക്ഷണമായാണ് കരുതിപ്പോരുന്നത്. 'കേരളത്തിലെ പുലയർ: അടിമ ജാതിയുടെ ഉദയം' (എമെർജൻസ് ഓഫ് സ്ലേവ് കാസ്റ്റ്: പുലയാസ് ഓഫ് കേരള), 'മാതൃദായക സമ്പ്രദായത്തിന്റെ പരിണാമം' (മാട്രിലീനി ട്രാൻസ്ഫോംട് : ഫാമിലി, ലോ, ഐഡിയോളജി ഇൻ 20 സെഞ്ചറി ട്രാവൻകൂർ), 'മാറുന്ന കാർഷിക ബന്ധങ്ങളിലെ സ്ത്രീ പദവി' (വുമൺ'സ് സ്റ്റാറ്റസ് ഇൻ ചേഞ്ചിങ് അഗ്രറിയൻ റിലേഷൻസ് ഇൻ കേരള: എ കേസ് സ്റ്റഡി ഓഫ് പാലക്കാട്) , 'വിദ്യാഭ്യാസം, തൊഴിൽ,

ഭൂ ഉടമസ്ഥത' (എഡ്യൂക്കേഷൻ, എംപ്ലോയ്മെൻറ് ആൻഡ് ലാൻഡ് ഓണർഷിപ്പ് : റോൾ ഓഫ് കാസ്റ്റ് ആൻഡ് ഇക്കണോമിക് ഫാക്ടർസ് ആൻഡ് മാട്രിലീനി), സ്ത്രീ, സ്ത്രീവാദം, സ്ത്രീ വിമോചനം; മാറുന്ന ലോകം മാറ്റുന്നതാര്, ഇവർ വഴികാട്ടികൾ തുടങ്ങിയ പഠനങ്ങൾ ഈ വഴികളിലൂടെ ഓരോ ഗവേഷകരേയും കൈപിടിച്ചു നടത്തുന്നതാണ്. ഈ പഠനങ്ങളിലെ ഉൾക്കാഴ്ചകൾ സമൃദ്ധവും യുക്തിയുക്തവും അനുഭവവേദ്യവുമാകുന്ന ആശയ സംവാദങ്ങളാണ് പ്രദാനം ചെയ്യുന്നത്. കേരളത്തിന്റെയും ഇന്ത്യയുടെയും സാമൂഹിക ശാസ്ത്ര ജ്ഞാനമണ്ഡലത്തിൽ പ്രത്യേകിച്ചും സ്ത്രീപഠനത്തിൽ ശാരദാമണി അവശേഷിപ്പിക്കുന്നത് നികത്താനാകാത്ത ശൂന്യതയാണ്.

വിദ്യാഭ്യാസക്കാലത്തു തന്നെ പൊതുവെ സ്ത്രീകൾ കടന്നു ചെല്ലാൻ മടിച്ച മേഖലയായിരുന്ന രാഷ്ട്രീയ പ്രവർത്തനത്തിൽ ഊർജ്ജസ്വലമായി ഇടപെട്ടുകൊണ്ടാണ് ശാരദാമണി ഒരു ഇടത് സഹയാത്രികയായത്. പൊതുവെ സ്വാതന്ത്ര്യ സമരപ്രവർത്തനങ്ങളുടെയും ഇന്ത്യൻ ദേശീയതയുടെയും തീവ്രത കുറഞ്ഞ തോതിൽ മാത്രം പ്രതിഫലിച്ചിരുന്ന തിരുവനന്തപുരത്തെ കലാലയ ഇടങ്ങളിൽ ശക്തമായ സ്ത്രീശബ്ദമായിരുന്നു ശാരദാമണി എന്ന് സഹപാഠിയായ പ്രൊഫസർ എം. എ. ഉമ്മൻ ഒരു ഓൺലൈൻ അഭിമുഖത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ശാരദാമണി ദി ഹിന്ദു പത്രത്തിന് നൽകിയ അഭിമുഖത്തിൽ സ്റ്റുഡൻസ് ഫെഡറേഷന് വേണ്ടി ഇംഗ്ലീഷ് എഡിറ്റർ ആയി മത്സരിച്ച വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൻറെ തുടർച്ചയായി വേണം തൊഴിലാളി പ്രസ്ഥാനത്തിന്റെ ശബ്ദമായി ആരംഭിച്ച ജനയുഗം വാരികയുടെ ആദ്യ പത്രാധിപരായ സഖാവ് ഗോപിനാഥൻ നായരെ (ജനയുഗം ഗോപി) ജീവിത പങ്കാളിയാക്കുന്നത്. തൊഴിലാളി പ്രസ്ഥാനത്തിന്റേയും കീഴാള സാമൂഹിക ശാസ്ത്രത്തിന്റേയും രീതിശാസ്ത്രങ്ങൾ വി

**കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ സ്ത്രീ സംഘടനയായ നാഷണൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ വിമന്റെ അദ്ധ്യക്ഷ പദവി വരെ (2002 2008) ഏറ്റെടുക്കാൻ അവരെ പ്രാപ്തമാക്കിയതും ഈ ഇടത് ബോധത്തിന്റെ സൂക്ഷ്മതയാണ്. എന്നാൽ ഇടതുപക്ഷത്തിന്റെകാലികമായ പ്രവർത്തനങ്ങളെ എന്നും നിരൂപണാത്മകമായി വിലയിരുത്തുന്നതിൽ ഒട്ടും ശങ്കിക്കാത്ത വ്യക്തിത്വം എന്നത് ഇവരിലെ മാർക്സിസ്റ്റ് ചിന്തകയുടെ തെളിവാണ്.**

കസിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും നിരന്തരം ഇവർ പരിശ്രമിച്ചിരുന്നതിന്റെ പശ്ചാത്തലം ഇവരിലെ മാർക്സിസ്റ്റ് വിദ്യാർത്ഥി ബഹുജന പ്രസ്ഥാനത്തിന്റെ സ്വാധീനമാണ്. കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ സ്ത്രീ സംഘടനയായ നാഷണൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ വിമന്റെ അദ്ധ്യക്ഷ പദവി വരെ (2002 ബ2008) ഏറ്റെടുക്കാൻ അവരെ പ്രാപ്തമാക്കിയതും ഈ ഇടത് ബോധത്തിന്റെ സൂക്ഷ്മതയാണ്. എന്നാൽ ഇടതു പക്ഷത്തിന്റെ കാലികമായ പ്രവർത്തനങ്ങളെ എന്നും നിരൂപണാത്മകമായി വിലയിരുത്തുന്നതിൽ ഒട്ടും ശങ്കിക്കാത്ത വ്യക്തിത്വം എന്നത് ഇവരിലെ മാർക്സിസ്റ്റ് ചിന്തകയുടെ തെളിവാണ്.

സ്ത്രീകളുടെ തൊഴിലിടങ്ങൾ, അവിടെ അവരനുഭവിക്കുന്ന വിവേചനങ്ങൾ, സാമൂഹിക - ഭൂ ഉടമബന്ധങ്ങളിലെ അസമത്വങ്ങൾ, ജാതീയമായ വിവേചനങ്ങളുടെ ഉല്പത്തി, സമ്പദ് ഘടനയിലെ സ്ത്രീകൾ, ശാസ്ത്ര സാങ്കേതിക വിദ്യയും സ്ത്രീകളും എന്നു വേണ്ട വിവിധങ്ങളായ സ്ത്രീ-കീഴാള പഠനങ്ങൾക്ക് വെളിച്ചമേകുമ്പോഴും അവയുടെ പ്രവർത്തന മണ്ഡലങ്ങളിൽ സ്വാധീനം ചെലുത്തുന്ന തരത്തിലുള്ള ഇടപെടലുകളിലും സജീവമായിരുന്നു ശാരദാമണി. ഇന്ത്യൻ ആസോസിയേഷൻ ഓഫ് വിമെൻസ് സ്റ്റഡീസിന്റെ ഒന്നാമത്തെ സമ്മേളനം ( 1981 ) മുതൽ സ്ത്രീപഠന വിഷയങ്ങളിൽ വ്യക്തമായ ദിശാബോധം നൽകാൻ അതിനാൽ തന്നെ ഇവർക്ക് സാധ്യമായി. സ്ത്രീ-കീഴാള പഠനങ്ങളിൽ വ്യാപൃതരായ ഗവേഷകരോട് പ്രായഭേദമന്യേ സൗഹാർദ്ദപരമായ ബന്ധം പുലർത്തുവാനുള്ള ഇവരുടെ കഴിവ് പ്രശംസനീയമാണ്. ഗവേഷണത്തിൽ എപ്പോഴും ഫീൽഡ് വർക്കിൻറെ സഹായത്തോടുകൂടിയുള്ള നിരീക്ഷണങ്ങൾക്ക് പ്രാമുഖ്യം നൽകണമെന്ന ചിന്ത ഇവരുടെ പഠനങ്ങളിൽ ഉടനീളം നമുക്ക് കാണാൻ സാധിക്കും. അത് തന്നെയാണ് യുവഗവേഷകരോട് അവർ പലപ്പോഴും ഉപദേശിച്ചിരുന്നത്. ഫീൽഡ് സർവ്വേ / അഭിമുഖങ്ങൾ/ പ്രസിദ്ധീകരിക്കപ്പെട്ട ഡാറ്റ, പുരാരേഖകൾ എന്നിവയുടെ വ്യാപകമായ ഉപയോഗവും ഇവരുടെ പഠനങ്ങളെ മികച്ചതാക്കി. ഇതിൻറെ തുടർച്ച എന്ന നിലയിൽ എൺമ്പതു പിന്നിടുമ്പോഴും തിരുവനന്തപുരത്തെ ഹെറിറ്റേജ് വാക്കിന്റെ സജീവ പങ്കാളിയാകാൻ ഇവരെ പ്രേരിപ്പിച്ചതും ഇവരിലെ അന്വേഷണ ത്വര ആയിരിക്കണം. താമസവും വേർപാടും തിരുവനന്തപുരത്താണെങ്കിലും ശാരദാമണി എന്ന മാർക്സിസ്റ്റ് ഫെമിനിസ്റ്റ് സഹയാത്രികയെ സമ്മാനിച്ചത് കൊല്ലം ജില്ലയാണ്. ഈ വേർപാടിൽ ഒരു ഫെമിനിസ്റ്റ് ഗവേഷക എന്ന നിലയിൽ അതിയായ സങ്കടവും നഷ്ടവും രേഖപ്പെടുത്തുന്നു.

പെൺപക്ഷം


അജിത കെ.

# നിയമസഭാ തെരഞ്ഞെടുപ്പ് ഫലം

## ഒരു അവലോകനം



കേരളത്തിലെ തിരഞ്ഞെടുപ്പ് ഫലങ്ങൾ ഇടതുമുന്നണിയും വലതു മുന്നണിയെയും ഒരുപോലെ പിടിച്ചിരുത്തിയിരിക്കുന്നു. എൽഡിഎഫ് ഭരണം ഉറപ്പാണെന്ന് മുദ്രാവാക്യം വിളിച്ച് ഭരണ മുന്നണിയും അധികാരത്തിൽ വരും എന്ന് വാദിച്ച പ്രതിപക്ഷവും ഇത്തരം ഒരു ഫലം പ്രതീക്ഷിച്ചിരുന്നില്ല. കേവല ഭൂരിപക്ഷം നേടിയ എൽഡിഎഫും 41 സീറ്റ് മാത്രം നേടിയ പ്രതിപക്ഷവും എന്ന ചിത്രം ജനങ്ങളും പ്രതീക്ഷിച്ചിരുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. മാത്രമല്ല കഴിഞ്ഞ തവണ ഒരു സീറ്റെങ്കിലും നേടിയ ബിജെപി പ്രഗത്ഭരായ സ്ഥാനാർത്ഥികളെ മത്സരിപ്പിച്ചിട്ടു പോലും ഇത്തവണ വട്ടപൂജ്യമായി!

നിയമസഭയിലും പാർലമെൻറിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം വേണമെന്ന അവകാശവാദങ്ങൾ പതിറ്റാണ്ടുകളായി രാഷ്ട്രീയ പാർട്ടികൾക്കു കീഴിലുള്ള സ്ത്രീ സംഘടനകൾ ഉന്നയിക്കുകയും സമരം ചെയ്യുന്നതുമൊക്കെയാണ്. പക്ഷേ ഇന്നും സ്ത്രീകൾക്ക് സ്ഥാനാർത്ഥിത്വത്തിൽ 25 ശതമാനമെങ്കിലും അനുവദിക്കുന്ന ഒരു രാഷ്ട്രീയ പാർട്ടിയും, സിപിഎം, സിപിഐ തുടങ്ങിയ ഇടതുപക്ഷ പാർട്ടികൾ പോലും ഇപ്പോഴുമില്ല. കാലമെത്ര മാറിക്കഴിഞ്ഞു, മാറ്റങ്ങൾ എത്രയുണ്ടായി . എന്നിട്ടും നിർണായകമായ തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ ഇന്നും സ്ത്രീപങ്കാളിത്തം ശുഷ്ക്കമാണ്. ഇത്തവണ നിയമസഭയിൽ ഇടതുമുന്നണിയുടെ പത്തു സ്ത്രീകളും ഐക്യ

**ഏറ്റവും കൂടുതൽ വോട്ട് വാങ്ങി ജയിച്ച ശൈലജ ടീച്ചറും വീണാ ജോർജ്ജും തൃശ്ശൂരിലെ പ്രമുഖ സി.പി.എം. നേതാവായ ബിന്ദുവുമൊക്കെ അടങ്ങിയ പ്രഗത്ഭരായ ഒമ്പത് സ്ത്രീകൾ സി.പി.ഐ.എമ്മിൽ ജയിച്ചപ്പോൾ ഒപ്പം സി.പി.ഐയുടെ ചിഞ്ചുവും ജയിച്ചു. അങ്ങനെ പത്തുപേർ.പിണറായി വിജയൻ തന്നെ നേതൃത്വം നൽകുന്ന പുതിയ മന്ത്രിസഭ നിലവിൽ വന്നു. പക്ഷേ, ആ മന്ത്രിസഭയിൽ ആരോഗ്യമേഖലയിൽ തന്റെ പ്രഗത്ഭമായ സേവനം കൊണ്ട് അന്താരാഷ്ട്ര പ്രസിദ്ധി വരെ നേടിയ നമ്മുടെ ശൈലജ ടീച്ചർ ഉൾപ്പെട്ടിട്ടില്ല . മുമ്പ് ഗൗരിയമ്മയ്ക്ക് ഉണ്ടായ അനുഭവം ആവർത്തിക്കുകയാണ് എന്ന ആശങ്ക കേരളത്തിലെ സ്ത്രീ പ്രസ്ഥാനങ്ങൾക്കിടയിൽ വ്യാപകമായുണ്ട് .**

മുന്നണിയുടെ ഒരു സ്ത്രീയുമാണ് ഉള്ളത്. ഐക്യമുന്നണിയുടെ പിന്തുണയോടുകൂടി സീറ്റ് നേടിയ കെ. കെ. രമ സഖാവ് ടി.പി ചന്ദ്രശേഖരന്റെ ഭാര്യയാണ്. തീർച്ചയായും ആ വിജയം ചരിത്രത്തിന്റെ ഒരു പകരം വീട്ടലാണ്. തർക്കമില്ല . ഇന്നാട്ടിൽ കൊലപാതക രാഷ്ട്രീയം കാരണം ജീവൻ നഷ്ടപ്പെട്ട ഒരുപാട് മനുഷ്യരുടെയും അവരുടെ ഉറ്റവരുടെയും ശക്തമായ ഒരു പ്രതിഷേധത്തിന്റെ പ്രതീകമാണ് ഈ വിജയം.

ഏറ്റവും കൂടുതൽ വോട്ട് വാങ്ങി ജയിച്ച ശൈലജ ടീച്ചറും വീണാ ജോർജ്ജും തൃശ്ശൂരിലെ പ്രമുഖ സി.പി.എം. നേതാവായ ബിന്ദുവുമൊക്കെ അടങ്ങിയ പ്രഗത്ഭരായ ഒമ്പത് സ്ത്രീകൾ സി.പി.ഐ.എമ്മിൽ ജയിച്ചപ്പോൾ ഒപ്പം സി.പി.ഐയുടെ ചിഞ്ചുവും ജയിച്ചു. അങ്ങനെ പത്തുപേർ.പിണറായി വിജയൻ തന്നെ നേതൃത്വം നൽകുന്ന പുതിയ മന്ത്രിസഭ നിലവിൽ വന്നു. പക്ഷേ, ആ മന്ത്രിസഭയിൽ ആരോഗ്യമേഖലയിൽ തന്റെ പ്രഗത്ഭമായ സേവനം കൊണ്ട് അന്താരാഷ്ട്ര പ്രസിദ്ധി വരെ നേടിയ നമ്മുടെ ശൈലജ ടീച്ചർ ഉൾപ്പെട്ടിട്ടില്ല . മുമ്പ് ഗൗരിയമ്മയ്ക്ക് ഉണ്ടായ അനുഭവം ആവർത്തിക്കുകയാണ് എന്ന ആശങ്ക കേരളത്തിലെ സ്ത്രീ പ്രസ്ഥാനങ്ങൾക്കിടയിൽ വ്യാപകമായുണ്ട് . വീണയും ബിന്ദുവും ചിഞ്ചുറാണിയും മന്ത്രിമാരായത് സ്വാഗതാർഹമാണ്. അതുപക്ഷെ 21 പേരിൽ മൂന്നുപേർ മാത്രം.ഒപ്പം ടീച്ചറും ഉണ്ടായിരുന്നെങ്കിൽ അത് ഒരു മുതൽക്കൂട്ടായേനെ. എന്തായാലും തുടക്കത്തിൽ തന്നെ കോവിഡ് മഹാമാരിയെ നിയന്ത്രിക്കാനുള്ള ചുമതല വന്നുപെട്ട ഈ സർക്കാർ ഇന്ന് കേന്ദ്ര സർക്കാരിൻെറ കണ്ണിൽ കരടാണ്. ഹിന്ദുത്വ ഫാസിസം ആസൂത്രിതമായി നടപ്പിലാക്കാനുള്ള നരേന്ദ്ര മോദി- അമിത് ഷാ അജണ്ട സി.ഏ.ഏ നടപ്പിലാക്കാനുള്ള ശ്രമങ്ങളിലൂടെ , ലക്ഷദ്വീപിനെ പൂർണമായും കോർപ്പറേറ്റ് വൽക്കരിക്കാനുള്ള പദ്ധതികളിലൂടെ പ്രയോഗിച്ചു കൊണ്ടിരിക്കുകയാണ്. കേരള സർക്കാർ ദേശീയ തലത്തിൽ തന്നെ ഈ ഫാസിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുമായിരുന്നെങ്കിൽ വളരെ നല്ലത്.

ദേശീയതലത്തിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ട നിയമസഭ തെരഞ്ഞെടുപ്പ് യഥാർത്ഥത്തിൽ ബംഗാളിലേതാണ്. പ്രധാനമന്ത്രി മുതലുള്ള നേതാക്കളൊക്കെ രാപ്പകലെന്നില്ലാതെ ഇന്ന് തൃണമൂൽ കോൺഗ്രസിന് പരാജയപ്പെടുത്താൻ ശ്രമിച്ചുവെങ്കിലും മമത അത്യുജ്ജ്വലമായി വിജയിച്ചു. മാത്രമല്ല മമതയുടെ മന്ത്രിസഭയിലെ സ്ത്രീ ദലിത് ആദിവാസി മുസ്ലിം പ്രാതിനിധ്യം ഇന്നും ഏറെ ചർച്ചചെയ്യപ്പെടുന്നു. സോഷ്യലിസ്റ്റ് തത്വങ്ങളുടെ യഥാർത്ഥ ഉപജ്ഞാതാവ് മമത ആണെന്നാണ് പൊതു അഭിപ്രായം.ഇത്തരം ഒരു മാതൃക ഒരു ഇടതുപക്ഷ ഗവൺമെൻറ് പോലും ഇതുവരെ ഉണ്ടാക്കിയിട്ടില്ല. കർഷക സമരം വീണ്ടും സജീവമാവുകയാണ്. കാർഷിക മേഖലയെ കോർപ്പറേറ്റവൽക്കരിക്കുന്ന മൂന്ന് കാർഷിക നിയമങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സമരം ആറു മാസം കഴിഞ്ഞു.അഞ്ഞൂറോളംരക്തസാക്ഷികളുണ്ടായി.ആ സമരം വീണ്ടും ശക്തിപ്പെടുത്താൻ സംയുക്ത കിസാൻ മോർച്ച തീരുമാനിച്ചിരിക്കുന്നു. സ്വാതന്ത്ര്യം ലഭിച്ച ശേഷം നമ്മുടെ നാട് ഇന്നുവരെ കണ്ടിട്ടില്ലാത്ത വിധം ത്യാഗോജ്ജ്വലവും ധീരവുമാണ് ഈ സമരം . കേരളവും ബംഗാളും മാത്രമല്ല തമിഴ്നാട്, ആസാം തുടങ്ങിയ സംസ്ഥാനങ്ങളും തെരഞ്ഞെടുപ്പ് ഗോദയിലായിരുന്നു. അതിൽ ആസാമിൽ മാത്രമാണ് ബിജെപി ഭരണത്തിൽ കയറിയത്.

ഇക്കഴിഞ്ഞ ഏഴ് വർഷങ്ങളിൽ ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള സംഘപരിവാർ ശക്തികൾ ഇന്ത്യയിലെ കേന്ദ്ര ഭരണം പിടിച്ചടക്കിയതിലൂടെ നാടൊട്ടുക്കും പടർന്ന കൂരിരുളിന്റെ അവസാനം അടുക്കാറായോ? ജനാധിപത്യം- മതേതരത്വം - ബഹുസ്വരത എന്നിവയുടെ പ്രകാശകിരണങ്ങൾ വീണ്ടും കണ്ടു തുടങ്ങിയോ?

ഉപ്പും മുളകും


ഗീത



# കെ. ശാരദാമണിക്ക് ആദരപൂർവ്വം

നമ്മുടെ നാട്ടിൽ ഉള്ളിടത്തോളം വിദ്യാസമ്പന്നരും പണിയെടുക്കുന്നവരുമായ സ്ത്രീകൾ ഭാരതത്തിൽ മറ്റെവിടെയുമില്ലെന്ന കാരണത്താൽ ഇവിടത്തെ സ്ത്രീകൾ കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുന്നു എന്നാരെങ്കിലും വിശ്വസിക്കുന്നുണ്ടെങ്കിൽ, അതു ഭയങ്കരമായ തെറ്റിദ്ധാരണയുടെ ഫലം മാത്രമാണ് '


ഇതെഴുതിയത് ഈയ്യിടെ അന്തരിച്ച കെ.ശാരദാമണി ആണ്. അവരെഴുതി എന്നതല്ല ഇതിനെ പ്രസക്തമാക്കുന്നത്. 1951-52 കാലഘട്ടത്തിലെ യൂനിവേഴ്സിറ്റി കോളെജ് മാഗസിനിൽ ആണ് അവരിതെഴുതിയത് എന്നതാണ്. ഏതാണ്ട് 70 വർഷം മുമ്പ് ഒരു കോളെജ് വിദ്യാർഥിനി ഇതെഴുതുന്നു എന്നതാണ് പ്രധാനം. 2021 ൽ ഒരു കോളെജ് വിദ്യാർഥിനി സ്ത്രീകളുടെ അവസ്ഥയെക്കുറിച്ചെഴുതിയാലും പ്രസക്തമായ കാര്യം. കോളെജ് യൂനിയൻ ഇലക്ഷനു അവരന്നു മത്സരിച്ചതിനെത്തുടർന്നുള്ള വിസംവാദങ്ങൾക്കുള്ള മറുപടിയായിരുന്നു ' കേരളത്തിലെ സ്ത്രീകൾ ഇന്നും നാളെയും ' എന്ന മാഗസിൻ ലേഖനം. ആലോചിച്ചു നോക്കൂ, ഇന്നു പോലും കോളെജ് യൂനിയൻ



ഇലക്ഷനുകളിലെ സ്ത്രീ പങ്കാളിത്തം. മിക്കവാറും ഉന്നത വിദ്യാഭ്യാസ മേഖലയിൽ തൊണ്ണൂറു ശതമാനത്തോളം പെൺകുട്ടികൾ ആയിരിക്കെ, അവർ ഇലക്ഷനിൽ മത്സരിക്കുന്നത് സംവരണം ചെയ്യപ്പെട്ട സീറ്റുകളിൽ ആണ്. ചിലപ്പോൾ ഒന്നോ രണ്ടോ സീറ്റുകൾ കൂടുതൽ അനുവദിക്കപ്പെട്ടേക്കാം. പക്ഷേ അതു തീരുമാനിക്കുന്നതു മിക്കവാറും ആൺകുട്ടികൾ ആയിരിക്കും. സംശയമില്ല രാഷ്ട്രീയ അധികാരവുമായി ബന്ധപ്പെട്ട വിഷയം തന്നെയാണിതും. ഇന്നും നിലനില്ക്കുന്ന ഈ അസമതയോടുള്ള പ്രതികരണമായിരുന്നു ശാരദാമണിയുടെ 70 വർഷം മുമ്പുള്ള പ്രസ്തുത ലേഖനം.

അതേ ലേഖനത്തിൽ സ്ത്രീകൾ തൊഴിൽ രംഗത്ത് അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങൾ അവർ പറയുന്നുണ്ട്. ഉദ്യോഗരംഗം, ഫാക്ടറി തൊഴിലാളികൾ, ചകിരിത്തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ എന്നിങ്ങനെ. ഉദ്യോഗസ്ഥകൾ കുടുംബവും പേറി നരകിക്കുന്നു. മറ്റു തൊഴിൽ മേഖലകളിലെ സ്ത്രീകൾ പലതരം തൊഴിൽ ചൂഷണങ്ങൾക്കു വിധേയപ്പെടേണ്ടി വരുന്നു. കൂലിയിലും വിവേചനം അനുഭവിക്കുന്നു. അതായത് റഷ്യയിലെയും ചൈനയിലെയും സ്ത്രീകളുടെ അവസ്ഥകളെ അഭികാമ്യമായി അവർ വിലയിരുത്തുന്നു. പക്ഷേ വർഗസമത്വം ലിംഗസമത്വത്തിനുള്ള പശ്ചാത്തലം ആകുന്നില്ല എന്ന കാര്യം അനുഭവപരമായി തിരിച്ചറിയുമ്പോഴും സിദ്ധാന്തപരമായി അങ്ങനെയൊരു ന്യായീകരണം മുമ്പോട്ടു വെ

ക്കാൻ 1951 ലെ ഈ ലേഖനം ശ്രമിക്കുന്നതായി കാണുന്നു. അതൊരു പക്ഷേ റഷ്യയെയും ചൈനയെയും മറ്റു കമ്മ്യൂണിസ്റ്റു രാഷ്ട്രങ്ങളെയും ആദർശപരമായി കാണുന്ന അന്നത്തെ പൊതു ഇടതു പക്ഷ രീതിയുടെ ഫലമായിരിക്കാം. അതു കൊണ്ടു തന്നെ കാലത്തിന്റെ ആനുകൂല്യം കെ ശാരദാമണിയുടെ ആ കാഴ്ചപ്പാടിനു നല്കാവുന്നതാണ്. അതു മാറ്റി വെച്ചാൽ കാലത്തിനു മുമ്പേ സഞ്ചരിച്ച ലേഖനം എന്നു തന്നെ അതു ചരിത്രപരമായി സ്ഥാനപ്പെടുത്തേണ്ടി വരും.




1956 ൽ ജനയുഗത്തിന്റെ കേരളപ്പിറവി സ്പെഷ്യലിൽ ‘കേരളത്തിലെ സ്ത്രീകളും ഉന്നത വിദ്യാഭ്യാസവു‘മെന്ന വിഷയമാണവർ കൈകാര്യം ചെയ്തത്. അവിടെ അവർ കൃത്യമായി നിരീക്ഷിക്കുന്ന ഒരു വസ്തുത രസകരമാണ്. ചൈനയിലും സോവിയറ്റ് യൂനിയനിലുമുള്ള സ്ത്രീകൾ പുരുഷനോടൊപ്പം ട്രാക്ടർ ഓടിക്കുക, വലിയ മില്ലുകൾ നടത്തുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നുണ്ട്. എന്നാൽ കേരളത്തോളം വിദ്യാഭ്യാസമില്ലാത്ത ഉത്തരേന്ത്യയിലെ സ്ത്രീകളുടെയത്ര പോലും തന്റേടമില്ലാത്ത കേരള സ്ത്രീകളെക്കൊണ്ട് അതത്രയെളുപ്പം സാധിക്കുകയില്ല എന്നവർ ശരിയായി നിരീക്ഷിച്ചിരിക്കുന്നു. ഈ ജീവിതത്തിൽ പുരുഷൻ നേരിടുന്നതിലധികം പ്രശ്നങ്ങൾ സ്ത്രീകൾക്കു നേരിടേണ്ടതുണ്ടെന്നും അതിനവളെ പ്രാപ്തയാക്കുന്ന വിധമായിരിക്കണം വിദ്യാഭ്യാസമെന്നും കെ.ശരദാമണി അടിവരയിടുന്നു. ( പു .30.)

വിദ്യാഭ്യാസത്തിനും തൊഴിൽ സമ്പാദനത്തിനും പുരുഷനു ലഭിക്കുന്ന സാമൂഹിക അനുവാദവും അംഗീകാരവും സ്ത്രീകൾക്കു പൊതുവേ ലഭിക്കാറില്ല എന്നവർ നിരീക്ഷിക്കുന്നത് 1973 ൽ ആണ്. ഒറ്റക്കൊരു സ്ത്രീക്ക് താമസ സൗകര്യം ലഭിക്കാനുള്ള തടസ്സം അവർ ചൂണ്ടിക്കാണിക്കുന്നു. കൂടാതെ കുടുംബത്തിന്റെ മുഴുവൻ ഉത്തരവാദിത്വവുമാണവർക്ക് ഉദ്യോഗത്തോടൊപ്പം വഹിക്കേണ്ടി വരുന്നത്.

എന്നാൽ സ്വന്തം ദുരിതങ്ങളുടെ കാരണങ്ങളെപ്പറ്റി ഇവരിൽ മിക്കവരും അജ്ഞരാണ് ‘അതു കൊണ്ടു തന്നെയാണ് ഗർഭിണികളുൾപ്പടെ ഉദ്യോഗസ്ഥകൾക്ക് ഓടിത്തുടങ്ങിയ ബസ്സിൽ ചാടിക്കയറേണ്ടി വരുന്നതും അത്യാവശ്യമായ കാരണങ്ങളാൽ അരമണിക്കൂർ താമസിച്ചു വരുമ്പോൾ മേലുദ്യോഗസ്ഥന്റെ ദുർമുഖം കാണേണ്ടി വരുന്നതും ഔദ്യോഗിക ജീവിതത്തിൽ നിരുത്സാഹപ്പെടുത്തലിനും വിവേചനത്തിനും അടിമപ്പെടേണ്ടി വരുന്നതും ‘ (പു.39) . ഇത് ഇന്നു പോലും എത്ര സാധുവാണ് എന്നാലോചിക്കുക.

ഭാരതീയ വനിതകളുടെ പുനരുത്ഥാനം, ഇന്ത്യൻ സ്ത്രീകളുടെ സാമൂഹ്യ സ്ഥിതി, സ്ത്രീകളും സ്വാതന്ത്ര്യാനന്തര അജണ്ടകളും എന്നിങ്ങനെ ഒട്ടേറെ വിഷയങ്ങൾ അവർ കൈകാര്യം ചെയ്തതായി കാണാം. കേരളീയ സ്ത്രീകൾ മിഥ്യയും യാഥാർഥ്യവും എന്ന ലേഖനത്തിൽ (1991) ൽ എത്തുമ്പോൾ അവർ സമ്മതിക്കുന്നത്, സ്വന്തമായ വരുമാനമാർഗം മാത്രം പോര സ്ത്രീ സ്വതന്ത്രയാകാൻ എന്നാണ് (പു. 117). സ്ത്രീക്ക് തുല്യ പദവികൾ ലഭിക്കണമെങ്കിൽ വിവാഹത്തെപ്പറ്റി പുതിയ ചിന്തകൾ സമൂഹത്തിലുണ്ടാകണം എന്നവർ പറയുന്നു. കേരളത്തിലെ സ്ത്രീകൾക്ക് സ്വന്തം നിലയോട് അമർഷവും പ്രതിഷേധവും ഉണ്ടാകണം. വളരെ നിർദയം എന്നു തോന്നാവുന്നതും എന്നാൽ അനിവാര്യവുമായ ഒരു നിലപാടവർ പരസ്യപ്പെടുത്തുന്നത് ഇങ്ങനെയാണ്, ‘ഇന്ന് കേരളത്തിലെ സ്ത്രീകളെപ്പറ്റി പറഞ്ഞു പരത്തുന്നതും നമ്മെ നിഷ്ക്രിയരും സ്വയം സംതൃപ്തരുമാക്കുന്ന മിഥ്യകളിൽ നിന്ന് നാം മോചനം നേടിയേ പറ്റൂ ‘ ( പു .122 ). കാര്യങ്ങൾ കൃത്യമായി നിരീക്ഷിക്കാനും വിലയിരുത്താനുമുള്ള ഈ പാടവത്തെ നമ്മൾ അഭിനന്ദിക്കേണ്ടതുണ്ട്. കേരളീയ സ്ത്രീയുടെ സ്വാതന്ത്ര്യവും പുരോഗമനവും എങ്ങനെ യാഥാർഥ്യങ്ങൾക്കു നിര

ക്കാത്ത കളവായി മാറുന്നുവെന്നതു വ്യക്തമാക്കുന്നു. കുറേക്കൂടി വ്യക്തമായി 1993 ൽ 'കേരള മാതൃകയും സ്ത്രീകളും ' എന്ന പഠനം പ്രസിദ്ധീകരിച്ചു. സ്ഥിതിവിവരകണക്കുകളുടെ കൂടി സഹായത്തോടെ കേരളത്തിലെ വ്യത്യസ്ത സ്ത്രീയവസ്ഥകൾ വിലയിരുത്തിക്കൊണ്ട് അ ഗവേഷണ സ്വഭാവമുള്ള ആ പഠനം അവർ അവസാനിപ്പിച്ചത് ഇങ്ങനെയായിരുന്നു




'ചുരുക്കിപ്പറഞ്ഞാൽ സാക്ഷരത, ആൺ-പെൺ അനുപാതം, ആയുർദൈർഘ്യം തുടങ്ങി ഏതാനും സൂചികകൾ പൊക്കിപ്പിടിച്ച് സ്ത്രീകളെ കബളിപ്പിക്കുകയാണ് കേരള മാതൃക ചെയ്യുന്നത് ' ( പു.142).

വിദ്യാഭ്യാസ മേഖലയിലെ സ്ത്രീപഠന വിഭാഗത്തിന്റെ പ്രസക്തിയെപ്പറ്റി അവർ സംസാരിച്ചത് 1995 ൽ നടത്തിയ ഒരു പ്രസംഗത്തിലായിരുന്നു. അന്ന് കേരളത്തിലെ ഒരു യൂനിവേഴ്സിറ്റിയും സ്ത്രീപഠന വിഭാഗങ്ങൾ ആരംഭിച്ചിരുന്നില്ല. ഏതടിസ്ഥാനത്തിൽ നോക്കിയാലും സമത്വസുന്ദര കേരളമല്ല ഉയർന്നു വന്നതെന്ന യാഥർഥ്യത്തെ സത്യസന്ധമായി അംഗീകരിക്കാൻ അവർ തയ്യാറാണ് (പു 160).

സ്ത്രീകളുടെ പൊതു രംഗ പ്രവേശനത്തപ്പറ്റി 1996 ൽ അവർ മുമ്പോട്ടു വെച്ച നിലപാടിനും പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല. ' ഏതെങ്കിലും രാഷ്ട്രീയ പൊതുജീവിത രംഗത്ത് നിലയുറപ്പിച്ചിട്ടുള്ള പുരുഷന്മാരുടെ വീട്ടുകാരും ബന്ധുക്കളും അല്ലെങ്കിൽ ആശ്രിതരായിട്ടുള്ളവരിൽ നിന്നുള്ള സ്ത്രീകൾ ആണ് സാധാരണ ടിക്കറ്റുകിട്ടി മത്സരിച്ചു വരുന്നത്... സ്വതന്ത്രമായ നിലപാട് ഒരു കാര്യത്തിലും അവർ എടുക്കുകയുമില്ല... അതു തുടരാൻ അനുവദിക്കാതിരിക്കുക എന്നത് സ്ത്രീ രാഷ്ട്രീയത്തിന്റെ ഒരു പ്രധാന അജണ്ട ആയിരിക്കണം' ( പു. 171) .സ്ത്രീകളുടെ അധികാര രാഷ്ട്രീയത്തിലേക്കുള്ള കടന്നു വരവിന്റെയും അതിലെ സ്ത്രീ രാഷ്ട്രീയത്തിന്റെയും പ്രത്യേകതയെയും ആവശ്യകതയെയും പറ്റിയുള്ള തികഞ്ഞ ബോധ്യം അവർക്കുണ്ടായിരുന്നു.

1999ൽ അവരെഴുതിയ 'പുരുഷന്മാരും സ്ത്രീവിമോചനവു 'മെന്ന ലേഖനം ഇങ്ങനെയാണ് അവസാനിക്കുന്നത്,

' ഫെമിനിസ്റ്റുകൾ എന്നവകാശപ്പെടുന്ന കുറേ പുരുഷന്മാരുണ്ട്.സ്ത്രീകൾക്ക് ഉപദേശവും മാർഗരേഖയും നല്കുന്നതിലാണ് അവർക്കു കൂടുതൽ താല്പര്യം. പ്രബുദ്ധ കേരളത്തിൽ, പുരോഗമന പ്രതിച്ഛായ അനുഭവിക്കുന്ന കേരളത്തിൽ 'Men against. Atrocities on Women " എന്ന ഗ്രൂപ്പുകളോ സംഘടനകളോ എന്തുകൊണ്ട് ഉണ്ടായില്ല എന്നു ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട്. പൂവാലന്മാരെയും ബലാത്സംഗം മുതൽ എല്ലാ വിധമായ സ്ത്രീ പീഡനങ്ങൾക്കും കാരണക്കാരായ പുരുഷന്മാരെയും ചെവിക്കു പിടിച്ച് പരസ്യമായി സാമൂഹ്യ വിരുദ്ധരായി പ്രഖ്യാപിച്ച് പുറം തള്ളാൻ നമ്മുടെ പുരുഷന്മാർ ധൈര്യം കാണിക്കുമോ?' ( പു.187).

ശരിയാണ്. പക്ഷേ പൂവാലന്മാരും ബലാത്സംഗികളും സ്ത്രീപീഡകരും അക്കാദമിക ഫെമിനിസ്റ്റു ബുജികളായി വേഷം മാറിയിരിക്കുന്ന കേരളത്തിലെ പൊതു സമൂഹത്തിൽ കെ ശരദാമണിയെന്ന മുതിർന്ന സ്ത്രീവാദിയുടെ സ്വപ്നം പങ്കുവെക്കുകയാണ്.

1999ൽ ഡിസി ബുക്സ് പുറത്തിറക്കിയ 'സ്ത്രീ സ്ത്രീവാദം സ്ത്രീ വിമോചനം' എന്ന പുസ്തകത്തെ ആസ്പദിച്ചു നടത്തിയ ആലോചനയാണിത്. ഇതിലെ ഉദ്ധരണികൾ ആ പുസ്തകത്തിൽ ഉള്ളതാണ്. അതെഴുതിയ കെ ശാരദാമണിയെന്ന ഫെമിനിസ്റ്റ് 93-ാമത്തെ വയസ്സിൽ ഈ ലോകത്തിൽ നിന്നു വിട്ടു പോയി. എങ്കിലും ഈ പുസ്തകം ഇതിലെ നിലപാടുകൾ പിൻതലമുറക്കാരെ പ്രചോദിപ്പിക്കുന്നവയാണ്.

കെ.ശാരദാമണിക്ക് ആദരവോടെ
പിങ്ക് സല്യൂട്ട്.

**കഥ**



ഷീല എൻ.കെ.

# അടവുനയങ്ങൾ



അട്ടയെ പിടിച്ച് മെത്തേ കെടുത്ത്യാലും അട്ട പൊട്ടക്കൊളം തേടി പോകും നയാഗ്ര വെള്ളച്ചാട്ടം കണ്ടിട്ടും മലയിലെ പാറയിടുക്കിൽ നിന്ന് ഒഴുകുന്ന നീരുറവയിൽ നല്ലോർമ തിരുകുന്ന ശാന്തയെ വേണ്ടപ്പെട്ടവർ അങ്ങനെയാണ് കളിയാക്കുക. 'ആയിക്കോട്ടെ' എന്ന് അഭിമാനത്തോടെ പൊട്ടക്കുളം സ്വീകരിക്കും ശാന്ത .എന്നിട്ടോ 82 ന്റെ പഴക്കത്തിലും ശാന്തയുടെ ഓർമ കെട്ടഴിഞ്ഞ പൈങ്കുട്ടിയെപ്പോലെ തുള്ളിച്ചാടി പായും .പഴകിയ ശരീരംകൊണ്ട് ഒപ്പം ഓടാൻ ആവാതെ ചിലപ്പോൾ ശാന്ത വലയും .അന്നത്തെ ഓട്ടം ഒരു ഗംഭീര പ്രകടനം ആയിരുന്നു ഒറ്റോട്ടത്തിന് ഒരു 64 കൊല്ലം ഓടി കിതച്ചു ചെന്ന് നിന്നു. കിടപ്പു കണ്ടവർ സംഭ്രമിച്ചു കാണണം. നോക്കുമ്പോഴുണ്ട താ ശാന്ത നല്ല ചിരി .എങ്ങനെ ചിരക്കാതിരിക്കും ? അതല്ലേ കണ്ട കാഴ്ച ! നാടേറെ താണ്ടി കടൽ കടന്ന് ശാന്ത തന്റെ ഓർമ പച്ചപ്പിലേക്ക് പതിയെ ഇറങ്ങി. ഇരിപ്പായി. കുറച്ചവിടെ തങ്ങണമെന്ന്കണക്ക്ക്കൂട്ടിയതുപോലെയുണ്ട് ആ ചിരി കണ്ടാൽ .

**പുളുക്കഥ**

പുസ്തകത്തിന്റെ നടുവിൽ ഇരിക്കുകയാണ് ടീനേജ്കാരി ശാന്ത.ടെക്സ്റ്റ് ബുക്കുകളൊക്കെ നിരത്തിവെച്ച് അതിന്റെ ഉൾച്ചട്ടയിൽ

ശാന്ത എഴുതി : 'ലാൻഡ് ട്രൈ
ബ്യൂണൽ 'വാക്ക് മറക്കാൻ പാടി
ല്ല .നല്ല കിടിലൻ വാക്കാണ് .പറ
യുമ്പോൾ തന്നെ ഒരു പഞ്ചുണ്ട് .
അന്ന് മുഴുവൻ അത് കാണാതെ
പറഞ്ഞു പഠിച്ചു .ആ വാക്കോടെ
താനൊരു രാജകുമാരിയായെന്ന്
അവൾ വെറുതെ നടിച്ചു .ആ നാ
ടൃത്തിൽ മുത്തച്ഛന് വലിയ പങ്കു
ണ്ട് .കാടിനോടും കല്ലിനോടും മ
ല്ലിട്ട് നേടിയതൊക്കെ നമ്മുടേതാ
ക്കിയ കനമുള്ള വാക്കാണതെന്ന്
ചാരുകസേരയിലിരുന്ന് തകരപ്പെട്ടി
യിലേക്ക് ചില പേപ്പറുകൾ അടു
ക്കിവെച്ച് പൂട്ടി മുത്തച്ഛൻ പറഞ്ഞു
,ഡംഭിന് ഒരു വാക്കും കണ്ണെത്താ
ത്ത ഭൂമിയും. ..പഠിപ്പുക്കാരെന്ന് അ
ഹങ്കാരമുള്ള കൂട്ടുകാരികളോ ടൊ
ക്കെ തലങ്ങും വിലങ്ങും ' ലാൻ
ഡ് ട്രൈബ്യൂണൽ 'പറഞ്ഞു ശാ
ന്ത . 'ഇത് എന്താണപ്പാ 'എന്ന് കൂ
ട്ടുകാർ പകച്ചു 'പഠിക്കണേ പഠി
ക്കണം.കല്യാണം കഴിക്കണം. ' എ
ന്നു പറഞ്ഞ് മന്ദരം മയങ്ങി നടക്കു
ന്ന സുന്ദരിക്കോതയോട് സംശയം
ചോദിക്കാൻ അവരുടെ വലിയ പഠി
പ്പ് സമ്മതിച്ചില്ല. തങ്ങളുടെ മിക
വിന് ഇടിവ് തട്ടും എന്ന് ഓർത്തി
ട്ടോ !എന്തോ?അവരാരും അത് എ
ന്താണെന്ന് ചോദിച്ചതുമില്ല .ഭാ
ഗ്യം ! പറഞ്ഞു കൊടുക്കാൻ ശാ
ന്തയ്ക്കൊട്ട് അറിയേം ഇല്ല. ഇനി
അറിഞ്ഞാലും അത് പറഞ്ഞു കൊ
ടുക്കില്ല ശാന്ത . ഒരു വെടിക്ക് മരു
ന്ന് തന്റെ കയ്യിലും ഇരിക്കട്ടെ എ
ന്ന്. പഠിക്കില്ലെങ്കിലും തന്നെ അ
വർ കൂടെ കൊണ്ടുനടക്കുന്നത് കാ
ണാൻ അൽപം ചന്തം ഉള്ളതുകൊ
ണ്ടാണെന്ന് ശാന്തയ്ക്കറിയാം.
താൻ ഒപ്പമുണ്ടെങ്കിൽ ആൺകുട്ടി
കൾ ഒക്കെ മിണ്ടിയും പറഞ്ഞും
തങ്ങളുടെ ഗേങ്ങിലേക്ക് വരും .അ
തിനുള്ള അടവാണ്. ആൺകുട്ടിക
ളെ വാലാക്കുന്നതിൽ പഠിപ്പിനൊ
ന്നുംവലിയ കാര്യമില്ല. കൂട്ടുകാർ
ക്ക് അവരുടെ ചൂണ്ടയിൽ കാമുക
ന്മാർ വന്നു കൊളുത്താനുള്ള ഇര
യായിട്ടാണ് തന്നെ കാണുന്നത്..
ചേട്ടൻമാർ ചൂണ്ടയിൽ ഇര കൊ
ളുത്തിമീൻ പിടിക്കുന്നതാണ് അ
പ്പോൾ ശാന്തയുടെ ഓർമയിൽ വ
രിക.'അയ്യേ ഞാൻ ഇരയൊന്നുമ
ല്ല ' എന്ന് വഴുവഴുപ്പോടെ ആ ഉ
പമ തന്നെ ഛർദ്ദിക്കും ശാന്ത .ക്ലാ
സ്സിനു പുറത്ത് വായേനോട്ടം തകൃ
തിയിൽ നടക്കുമ്പോൾ ശാന്തയാ
ണ് താരം ..എന്നാൽ പഠിക്കാൻ
ബുദ്ധി ഇല്ലാത്തവർക്ക് ക്ലാസ്സ് മു
റി വലിയ ഏനക്കേട. പിന്നെ വി
ലാസിനി ടീച്ചറുടെ ഭൂമിശാസ്ത്ര
ക്ലാസിലാണ് ഒന്ന് തലപൊക്കാൻ
പറ്റുക . സഹ്യപർവ്വതത്തിനെകു
റിച്ച് എപ്പോൾ പറഞ്ഞാലും ശാന്ത
യൊന്ന് തല നീർത്തിക്കോട്ടെ എ
ന്ന് കരുതിയാവും ടീച്ചർ പറയും :
'സഹ്യപർവ്വതത്തിന്റെ ഒരു ഭാഗം
നമ്മുടെ ശാന്തേടെ വീടിന്റെ അ
ടുത്താ ' .അതോടെ എല്ലാവരും
ശാന്തയെ ഒന്ന്. നോക്കും. വീട്ടിൽ
എല്ലാവരും പണിക്കിറങ്ങുമ്പോൾ
പെങ്കൊച്ച് വീട്ടിൽ ഒറ്റയ്ക്കാവണ്ട
. എന്നു കരുതി മാത്രമാണ് തന്നെ
പട്ടണത്തിൽ സ്കൂളിൽ ആക്കിയ
ത് .അല്ലാതെ താൻ പഠിക്കാൻ
അത്ര പോര ,എന്ന് എല്ലാവർക്കും
അറിയാം. എല്ലാവരും അംഗീകരി
ച്ച ഒരു കാര്യത്തിൽ പിന്നെ കൂടു
തൽ ഒന്ന് ശ്രമിക്കാൻ ഇല്ലെന്ന് ശാ
ന്തയും ഉറപ്പിച്ചു ..അതുകൊണ്ട്
ശാന്തയ്ക്ക് പഠിപ്പിന്റെ കാര്യത്തിൽ
വലിയ ബേജാറില്ല.എങ്കിലും നിൽ
ക്കുന്നിടത്ത് ഒരു മതിപ്പ് ഒക്കെ വേ
ണ്ടെ. പഠനത്തിൽ ഏഴാങ്കൂലിയാ
ണെങ്കിലും കൂട്ടുകാരുടെ ഇടയിൽ
പിടിച്ചു നിൽക്കാൻ ഒരു കച്ചിത്തു
രുമ്പ് – ..അങ്ങനെയും പറഞ്ഞൂട
– ആലാസ്സ്ക്കയറിന്റെ ശക്തിയുണ്ട്
തന്റെ പുളുക്കഥകൾക്ക് .

. ചാക്ക് കണക്കിന്പുളുക്കഥ
തന്റെ കയ്യിലുണ്ടെന്നാണ് കൂട്ടുകാ
രികൾ മതിപ്പോടെ പറയുക.അത്
പതിയെ കൊടഞ്ഞിട്ട് ഹോസ്റ്റലി
ലെ സന്ധ്യാനേരങ്ങളിലെ വർത്ത
മാനം കൊഴുപ്പിച്ചെടുക്കും ശാന്ത.
ശാന്തയുടെ ചുരുണ്ട മുടിയിൽ
കൈവെച്ച് കാച്ചിയ എണ്ണയും മ
ണപ്പിച്ച് ഇരിക്കും സുകന്യ. വാ
യിൽ നിന്ന് വീഴുന്നത് അങ്ങനെ
തന്നെ പിടിക്കാൻ കാത്ത് സോമു
.പിന്നെ ചുറ്റും മറ്റുള്ളവരും. എണ്ണ
കാച്ചുന്ന കഥ കേൾക്കാൻ ഡോ
ളിക്കാണ് ഏറെയിഷ്ടം, കാതലുള്ള
മരത്തിന്റെ വിറക് കത്തിച്ച് കനലാ
ക്കി.. ഇങ്ങനെ തുടങ്ങും ശാന്ത.
ചെവി കൂർമ്മിച്ച് എണ്ണ കാണാത്ത
ചപ്ര മുടിയുമായി കൂട്ടുകാർ ചു
റ്റും കൂടും. ശാന്ത തുടരും.അടു
പ്പിൽ കനൽ നിറയ്ക്കും. തേങ്ങാ
പ്പാല് തെളിയിച്ചെടുത്ത വെളിച്ചെ
ണ്ണയിൽ പത്തിലച്ചാറ് ചേർക്കും പ
തുക്കെ ഇളക്കി അരക്കു പാകമാ
ക്കും. അപ്പോഴേക്കും അടുപ്പും കാ
ച്ചുന്ന അമ്മൂമ്മയുടെ മുഖവും ഒ
രുപോലെ ചുവക്കും എന്നു പറ
ഞ്ഞ് ശാന്ത തന്റെ മുഖം അമർത്തി
തുടയ്ക്കും. അഞ്ജനക്കല്ലും പച്ച
കർപ്പൂരവും ചേർത്തിറക്കും. ശാന്ത
യുടെ മുടി മണത്ത് കാച്ചിയിറക്കി
യ എണ്ണയുടെ മണം പിടിക്കും ലീ
ല . .മറ്റൊരിക്കൽ സന്ധ്യാചർച്ച
യിൽ ഞവുണിക്ക ചുട്ട കഥയായി
രുന്നു. പാടവരമ്പത്തു നിന്ന് പാവാ
ട നിറയെ ഞവുണിക്ക പറക്കി പ
റപ്പുറത്ത് കനലിലിട്ട് ചുട്ടെടുത്ത ക
ഥ . ഞവുണിക്കയുടെ കക്ക ഞ
ങ്ങൾ കളിക്കുമ്പോൾ കിണ്ടിയാ
ക്കും എന്നു പറഞ്ഞതും സുകന്യ
പിണങ്ങിപ്പോയി. പണ്ട് നാട്ടിൽ കേ
ട്ട 'കിണ്ടിയുടെ മക്കൾ, എന്ന കഥ
എല്ലാവരും കേൾക്കേ പറഞ്ഞു
കൊടുത്തതാണ് പ്രശ്നമായത്. ക
ഥ പറയുമ്പോൾ ജാതിയൊന്നും
ശ്രദ്ധിക്കാറില്ല ശാന്ത. ഒരു രസം.
മാത്രവുമല്ല വല്ലാണ്ട് മർമം നോക്കി
യാൽ കയ്യിലെ കോപ്പ് കുറയും.
പുസ്തകത്തിലില്ലാത്ത ഇത്തരം നു
റുങ്ങുകൾ കൊണ്ടാണ് പഠിപ്പുക്കാ
ര് കൂട്ടുകാരികളുടെ അടുത്ത് പി
ടിച്ചു നിൽക്കുന്നത്. അതുകൊണ്ടാ
ണ് ചിരിച്ചു കൊണ്ട് കുഞ്ഞുണ്ണൂ
ലി അമ്മയോട് പറഞ്ഞ കഥ പൊ
ടിപ്പും തൊങ്ങലും ചേർത്ത് പറ
ഞ്ഞത്. നായർ തറവാടായ വലിയ
ക്കുന്നത്തെ രേവമ്മയുടെ വീട്ടിൽ
നിന്ന് മനയ്ക്കലെ നമ്പൂതിരി കര
ഞ്ഞോണ്ട് പോയ കഥ-ഒരു ദിവ
സം സന്ധ്യയ്ക്ക് നമ്പൂരി ശ്ലോകം
ചൊല്ലിക്കൊണ്ട് ശൃഗാരം ചവയ്
ച്ച് ചവിട്ട് കല്ലോളം എത്തിയപ്പോൾ
കിണ്ടി വെള്ളം ഇല്ല്യാത്രെ. കിണ്ടി

വെള്ളം ഉണ്ടെങ്കിലേ നമ്പൂതിരിക്ക് സ്വീകാര്യത ഉള്ളു. അകത്തേക്ക് പ്രവേശിക്കാവു.അപ്പോൾ കിണ്ടിയില്ല എന്നത് ഒരു തരം 'ഒഴിമുറി തന്നെ. എല്ലാമറിയാമായിരുന്നിട്ടും മറന്നതാണങ്കിലോ. എന്ന് വെറുതെ പ്രതീക്ഷിച്ച് കുറച്ച് കാത്തു. തോളിലെ തോർത്തെടുത്ത് നിറഞ്ഞൊഴുകുന്ന കണ്ണുതുടച്ച് മാവിൻച്ചോട്ടിൽ കുറച്ചങ്ങനെ നിന്നു. തട്ടിൻമേലെ ജനലടയ്ക്കുന്ന ശബ്ദം കൂടി കേട്ടപ്പോൾ ആള് വേറെ കേറി എന്ന് ബോധിച്ചു.കാൽ നീട്ടി വെച്ച് നടന്ന് തിരിച്ചുപ്പോയി. ഇത്രയും കൂടി പറഞ്ഞാണ് ശാന്ത അത് അവസാനിപ്പിച്ചത്. 'അതുകൊണ്ട് അവിടെ ചില വീടുകളിലെ കുട്ടികളെ എന്റെ അമ്മൂമ്മയൊക്കെ കിണ്ടിവെള്ളത്തിന്റെ മക്കൾ എന്ന് അടക്കംപറയും ' ഇതു പറഞ്ഞ് ശാന്ത കുടുകുടാ ചിരിച്ചു. ലീലയും സാവിത്രിയും സൈനാത്തുവും തൂണിൽ മുഖമമർത്തി ചിരിച്ചു സുകന്യ പെട്ടെന്ന് മുറിയ്ക്കകത്തേക്ക് പോയി. കുറേ ഓർത്തപ്പോൾ കാര്യം പിടി കിട്ടി. സുകന്യ നായരാണെന്നു ഓർക്കാൻപോയിട്ട് പഠിക്കുമ്പോൾ ആർക്കെങ്കിലുമുണ്ടോ ജാതി ! എല്ലാവരും ഒന്നു പോലെ. ജാതിയൊക്കെ പിന്നെയല്ലേ ജീവിതത്തിലേക്ക് കയറി വന്ന് അരങ്ങുവാഴുക. മുതിർന്നവർ പറഞ്ഞു തരുന്ന സംഭവവമായതുകൊണ്ടാണ് ചില കഥകളിൽ ജാതിയൊക്കെ ഇങ്ങനെ വലിഞ്ഞു കയറി വരുന്നത്.അതിൽ പിന്നെ ശ്രദ്ധിക്കാറുണ്ട്. രസിക്കാൻ പറയുമ്പോൾ വേറൊരാൾക്ക് രസക്കേടുണ്ടാവാൻ പാടില്ലല്ലോ. പിന്നെ ഇപ്പോഴാണ് നാവിൽ സന്ദർഭവശാൽ ഒരു കിണ്ടി വന്ന് പെട്ടത്. ശാന്തയ്ക്ക് പ്രയാസം തോന്നി. ആലോചനക്കുറവ് തന്നെ

കിഴക്കുനിന്ന് പടിഞ്ഞാട്ടേയ്ക്ക്

പരീക്ഷാച്ചൂടിൽ .പുളുക്കഥകൾക്ക് ശ്രോതാക്കൾ ഇല്ലാതായ മീനമാസത്തിലെ ഒരു ഉച്ചസമയത്താണ് കുഞ്ഞാഞ്ഞ ഹോസ്റ്റലിൽ വന്നത്. 'സാധനങ്ങളൊക്കെ 'പേക്ക് ചെയ്തോ പോകാൻ ' എന്നു പറഞ്ഞപ്പോൾ പരീക്ഷയിൽ നിന്ന് രക്ഷപ്പെട്ട സന്തോഷമായിരുന്നു. രായ്പ്പൻ പടിയിൽ വണ്ടിയിറങ്ങുമ്പോൾ നേരം ഇരുട്ടി. പിന്നെ തോട്ടു വരമ്പത്തൂടെ കുറേ നീങ്ങണം. തീപ്പാല പൂക്കൾ കത്തിച്ച ബൾബു പോലെ തോട്ടിലെ വെള്ളത്തിൽ പ്രകാശിച്ചു. അതിൽ നോക്കിയാണ് നടന്നത്. വൈകിച്ചെന്നതിനാൽ കിണറ്റിൻ കരയിലാണ് കുളിച്ചത്. അടുക്കളയിൽ ചെന്നപ്പോൾ ഉമിയിട്ട് കാച്ചിയ പാല് ഉറ കാത്ത് കിടക്കുന്നു , ചൂണ്ടുവിരൽ ഒറ്റ ഇറക്കൽ കലത്തിലേക്ക്. മീൻകൊത്തിയെടുത്ത പൊൻമയെ പോലെ വിരൽ ഒരു ഉയർക്കൽ. നേരെ വായിലേക്ക്. വായിലൊതുങ്ങാതെ പാട ഞാണ്ടു കിടന്നു. ആദ്യം അല്പം ഒതുങ്ങിയും പിന്നെ വികസിച്ചും പിന്നെ നീളനേ ഒന്നു പതുങ്ങിയും പാൽപ്പാട അന്തരീക്ഷത്തിൽ ഇന്ത്യയുടെ ഭൂപടം തീർത്തു. കാഴ്ച കണ്ടു വന്ന മുത്തശ്ശി നേരെ ഉമ്മറത്തേക്ക് പോയി. തിണ്ണയിലിരുന്ന് മുത്തച്ഛനോട് പറഞ്ഞു ' ഇതിനെയാണോ? നിങ്ങള് കെട്ടിക്കാൻ പോണേ?

എടവം ഗുണം പോര . മേടത്തിൽ ചെക്കന്റെ ജന്മമാസം. മീനത്തിലാവാന്ന് വെച്ചു. കല്യാണം കഴിഞ്ഞതുകൊണ്ട് 'തോറ്റു , എന്ന നാണക്കേടിൽ നിന്ന് രക്ഷപ്പെട്ടു. എന്ന വലിയ ഗുണമാണ് ശാന്തയ്ക്ക് അപ്പോൾ അനുഭവപ്പെട്ടത്. പരീക്ഷ എഴുതിയാലല്ലേ തോൽക്കൂ ജീവിതത്തിന് തോൽവി –ജയം എന്നൊക്കെ ഉണ്ടെന്ന് ശാന്ത അപ്പോൾ ഓർത്തിട്ടേയില്ല. പത്ത് – വരെ – പഠിച്ച പെണ്ണ്, സുന്ദരി, പെണ്ണിനൊത്ത പൊന്ന്. ഇങ്ങനെ ചില ഗമയോടു കൂടിയാണ് കിഴക്കുനിന്ന് അല്പം പടിഞ്ഞാട്ടേയ്ക്ക് പെണ്ണെടുത്ത ശാന്തയുടെ നടപ്പ്. നാല് ആൺ മക്കളിൽ താഴെയുള്ള ആളാണ് മണവാളൻ ചെക്കൻ. വന്നു കയറിയ പെണ്ണുങ്ങളിൽ പലതു കൊണ്ടുംമുന്തിയതാണ് താനെന്ന് ശാന്തയ്ക്ക്സ്വയം ബോധ്യപ്പെട്ടതല്ലാതെ ചേട്ടത്തിമാരാരും തന്നെ ഗൗനിക്കുന്നില്ലെന്ന് ശാന്ത ശ്രദ്ധിച്ചു. മണവാളൻ ചെക്കനോട് അതൊന്ന് സൂചിപ്പിക്കുകയും ചെയ്തു. 'നീ മുട്ടിന് മുട്ടിന് ആ പഴഞ്ചൊല്ലു പറച്ചില് നിർത്ത്. പിന്നെ കാച്ചിയ എണ്ണയും ഇങ്ങനെ കോരി തലേലൊഴിക്കണ്ട ദാ, ഇതൊക്കെ പുരട്ട് ' . ശാന്ത അത് ശ്രദ്ധിച്ചിരുന്നു പെട്ടിയുടെ അടിയിൽ സെറ്റ് കുപ്പി. ശാന്തയ്ക്ക് അത് അറപ്പാണ്. അറബി മൂത്രമാണ് അതെന്ന് അവൾ എവിടെയോ കേട്ട് വിശ്വസിച്ചു. 'അയ്യേ, എന്നവൾ മൂക്കു പൊത്തി. റേഡിയോ ആണ് ഇവിടെ ആകർഷകമായി അവൾക്ക് തോന്നിയത്. അത് കയ്യാലയിലാണ്. ഉച്ചയ്ക്ക് ചേട്ടത്തിമാരെല്ലാം കുളിച്ച മുടി അഴിച്ച് നീട്ടിയിട്ട് തല കൈതണ്ടയിൽ പണയം വെച്ച് ഓരം ചെരിഞ്ഞ് ഒരു കിടപ്പാ റേഡിയോക്ക് ചുറ്റും. ശബ്ദം വരെ പിന്നെ ചോർന്നു കിട്ടില്ല. 'കിഴക്കത്തിയല്ലേ അതിന് ഇതൊന്നും പിടിക്കില്ല ' ഒരു ദിവസം റേഡിയോ കേൾക്കാൻ ചെന്നപ്പോഴാണ് തന്നെ കുറിച്ച് ഏടത്തിമാരുടെ കമന്റ് നേരെ കേട്ടത്. ഇതോടെയാണ് കിഴക്കും പടിഞ്ഞാറും തമ്മിൽ ഇത്ര വ്യത്യാസമുണ്ടെന്ന് ശാന്ത അറിഞ്ഞത്. അല്ലെങ്കിൽ അങ്ങനെയൊക്കെയുണ്ടോ? നില്ക്കുന്നിടത്ത് നിന്ന് അല്പം നീങ്ങി നിന്നാൽ നിൽക്കുന്ന കിഴക്ക് പടിഞ്ഞാറാകും. തിരിച്ചായാൽ പടിഞ്ഞാറ് കിഴക്കും എന്നിട്ടാണ്. പട്ടണത്തിലെ അധ്യാപകർ പോലും കിഴക്കൻ മലയിലെ എത്ര വിശേഷങ്ങളാ ചോദിച്ചറിയുക. പിന്നെയല്ലേ പത്ത് വരെപോലും പഠിക്കാത്ത ഇവർ. അറബീ മൂത്രാതെളിച്ചാൽ ഇത്ര ഗമ വരോ ? സൂര്യനുദിക്കുന്നത് കിഴക്ക്, മലകൾ കിഴക്ക് .നദികൾ കിഴക്കുനിന്ന് എന്നിട്ട് കിഴക്കിന് എന്താ ഇത്ര അയിത്തം ആവോ? ചോദിക്കണമെന്ന് തോന്നിയതാ ? വേണ്ടെന്ന് സ്വയം നിയന്ത്രിച്ചു. കിഴക്കത്ത്യാത്രെ കിഴക്കത്തി. കുളിക്കാനും അമ്പലത്തീ പോകാനും തന്നെ കൂട്ടു വിളിക്കാത്തതിന്റെ കാരണം ഇപ്പോഴാണ് പിടികിട്ടിയത്. . 'വടക്കൊള്ളോനെ വഴീ കാണണം

തെക്കൊള്ളോനെ വീട്ടിൽ കാണണം'

എന്നൊക്കെ ദിക്കുകളെയും തദ്ദേശവാസികളെയും

ചേർത്തു പരാമർശങ്ങൾ കേട്ടിരിക്കുന്നു. വീട്ടിൽ സ്വത്തുവകയില്ലെങ്കിലും ആർഭാടത്തോടെ പുറത്തിറങ്ങുമെത്രെ വടക്കുള്ളോര്. തെക്കൊള്ളോരാകട്ടെ വീട്ടിൽ എത്ര വകയുണ്ടെങ്കിലും പുറത്തിറങ്ങുമ്പോൾ ആർഭാടമേ കാണിക്കില്ല. ഇതൊക്കെ കേട്ടിരിക്കുന്നു.അവിടെയൊന്നും കിഴക്ക് ഇത്ര വെടക്കാണെന്ന് കേട്ടിട്ടേ ഇല്ല. മണവാളൻ ചെക്കനും എന്തോ അഭിപ്രായക്കുറവുണ്ട്. നേരിട്ടു പറയാതെ പഴഞ്ചൊല്ലിലും കാച്ചിയ എണ്ണയിലും തൊട്ട് തെറിപ്പിച്ച് അങ്ങനെ അവസാനിപ്പിച്ചൂന്നെ ഉള്ളു. ഇത്രയും ആയപ്പോൾ കല്യാണത്തിലും ഭേദം പത്തില് തോൽക്ക്വായിരുന്നു , നല്ലത് എന്ന് ശാന്തക്ക് തോന്നാൻ തുടങ്ങി.

**മുറിയിഗ്ലീഷ്**

വീർപ്പുമുട്ടി നിൽക്കുമ്പോഴാണ് സുഖാന്വേഷണവുമായി അച്ഛന്റെ വരവ്. അപ്പോഴേയ്ക്കും കിഴക്കിന്റെ ദോഷം കേട്ട് ശാന്ത വല്ലാണ്ടായ് കഴിഞ്ഞിരുന്നു. കൂട്ടുകാർക്കിടയിലും വീട്ടുകാർക്കിടയിലും എങ്ങനെ കഴിഞ്ഞതാണ്. മണവാളൻ ചെക്കന്റെ പെരുമാറ്റം കാണുമ്പോൾ വീട്ടിൽചക്കി പെണ്ണ്ബ്രാല് ഉരയ്ക്കുന്ന ഓർമയാണ് വരിക. ചേട്ടത്തിമാരോളം തന്നെപരിഷ്കൃതയാക്കാൻ ഉള്ള ശ്രമമാണ്. സ്വത്വം ഇളക്കി മാറ്റുന്ന നീറ്റൽ സഹിക്കാനാവാതെ ശാന്ത പുളഞ്ഞു. ഇനിയും ഇവിടെ തങ്ങിയാൽ താൻ താനല്ലാതാവും.

മണവാളൻചെക്കനില്ലാതെ അച്ഛനോടൊപ്പംശാന്ത കയറി ചെന്നപ്പോൾ നാട്ടുനടപ്പിന് ചേരാത്ത കാഴ്ച കണ്ട് വീട്ടിലുള്ളവർ അമ്പരന്നു. പുതുമോടി മാറാതെ ബമണവാളൻ ചെക്കനില്ലാതെ ..... . അച്ഛൻ കാര്യം വിശദീകരിച്ചു. അച്ഛനും തിടുക്കത്തിലുള്ള തന്റെ വരവിൽ സംശയമുണ്ട്. എങ്കിലും വീട്ടുകാരുടെ വലിയ അമ്പരപ്പൊന്ന് മാറിക്കോട്ടെ എന്ന് കരുത്യാവും ഇങ്ങനെ പറഞ്ഞു. .അവൾ വാശി പിടച്ചു എന്നാൽ ഒന്ന് കൊണ്ടോയ്ക്കോളൂ എന്ന് അവരും പറഞ്ഞു ' ഇതു കേട്ട് എല്ലാവരും തൽക്കാലം ആശ്വസിച്ചു. ശാന്ത ഉള്ളിൽ പറഞ്ഞു. 'ഒന്ന് കൊണ്ടോയ്ക്കോളൂ എന്നല്ല. രണ്ടാമത് കൊണ്ടോവാൻ ഞാനിനി അങ്ങട്ട് പോയീട്ടു വേണ്ടേ'. കുട്ടിയുടെ തനിച്ചുള്ള വരവും ഉത്സാഹമില്ലായ്മയും വീട്ടിൽ എല്ലാവരിലും സങ്കടവും സംശയവും നിറച്ചു. ആരോഗ്യമുള്ളവനെങ്കിലും മണവാളൻ ചെക്കനെ തലങ്ങും വിലങ്ങും സംശയിച്ചു. മുതിർന്നവർക്കിടയിൽ അടക്കം പറച്ചിലുകൾ നടക്കുന്നുണ്ടെങ്കിലും ആരും ഒന്നും ചോദിക്കാൻ ധൈര്യപ്പെട്ടില്ല. ഒരൊറ്റ മറുപടിയിൽ പ്രതീക്ഷ അസ്തമിക്കാതിരിക്കാൻ അവർ ഓരോരുത്തരും ചോദ്യത്തെ ഉള്ളിൽ തന്നെ പിടിച്ചു വയ്ച്ചു.

കുടുബത്തിൽ പഠിപ്പും ഉദ്യോഗവും അംഗീകാരവുമുള്ള സുഭദ്രേടത്തി ശാന്തയെ പാടത്തും പറമ്പിലും നടത്തിച്ച് പ്രസരിപ്പ് വീണ്ടെടുത്തു. പതിയെ പ്രശ്നാന്വേഷണത്തിന്റെ സൂചികേറ്റി. രഹസ്യം ചോർത്തി. കുളത്തിൽ നീന്തിക്കളിച്ച് അല്പനേരം അലക്കു കല്ലിൽ വിശ്രമിക്കുകയാണ് ശാന്തയും സുഭദ്രേടത്തിയും. ഒരു കൈ കൊണ്ട് വെള്ളം പതിയെ തട്ടി തെറിപ്പിച്ച് അല്പം ലാസ്യഭാവത്തോടെ വേണ്ടതൊക്കെ മംഗളമായ് തന്നെ നടന്നിട്ടുണ്ടെന്ന് മുക്കിയും മൂളിയും ശാന്ത പറഞ്ഞു. അപ്പോൾ പിന്നെ ചെറുകിട സംശയങ്ങളിലേക്കായി. ഒടുവിൽ കിഴക്കത്തിയുടെ രഹസ്യം ചോർന്നു കിട്ടി. ഓ അതാണോ . കാര്യം. സുഭദ്രേടത്തി കുലുങ്ങി ചിരിച്ചു. തമാശയിലുപരി കാര്യം നിസ്സാരമാണെന്ന് ശാന്തയെ ബോധ്യപ്പെടുത്താൻ കൂടി ആയിരുന്നു ആ ചിരി. 'നീ പണ്ടു പറയാറില്ലേ ടൗണിലെ സ്കൂളിൽ പിടിച്ചു നിൽക്കാൻ മലയിലെ വിശേഷങ്ങൾ വിളമ്പല് . ആ കാട്ടിയ നമ്പറൊന്നു തിരിച്ചിട്ടാ മതി. ' അതിനുള്ള മരുന്ന് താൻ പറഞ്ഞു തരാം എന്നായി സുഭദ്രേടത്തി. എന്നിട്ടോ കുറച്ച് ഇംഗ്ലീഷ് വാക്ക് എഴുതി കൊടുത്തു സുഭദ്രേടത്തി. 'പഠിക്കാൻ വിടുമ്പോഴേ പഠിക്കണം ' എന്നു പറഞ്ഞ് തലയ്ക്കൽ ഒരു കിഴുക്കും.

പാടത്ത് നിന്ന് വന്നു കയറിയതേ ഉള്ളു മണവാളൻ ചെക്കൻ. ശാന്തയെ കണ്ട് ചോദിച്ചു 'എപ്പോ വന്നു "ജസ്റ്റ് എത്തിയതേയുള്ളു '

എന്തോ കേട്ടിട്ടെന്നോണം അടുക്കളയിൽ നിന്ന് മൂത്തചേട്ടത്തി എത്തി നോക്കി 'എന്തുണ്ട് അവിടെ വിശേഷം '

' ഓ അവര് ബിസിയാ കൊയ്ത്ത് നടക്കല്ലേ'

ആരുടെ കയ്യിൽ നിന്നാണ് അടുക്കളയിൽ പാത്രം വീണ്ത്?.

'കൃഷിയൊക്കെ നന്നായോ?'

'ക്ലമറ്റ് മോശായിരുന്നില്ലേ വിളവ് പോരാ '

ഇതു കൂടികേട്ടപ്പോൾ ശരിക്കും അന്തം വിട്ടത് മണവാളൻ ചെക്കൻ തന്നെയാണ്. കുറച്ചുകാലത്തെ വിരഹത്തിൽ ഇപ്പോൾ തോന്നിയ പെട്ടെന്നുണ്ടായ സന്തോഷവും ഉൾച്ചേർന്നപ്പോൾ മണവാളൻ ചെക്കൻ കൈ നീട്ടി ശാന്തയെ പിടിക്കാൻ ഓങ്ങി. ' പോയി ഫ്രെഷ് ആയിട്ടു വരു' എന്നായി ശാന്ത .

കുറച്ചു നാളുകൾക്കുള്ളിൽ ഫാമിലി, കംഫർട്ട്, എൻജോയ്മെന്റ്, ഫീലിംങ്സ് . സീരിയസ് , എന്നീ വാക്കുകളൊക്കെ ഏതാണ്ട് വേണ്ട സ്ഥാനങ്ങളിൽ തന്നെ പറഞ്ഞു ഫലിപ്പിച്ചു ശാന്ത ...അതോടെ താനേ ഒരു റെസ്പെക്റ്റ് തനിക്കു ചേട്ടത്തിമാർ തരുന്നുണ്ടെന്ന് ഒരു വലിയ തമാശയായി ശാന്ത കണ്ടു. മണവാളൻ ചെക്കന്റെ മുഖത്തും വല്ലാത്ത മതിപ്പ്. അതിൽ പിന്നെ ദാമ്പത്യ ജീവിതത്തിന്റെ ബാലാരിഷ്ടതകൾ . പിന്നിടുവോളം മുറിയി ഗ്ലീഷുകൊണ്ട് ഡംഭുകാരുടെ മനം നിറച്ച് പുച്ഛം ഉള്ളിലൊതുക്കി കിഴക്കുനിന്ന് പടിഞ്ഞാട്ട് കുറേ നടന്നു ശാന്ത .പെണ്ണിന് ജനിച്ചാൽ മരിക്കോളം എത്ര തവണ പടം പൊഴിക്കേണ്ടിവരുമെന്ന് ആർക്കറിയാം. മാറ്റങ്ങളെല്ലാം ഢങ്കഴും താഴ

ത്ത് പട്ടി നിൽക്കുന്ന പോലെ പുറത്ത് തക്കം പാർത്ത് ആർത്തിയോടെ നിന്നു. ഒരിക്കലും . അകത്ത് കയറ്റാൻ ശാന്ത കൂട്ടാക്കിയതേ ഇല്ല.

**നൊസ്റ്റാൾജിയ**

ഓർമയുടെ പൈക്ക്ടാവ് ചാടി തുള്ളി കടലുകൾ കടന്ന് തിരിച്ച് വെർജീനിയയിലെത്തി. കിഴക്കൻ മലയിലെ ചൂടും ചൂരുമായി ശാന്തയെ തൊട്ടുരുമ്മി നിന്നു . 82ലും യൗവനത്തിന്റെ പ്രസരിപ്പ് ശാന്തയിൽ തിളങ്ങി. നന്നായ് ചിരിച്ചു .പേരക്കുട്ടി എത്തിച്ചു നോക്കി 'ഡാഡി ലുക്ക് , ഗ്രാൻമ ഈസ് സ്മൈലിങ് ! '

അമ്മയുടെ മനസ്സറിഞ്ഞ മകൻ ക്ഷമാപണത്തോടെ പറഞ്ഞു. 'ദെൻ ഷി ഈസ് നോട്ട് ഹിയർ '

'ബട്ട് ദേർ '

' ഇൻ ഹേർ ഈസ്റ്റേൺ മെമ്മറീസ് ' .

അമ്മയ്ക്ക് അവസാനക്കാലം നാട്ടിൽ കഴിക്കണമെന്നാണ്. നടത്തിക്കൊടുക്കാൻ കഴിയുന്നില്ലല്ലോ!ഓർമകൾ പതപ്പിച്ച് ആഗ്രഹങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കുറേയൊക്കെ കഴിയുന്നുണ്ടാവും അമ്മയ്ക്ക് . അങ്ങനെആശ്വസിക്കുവാനേ മകനപ്പോൾ നിവൃത്തി ഉണ്ടായിരുന്നുള്ളു.

കവിത

# അയാൾ

**ലിസ പുൽപ്പറമ്പിൽ**
അദ്ധ്യാപിക



വെളിച്ചം കണ്ണിൽ അടിച്ചപ്പോൾ
അയാൾ എഴുന്നേറ്റു
പൂമുഖത്തു തന്നെ കാത്തിരിക്കുന്ന
ചാരുകസേരയിലേക്ക് മലർന്നു
കാലുകൾ വിറപ്പിച്ച്
അകത്തേക്ക് നോക്കി
ഒരു ചായ പറഞ്ഞു
പുറത്ത് കിണറ്റിൻകരയിൽ
കാടുകാട്ടിയൊരു കുളി
അടിവസ്ത്രം ഊരി അവളുടെ നേർക്ക്

ബസ്സിൽ മുൻവാതിലിലൂടെ
ഓടിക്കയറിയ അയാൾ
ഓളപ്പാത്തിയിൽ വെള്ളത്തുള്ളി പോലെ
മുമ്പോട്ടും പിമ്പോട്ടും
പിടിച്ചുലായാവുന്നൊരു
നീണ്ട കമ്പിയായി
നിന്നു തുളയുന്നു

സ്കൂളിലെ
മൂത്രപ്പുരയിൽ
സുഖലഹരിയിൽ
അയാൾ
തിരഞ്ഞിട്ടു പിടിച്ചവർ
ഊഴമെത്തുന്നതും ഭയന്ന്
ചുമരു ചാരി നിൽക്കുന്നു

പരസ്പരം മിണ്ടാൻ
അവർക്ക് വാക്കുകളോ
ചിഹ്നങ്ങളോ ഇല്ല
ക്ലാസ്സുമുറിയൊരു
ഡിസ്കഷൻ ടേബിൾ !


നഗരത്തിൽ തിരക്കുപിടിച്ച
നാൽക്കവലയിൽ
റോഡരികിൽ അയാൾ..
ജീൻസിന്റെ സിബ്ബു വലിച്ചൂരിയോ
ഉടുമുണ്ട് ഇടംവലം വകഞ്ഞോ
വിരലുകളാൽ പതുക്കെ ചലിപ്പിച്ചു കാമം
കറന്നെടുക്കുന്നു.
ലോകമേ ഈ മൂത്രം
തീരുന്നില്ലല്ലോ എന്ന നില്പു
തുടരുന്നു

കുളക്കരയിലെ
കവുങ്ങിൻ തോപ്പിലാണയാൾ
കൊഴിഞ്ഞുവീണ പഴുക്ക
തിരയുന്ന പോലെ
കണ്ണുകൾ പരത്തുന്ന പാളി വീഴുന്നു
അന്തിവെയിലിൽ
മുങ്ങിക്കുളിക്കുന്നവർക്കിടയിൽ ഒരു
പരസ്യചിത്രമാകുന്നു സെൽഫികൾ

നാട്ടിലെ
സദാചാര വിരുദ്ധ പ്രവർത്തനത്തിനെതിരെ
ശക്തമായി അപലപിക്കുന്ന
അയാളിപ്പോൾ
മീഡിയകളിൽ നിറയുന്ന
വിവേകിയും
സാമൂഹിക പ്രതിബദ്ധതയുമുള്ള
തികഞ്ഞ ഒരു പൗരനാണ്




# സ്മാർട്ട് കിച്ചൺ



ഡോ.ജാൻസി ജോസ്

സ്മാർട്ട് കിച്ചൺ കൊണ്ടുവരുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ നമ്മൾ ആരംഭിച്ചു കഴിഞ്ഞല്ലോ. സ്മാർട്ട് കിച്ചൺ എന്നതു കൊണ്ട് എല്ലാവരും ധരിച്ചു വെച്ചിരിക്കുന്നത് സ്ത്രീകളുടെ ജോലിഭാരം കുറയ്ക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങിക്കൊടുത്ത് അവരുടെ സമയം ലാഭിക്കുക എന്നതാണ്. പെണ്ണിന്റെ തലയിൽത്തന്നെ അടുക്കളഭാരം ഇട്ടു കൊടുക്കാനുള്ള ആലോചനകൾ തുടങ്ങിയിട്ടുണ്ടാവും എന്നും നമ്മൾക്കറിയാം.

ഒരു വീട്ടിലെ കിച്ചൺ സ്മാർട്ടാവാൻ ആദ്യം വേണ്ടത് അടുക്കളയെ പിന്നാമ്പുറത്തു നിന്നും മൂന്നാമ്പുറത്തേക്കു കൊണ്ടുവരിക എന്നതു തന്നെയാണ്. അവിടെ വീട്ടിലുള്ള എല്ലാവരും പ്രവേശിക്കേണ്ടതുണ്ട്. എല്ലാവരുടേയും താൽപര്യമനുസരിച്ചുള്ള ഭക്ഷണം വേവേണ്ടതുണ്ട്.വീട്ടിലുള്ളവർക്ക് അറിയാവുന്ന ജോലികൾ ചെയ്യാൻ അവസരം കൊടുക്കുകയും (എടുക്കുകയും ) അഭിപ്രായം പറയാൻ സ്വാതന്ത്ര്യമുണ്ടാവുകയും ചെയ്യണം ആഴ്ചയിൽ ഒരിക്കൽ അടുക്കളയിൽ ഒത്തുകൂടി ആ ആഴ്ചത്തെ മെനു തയ്യാറാക്കേണ്ടതുണ്ട്.വീട്ടിലുള്ള അംഗങ്ങളെല്ലാം അടുക്കളപ്പണി നിശ്ചിത സമയത്ത് പകുത്തെടുത്ത് ചെയ്ത് തീർക്കേണ്ടതുണ്ട്. പെണ്ണുങ്ങൾ അമ്മിക്കല്ലിലാക്കാൻ തയ്യാറാണെങ്കിലും ആണുങ്ങൾ അടുക്കളയിൽ കയറുമ്പോൾ അസൗകര്യമെന്ന് കണ്ട് മിക്സി വാങ്ങിപ്പോകാൻ സാധ്യതയുണ്ട്. അതു കൊണ്ട് അടുക്കളയിലെ ആധുനിക ഉപകരണങ്ങൾ കൂട്ടായ ചർച്ചയിൽ വാങ്ങിക്കുന്നതാവും നന്ന്. അടുക്കളയിൽ കൂടുതൽ പണിയേണ്ടി വരുന്ന ആളിന്റെ റിലാക്സേഷന് റേഡിയോ ടി.വി എന്നിവ വെക്കാവുന്നതാണ്. വിരുന്നുകാർ വരുമ്പോൾ ചിലർ മാത്രം അടുക്കളയിലൊതുങ്ങാതെ അവർക്കുകൂടി പങ്കാളിത്തം കൊടുക്കുന്ന രീതിയിൽ അടുക്കള ഒരുക്കേണ്ടതുണ്ട്. ഓട്ടോമാറ്റിക് സിസ്റ്റം കൊണ്ടുവന്നാൽ കെങ്കേമമാവും. ഓട്ടോമാറ്റിക് യന്ത്രങ്ങളാണെങ്കിൽ അത് പ്രവർത്തിപ്പിക്കുവാൻ തങ്ങൾക്കേ അറിയൂ എന്ന ജാഡ പുരുഷുക്കൾക്കും കുട്ടികൾക്കും പണ്ടേ ഉണ്ടുതാനും! നമ്മളിവിടെ നടത്തുന്ന പ്ലാനുകളെല്ലാം ആർക്കുവേണ്ടിയാണെന്നതും കാണേണ്ടതുണ്ട്. എത്ര ശതമാനം ആളുകൾക്ക് സ്മാർട്ട് കിച്ചൺ എന്നല്ല, കിച്ചൺ തന്നെ ഉണ്ടാവും എന്നതറിയില്ല കേട്ടോ.


വഴിത്താരകൾ



**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

## ചില ഇലക്ഷൻ ചിന്തകൾ...

# 'നായാട്ടി'നകത്തും പുറത്തും...





**നാ**യാട്ടു എന്ന സിനിമ കാണുന്നതിന് മുൻപായിരുന്നു തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് പോയത്. ഇലക്ഷൻ ഫലങ്ങൾ കൂടി വന്നതിനു ശേഷം എഴുതാമെന്ന് കരുതി മാറ്റി വെച്ച അനുഭവമായിരുന്നു. ആ അനുഭവത്തോടു വളരെ സമാനത പുലർത്തുന്ന 'നായാട്ടി'ലെ അവസാന രംഗങ്ങൾ ഇതിനകം വളരെ ചർച്ച ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

ഒരു ജനപ്രിയ ചിത്രത്തിലെ അസാധാരണമായ അന്ത്യം എന്നതിലുപരി ചില പ്രത്യേകതകൾ ആ രംഗങ്ങൾക്കുണ്ട് എന്ന് തോന്നുന്നു.ഇലക്ഷൻ ഡ്യൂട്ടിയുടെ ഓർമ്മകൾ തങ്ങി നിൽക്കുന്ന ചിലരുടെയെങ്കിലും മനസ്സിൽ, അവരവരുടെ ബൂത്തുകളിൽ കണ്ട സമാനമായ രംഗങ്ങൾ മിന്നിമറഞ്ഞിട്ടുണ്ടാവണം. കറുത്ത കണ്ണടകളിട്ടു, പ്രത്യക്ഷത്തിൽ തന്നെ കാഴ്ചപരിമിതിയുള്ള സ്ത്രീ, ഒരു സഹായിയുടെ പിന്തുണയോടെ ഇലക്ട്രോണിക് മെഷീനിൽ വോട്ട് രേഖപ്പെടുത്തുന്ന ശബ്ദത്തിലും, ചുവന്ന വെളിച്ചത്തിലുമാണല്ലോ സിനിമ നിർത്താതെ നിർത്തുന്നത്.നമ്മുടെ ജനാധിപത്യ വ്യവസ്ഥയുടെ അവിഭാജ്യ ഘടകമായി മാറിയ ശബ്ദ /വെളിച്ച വിന്യാസങ്ങളെ ചലച്ചിത്ര സങ്കേതങ്ങൾ ആക്കിയ പുതുമയും ഒരു പക്ഷെ ഈ സിനിമക്കു അവകാശപ്പെടാനുണ്ട്.ഈ രംഗത്തിന്റെ പ്രതീകാത്മക മൂല്യത്തെ കുറിച്ച് പലരും പറഞ്ഞു കണ്ടു.പക്ഷെ അത്ര പ്രതീകാത്മകമല്ലാത്ത ഒരു തലം കൂടി ഈ ദൃശ്യത്തിനുണ്ട്.

വലിയൊരു ഇടവേളക്കു ശേഷം 2021 ലെ തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടപ്പോൾ ഞാൻ പല മാറ്റങ്ങളും അറിയുകയായിരുന്നു. സ്ത്രീകളുടെ അമ്പരപ്പിക്കുന്ന പങ്കാളിത്തമായിരുന്നു അതിലൊന്ന്. അക്ഷരാർത്ഥത്തിൽ സ്ത്രീകൾ നടത്തുന്ന തിരഞ്ഞെടുപ്പാണോ എന്ന് പോലും തോന്നിപ്പിക്കുന്ന രീതിയിൽ കളക്ഷൻ സെന്ററിൽ സ്ത്രീകളുടെ സാഗരമായിരുന്നു.ഇതിനു തൊട്ടുമുൻപാണല്ലോ സ്ത്രീകൾക്ക്തിരഞ്ഞെടുപ്പ്ഡ്യൂട്ടി ചെയ്യാൻ പ്രയാസമാണെന്ന്ഒരു നേതാവ് വിളിച്ചു പറഞ്ഞത്.പക്ഷെ ഈ വൻ പങ്കാളിത്തം കണ്ടു നമ്മൾ എന്ത്മാത്രം പുരോഗമിച്ചിരിക്കുന്നു എന്ന് മേനി നടിക്കാൻ മാത്രം വിഡ്ഢികളല്ല നമ്മൾ എന്ന് ഇലക്ഷൻ കഴിഞ്ഞുള്ള നവമാദ്ധ്യമങ്ങളിലെ സ്ത്രീ എഴുത്തുകൾ പറഞ്ഞു തന്നിരുന്നു. തങ്ങളില്ലാത്ത രണ്ടു ദിവസങ്ങളിൽ, വീട്ടിലെ പ്രജകൾ നിരാലംബരാവാതിരിക്കാൻ വേണ്ടി തിരിച്ചു വരുന്നത് വരെയുള്ള ഭക്ഷണം തയ്യാറാക്കി,വീട്ടിലെ വൃദ്ധരുടെയും രോഗികളുടെയും പരിചരണം ആരെയൊക്കെയോ ഏൽപ്പിച്ചു വന്നവരുടെ കഥകളായിരുന്നു ഇവയിൽ മിക്കതും.ഡ്യൂട്ടി കിട്ടിയ ബൂത്തുകളിൽ ഒന്ന് കുളിക്കാനും,ഉറങ്ങാനും സ്ഥലമില്ലാതെ പരിചയമില്ലാത്ത സ്ഥലങ്ങളിൽ ഈ കോവിഡു കാലത്തും ആരുടെയൊക്കെയോ വീടുകളിൽ അഭയം പ്രാപിക്കുക എന്ന അവസ്ഥ വളരെ പരിതാപകാരവും ദയനീയവുമാണ്.എന്നാലും ഉള്ളത് കൊണ്ട് ഓണം കൊള്ളുക എന്നത് നമുക്ക് ശീലമാണല്ലോ.

ഒരു സൗകര്യവും ഇല്ലാത്ത ഉൾനാട്ടിലെ പ്രൈമ




റി വിദ്യാലയത്തിൽ ഇലക്ഷൻ വണ്ടി ഇറങ്ങിയപ്പോൾ അത് ആ ഗ്രാമത്തിനു ഒരുത്സവമായി. സ്നേഹവും, കരുതലും ഭക്ഷണവും പാർപ്പിടവും തന്നു ആ നാ യാട്ടുകാർ ഞങ്ങളെ ലാളിച്ചു വഷളാക്കി. പ്രായമു ള്ള ഒരു ഉമ്മ ഞങ്ങൾ സ്ത്രീകൾക്ക് രാത്രി ഉറങ്ങാൻ മുറി ഒരുക്കിയതും കട്ടൻചായയും ചൂടുവെള്ളവും തയ്യാറാക്കിയതും ഹൃദയസ്പർശിയായ സ്നേഹാനു ഭവങ്ങളാണ്.

നാല്പതോളം വർഷങ്ങള്ക്കു മുൻപ് സംസ്ഥാന യുവജനോത്സവങ്ങൾക്കു പോ കുമ്പോൾപോലും ഇതിനേക്കാൾ മികച്ചരീ തിയിൽ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കി തന്നിരുന്ന സർക്കാർ നിഷ്കർഷ എന്തുകൊ ണ്ടാണ് തിരഞ്ഞെടുപ്പ് ഓഫിസർമാർക്ക് ഈ കാലത്തു നൽകാതെ പോകുന്നതെന്ന് തീ രെ മനസ്സിലാകുന്നില്ല. തിരഞ്ഞെടുപ്പ് ജോ ലി തീവ്രമായ യാതനയാകണം എന്ന നിയ മം എവിടെയെങ്കിലും എഴുതിപ്പിടിപ്പിച്ചിട്ടു ണ്ടോ എന്നറിയില്ല.

പക്ഷെ അവശർക്കും, ഭിന്നശേഷിക്കാർ ക്കും വോട്ടു രേഖപ്പെടുത്താൻ നമ്മൾക്കു കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ട് . ഇ ത്തവണ വീട്ടിലെത്തി പ്രായമായവരുടെ വോട്ടുകൾ രേഖപ്പെടുത്താനുള്ള സൗകര്യം ഒരുക്കിയിട്ടും കുറച്ചു പേർ സഹായികളു മായി ബൂത്തിൽ എത്തിയിരുന്നു.ഒന്നോ ര ണ്ടോ പുരുഷന്മാർ ഒഴിച്ചുനിർത്തിയാൽ മി ക്കവാറും വൃദ്ധകളായിരുന്നു. എൺപതു കഴിഞ്ഞ വർ.കാഴ്ച മങ്ങി തുടങ്ങിയവരായിരുന്നു അവരിലേ റെയും. ' അവർക്കു കാണില്ല. ഒറ്റയ്ക്ക് ചെയ്യാൻ പ റ്റില്ല" ഇതായിരുന്നു മിക്കവാറും കാരണമായി പറ ഞ്ഞിരുന്നത് . നിയമപ്രകാരം ഞങ്ങൾ വോട്ടറോട് ചോ ദിച്ചുറപ്പാക്കണം. എന്നിട്ടേ സഹായിയെകൊണ്ട് ചെ യ്യിക്കാവൂ.ഞാൻ ആ സ്ത്രീകളുടെ മുഖഭാവം ശ്രദ്ധി ക്കുകയായിരുന്നു. തിരഞ്ഞെടുപ്പിന്റെ ആവേശമോ ഔൽസുക്യമോ ഇരിപ്പിലോ നോട്ടത്തിലോ ഇല്ല.ആ രുടെയോ നിർബന്ധത്തിനു വന്ന പോലെ,എങ്ങിനെ യെങ്കിലും ഒന്നവസാനിപ്പിച്ചിട്ടു പോയാൽ മതിയെന്ന അക്ഷമയാണ് മിക്കവർക്കും.എന്തുകൊണ്ടോ എനി ക്കാ സമയത്തു മനസ്സിൽ തെളിഞ്ഞത് ലളിതാംബി ക അന്തർജനത്തിന്റെ കഥകളിലെ കാഴ്ച മങ്ങിയ അന്തർജ്ജനങ്ങളെ കുറിച്ചുള്ള പരാമർശങ്ങളാണ്. വെ ളിച്ചം കടക്കാത്ത ഇല്ലങ്ങളിലെ മുറികളിൽ ജീവിതം തള്ളി നീക്കി കാഴ്ച മങ്ങിയവർ . അതെത്ര കാലം മുൻപാണ് ? ഇത് ഇരുപത്തിഒന്നാം നൂറ്റാണ്ടല്ലേ? ആ രോഗ്യ സംസ്കാരത്തിൽ നമ്മൾ ഏറെ മുന്നിലെന്ന് അഭിമാനിക്കുന്ന കാലം? ഇവർ എന്തുകൊണ്ടാണ് കണ്ണടകൾ ധരിക്കാത്തതെന്നു ഞാൻ ആലോചിച്ചു പോയി. ദൈനംദിന ജോലികൾക്കും പരാശ്രയം വേ ണ്ടവരാണോ ഇവർ? വോട്ടു ചെയ്യാനല്ലാതെ ഇവർ പുറത്തേക്കിറങ്ങാറില്ലേ?

അൽപനേരം കഴിഞ്ഞപ്പോൾ ഇത് വരെയുള്ള രീ തിക്കു അപവാദമായി ഒരു യുവതിയും അവരുടെ അ ച്ഛനും എത്തി. അച്ഛൻ നേരെ എന്റെ അടുത്ത് അവ ന്നു വളരെ ഭവ്യതയോടെ പറഞ്ഞു" സാർ അവൾ ക്കു സ്വന്തമായി വോട്ടു ചെയ്യാനാകില്ല." പ്രത്യക്ഷ



ത്തിൽ ആ യുവതിക്ക് ഒരു കുഴപ്പവുമില്ല.ഞാൻ അവ രോട്തന്നെ ചോദിച്ചു "വോട്ടു ചെയ്യാൻ പറ്റില്ലേ? ' വളരെ ചുറുചുറുക്കോടെ പെട്ടെന്നായിരുന്നു മറുപ ടി "പറ്റുമല്ലോ". നേരിട്ടുള്ള ചോദ്യം ആ സ്ത്രീ പ്ര തീക്ഷിച്ചിരുന്നില്ല എന്ന് തോന്നി.ഞാൻ അച്ഛനെ നോ ക്കി. അങ്ങേര് വീണ്ടും ചെറിയൊരു പരിഹാസചിരി

പാസ്സാക്കി, ചില അവ്യക്തമായ ആംഗ്യങ്ങൾ കാട്ടി "അസുഖമുണ്ട് സാർ" എന്ന് ആവർത്തിച്ചു. "അവർക്കു ചെയ്യാനാവും എന്ന് പറയുന്നിടത്തോളം മറ്റൊരാൾക്കും ചെയ്യാനാവില്ല" എന്ന് പറഞ്ഞു ആ യുവതിയെകൊണ്ട് തന്നെ വോട്ടു ചെയ്യിച്ചു. ശേഷം വീട്ടിലെന്തായിരിക്കും സംഭവിച്ചിട്ടുണ്ടാവുക എന്ന് ഇടയ്ക്കു ആലോചിക്കാറുണ്ട്.

വലിയ കശപിശകളൊന്നുമില്ലാതെ ഞങ്ങളുടെ ബൂത്തിൽ ഇത് നടന്നുപോയെങ്കിലും അടുത്തുള്ള ബൂത്തുകളിൽ സ്ഥിതി അത്ര ശാന്തമായിരുന്നില്ല. ചൂടന്മാരായ ചില പോളിങ് ഏജന്റുമാർ ഒച്ചപ്പാടുകളും, തർക്കങ്ങളും, വഴക്കും ഉണ്ടാക്കാൻ ഈ അവസരങ്ങളെ ഉപയോഗിക്കുന്നുണ്ടായിരുന്നു. "വീട്ടു പണികൾ ചെയ്യുമ്പോഴും പറമ്പിൽ വിറകു കീറുമ്പോഴും കാഴ്ചക്ക് ഒരു കുഴപ്പവുമില്ലല്ലോ" എന്ന് തുടങ്ങി വർഗ്ഗീയ ചുവയുള്ള പരാമർശങ്ങൾ വരെ നാട്ടുകാരായ ഏജന്റുമാരിൽ നിന്നും ഉതിരുന്നുണ്ടായിരുന്നു.ഒരു ഘട്ടത്തിൽ ഇതെവിടെ ചെന്നവസാനിക്കും എന്ന് അയൽ ബൂത്തുകൾ ആശങ്കപ്പെടുവാൻ തുടങ്ങിയിരുന്നു.



കേവലം ഒരു ദിവസത്തിന്റെയോ ഒരു വോട്ടെടുപ്പിന്റെയോ പ്രശ്നം മാത്രമല്ല ഈ സംഭവങ്ങൾ ഉയർത്തുന്നത്. ഒരു വ്യക്തിയുടെ സ്വയംനിർണയാവകാശത്തിന്റെ ആവിഷ്കാരങ്ങളിലൊന്നാണ് സ്വതന്ത്രമായ വോട്ടുദാനവും .പ്രായമായവരുടെ വോട്ടുകൾ അവരുടെ ഇച്ഛക്കനുസരിച്ചു തന്നെയാണോ നടക്കുന്നത്? ഭിന്നശേഷിയുടെ മറവിൽ നടക്കുന്ന അവകാശ ധ്വംസനവും സൂക്ഷ്മതലത്തിലുള്ള വിവേചനങ്ങളും നമ്മൾ അറിയാതെ പോകുന്നുണ്ടോ? കാഴ്ചപരിമിതിയുള്ള ഒരു വിദ്യാർത്ഥിനി എന്നോട് ഇതേക്കുറിച്ചു അവരുടെ അനുഭവങ്ങൾ പങ്കു വെച്ചത് ഇവിടെ പറയണമെന്ന് തോന്നുന്നു: ' എനിക്ക് സ്വയം വോട്ടു ചെയ്യാനാകും എന്ന് പലപ്പോഴും ആളുകൾ വിശ്വസിക്കില്ല.കൂടെ അമ്മയുണ്ടല്ലോ എന്നത് അവർക്കു ഒരു സമാധാനമാണ്.കഴിഞ്ഞ പഞ്ചായത്ത് ഇലക്ഷനിൽ വോട്ടു ചെയ്യാൻ പോയപ്പോൾ പ്രിസൈഡിങ് ഓഫീസർ പോളിങ് ഓഫീസറോട് ചോദിക്കുന്നത്കേട്ടു. 'ബ്രയിൽ വോട്ടുണ്ടെന്നു ഇവരോട് പറയണ്ടേ?'.പോളിങ് ഓഫീസർ അതിനു മറുപടി പറഞ്ഞത് ഇങ്ങിനെയായിരുന്നു :" അമ്മയല്ലേ കൂടെ ഉള്ളത്. അത് കൊണ്ട് പ്രശ്നമൊന്നുമില്ല". ഭാഗ്യത്തിന് പ്രി സൈഡിങ് ഓഫീസർക്ക് മറ്റൊരു കാഴ്ചപ്പാടുണ്ടായിരുന്നു. 'ഈ കുട്ടി ചെറുപ്പമാണ്.അവർക്കു വ്യക്തമായ സ്വന്തം അഭിപ്രായമുണ്ടാകും. അതുകൊണ്ടു അവർക്ക് ബ്രെയിൽ വോട്ടു ചെയ്യാൻ സൗകര്യം ചെയ്തുകൊടുക്കണം.' അതുകൊണ്ടു എനിക്ക് സ്വയം വോട്ടു രേഖപ്പെടുത്താൻ പറ്റി ." ഈ മാറ്റം അഭിനന്ദനാർഹം തന്നെ.സംശയമില്ല. പക്ഷെ അപ്പോഴും ബാക്കി നിൽക്കുന്ന സന്ദേഹം പ്രായമായവരുടെ വോട്ടുകളെ കുറിച്ചുണ്ട് . എത്രത്തോളം സ്വതന്ത്രവും നിർഭയവും ആണവരുടെ തീരുമാനങ്ങൾ. കുടുംബങ്ങൾക്കുള്ളിലെ അധികാര സമവാക്യങ്ങൾ ഏതൊക്കെ രീതികളിലാണ് പ്രയോഗിക്കപ്പെടുന്നതെന്നു നമ്മൾ ആലോചിക്കേണ്ടതാണ്.

നായാട്ടു എന്ന സിനിമക്ക് ഒരാൾ എഴുതിയ ആസ്വാദനകുറിപ്പു ഈയിടെ ശ്രദ്ധയിൽ പെട്ടു .കണ്ണ് മൂടികെട്ടിയ വോട്ടർ ഒരു ശരാശരി പ്രേക്ഷക അഥവാ പൗരൻ തന്നെയല്ലേ എന്നായിരുന്നു ചോദ്യം ? കബളിപ്പിക്കപ്പെടുന്ന അപഹരിക്കപ്പെടുന്ന വോട്ടർ/പ്രേക്ഷകർ ? അത് നമ്മൾ തന്നെയല്ലേ? തിരഞ്ഞെടുപ്പ് ഫലത്തിന് ശേഷം മന്ത്രിസ്ഥാനങ്ങൾ പ്രഖ്യാപിക്കപ്പെട്ടപ്പോൾ എത്ര പെട്ടെന്നാണ് പ്രതീകങ്ങൾ യാഥാർഥ്യങ്ങളായി മാറിയത് ? ഒരു സ്ത്രീയായ മന്ത്രിയുടെ മിടുക്കിലും , ആത്മാർത്ഥതയിലും ഭരണചാതുരിയിലും വലിയൊരു സാധ്യത കണ്ടു വൻഭൂരിപക്ഷത്തോടെ അവരെ ജനം വിജയിപ്പിച്ചിട്ടും,മന്ത്രിസ്ഥാനത്തിൽ നിന്ന് അവരെ മാറ്റി നിർത്തിയ ഒരു തിരഞ്ഞെടുപ്പ് കൂടിയായിട്ടാണ് 2021 ലെ തിരഞ്ഞെടുപ്പു ചരിത്രത്തിൽ കാണപ്പെടുക.കേരളത്തിന്റെ ജനാധിപത്യ പ്രക്രിയയിൽ സ്ത്രീകൾക്ക് അഭിമാന മുഹൂർത്തമായി ആഘോഷിക്കാവുന്ന ഒരു അവസരത്തെയാണ്, കാലത്തിന്റെ നൈതികഗതി അറിയാത്ത, ദീർഘവീക്ഷണമില്ലാത്ത തീരുമാനത്തിലൂടെ നമ്മൾ നഷ്ടമാക്കി കളഞ്ഞത്.

അന്തർദേശീയ തലത്തിൽ തന്നെ നമ്മളെ തന്നെ ഉയർത്തുന്ന ഒരു പ്രൗഢനിമിഷമാകുമായിരുന്നു അത്.കാരണം ഒരു വ്യക്തിയുടെ---വിശേഷിച്ചും ഒരു സ്ത്രീയുടെ---നേട്ടം കേവലം ഒരാളുടെ നേട്ടമല്ല. അതൊരു കൂട്ടായ്മയുടെ നേട്ടമാണ്.ഒരു വോട്ടറുടെ തിരഞ്ഞെടുപ്പ് സ്വാതന്ത്ര്യവും, ആ വോട്ടെടുപ്പിലൂടെ അധികാരത്തിൽ വരുന്ന ഒരു മന്ത്രിയുടെ ഉജ്ജ്വല പ്രകടനവും ഒരു ജനതയുടെ കരുത്തിന്റെ പ്രതീകമാണ്.അത് ഒരു പെണ്ണിന്റേതാണെങ്കിൽ അതിൽ എന്താണ് കുഴപ്പം?

ശാസ്ത്രം



**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ

# ചന്ദ പ്രെസ്കോഡ് വെയിൻസ്റ്റീൻ


## വിവേചനങ്ങളോടു പോരാടുന്ന പ്രപഞ്ച ശാസ്ത്രജ്ഞ



സ്റ്റീഫൻ ഹോക്കിങ്ങിനെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററി കണ്ട് കോസ്മോളജിസ്റ്റാവണമെന്ന് തീരുമാനിച്ച പെൺകുട്ടി, ഇന്ന് തമോ ദ്രവ്യ രഹസ്യങ്ങൾ തേടുന്ന ഗവേഷക, സ്ത്രീകൾക്ക് നേരെയുള്ള വിവേചനങ്ങൾക്കെതിരെയും വംശവെറിക്കെതിരെയും ഉയരുന്ന ഉറച്ച ശബ്ദം. വിഖ്യാത ശാസ്ത്ര ജേണൽ ആയ നേച്ചർ 2020-ൽ ശാസ്ത്രത്തെ രൂപപ്പെടുത്തിയ പത്തു പേരെ തെരഞ്ഞെടുത്തപ്പോൾ അതിൽ ഈ ശാസ്ത്രജ്ഞയുമുണ്ടായിരുന്നു. പറഞ്ഞുവരുന്നത് ചന്ദ പ്രെസ്കോഡ് വെയിൻസ്റ്റീനെക്കുറിച്ചാണ്. ന്യൂഹാംഷെയർ യൂണിവേഴ്സിറ്റിയിൽ ഊർജതന്ത്രവും ജ്യോതിശ്ശാസ്ത്രവും പഠിപ്പിക്കുന്നതിനൊപ്പം അവിടുത്തെ വിമൺ ആന്റ് ജെന്റർ സ്റ്റഡീസിൽ ഫാക്കൽറ്റി മെംബർ കൂടിയാണിവർ.

അനന്തവും അജ്ഞാതവും അവർണ്ണനീയവുമായ പ്രപഞ്ച രഹസ്യങ്ങളിലേക്ക് വെളിച്ചം വീശുന്ന പല ഗവേഷണങ്ങളിലും ശ്രദ്ധേയ സാന്നിധ്യമാണ് ഇന്ന് ചന്ദ പ്രെസ്കോഡ്. കാലിഫോർണിയയിൽ ജനിച്ച ചന്ദയുടെ സ്ക്കൂൾ വിദ്യാഭ്യാസം ലോസാഞ്ചൽസ് യൂണിഫീൽഡ് സ്ക്കൂളിൽ ആയിരുന്നു. 2003-ൽ ഹാർവാഡ് സർവ്വകലാശാലയിൽ നിന്നും ഊർജതന്ത്രത്തിലും ജ്യോതിശാസ്ത്രത്തിലും ബിരുദവും 2005-ൽ കാ

ലിഫോർണിയ സർവ്വകലാശാലയിൽ നിന്ന് ജ്യോതിശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും നേടിയ ചന്ദ പ്രെസ്കോഡ് ഗവേഷണത്തിനായി തെരഞ്ഞെടുത്തത് സൈദ്ധാന്തിക ഭൗതികമാണ്. പെരിമീറ്റർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ തിയററ്റിക്കൽ ഫിസിക്സിൽ നിന്ന് ഡോക്റ്ററേറ്റും നേടി. നാസയുടെ ഗൊദാർദ് സ്പേസ് ഫ്ലൈറ്റ് സെന്ററിൽ പോസ്റ്റ് ഡോക്റ്ററൽ ഫെല്ലോ ആയും പ്രവർത്തിച്ചു. നമുക്കിനിയും പിടി തരാത്ത പ്രപഞ്ച സമസ്യകൾ പൂരിപ്പിക്കാനുള്ള ശ്രദ്ധേയമായ പല ഗവേഷണങ്ങളിലും ചന്ദ സജീവ സാന്നിധ്യമായി. പ്രപഞ്ചശാസ്ത്രത്തിലെയും സൈദ്ധാന്തിക ഭൗതികത്തിലെയും വിവിധ മേഖലകളിൽ അവർ ശ്രദ്ധ പതിപ്പിച്ചു. അതിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു തമോ ദ്രവ്യത്തെക്കുറിച്ചുള്ള (ഡാർക്ക് മാറ്റർ) ഗവേഷണങ്ങൾ. ഈ പ്രപഞ്ചത്തിലെ ദ്രവ്യത്തിൽ ഏറിയ പങ്കും നമുക്ക് ദൃശ്യമല്ലാത്ത തമോദ്രവ്യമാണെന്നാണ് ഇപ്പോഴത്തെ അനുമാനം. ഈ അദൃശ്യ ദ്രവ്യത്തിന്റെ രഹസ്യങ്ങൾ ചുരുൾ നിവർത്താനുള്ള , വർഷങ്ങൾ നീളുന്ന ഗവേഷണ പ്രോജക്റ്റിന്റെ ഭാഗമാണിപ്പോൾ ചന്ദ പ്രെസ്കോഡ്.




എന്നാൽ ഒട്ടും സുഗമമായിരുന്നില്ല ചന്ദയുടെ ഗവേഷണ നാൾ വഴികൾ. കറുത്ത വർഗ്ഗക്കാരിയെന്ന വിവേചനം പലയിടങ്ങളിലും അനുഭവിക്കേണ്ടി വന്നു. ഇതിൽ തളർന്നില്ലെന്നു മാത്രമല്ല വംശവെറിക്കെതിരെ ശക്തമായി പ്രതികരിക്കാനും ചന്ദ തയ്യാറായി. നാഷണൽ സൊസൈറ്റി ഓഫ് ബ്ലാക് ഫിസിസിസ്റ്റിന്റെ എക്സിക്യൂട്ടീവ് അംഗം കൂടിയാണിവർ. ശാസ്ത്രത്തിലെയും സമൂഹത്തിലെയും ലിംഗവിവേചനങ്ങൾക്കും വംശീയതയ്ക്കും എതിരെ ശാസ്ത്രജ്ഞരുടെ കൂട്ടായ്മ സംഘടിപ്പിക്കുന്നതിലും ഓൺലൈൻ ഇടപെടലുകളിലുമൊക്കെ സജീവമാണ് ചന്ദ. 2018-ൽ സേണിന്റെ ആഭിമുഖ്യത്തിൽ നടന്ന ഹൈ എനർജി തിയറി ആന്റ് ജെന്റർ വർക്ക്ഷോപ്പിൽ അലസാൻഡ്രോ സ്ട്രൂമിയ എന്ന ഊർജതന്ത്രജ്ഞൻ പുരുഷ ഗവേഷകരാണ് വനിതാ ഗവേഷകരെക്കാൾ കൂടുതൽ വിവേചനങ്ങൾ നേരിടുന്നത് എന്ന വിവാദ പ്രസ്താവന നടത്തിയപ്പോൾ അതിനെതിരെ ചന്ദ പ്രെസ്കോഡ് ശക്തമായി പ്രതികരിച്ചു. ഇതുമായി ബന്ധപ്പെട്ട് പാർട്ടിക്കിൾസ് ഫോർ ജസ്റ്റിസ് എന്ന വെബ്സൈറ്റിലൂടെ ചന്ദയടക്കം പതിനെട്ടു പേർ ചേർന്ന് തയ്യാറാക്കിയ പ്രസ്താവനയ്ക്ക് വലിയ സ്വീകാര്യതയാണ് ലഭിച്ചത്. 2020-ൽ യു.എസ്സിൽ ജോർജ് ഫ്ലോയിഡിന്റെ കൊലപാതകത്തെത്തുടർന്ന് കറുത്ത വർഗ്ഗക്കാർക്കു നേരെയുള്ള അതിക്രമങ്ങൾക്കെതിരെ സ്ട്രൈക്ക് ഫോർ ബ്ലാക്ക് ലൈവ്സ് എന്ന പ്രതിഷേധ കൂട്ടായ്മയിൽ ശാസ്ത്രഗവേഷണരംഗത്ത് നിന്നും വലിയ പങ്കാളിത്തം ഉറപ്പുവരുത്താനും ചന്ദ പ്രെസ്കോഡിനു സാധിച്ചു.

ദ് ഡിസോർഡേഡ് കോസ്മോസ്:എ ജേണി ഇൻ ടു ദ് ഡാർക്ക് മാറ്റർ ചന്ദ രചിച്ച ശ്രദ്ധേയമായ പുസ്തകമാണ്. ന്യൂ സയന്റിസ്റ്റ്, ഫിസിക്സ് വേൾഡ് ശാസ്ത്ര മാസികകളിൽ കോളവും കൈകാര്യം ചെയ്യുന്നുണ്ട്.

# അന്താരാഷ്ട്രതലത്തിലെ രാഷ്ട്രീയ നേതൃത്വങ്ങൾ



## സഹ്‌ലെ – വർക്ക് സ്യൂഡെ

എത്യോപ്യയിലെ ആദ്യ വനിത പ്രസിഡന്റ് ആണ് സഹ്‌ലെ – വർക്ക് . രാജ്യത്തെ ആദ്യ വനിതാ നയതന്ത്രപ്രതിനിധിയായും യുനെസ്‌ക്കോയുടെ സ്ഥിര അംഗമായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

## ശ്രീ മുല്യാനി ഇന്ദ്രവതി

ഇന്തോനേഷ്യയിലെ ധനമന്ത്രിയായ മുല്യാനി മുമ്പ് ലോകബാങ്കിന്റെ മൂന്ന് ഡയറക്ടർമാരിൽ ഒരാളായും സേവനമനുഷ്ഠിച്ചിരുന്നു.





## ചായ് ഇങ്ങ് വെൻ

2008 മുതൽ ചൈനയിലെ ഡെമോക്രാറ്റിക് പ്രോഗ്രസ്സിവ് പാർട്ടിയുടെ ചെയർപേസൺ ആയ ചായ് 2016ൽ റിപ്പബ്ലിക് ഒഫ് ചൈനയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

## കൊലിന്റ ഗ്രബാർ കിറ്ററോവിച്ച്

2015 മുതൽ 2020 വരെ ക്രോയേഷ്യയുടെ പ്രസിഡന്റായിരുന്ന കൊലിന്റ രാജ്യത്തെ ആദ്യ വനിത വിദേശകാര്യമന്ത്രിയും നയതന്ത്രജ്ഞയുമായിരുന്നു.





## കെർസ്റ്റി കല്ല്യുലായ്

എസ്റ്റോണിയയുടെ അഞ്ചാമത്തെയും ഏറ്റവും പ്രായം കുറഞ്ഞതുമായ പ്രസിഡന്റാണ് 2016 ൽ സ്ഥാനമേറ്റ കെർസ്റ്റി.

## നിക്കോള സ്റ്റർജൻ

സ്കോട്ടിഷ് നാഷനൽ പാർട്ടിയുടെ ആദ്യ വനിത അധ്യക്ഷയും സ്കോട്ടല്ന്റിലെ ഫസ്റ്റ് മിനിസ്റ്ററുമാണ് നിക്കോള




now available at amazon
'കുടുംബത്തിന്റെ ആരോഗ്യം
പ്രകൃതിദത്തമായ
പ്രതിരോധശേഷിയ്ക്കൊപ്പം'
മിൽമ ഗോൾഡൻ മിൽക്ക് & മിൽമ ഗോൾഡൻ മിക്സ്
Malabar Regional Co- Operative Milk Producers' Union Ltd.
www.malabarmilma.com | malabarmilma
milma
കേരളം കണികണ്ടുണരുന്ന നന്മ

AVA

# കൈകളെ സംരക്ഷിക്കൂ... പ്രകൃതിദത്തമായി !



കൃത്രിമ ചേരുവകൾ ഇല്ലാത്ത ഹാൻഡ് സാനിറ്റൈസർ ഉപയോഗിക്കുക എന്നത് വളരെ പ്രധാനമാണ്, കാരണം ഹാൻഡ് സാനിറ്റൈസർ ഉപയോഗിച്ചതിന് ശേഷം നാം കൈകൾ കഴുകാറില്ലല്ലോ ?

**മെഡിമിക്സ് അവതരിപ്പിക്കുന്നു ...... തുളസിയുടെ ആനന്ദദായകമായ സുഗന്ധത്തിനോടൊപ്പം കറ്റാർവാഴയുടെയും നാച്ചുറൽ ഗ്ലിസറിൻ്റെയും മോയ്സ്ചറൈസിങ് ഗുണങ്ങൾ കൂടി ഒത്തുചേർന്ന പ്രകൃതിദത്തമായ ഹാൻഡ് സാനിറ്റൈസർ ജെൽ.**




KILLS 99.9% OF GERMS

NO ARTIFICIAL COLOURS & PERFUMES

MEDIMIX®

SINCE 1969

Toll Free: 1800 103 1262 | E-mail: customercare@avacare.in